6791

395

ലോകമഹാൻമാർ

# നെപ്പോളിയൻ ബോണപ്പാർട്ട്

(ജീവചരിത്രം)

ERNAKULAM

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

1979

ലോകമഹാൻമാർ

# നെപ്പോളിയൻ ബോണപ്പാർട്ട്

(ജീവചരിത്രം)

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ
ആഭിമുഖ്യത്തിൽ
ശ്രീ. തലാപ്പിൽ നാരായണൻനായർ തയ്യാറാക്കിയത്

©

സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

1979

6791

# നെപ്പോളിയൻ ബോണപ്പാർട്ട്

## 1. ഒരു കാലഘട്ടത്തിന്റെ ഉദയം

മൂടൽമഞ്ഞിന്റെ തട്ടമണിഞ്ഞ ഒരു കുന്ന്. ഉഷസ്സ് അതിന്റെ കിഴക്കുഭാഗത്ത് ഒളിച്ചുനിന്നു. പടിഞ്ഞാറേ ചെരിവിൽ വൃക്ഷങ്ങളും ലതകളും നിറഞ്ഞ തൊടികൾ. വീതി കുറഞ്ഞ് നീളത്തിൽ കിടക്കുന്ന ആ ഇടനാടിന്റെ നടുക്ക് ഒരു ചെറിയ നഗരം—അജാക്കിയോ. നഗരത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു ക്രിസ്തീയ ദേവാലയം. അതിനകത്ത് ഒരു സ്ത്രീ തനിച്ച് മുട്ടുകുത്തിനിന്ന് പ്രാർത്ഥിക്കുകയാണ്.

അവൾ പൂർണ്ണഗർഭിണിയാണ്.

ജനങ്ങൾ എത്തുന്നതിനുമുമ്പ് അവൾ മെല്ലെ എഴുന്നേററ് പുറത്ത് കടന്നു. അങ്കണത്തിലൂടെ റോഡിലേക്ക് നടന്നു. സാധാരണ അഞ്ചുമിനുട്ടുകൊണ്ട് നടന്നെത്താറുള്ള ദൂരം ആണ്. അരമണിക്കൂർ നടന്നിട്ടാണ് വീട്ടുപടിക്കലെത്തിയത്!

നാലഞ്ച് വൃക്ഷങ്ങളും നിറയെ പൂച്ചെടികളുമുള്ള ഒരു കൊച്ചു പുരയിടം. പഴയതെങ്കിലും അന്തസ്സിന് മങ്ങലേൽക്കാത്ത വീട്. നീങ്ങുന്ന നിഴൽപോലെ അടുത്തെത്തിക്കൊണ്ടിരുന്ന അവളെ വരാന്തയിൽനിന്ന് നോക്കുന്ന ഭർത്താവ്. ആ നോട്ടത്തിൽ പതിവില്ലാത്തൊരു വിചാരം കൊടി നാട്ടിയിരുന്നു.

'എത്ര വയ്യെങ്കിലും പ്രാർത്ഥന മുടക്കില്ലെന്ന വ്രതം. കുലീനമായ പിതൃകുടുംബത്തിന്റെ സംസ്ക്കാരം. അവൾ വീടിന്റെ വിളക്കുതന്നെയാണ്. അദ്ദേഹത്തിന്റെ ഹൃദയം അഭിമാനം കൊണ്ടു.

'ഇത്ര വേഗത്തിൽ തിരിച്ചെത്തിയോ?' ആശ്വാസത്തിന്റെ പൂപ്പ് തലിടുന്ന ചോദ്യം.

'കുർബാന കൈക്കൊള്ളാൻ കാത്തുനിന്നില്ല. നല്ലസുഖം തോന്നുന്നില്ല.' ഇടതു കൈപ്പടം ഉയർന്ന വയറിന്റെ വലതു

ഭാഗം ചേർത്ത് അവരം പറഞ്ഞൊപ്പിച്ചു. ശരി 'അകത്തുപോയി കിടക്കൂ! നേരത്തെ ഏഴുന്നേററ് മെല്ലെമെല്ലെ ഒരുങ്ങിപ്പുറപ്പെടുന്നത് കണ്ടപ്പോഴേ ഊഹിച്ചു,... അയാരം പറഞ്ഞു. 'ഞാനിപ്പോരം വരാം.'

അദ്ദേഹം നടക്കാൻ ആരംഭിക്കെ അവരം പറഞ്ഞു: 'ഡാക്ടറെ വിളിക്കാൻ മാത്രം അസുഖം തുടങ്ങിയില്ല.' അത് കേട്ടിരിക്കയില്ല. കേട്ടാലും പിന്തിരിയുകയുമില്ല. കർത്തവ്യബോധം കാലുകരം മുന്നോട്ട് നീക്കിയിരിക്കാം.

ആ പോക്ക് നോക്കിക്കൊണ്ട് അവരം തെല്ലുനേരം ഉമ്മറത്തൂണും ചാരി നിന്നു. വിചാരം പടർന്നുകയറി. 'ഉറക്കുമുറിയിലെ വേഷത്തിൽത്തന്നെ പോകുന്നു. ഒരു വക്കീലിന് ചേർന്ന വസ്ത്രധാരണം വേണമെന്നൊന്നും ഭാവമില്ല. തലയിൽ മുഷിഞ്ഞ മഫ്ളറാണ്. ആ കമ്പിളി കിടപ്പുമുറിയിൽ മാത്രം ഉപയോഗിക്കുന്നതും. തന്നോടുള്ള ആത്മാർത്ഥത അദ്ദേഹത്തിൻെറ ജീവൻ തന്നെ.' അവളുടെ മനസ്സിൽ കുടുംബജീവിതത്തിൻെറ ആശ്വാസം തളിരിട്ടു.

അകത്ത് കടന്നു. അടുക്കളയിൽ പരിചാരിക ധൃതിയിൽ പണിയെടുക്കുകയാണ്. താൻ പള്ളിയിൽനിന്നും വന്നത് അവരം കണ്ടിരിക്കുന്നു. വേഗത്തിൽ വീട്ടുപണികരം തീർക്കുകയാകും. തനിക്കിന്ന് തീരെ സുഖമില്ലെന്ന് അവരംക്കറിയാം. തൻെറ ഒരുവയസായ കുഞ്ഞ്—പാവം, ജോസഫ് തൊട്ടിലിൽ ഉറങ്ങിക്കിടക്കുകയാണ്. ഉദരത്തിൽക്കിടന്നിളകുന്നത് ആണോ പെണ്ണോ........

അവരം കട്ടിലിൽ കയറിക്കിടന്നു. ഒന്ന് പുതച്ചാലോ?. തുന്നിച്ചേർത്ത ചിത്രങ്ങളോടുകൂടിയ പുത്തൻ പുതപ്പെടുത്ത് പുതയ്ക്കുമ്പോരം സ്മരണകരം അങ്കുരിച്ചു: 'ഇലിയാട് യുദ്ധത്തിൻെറ രംഗചിത്രീകരണം; തുന്നൽവേലയുടെ കലാശില്പം! തൻെറ അനുഭവത്തിലുള്ള ഒരു രംഗമെന്നേ തോന്നൂ! രണ്ടുമൂന്ന് മാസങ്ങരംക്കു മുൻപ് ആ കുന്നിൻചരിവിൽ നടന്ന സംഭവം: കുതിരപ്പുറത്തിരിക്കുന്ന ഒരു ഭടൻ ഇററലിക്കാരനോ ഫ്രഞ്ചുകാര

നോ? .. രൗദ്രഭാവം. ഒരു കൈയിൽ കടിഞ്ഞാൺ....മറുകൈയിൽ തോക്ക്........പിന്നാലെ കല്ലും കട്ടയും വടിയും കുന്തവുമായി ഓടിയെത്തുന്ന ജനങ്ങൾ! സ്ത്രീകളും കുട്ടികളുമടങ്ങുന്ന ഒരു ജനക്കൂട്ടം. സാമ്രാജ്യത്വത്തിന്റെ പതാകയെ ചവിട്ടിക്കടന്നു മുന്നേറുന്ന ജനങ്ങൾ!. കുണ്ടും കുഴിയും കല്ലും മുള്ളും വൃക്ഷലതാദികളും നിറഞ്ഞ പശ്ചാത്തലം. ഇററലിക്കാരിൽ നിന്ന് ഫ്രഞ്ചുചക്രവർത്തി കോർസിക്കാദ്വീപിന്റെ ഭരണം ഏറെറടുത്തതിനെത്തുടർന്ന് രൂക്ഷമായ സ്വാതന്ത്ര്യ സമരം. തന്റെ ഭർത്താവും ജനറൽ പയോളിയും ചേർന്ന് രൂപീകരിച്ച 'പൊലായ്'' പാർട്ടിയിലെ പ്രവർത്തകർ വീറോടെ നടത്തിയ സമരം........എത്ര പാവങ്ങളാണ് കൊല്ലപ്പെട്ടത്........ഭർത്താവ്, ചാറൽസ് ബോണപ്പാർട്ട് പാവങ്ങളുടെ ഒരു വക്കീൽ. ഫീസില്ലെങ്കിലും കൃഷിക്കാർക്കും തൊഴിലാളികൾക്കുംവേണ്ടി, ജൻമികൾക്കും മതമേധാവികൾക്കും എതിരായി വാദിക്കുന്ന ജനസേവകൻ! പട്ടാളത്തിന്റെ മർദ്ദനമേററ് അവശനായ മനുഷ്യൻ. അദ്ദേഹത്തെ അറിയാത്തവർ ആ ദ്വീപിലില്ല. എന്നും പണത്തിന് തിടുക്കം. ദിവസവും കടക്കാരുടെ ശല്യം. ദിനംപ്രതി വീട്ടിലെത്തുന്ന നിരവധി അതിഥികളെ സംതൃപ്തരാക്കാൻ പാടുപെടുന്ന ഉദാരശീലൻ!....'അവളുടെ ഭൂതകാലസ്മരണകൾ വിചാരങ്ങൾക്ക് പ്രേമസേചനമായി! പെട്ടെന്നാണ് അസുഖം വർദ്ധിച്ചത്. 'അയ്യോ'.........അവൾ തെല്ല് കൈ ഒന്ന് ഞരങ്ങി....പരിചാരിക ഓടിയെത്തി. നിമിഷങ്ങൾ സ്തംഭിച്ചുനിന്നു.

അദ്ദേഹം ഡാക്ടറോടൊപ്പം വീട്ടിലെത്തിയപ്പോൾ, ഭിത്തിയിലെ ഘടികാരത്തിന്റെ സൂചികൾ കോർസിക്കയുടെ ഉദയസമയം ചൂണ്ടിക്കാട്ടി. അതാരും ശ്രദ്ധിച്ചില്ലെങ്കിലും.

അകത്തുനിന്ന് ഒരു കൊച്ചുകുഞ്ഞിന്റെ കരച്ചിൽ. 'പ്രസവം കഴിഞ്ഞല്ലോ!' ഡാക്ടർ ആഹ്ലാദപൂർവം പറഞ്ഞു. ലിററീസിയാ റമോലിനിക്ക് രണ്ടാമതും ആൺ കുട്ടി പിറന്നിരിക്കുന്നു.

'കഴിഞ്ഞ പ്രസവവും ഇതേ വിധം തന്നെ. രാത്രിയിലായിരുന്നു അതെന്ന ഒരു വ്യത്യാസം മാത്രം.' ആ പിതൃഹൃദയം സാഫല്യം നുകർന്നു.

ഉഷസ്സ് മൂടുപടം നീക്കി. മദ്ധ്യധരണ്യാഴി ജയഭേരി മുഴക്കി. ആ കുന്നിൻ മുടിയിൽ പൂ വിടർന്നു.

ആഗസ്ററ് പതിനഞ്ചിന്റെ ഉദയം. 1769—ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കം. നെപ്പോളിയൻ പിറന്നു.

## 2. നാപ്പിൻെറ കസ്യതികൾ

മാതാപിതാക്കൾ ആ കുഞ്ഞിനെ 'നാപ്പ്' എന്നാണ് വിളിച്ചിരുന്നത്. കുട്ടിക്കാലത്ത് അവനെ പല രോഗങ്ങളും പിടികൂടിയിരുന്നു. ഒന്നുകിൽ ചൊറിയോ ചെരങ്ങോ, അല്ലെങ്കിൽ പനിയോ ചുമയോ! എപ്പോഴും ശാഠ്യം പിടിക്കുന്ന സ്വഭാവം. പിതാവ് മടിയിലിരുത്തി താലോലിക്കും. അമ്മ തോളിൽക്കിടത്തി നടന്നുകൊണ്ട് തുടയിൽ താളംകൊട്ടി പാടുപാടും. മററാരും എടുത്തു ലാളിക്കുന്നത് അവൻ ഇഷ്ടപ്പെട്ടിരുന്നില്ല.

താഴെവച്ചാൽ കരയും. എപ്പോഴും നാപ്പിനെ ശ്രദ്ധിച്ചുകൊണ്ടിരിക്കേണ്ട സ്ഥിതിയായിരുന്നു ലിററീസിയായയ്ക്ക്. കുട്ടിക്കു മൂന്നു വയസ്സായി. രോഗങ്ങൾ കുറഞ്ഞുവന്നു. ഉണർവ്വും ഉൻമേഷവും കതിരിട്ടുതുടങ്ങി. അപ്പൊഴേക്കും അവന് ഒന്നരവയസ്സുള്ള ഒരു കൊച്ചനുജത്തിയുമായി—'ലൂസിയാ'. ഒരു കൊച്ചു സുന്ദരി.

നാലഞ്ചു വയസ്സായപ്പൊഴേക്ക് നാപ്പിൻെറ കുസൃതികൾ വീട്ടുകാരെയെല്ലാം പൊറുതിമുട്ടിക്കാൻ തുടങ്ങി.

ഒരു സുന്ദരമായ സായാഹ്നം. പൂവാടിയിലേക്കു നോക്കിക്കൊണ്ട് ലിററീസിയ ചിന്തിച്ചിരിക്കുകയാണ്. മുററത്തു നടന്നിരുന്ന കുട്ടികളുടെ കളിയിലേക്ക് പെട്ടെന്ന് അവളുടെ ശ്രദ്ധ തിരിഞ്ഞു. ജോസഫ്, നാപ്പിൻെറ ഇടികൊണ്ട് വീഴുന്നതും ലൂസിയാ അതുകണ്ട് അമ്പരന്നു നിൽക്കുന്നതും അവൾ കണ്ടു. ആ അമ്മ കോപഭാവത്തിൽ വിളിച്ചു. 'നാപ്പ്, നാപ്പ്' അവൻ തിരിഞ്ഞുനോക്കി. 'എന്താണിത്? നീ ചേട്ടനെ അടിക്കുന്നോ?' ശാസനരീതിയിൽ ചോദിച്ചു. അവൻ ഒട്ടും ഭയപ്പെടാത്ത മട്ടിൽ ഉറക്കെപ്പറഞ്ഞു. 'ഇല്ല, ചേട്ടനെ അടിച്ചില്ല' 'ഞാൻ കണ്ടല്ലോ നീ ചേട്ടനെ ഇടിച്ചു വീഴ്ത്തുന്നത്!' 'ഞങ്ങൾ ഇടിച്ചുകളിക്കാ' അവൻ പറഞ്ഞു. ജോസഫിനോടു ചോദിച്ചു: 'എന്താ നാപ്പ് പറയുന്നത് ? ഇടിച്ചുകളിക്കയാണോ'?

ജോസഫ്: ഇടിച്ചുകളിക്കാന്ന്' നാപ്പ് പറഞ്ഞു. ഞാൻ സമ്മതിച്ചു. ഉടനെ അവൻ എന്നെ ഇടിച്ചു താഴെയിട്ടു! അവൻ തേങ്ങിത്തേങ്ങിക്കരയുകയും കരച്ചിലിൻെറ കട്ടി കൂട്ടുകയും ചെയ്തു.

നാപ്പിൻെറ കുസൃതികൾ അമ്മയ്ക്ക് നല്ലപോലെ അറിയാം. അവന് എപ്പോഴും പട്ടാളക്കാരൻെറ ചിന്തയാണ്.. യുദ്ധം വേണം, അവൻെറ മോഹം അതാണ്. യുദ്ധത്തിൽ അമ്മയെന്നോ അപ്പനെന്നോ സഹോദരനെന്നോ സഹോദരിയെന്നോ നോക്കേണ്ടതില്ല ശത്രുവിനെ തുരത്തണം. അപ്പൻ പറഞ്ഞുകൊടുത്തിരുന്ന കഥകൾ അവനിൽ ഈ വിശ്വാസം വളർത്തിയതാവാം!

അവൾ ഓർത്തു. പട്ടാളക്കാരൻ കുതിരപ്പുറത്ത് ഇരിക്കുന്ന ഭാവത്തിൽ, അപ്പൻെറ കാൽമുട്ടുകളിൽ കയറിയിരുന്ന് കഥ കേട്ടു രസിക്കുന്ന നാപ്പിൻെറ രൂപം!. അപ്പോഴും ജോസഫ് കരഞ്ഞുകൊണ്ട് അമ്മയുടെ അരികത്തുതന്നെ നിന്നിരുന്നു. ആ രംഗം കണ്ടുകൊണ്ട് ഇളയപ്പൻ അങ്ങോട്ടു കയറിവന്നു. 'എന്താണ് ജോസഫ് കരയുന്നത്?' അദ്ദേഹം ചോദിച്ചു: 'അവനെ നാപ്പ് ഇടിച്ചു താഴെ ഇട്ടുവത്രെ! ലിററീസിയ ചിരിച്ചുകൊണ്ടു പറഞ്ഞു. 'ചേട്ടനെ ഇടിക്കയോ! മുതിർന്നവരെ ആദരിക്കണമെന്ന് അവനെ പഠിപ്പിക്കണം. എവിടെ അവൻ?' ഇളയപ്പൻ ഗൗരവം ഭാവിച്ച് ഉറക്കെ വിളിച്ചു: 'നാപ്പ് ഇവിടെ വാ' അവൻ അനുസരണത്തോടെ അടുത്തേക്കു ചെന്നു.

'നാപ്പ്, ആരാണ് ഈ വീട്ടിലെ കാരണവർ?' 'അപ്പൻ' അവൻ നിസ്സങ്കോചം പറഞ്ഞു.

'അതല്ല' അപ്പൻെറ മക്കളിൽ മൂത്തവൻ ആര്?'

'ജോസഫ്'

'അതറിഞ്ഞിട്ടും നീയവനെ ഇടിച്ച് വീഴ്ത്തിയോ?'

'ഇളയപ്പാ ചേട്ടൻ ഇടിച്ചുകളിക്കാൻ സമ്മതിച്ചിട്ടാ.' നിരപരാധിയുടെ നിഷ്കളങ്കഭാവത്തിൽ അവൻ പറഞ്ഞു!' ഈ വീട്ടിലുള്ളോരെ ഞാൻ നോക്കണമെന്നാ അപ്പൻ പറഞ്ഞത്',.

'ഇങ്ങനെയാണോ നോക്കുക?

'യുദ്ധം പഠിക്കാഞ്ഞോ പററില്ലെന്നും പറഞ്ഞു.'

'അപ്പോഠ നീ യുദ്ധം പഠിപ്പിച്ചതാണോ?'

'ആ .......' അവൻ തലയാട്ടി. ലിററീസിയ പൊട്ടിച്ചിരിച്ചു. ഒപ്പം ലൂസിയായും. അവഠ അമ്മയുടെ മടിയിൽ കയറിക്കൂടി.

'നീ പട്ടാളക്കാരനാണോ യുദ്ധം പഠിപ്പിക്കാൻ?' ഇളയപ്പൻ ചോദിച്ചു. 'മീശയുണ്ടെങ്കിലേ പട്ടാളത്തിൽ ചേർക്കൂ! മീശയുണ്ടായാൽ ഞാൻ പട്ടാളക്കാരനാവും'!

അവൻ തല ഉയർത്തിപ്പിടിച്ച് പറഞ്ഞു. അവൻെറ ആശ പുറത്തുചാടിയതാണ്. സത്യത്തിൻെറതിളക്കമുള്ള വാക്കുകളിൽ. നാപ്പിൻെറ കൗശലവും ഉത്സാഹവും കണ്ടറിഞ്ഞ പിതാവ്, അവനോട് ഒരിക്കൽ 'നീ എല്ലാവരേയും നോക്കി രക്ഷിക്കണെ' മെന്ന് പറഞ്ഞിരുന്നു. അവൻ ഇപ്പോഠത്തന്നെ ചുമതല നിർവഹിക്കാൻ മുതിർന്നതാണ്. അമ്മ അതോർത്തു. കേട്ടതൊന്നും മറക്കാതെ, അറിഞ്ഞതെല്ലാം പ്രയോഗിച്ചുനോക്കുന്ന ഒരു മിടുക്കൻ! ക്ഷമയില്ലാത്ത സ്വഭാവം! എല്ലാപ്രവൃത്തികളും ന്യായീകരിക്കുന്ന യുക്തിവാദി!

അന്ന് അവർ കടൽത്തീരത്തുള്ള ചെറിയ വീട്ടിലായിരുന്നു താമസം, വേനൽക്കാല വസതിയിൽ. അതൊരു ഗ്രാമീണ ഭവനമായിരുന്നു. ചുററും വൃക്ഷങ്ങളും ലതകളും, തൊട്ടടുത്ത് കടൽ, മുൻഭാഗത്തെ നിരത്തിലൂടെ ഇടയ്ക്കിടെ കൂട്ടം കൂട്ടമായി മാർച്ച് ചെയ്തിരുന്ന ഫ്രഞ്ച് പട്ടാളം! അവരുടെ ഉടുപ്പും നടപ്പും നാപ്പിനെ അത്യന്തം ആകർഷിച്ചിരുന്നു. അവരെ അനുകരിച്ച് പിന്നാലെ നടക്കുന്നത് അവനൊരു വിനോദമായിരുന്നു. അതുകണ്ട് ഒരുദിവസം പിതാവ് പറഞ്ഞു: 'നോക്കൂ! അവരുടെ കറുത്ത മിനുത്ത പരന്ന മീശ ! അതുപോലെ മീശയുണ്ടായാലേ പട്ടാളത്തിൽ നിന്നെയും ചേർക്കൂ! ഇപ്പോഠ അവരുടെ പിന്നാലെ നടന്നിട്ട് കാര്യമില്ല.' അന്ന് മുതൽ മീശയുണ്ടാവാനുള്ള തിടുക്കമായി.

നാപ്പ് നിഷ്കളങ്കനും മിടുക്കനുമായിരുന്നു. ജോസഫ് അവനെ അനുസരിച്ചു. ആ കുട്ടികളെ അമ്മതന്നെ അക്ഷരങ്ങൾ എഴുതാനും വായിക്കാനും പഠിപ്പിച്ചു. ഏതും വേഗത്തിൽ മനസ്സിലാക്കുന്ന സ്വഭാവമായിരുന്നു നാപ്പിന്. പഠിച്ചുകഴിഞ്ഞാൽ ഒരു നിമിഷം അവൻ വെറുതെ ഇരിക്കില്ല. ഉടൻ കളികൾ ആരംഭിക്കും. ചിലപ്പോൾ തൊടിയിലോ കളിസ്ഥലത്തോ ഏകനായിരുന്ന് എന്തോ ചിന്തിക്കുന്നതും കാണാം. കൊച്ചുകുട്ടിയുടെ ആലോചനാശീലം രക്ഷിതാക്കളെ ആശ്ചര്യപ്പെടുത്തിയിരുന്നു.

അവരുടെ വീട്ടിൽ 'ടൈഗർ' എന്നൊരു നായയുണ്ടായിരുന്നു. അതിനെ കുതിരയാക്കി പുറത്തുകയറി സവാരി ചെയ്യുന്നത് നാപ്പിനു ബഹുരസമാണ്. ഒരിക്കൽ സവാരിക്കിടയിൽ ലൂസിയായുടെ തലക്കുമുകളിലൂടെ അവൻ നായയെ ചാടിച്ചു. പക്ഷേ കടിഞ്ഞാൺ പൊട്ടിയതുകൊണ്ട് നായ അവളുടെ തലയിൽ വീണുപോയി. എന്നിട്ടും അവൾ കരഞ്ഞില്ല. അമ്മ അതുകണ്ട് ഓടിവന്നു. ലൂസിയാ ഒരു പരാതിയും ഭാവിക്കാതെ ഒതുങ്ങിനിൽക്കുകയാണ്. അമ്മയ്ക്ക് ആശ്ചര്യമായി. നാപ്പിന് ശിക്ഷ കിട്ടിയാലോ! അതായിരുന്നു അവളുടെ ചിന്ത. ഏങ്കിൽ അവളെ വെറുതെ വിടില്ല. അതുകൊണ്ട് അവൾ എല്ലാം സഹിച്ചു ലൂസിയായെ നാപ്പ് അത്രമാത്രം ചൊൽപ്പടിയിലാക്കിയിരുന്നു. അവൾക്ക് നാപ്പിനെ ഭയമായിരുന്നുവെങ്കിലും അതിലേറെ സ്നേഹവുമായിരുന്നു.

നാപ്പിൻെറ കുസൃതികൾ വീട്ടിലുള്ളവരെ പൊറുതിമുട്ടിച്ചു. അവനെ വിദ്യാലയത്തിൽ ചേർക്കാൻ അമ്മയ്ക്ക് തിടുക്കമായി. പകൽ കുറെനേരമെങ്കിലും വീട്ടിൽ ശാന്തതയുണ്ടാകുമല്ലോ! ആ കടൽത്തീരത്ത് ഒരു ചെറിയ പെൺപള്ളിക്കൂടമേ ഉണ്ടായിരുന്നുള്ളൂ. പ്രധാന വിദ്യാലയം പട്ടണത്തിൻെറ മദ്ധ്യത്തിലാണ്. മൂന്നുമൈൽ നടക്കണം. അതിന് ആ കൊച്ചുകുട്ടികൾക്ക് കഴിയില്ല. ഉച്ചഭക്ഷണത്തിന് വീട്ടിലെത്താനും പററില്ല. അതുകൊണ്ട് പെൺപള്ളിക്കൂടത്തിൽത്തന്നെ അവരെ ചേർക്കേണ്ടതായി വന്നു.

പെൺകുട്ടികളോട് നാപ്പിന് അടുപ്പം കുറവായിരുന്നു. എന്നാൽ അവരെ അടക്കി ഭരിക്കാൻ അവന് കഴിവുണ്ട്. ആ വിദ്യാല

യത്തിൽ തിളങ്ങുന്ന കണ്ണുകളും ചുരുണ്ടമുടിയും ഓറഞ്ചിൻെറ നിറവുമുള്ള ഒരു കൊച്ചു മിടുക്കിയെ അവൻ കണ്ടു.—ജുയാകോമീ നററ് എന്നാണവളുടെ പേര്. നാപ്പിന് അവളെ ഇഷ്ടമായി. അവൻ 'ജിയാ' എന്ന് വിളിക്കേണ്ട താമസം, അവാം ഓടിയെത്തും! അവർ തമ്മിൽ ഇണങ്ങി. മററു കുട്ടികാം കാൺകെ അവർ കൈ കോർത്തു നടക്കാനും പലതരത്തിലുള്ള കളികളിൽ ഏർപ്പെടാനും മടിച്ചിരുന്നില്ല. ആ കൊച്ചുകൂട്ടുകാരെ നോക്കി മററുകുട്ടികാം ചിരിച്ചിരുന്നു. പക്ഷേ, അതൊന്നും ആ നിർമ്മലസ്നേഹത്തിൻെറ പൊന്നുനൂല് പൊട്ടിക്കാൻ പര്യാപ്തമായില്ല.

അവൻ വളരെ വേഗം ആ കുട്ടികളുടെ മുഴുവൻ നേതാവായി. അവരെ രണ്ട് ചേരികളാക്കി യുദ്ധം ചെയ്യിക്കുന്നതായിരുന്നു അവൻെറ പ്രധാന വിനോദം. അവൻ ഒര് ചേരിയുടെ നേതാവായിരിക്കും. അതിനായിരിക്കും എന്നും ജയം. അതിൽ പങ്കുചേരാൻ കുട്ടികാംക്കെല്ലാം തിടുക്കം. 'ജിയ' എന്നും അവൻെറ ചേരിയിലായിരിക്കും.

ചില സമയങ്ങളിൽ യാതൊരു കളിയിലും പങ്കു ചേരാതെ മൈതാനത്തിൽ വൃക്ഷച്ചുവട്ടിലോ, വരാന്തയിൽ ഒരുമൂലയിലോ തനിച്ചിരുന്ന് ചിന്തിക്കുന്നതും നാപ്പിൻെറ സ്വഭാവമായിരുന്നു. അത്തരം സന്ദർഭങ്ങളിൽ മററു കുട്ടികാം അടുത്തു ചെല്ലുന്നതു പോലും അവൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഈ ശീലം അദ്ധ്യപകരെ അവനിലേക്കാകർഷിച്ചു.

വീട്ടിലെത്തിയാൽ പൂന്തോട്ടത്തിൽ ചെടികാംക്കിടയിൽ നടന്ന് പൂമ്പാററയെ പിടിച്ച് കളിപ്പിക്കും. അല്ലെങ്കിൽ തുമ്പിയെപ്പിടിച്ച് കല്ലെടുപ്പിക്കും. മററുചിലപ്പോാം കുളക്കരയിൽ ചെന്നിരുന്ന് ചൂണ്ടലിട്ട് മീൻ പിടിക്കും. അതുമല്ലെങ്കിൽ മരവാളോ മരത്തോക്കോ എടുത്ത് തനിച്ചുതന്നെ പല യുദ്ധമുറകളും പയററും. ചിലപ്പോാം പെട്ടെന്നോടിവന്ന് ജോസഫിനേയും ലൂബിയായേയും വിളിച്ച് സംഘകേളിയിലേർപ്പെടും. മിക്കപ്പോഴും അവർ കരയുന്നതോടുകൂടി നാപ്പ് കളി നിർത്തുകയും ചെയ്യും.

വിദ്യാലയത്തിലെ കുട്ടികളെ മുഴുവൻ അണിനിരത്തി നിരത്തിലൂടെയും മൈതാനത്തിലൂടെയും പട്ടാളക്കാരെപ്പോലെ മാർച്ചു ചെയ്യിക്കാൻ അവന് പ്രത്യേകം കഴിവുണ്ടായിരുന്നു. ഈ കഴിവ് അവിടത്തെ 'ഡ്രിൽമാസ്റ്റർ'ക്ക് സഹായവുമായി.

നാപ്പ് ഒരു ദിവസം ഇരുട്ടായിട്ടും വീട്ടിലെത്തിച്ചേർന്നില്ല. അവൻ കൂട്ടുകാരോടൊപ്പം കളിക്കുന്നതുകൊണ്ടാണ് വൈകുന്നതെന്ന് അമ്മ കരുതി. കടൽക്കരയിൽ ചെന്ന് ചേരിപ്പോര് നടത്തി ഇരുട്ടത്ത് വീട്ടിലെത്താറുണ്ട്. കുട്ടിയുടെ ആധിക്കാരം അമ്മയെ ചൊടിപ്പിച്ചിരുന്നു. അവർ പലപ്പോഴും ശാസിച്ചു. എന്നാൽ കീറിപ്പറിഞ്ഞ ഉടുപ്പും മണ്ണുപുരണ്ട ശരീരവുമായി വീട്ടിൽ വൈകിയെത്തുന്ന നാപ്പിനെ പിതാവ് ശാസിക്കാറില്ല. അന്നത്തെ പോരിൽ നടന്ന കാര്യങ്ങൾ അവൻ വിവരിക്കുന്നത് കേൾക്കാൻ അദ്ദേഹം ഉൽസാഹവും കാണിച്ചിരുന്നു. കൊച്ചുകുട്ടിയുടെ കുസൃതികൾക്ക് അപ്പൻ തന്നെ വളം വച്ചുകൊടുക്കുന്നുവെന്ന് അമ്മ പലപ്പോഴും പരാതിപ്പെട്ടിരുന്നു. അന്ന് ഇരുട്ടായപ്പോൾ ലിററീസിയാ ഒരു വിളക്കുമെടുത്ത് പുറത്തിറങ്ങി. പലരോടും നാപ്പിനെ അന്വേഷിച്ചു. യാതൊരു വിവരവുമില്ല. അവൻെറ അദ്ധ്യാപകനായ മാർലോവിൻെറ വീട്ടിലും ചെന്നു. അദ്ദേഹത്തിനും അറിയില്ല. അമ്മയോടൊപ്പം അദ്ധ്യപകനും കുട്ടിയെത്തിരഞ്ഞു. അവർ വിദ്യാലയത്തിലുമെത്തി. വാതിൽ തുറന്നു നോക്കി. അൽഭുതം തന്നെ! അവൻ സ്വസ്ഥാനത്തിരുന്ന് ഉറക്കം തൂങ്ങുകയാണ്!

'നാപ്പ്, നാപ്പ്' അദ്ധ്യാപകൻ കുലുക്കി വിളിച്ചു. 'എന്താണിത്? നീ എന്തിനാണിവിടെയിരിക്കുന്നത്?' അദ്ദേഹം ചോദിച്ചു. അവൻ ഞെട്ടി എണീററു. പരിസരബോധം വന്നപ്പോൾ കാര്യം വിശദമായിപ്പറഞ്ഞു. 'സാർ തന്നിരുന്ന കണക്ക് ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞ് എല്ലാ കുട്ടികളും ഇടയ്ക്കുവച്ച് നിർത്തി ഞാനത് ചെയ്തു തീർത്തപ്പോഴേക്കും പുറത്ത് കടക്കാൻ കഴിയാതായി. അവൻ നിസ്സഹായത വ്യക്തമാക്കി.

'ഇതാ നോക്കൂ! ഉത്തരം ശരിയാണോ?' അവന് അതറിയാൻ തിടുക്കമായി. അദ്ധ്യാപകൻ നോട്ടുപുസ്തകം വിളക്കിനടു

ത്തേക്ക് പിടിച്ച് ശ്രദ്ധിച്ചുനോക്കി. കണക്ക് ശരിയായിരിക്കുന്നു. മിടുമിടുക്കന്മാർക്കും ചെയ്തു തീർക്കാൻ വിഷമമുള്ള കണക്കായിരുന്നു അത്. കുട്ടികളുടെ പരിശ്രമശീലം തട്ടിയുണർത്താൻവേണ്ടി മാത്രമാണ് ആ കണക്ക് ക്ലാസ്സിൽ കൊടുത്തിരുന്നത്. പിറേറന്ന് വിശദമായി ക്ലാസ്സിൽ പഠിപ്പിക്കാമെന്നും കരുതിയതാണ്. മാർലോ അവൻെറ പുറത്ത് തടവിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: 'നാപ്പ്' നീ മിടുക്കനാണ്; ഉത്സാഹശാലിയുമാണ്! ബുദ്ധിയും ഉത്സാഹവുമുള്ള നിനക്ക് എന്തും സാധിക്കും. അസാദ്ധ്യമായിട്ടൊന്നുമില്ല. നീ ഒരു മഹാനായിത്തീരും. 'ആ വാക്കുകൾ കേട്ടുനിന്നിരുന്ന അമ്മ ആനന്ദബാഷ്പം തൂകി'. 'അസാദ്ധ്യമായിട്ടൊന്നുമില്ല.' ആ വാക്കുകളിലെ അക്ഷരങ്ങൾ നവരത്നങ്ങളെപ്പോലെ വളരെക്കാലം അവൻെറ ചിന്തയിൽ മിന്നിത്തിളങ്ങിയിരുന്നു.

നാപ്പ് സത്യസന്ധനും ദയാലുവുമായിരുന്നു. തന്നിലെളിയവരോടുള്ള കാരുണ്യശീലവും ഔദാര്യവും അവൻെറ ശ്രേഷ്ഠമായ സ്വഭാവഗുണങ്ങളാണ്.

ഒരുദിവസം വീട്ടിൽ അമ്മ സൂക്ഷിച്ചുവച്ചിരുന്ന പഴങ്ങളിൽ ഒന്നു കാണാതായി. സൂത്രക്കാരനായ നാപ്പ് പഴം മോഷ്ടിച്ചു വെന്ന് അമ്മ വിശ്വസിച്ചു. അവന് തക്ക ശിക്ഷ കൊടുക്കാൻ തീരുമാനിച്ചു. മൂന്നുദിവസം റൊട്ടിയും പച്ചവെള്ളവുമല്ലാതെ മറെറാന്നും അവന് കൊടുക്കില്ലെന്ന് പ്രസ്താവിച്ചു. കളവ് നിന്ദ്യമാണെന്നും അതു ചെയ്താൽ ശിക്ഷ ലഭിക്കേണ്ടതാണെന്നും നാപ്പ് വിശ്വസിച്ചിരുന്നു. താൻ നിരപരാധിയാണ്. എന്നിട്ടും ശിക്ഷ കിട്ടുന്നതിൽ അവൻ നൊമ്പരപ്പെട്ടു. പഴം കട്ടെടുത്തത് അവൻെറ കൊച്ചനുജത്തിയാണ്. അന്ന് വീട്ടിൽ പലഹാരങ്ങളൊന്നുമില്ലായിരുന്നു. വിശപ്പ് അസഹ്യമായപ്പോൾ ലൂസിയ അങ്ങനെ ചെയ്തതാണെന്നും അവനറിയാം. താൻ സത്യം പറഞ്ഞാൽ അമ്മ അവളെ അടിക്കാനിടവരും. കൊച്ചു പെണ്ണുങ്ങളുടെ കുററങ്ങൾക്ക് അടിശിക്ഷ നൽകുന്നതാണ് അമ്മയുടെ പതിവ്. തൻെറ പ്രാണസോദരി വേദന സഹിച്ച് കരയുന്നതിലും ഭേദം താൻ മൂന്നുദിവസം റൊട്ടിയും പച്ചവെള്ളവുംകൊണ്ട് കഴിഞ്ഞുകൂടുന്നതാണെന്ന് അവൻ

നിശ്ചയിച്ചു. കാരുണ്യശീലവും സാഹോദര്യവും ആ ബാലനെ മററു കുട്ടികളിൽനിന്ന് സമുന്നതമായ ഒരു സ്ഥാനത്തേക്ക് ഉയർത്തി നിർത്തിയിരുന്നു. അവനെ അറിയുന്നവരുടെ ഹൃദയത്തിൽ അവരറിയാതെ കടന്നുകൂടി സ്ഥിരവാസമുറപ്പിക്കാൻ ഈ സ്വഭാവമൂല്യങ്ങൾ കാരണമായി.

കടൽത്തീരത്തെ ആ ഗ്രാമീണജീവിതം നാപ്പിന് വളരെ ഇഷ്ടമായിരുന്നു. പക്ഷേ, അഞ്ചുവയസ്സ് പൂർത്തിയായപ്പോൾ ആ കുട്ടിയെ അജാക്കിയോവിലെ മിലിട്ടറി സ്കൂളിൽ ചേർത്ത് പഠിപ്പിക്കാൻ പിതാവ് തീരുമാനിച്ചു. കുടുംബം പട്ടണത്തിലെ വീട്ടിലേക്ക് താമസം മാററി.

ഇത് നാപ്പിന് ഇഷ്ടമായില്ല. 'ജിയാ'യെ വിട്ടു പിരിഞ്ഞുകൊണ്ടുള്ള വിദ്യാലയജീവിതം അവന് അസഹ്യമായിരുന്നു. അൽപം ദൂരത്തുള്ള പുതിയ വിദ്യാലയത്തിലേക്ക് പോകാൻ ജോസഫ് ഒരുങ്ങിക്കഴിഞ്ഞു. നാപ്പ് ഉടുപ്പുകൾ മാറാനും പുറപ്പെടാനും മടിച്ചു. ആ ദുർവ്വാശിക്കാരനെ അനുസരിപ്പിക്കാൻ ഇളയപ്പൻ ഒരു സൂത്രം പ്രയോഗിച്ചു. അദ്ദേഹം ക്ഷണത്തിൽ അങ്ങാടിയിൽപ്പോയി ഒരു മനോഹരമായ കളിത്തോക്ക് വാങ്ങിക്കൊണ്ടുവന്നു. അത് ആകാശത്തിലേക്ക് ഉയർത്തിപ്പിടിച്ച് വെടി പൊട്ടിച്ചു. അതിൻെറ തിളക്കം നാപ്പിൻെറ ശ്രദ്ധയിൽപ്പെടുത്തിയും അദ്ദേഹം പറഞ്ഞു: 'നാപ്പ് നീ പട്ടണത്തിലെ സ്കൂളിലേക്ക് പോകാമെന്ന് സമ്മതിച്ചാൽ ഈ കളിത്തോക്ക് നിനക്കു തരാം. ആദ്യവർഷത്തെ പരീക്ഷയിൽ ഒന്നാമനായി ജയിച്ചാൽ ഈ വിലയേറിയ തോക്ക് നിനക്ക് സ്വന്തമാക്കാം.' ആ തോക്കിൻെറ തിളക്കവും ചെകിടടപ്പിക്കുന്ന ശബ്ദവും അവനെ അത്യന്തം ആകർഷിച്ചു. അവൻ പ്രസന്നവദനനായി വസ്ത്രം മാറാനും യാത്രചെയ്യാനും സന്നദ്ധനായി! പരിഷ്കൃതമായ ഒരു കളിത്തോക്കിൻെറ ഉടമയാണെന്ന അന്തസ്സുള്ള ഭാവത്തോടെ നാപ്പ് അജാക്കിയോവിലെ മിലിററി സ്കൂളിലേക്ക് യാത്രയായി.

# 3. ബ്രിന്നിയിലെ മിടുക്കൻ

പട്ടണത്തിന്റെ ഹൃദയഭാഗത്താണ് 'ബ്രെന്നി സ്കൂൾ. നിറയെ പട്ടാളക്കാരുടെ ഓഫീസുകളും കാർട്ടേർസുകളും നിറഞ്ഞ പ്രദേശം. യോദ്ധാക്കളുടെ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കാൻ സർക്കാർ നിർമ്മിച്ച വിദ്യാലയം. ജനങ്ങൾ അതിനെ മിലിററി സ്കൂൾ എന്നു വിളിച്ചു. കായിക പരിശീലനങ്ങൾക്കും അവിടെ പ്രമുഖ സ്ഥാനമായിരുന്നു. എന്നാൽ ഭാഷ, ചരിത്രം, ഗണിതശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പ്രാധാന്യം കുറഞ്ഞിരുന്നുമില്ല.

ഫ്രഞ്ചുകാരും ഇററലിക്കാരുമായിരുന്ന സൈനികോദ്യോഗസ്ഥൻമാരുടെ മക്കൾ! അന്തസ്സായ വസ്ത്രധാരണവും. പരിഷ്കൃത രീതിയിലുള്ള പെരുമാററവും. അവർക്കിടയിൽ കോർസിക്കൻ പ്രഭുക്കളുടെയും മത മേധാവികളുടെയും കുട്ടികൾ. ആധുനികവസ്ത്രങ്ങളും ഉയർന്ന ജീവിതരീതിയും കൊണ്ട് അവർക്കായിരുന്നു മേധാവിത്വം. നാപ്പും ജോസഫും അവിടെ അപരിഷ്കൃതരായി കരുതപ്പെട്ടു. കോർസിക്കൻ ജനങ്ങൾക്കിടയിൽ ഒരു വക്കീലിന്റെ കുട്ടികൾക്കുണ്ടായിരുന്ന 'മാന്യസ്ഥാനം. അപ്രത്യക്ഷമായി.

ആദ്യദിവസങ്ങളിൽ അദ്ധ്യാപകരുടെപോലും സ്നേഹമോ ശ്രദ്ധയോ അവർക്ക് ലഭിച്ചിരുന്നില്ല. നാടൻ വസ്ത്രധാരണവും സംഭാഷണവും കൂട്ടുകാർക്ക് ഇഷ്ടപ്പെട്ടില്ല. ദിവസങ്ങൾ തള്ളിനീക്കുന്ന ആ സ്ഥിതി അൽപനാളുകൾക്കകം ഇല്ലാതായി. പഠിപ്പിൽ അവർ മററുള്ളവരിൽനിന്ന് ഉയർന്നു നിന്നു. നാപ്പ് ക്ലാസ്സിൽ ഒന്നാമനായി.

ജോസഫും നാപ്പും ദിവസവും വൈകുന്നേരം വീട്ടിലെത്തിയിരുന്നു. ഒഴിവു ദിവസങ്ങൾ അവർക്ക് ഉത്സവദിനങ്ങളായി. പട്ടണത്തിലെ നിരവധി കുട്ടികൾ ഒത്തുകൂടിക്കളിക്കുന്നത് പതിവായി.

ഒരു ഒഴിവു ദിവസം കിഴക്കുഭാഗത്തുള്ള വലിയ കുന്ന് അവരെ ആകർഷിച്ചു. അതിൻെറ കൊടിമുടിയിലേക്ക് അവർ ഒരു സാഹസയാത്ര ചെയ്തു. സായാഹ്നസൂര്യൻെറ പൊൻ പ്രഭയേററ് പ്രകാശിക്കുന്ന മഞ്ഞിൻ കട്ടകം! നാപ്പിൻെറ ഭാവന ചിറകുവിടർത്തി. മഞ്ഞിൻകട്ടകംകൊണ്ട് ഒരു കോട്ട പണിയ ണം. അത് മറെറാരു ദിവസം ആക്രമിച്ച് കീഴടക്കണം. അവൻെറ ഒരു മോഹം. കൂട്ടുകാർ സമ്മതം മൂളി. ഇരുട്ടാവു ന്നതിനുമുൻപ് കോട്ട നിർമ്മാണം പൂർത്തിയാക്കി. ഇവരെല്ലാം വീടുകളിലെത്തിച്ചേർന്നു.

മറെറാരു ഒഴിവുദിവസം അവർ കോട്ട ആക്രമിക്കാൻ ഒരുങ്ങി. കോട്ടയുടെ ഉടമസ്ഥനായി 'കോളർ' തെരഞ്ഞെടുക്കപ്പെട്ടു. അ വൻ പ്രഭുവിൻെറ അന്തസ്സ് ഭാവിച്ച് അനുയായികളെ ഒരുക്കി നിർത്തി. കോട്ട സംരക്ഷകരുടെ നേതാവ് ജോസഫ് ആയിരുന്നു. ആക്രമണകാരികളുടെ നേതാവായിരുന്നു നാപ്പ്. സൈന്യം കോട്ടക്കുനേരെ മാർച്ച് ചെയ്തു. ജോസഫിൻെറ കൽപനപ്രകാരം വെടിപൊട്ടി. 'ഠേ............ഠേ...............' പ്രഭു സുരക്ഷിത സ്ഥാനത്തുതന്നെ നിലയുറപ്പിച്ചു. ആക്ര മണത്തിൻെറ ശക്തി കൂട്ടാൻ നാപ്പ് കൊടി ഉയർത്തിക്കാട്ടി. കൂർത്തു മൂർത്ത മഞ്ഞിൻകട്ടകം ചീറിപ്പാഞ്ഞു. ജോസഫും കൂട്ടുകാരും ഓടി രക്ഷപ്പെട്ടു. സൈന്യം ജയഭേരി മുഴക്കി. പക്ഷേ, ആ ജയാരവം തൽക്ഷണം ഒരു ദീനരോദനത്തിൽ മുങ്ങിപ്പോയി. പ്രഭു പ്രജ്ഞയററു കിടക്കയാണ്. നെററിയിൽ നിന്ന് രക്തം ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. നാപ്പ് പരിഭ്രാന്തനായി. അവനും കൂട്ടുകാരും കൂടി കോളറെ താങ്ങി യെടുത്ത് ആശുപത്രിയിലെത്തിച്ചു. മുറിവ് കെട്ടിക്കഴിഞ്ഞ ശേഷം ആ സുഹൃത്തിനെ അവർ വീട്ടിലെത്തിച്ചു. നാപ്പിൻെറ മനസ്സിൽ നിന്ന് ആ കുററബോധം വിട്ടുമാറിയില്ല. ഭാവിയിൽ സൈന്യാധിപനായപ്പോഴും ഫ്രാൻസിൻെറ ചക്രവർത്തിയായ പ്പോഴും കോളർ എന്ന പേര് പ്രത്യേകം ഓർമ്മിച്ചു. അത് കോളറിൻെറ ഉയർച്ചക്ക് കാരണവുമായി.

മറെറാരു ഒഴിവു ദിവസം വീട്ടിൽ നടന്ന രസകരമായൊരു കഥ: അന്ന് അവൻ ചിന്താമൂകനായിരുന്നു. പിറേറന്ന് സ്കൂ

ളിൽനിന്ന് ഒരു 'അദ്ധ്യയന യാത്ര' പുറപ്പെടുകയാണ്. അവനും പോകണമെന്നുണ്ട്. പണമില്ല. രോഗശയ്യയിലുള്ള പിതാവിനും പരിതപിക്കാനേ കഴിയൂ. സഹപാഠികളുടെ മുൻപിൽ നിസ്സഹായത ഭാവിക്കാൻ അഭിമാനം അവനെ അനുവദിച്ചില്ല. അവൻ ചിന്തയുടെ ചൂടുവെയിലത്താണ്. അപ്പോഠം വീട്ടിലേക്ക് നടന്നെത്തുന്ന അമ്മാമനെക്കണ്ടു. പട്ടണത്തിലെ ഒരു ധനികനാണദ്ദേഹം. നിരവധി കെട്ടിടങ്ങളുടെ വാടകയും ചില വ്യവസായങ്ങളിൽനിന്നുള്ള ഓഹരിലാഭവും കിട്ടാനുമുണ്ട്. കുറച്ചുദിവസമായി അദ്ദേഹം തങ്ങളുടെ വീട്ടിൽ തങ്ങിയിരിക്കയാണ്. ആ വീട്ടിൽ യാതൊരു ചെലവും ചെയ്യാറുമില്ല. മററുള്ളവരോട് സ്വന്തം ദാരിദ്ര്യത്തെപ്പററി സംസാരിക്കുന്നതും അദ്ദേഹത്തിൻെറ സ്വഭാവമായിരുന്നു. അമ്മാമൻ സന്ദർശകമുറിയിലെത്തി വിശ്രമിച്ചുകൊണ്ടിരിക്കുമ്പോഠം നാപ്പ് അടുത്തേക്ക് ചെന്നു. 'അമ്മാമാ' എനിക്കു നാളെ അദ്ധ്യയന യാത്രയ്ക്ക് പോകണം. ഫീസ്സടക്കാൻ പണമില്ല. അപ്പൻ കിടപ്പിലാണല്ലോ. അദ്ദേഹത്തിൻെറ കൈയിൽ പണവുമില്ല. എന്താണ് വേണ്ടത്?' അവൻെറ വിനയപൂർവമുള്ള വാക്കുകഠം അമ്മാമൻ വെറുപ്പോടെയാണ് ശ്രദ്ധിച്ചിരുന്നത്. അവസാനം ഒരു ചോദ്യവും. 'അതിന് ഞാനെന്തു ചെയ്യും?' ആ വൃദ്ധൻ പുരികം ചുളിച്ചു. 'ഫീസ്സ് അടക്കാനുള്ള പണം അമ്മാമൻ തരണം' അവൻ അപേക്ഷിച്ചു. 'എൻെറ കൈവശം തീരെ പണമില്ല. ഞാൻ കടക്കാരനാണ്. നോക്കൂ. എൻെറ കാലിൽ ഒരു പഴയ കീറച്ചെരിപ്പാണ്. പുതിയതൊന്നു വാങ്ങാൻപോലും പണമില്ല.'

ഈ ശുദ്ധ നുണയുടെ അവതരണം അവൻ ഇഷ്ടപ്പെട്ടില്ല. നാപ്പ് തൽഷണം അകത്തേക്കുപോയി. പോകുമ്പോഠം അമ്മാമൻ മേശപ്പുറത്ത് വച്ചിരുന്ന കിടപ്പു മുറിയുടെ താക്കോൽ കൈവശപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹം അവൻെറ ഉപദ്രവം അവസാനിച്ചെന്ന ഭാവത്തിൽ ചാരുകസേരയിൽ മലർന്നു കിടന്ന് പണം സമ്പാദിക്കാനുള്ള മനോരാജ്യത്തിൽ വിഹരിച്ചു.

പെട്ടെന്ന് നാപ്പ് ഒരു തുകൽസ്സഞ്ചിയുമായി തിരിച്ചെത്തി. അതു തുറന്ന് അമ്മാമൻെറ മുൻപിൽ സ്വർണ്ണനാണയങ്ങഠം

ചൊരിഞ്ഞു. അമ്മാമൻ പരിഭ്രാന്തനായി. 'അയ്യയ്യോ! എൻെറ സമ്പാദ്യമെല്ലാം തട്ടിയെടുത്തേ....' അദ്ദേഹം വാവിട്ടു കരഞ്ഞു. അകത്തുനിന്ന് അമ്മയും സഹോദരനും സഹോദരിയും വേലക്കാരിയും ഓടിയെത്തി. കിതച്ചു കിതച്ച് അപ്പനും വന്നു. ആ രംഗം കണ്ട് എല്ലാവരും അന്തംവിട്ടുനിന്നു. നാപ്പ് യാതൊരു പരിഭ്രമവുമില്ലാതെ ചിരിച്ചുകൊണ്ടു പറഞ്ഞു. 'അപ്പാ, ഇതാ നോക്കൂ! ഈ അമ്മാമൻെറ ചെരിപ്പുകൾ എത്ര പഴയതാണ്. പുതിയത് വാങ്ങാൻ പണമില്ലെന്നാണ് പറയുന്നത്. പാവം! നമ്മുടെ അകത്താണെങ്കിൽ ഒരു തുകൽസ്സഞ്ചി നിറയെ സ്വർണ്ണനാണയവുമുണ്ട്. ഒന്നെടുത്ത് അദ്ദേഹം പുതിയ ചെരിപ്പുകളും വസ്ത്രങ്ങളും വാങ്ങുന്നത് അപ്പന് സമ്മതമല്ലേ?

ആ അമ്മാവൻ കോപിച്ചു വിറയ്ക്കുകയായിരുന്നു. മററുള്ളവർ പൊട്ടിച്ചിരിച്ചു. എന്നാൽ ലിററീസിയായുടെ മുഖം കറുത്തു. അവൾ നാപ്പിനോടു പറഞ്ഞു. 'എടാ, നീ ഇത്ര ധിക്കാരിയാണോ! ആ സ്വർണ്ണനാണയങ്ങൾ മുഴുവൻ പെറുക്കിയെടുത്ത് സഞ്ചിയിലിടൂ. എന്നിട്ട് സഞ്ചി അമ്മാമൻെറ കൈയിൽ കൊടുത്ത് മാപ്പുചോദിക്കൂ ! ഇല്ലെങ്കിൽ നിനക്കിനിമേൽ ഈ വീട്ടിൽ നിന്ന് ഭക്ഷണമുണ്ടാവില്ല. അമ്മയുടെ കല്പന അനുസരിക്കാതിരുന്നാൽ പററില്ല. അതവന് അറിയാം. അങ്ങനെ തല്ക്കാലം അമ്മാമൻെറ അഭിമാനം രക്ഷിക്കപ്പെട്ടു.

നാപ്പിനെ ഈ വിക്രിയയ്ക്കു പ്രേരിപ്പിച്ച മനോഭാവം നന്നായി മനസ്സിലാക്കിയ ബോണപ്പാർട്ട് തൻെറ അതിഥിയെ വേദനിപ്പിക്കാതിരിക്കാൻ പണിപ്പെട്ടു. അദ്ദേഹം മകൻെറ മുഖത്തുനോക്കി അർത്ഥഗർഭമായി ഒന്നു മന്ദഹസിച്ചശേഷം മെല്ലെ മെല്ലെ നടന്ന് അകത്തേക്കുപോയി.

അക്കാലത്തെ ഫ്രഞ്ചു ചക്രവർത്തിയായിരുന്ന ലൂയി പതിനാറാമൻ കലാപകാരികളായിരുന്ന കോർസിക്കക്കാരെ പ്രീണിപ്പിച്ച് അടക്കി നിർത്താൻ ഒരു തന്ത്രം പ്രയോഗിച്ചു. കോർസിക്കൻ നിവാസികളുടെ കുട്ടികളിൽ നിന്ന് ബുദ്ധിമാന്മാരെ തെരഞ്ഞെടുത്ത് ഫ്രാൻസിലെ സർവ്വകലാശാലകൾക്കുകീഴിലുള്ള കോളേജുകളിൽ പഠിപ്പിക്കാൻ ഒരു കൽപന പുറപ്പെടുവിച്ചു.

അത്തരം കുട്ടികൾക്ക് സ്കോളർഷിപ്പും അനുവദിച്ചു. അന്നത്തെ കോർസിക്കൻ ഗവർണ്ണർ കൽപനകൾ സത്യസന്ധമായി നടപ്പാക്കുന്ന ഒരു നല്ല ഫ്രഞ്ചുകാരനായിരുന്നു. കോർസിക്കയിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മാർക്കുലിസ്ററുകൾ വരുത്തി പരിശോധിച്ച് ഏററവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികളെ തെരഞ്ഞെടുക്കുന്ന രീതിയാണു അദ്ദേഹം സ്വീകരിച്ചത്. ബ്രിന്നി സ്ക്കൂളിൽ നിന്ന് നാപ്പും ജോസഫും തെരഞ്ഞെടുക്കപ്പെട്ടു.

നാപ്പിന് സൈനിക പഠനത്തിനും ജോസഫിന് വൈദിക പഠനത്തിനുമായിരുന്നു 'സീററ്' ലഭിച്ചത്. ഫ്രാൻസിലെ ഓട്ടൻ കോളേജിൽ ചേർന്ന് പഠിക്കാനുള്ള അനുവാദവുമായി ആ കുട്ടികൾ ഒരുദിവസം വൈകുന്നേരം ആഹ്ലാദഭരിതരായി വീട്ടിലെത്തിച്ചേർന്നു.

കോർസിക്കൻ ജനങ്ങൾ ഫ്രഞ്ച് ഗവൺമെൻറിനെതിരായി നടത്തുന്ന സ്വാതന്ത്ര്യസമരത്തെ നിരുൽസാഹപ്പെടുത്താൻ വേണ്ടിയാണ് ചക്രവർത്തി ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതെന്ന് ബോണപ്പാർട്ടിനറിയാമായിരുന്നു. എങ്കിലും ദേശസ്നേഹികളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിച്ചാൽ നാടിന് രക്ഷയുണ്ടാകുമെന്ന വിശ്വാസവും അദ്ദേഹത്തിനുണ്ടായിരുന്നു. വിശേഷിച്ചും നാപ്പിന് പാരീസിലെ സൈനിക കോളേജിലേക്ക് സെലക്ഷൻ ലഭിക്കാനുള്ള ആദ്യത്തെ പഠനമാണ് ഓട്ടൻ കോളേജിൽ നടക്കാൻ പോകുന്നത്. ഭാവിയിൽ പട്ടാളത്തിൽ ജനറൽ സ്ഥാനത്ത് എത്താവുന്ന വിദ്യാഭ്യാസത്തിൻെറ തുടക്കവുമാണത്. സ്വന്തം നിലയിൽ എത്ര പരിശ്രമിച്ചാലും ഒരു അടിമ രാജ്യത്തിലെ കുട്ടിക്ക് ഫ്രാൻസിലെ സർവകലാശാലയിൽ അക്കാലത്ത് പ്രവേശനം ലഭിക്കയില്ല.

ഈ ചിന്തകളുടെ ഫലമായി കുട്ടികൾക്ക് ഓട്ടൻ കോളേജിലേക്കുള്ള യാത്രയ്ക്ക് പിതാവ് അനുവാദം നൽകി.

എന്നാൽ ലിററീസിയായുടെ സ്ഥിതി അങ്ങനെയായിരുന്നില്ല. പത്തുവയസ്സ് പൂർത്തിയാകാത്ത നാപ്പും അവനേക്കാൾ ഒരു വയസ്സ് മാത്രം ഏറെയുള്ള ജോസഫും ദീർഘനാ

ളുകളിലേക്കു് ആ അമ്മയെ വിട്ടുപിരിയുകയാണ്. ആ വിരഹം അവർക്കു് പൊറുക്കാൻ കഴിയില്ലെന്നുതോന്നി. വാൽസല്യഭാജനങ്ങളോടൊപ്പമുള്ള ജീവിതമാണല്ലോ ഏതൊരു അമ്മയുടെയും ഏററവും വലിയ സുഖം. ആ അമ്മ മക്കളുടെ വേർപാടിൻെറ മുഹൂർത്തവും പ്രതീക്ഷിച്ച് കണ്ണീരോടുകൂടി നിമിഷങ്ങൾ തള്ളിനീക്കി.

അമ്മയെ എങ്ങനെയാണ് സമാധാനിപ്പിക്കേണ്ടതെന്നോർത്തു് ജോസഫ് ചിന്താമൂകനായി. നാപ്പ് എല്ലാ ഒരുക്കങ്ങളും ചെയ്തുവച്ചശേഷം ഉൽസാഹത്തോടെ അമ്മയുടെ അടുത്തേക്കു ചെന്നു. അവരുടെ ശരീരത്തിൽ ചാരിയിരുന്നു തോളിൽ കൈയിട്ട് ചെവിയിൽ മധുരമായി ഇങ്ങനെ പറഞ്ഞു. 'അമ്മേ, ഞാൻ പഠിക്കുന്നത് പട്ടാളത്തിൽ ഒരു ജനറൽ ആകുന്നതിനുവേണ്ടിയാണ്! ഞാൻ ഒരു ജനറൽ ആയാൽ അമ്മയോടൊപ്പമായിരിക്കും എപ്പോഴും താമസിക്കുക.' അമ്മയുടെ കണ്ണുകൾ വിടർന്നു തിളങ്ങി. കവിൾത്തടം തുടുത്തു. ഭാവനയിൽ ഭാവിജീവിതത്തിൻെറ മണിസൗധം ഒരു നിമിഷംകൊണ്ട് ഉയർന്നുമിന്നി.

പ്രസന്നവദനരായ മാതാപിതാക്കളുടെ അനുഗ്രഹങ്ങളും ഉപദേശങ്ങളും സ്വീകരിച്ച് ആ കുട്ടികൾ ഫ്രാൻസിലേക്കു യാത്രയായി.

# 4. സ്വപ്നങ്ങൾ പൂവിടുന്നു

രണ്ടു കോർസിക്കൻ ബാലൻമാരുടെ പ്രവേശനം! ഫ്രാൻസിലെ ഓട്ടൻ കോളേജിൻെറ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായത്തിൻെറ തുടക്കമായിരുന്നു. അന്നോളം യൂറോപ്പിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നിരുന്ന രാജകുമാരൻമാരും പ്രഭുകുമാരൻമാരും മാത്രമാണ് അവിടെ പഠിച്ചിരുന്നത്. കോർസിക്ക ഫ്രാൻസിൻെറ ഭരണത്തിൻ കീഴിലുള്ള ഒരു അപരിഷ്കൃത ദ്വീപായിരുന്നതുകൊണ്ട് അവിടത്തെ കുട്ടികളെ അടിമകളായി മററു കുട്ടികൾ കരുതി. അടിമകളോട് നിന്ദ്യവും പരിഹാസ്യവുമായി പെരുമാറിവന്നിരുന്ന അവരുടെ സ്വഭാവം വിദ്യാലയത്തിലും പ്രതിഫലിച്ചു.

ഈ സാഹചര്യത്തിൽ എന്താണ് വേണ്ടതെന്ന് നാപ്പ് ചിന്തിച്ചു. പോരടിച്ചിട്ട് പ്രയോജനമില്ല. പോരിൻെറ അനന്തഫലം വിദ്യാലയത്തിൽനിന്നുള്ള ബഹിഷ്കരണത്തിലെത്തിച്ചേക്കും. അവഗണനയുടെ സ്ഥാനത്ത് അഭിനന്ദനം തേടിയെടുക്കണം. അവഹേളനത്തിനുപകരം പ്രശംസയും. അതാണ് ബുദ്ധിമാൻമാരുടെ മാർഗ്ഗം. ധനത്തെയും അധികാരത്തെയും കീഴടക്കാൻ ബുദ്ധിശക്തിക്കു കഴിയും. ഈ ചിന്തകൾ അവന് കൂടുതൽ ഉത്സാഹം നൽകി.

കുറച്ചു മാസങ്ങളിലെ കഠിനാദ്ധ്വാനം കൊണ്ട് നാപ്പ് ക്ലാസ്സിൽ ഒന്നാം സ്ഥാനത്തെത്തി. അക്കൊല്ലത്തെ പ്രധാന വിഷയം ഫ്രഞ്ചുഭാഷാപഠനമായിരുന്നു. അതിൽ അവൻ അസാമാന്യമായ കഴിവ് പ്രകടിപ്പിച്ചു. ഇത് മററു കുട്ടികളെ ആകർഷിച്ചു. അവനോടടുക്കാൻ അറച്ചുനിന്നവരെയും അവനെ പരിഹസിച്ചിരുന്നവരെയും ആശ്ചര്യഭരിതരാക്കി. അവർക്കെല്ലാം അവൻെറ സഹായവും ഉപദേശവും ആവശ്യമായിത്തീർന്നു. നാപ്പിൻെറ വ്യക്തിത്വം സർവ്വത്ര അംഗീകരിക്കപ്പെട്ടു.

വീട്ടിൽ നിന്ന് അമ്മ കൂടക്കൂടെ എഴുതിയിരുന്ന കത്തുകൾ മാത്രമായിരുന്നു ആ കുട്ടികളെ സമാധാനിപ്പിച്ചിരുന്നത്.

കത്തുകഠ വീണ്ടും വീണ്ടും വായിച്ചുകൊണ്ടിരിക്കുന്നത് അവർക്ക് വളരെ ആനന്ദകരമായി തോന്നിയിരുന്നു. ഒരുദിവസം ജോസഫ് ആദ്യം വായിച്ചു. നാപ്പ് അത് വാങ്ങി വായിച്ചശേഷം കീറിക്കളഞ്ഞു. ജോസഫിന് വീണ്ടും വായിക്കാൻ അത്യാർത്തിയുണ്ടായിരുന്നു. എന്തുചെയ്യും? അവൻ ഉടൻ തന്നെ മറെറാരു കത്ത് അയച്ചുതരാൻ അമ്മയോട് ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചുവത്രേ!

കോർസിക്ക തൻെറ ജന്മനാടാണ്; താൻ ഒരു സാധാരണക്കാരൻെറ മകനും അടിമനാടിൻെറ വിദ്യാർത്ഥിയുമാണ്. ഈ വിശ്വാസങ്ങഠ വച്ചുപുലർത്തുന്നതും മററുള്ളവരോട് പറയുന്നതും അഭിമാനകരമായിട്ടാണ് നാപ്പ് കരുതിയിരുന്നത്. അതേപ്പററി ഒരു കഥയുണ്ട്.

ഒരു ദിവസം കോളേജ് ഹോസ്ററലിൽ നാപ്പും ജോസഫും മററു കുട്ടികളോടൊപ്പം ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുകയാണ. ചില അദ്ധ്യാപകരും അവർക്ക് അഭിമുഖമായി ഭക്ഷിച്ചുകൊണ്ടിരുന്നു. അവർ രാഷ്ട്രീയകാര്യങ്ങഠ സംസാരിക്കുന്നുമുണ്ട്. അവരുടെ സംഭാഷണം കോർസിക്കയുടെ രാഷ്ട്രീയ പ്രശ്നങ്ങളിലേക്കു തിരിഞ്ഞു. കോർസിക്കയിലെ 'പൊലായ്' പാർട്ടിക്കാരുടെ സമരങ്ങളെ കലാപങ്ങളെന്നും ക്രൂരമായ കൊള്ളകളെന്നും അവർ വിലയിരുത്തി. അതിൻെറ പ്രവർത്തകർ ദുഷ്ടന്മാരെന്നും നേതാവ് പരദ്രോഹിയാണെന്നും നിരൂപണം ചെയ്തു. ആ സംഭാഷണം നാപ്പിൻെറ അഭിമാനബോധം തട്ടിയുണർത്തി. അവൻ എഴുന്നേററു നിന്ന് വ്യക്തവും ദൃഢവുമായി മര്യാദയോടെ പറഞ്ഞു. 'സാറന്മാരെ, നിങ്ങഠ തെററിദ്ധരിച്ചാണ് സംസാരിക്കുന്നത്. ഞാൻ ഒരു കോർസിക്കക്കാരനാണ്. എനിക്കനുഭവമുള്ളതുപോലെ അവിടത്തെ രാഷ്ട്രീയ കാര്യങ്ങഠ നിങ്ങഠക്കറിയില്ലെന്ന് ഞാൻ കരുതുന്നു. പൊലായ് പാർട്ടിയുടെ സ്ഥാപകരിൽ ഒരാളായ ചാർലസ് ബോണപ്പാർട്ട് എൻെറ പിതാവാണ്. ഈ നിലയിൽ നിങ്ങളോട് ചിലത് പറയാൻ എനിക്ക് അവകാശവും കടമയുമുണ്ട്. ആ പാർട്ടി കോർസിക്കയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതാണ്. അതിൻെറ നേതാക്കഠ ദേശാഭിമാനികളുമാണ്. ഇററലിയുടെ മേൽക്കോയ്മയെ എതിർത്തി

രുന്നതുപോലെ ഇപ്പോഠ ഫ്രാൻസിൻെറ മേധാവിത്വത്തെയും പൊലായ് പാർട്ടി എതിർക്കുന്നു.' അവസരോചിതവും സാരഗർഭവുമായ നാപ്പിൻെറ വാക്കുകഠ അദ്ധ്യാപകരുടെ നാവടക്കി!

കോർസിക്കൻബാലന്മാരെ പരീക്ഷിക്കാൻ വേണ്ടി അദ്ധ്യാപകർ ആസൂത്രണം ചെയ്ത ഒരു സംഭാഷണമായിരുന്നു അത്. ആ ഗൂഢതന്ത്രം നാപ്പ് അറിഞ്ഞില്ല. അതിൽ പങ്കെടുത്ത ഒരു അദ്ധ്യാപകൻ പിന്നീടൊരിക്കൽ നാപ്പിനെ പ്രശംസിക്കുന്നതിനിടയിലാണ് അത് വ്യക്തമാക്കിയത്. നാപ്പിൻെറ ദേശാഭിമാനവും സ്വാതന്ത്ര്യബോധവും അധ്യാപകരുടെ പ്രശംസ നേടിയിരുന്നു.

ആദ്യ വർഷത്തെ പരീക്ഷയിൽ നാപ്പ് അസൂയാർഹമാം വിധം വിജയിച്ചു. അടുത്തവർഷം കൂടുതൽ സൗകര്യങ്ങളുള്ള ബ്രെയൺ കോളേജിൽ ചേർന്നു പഠിക്കാൻ ആ കുട്ടികഠ തീരുമാനിച്ചു. രണ്ടുപേരും അപേക്ഷകളയച്ചു. സീററുകഠ ലഭിച്ചെങ്കിലും വൈദികപഠനത്തിന് ഓട്ടൻ കോളേജിൽ തന്നെയാണ് കൂടുതൽ നല്ല സാഹചര്യമെന്നതിനാൽ ജോസഫ് അവിടെ നിന്ന് വിട്ടുപോകാൻ തയ്യാറായില്ല. നാപ്പ് ബ്രെയൺ കോളേജിൽ ചേർന്ന് പഠനം തുടർന്നു.

'എരിയുന്ന വെയിലിൽനിന്ന് പൊരിയുന്ന ചട്ടിയിൽ' വീണ അനുഭവമാണ് നാപ്പിനുണ്ടായത്. ആ അടിമരാജ്യക്കാരനോടുള്ള അവജ്ഞ അവിടെ അതിരൂക്ഷമായിരുന്നു. പോരെങ്കിൽ, അവൻ തനിച്ചുമാണല്ലോ! അവിടത്തെ വിദ്യാർത്ഥികഠ കൂടുതൽ ധാരാളികളും പരിഷ്ക്കാരഭ്രാന്തന്മാരുമായിരുന്നു. സർവ്വത്ര വിമർശനങ്ങളും പരിഹാസങ്ങളും.

പരിഷ്കാരികളായ അവിടത്തെ പെൺകുട്ടികളോട് പരിചയപ്പെടാൻ നാപ്പിനു തെല്ലും കഴിഞ്ഞില്ല. മധുരമായ വാക്കുകളിൽ അവരോട് സംസാരിക്കാനോ, വേഷംകൊണ്ടോ ഭാഷകൊണ്ടോ അവരെ ആകർഷിക്കാനോ അവനസാദ്ധ്യമായിരുന്നു. ആ പെൺകുട്ടികഠ അവനെ ഒരു പ്രാകൃതനെപ്പോലെ കണക്കാക്കി. തികച്ചും ഒററപ്പെട്ട ഒരനുഭവമായിരുന്നു അത്. അവഗണനയും അവമതിയുമേൽപ്പിക്കുന്ന വേദനയുടെ അത്യുച്ചാവസ്ഥ!

ഇത്തരം സന്ദർഭങ്ങളിൽ മഹാത്മാക്കൾ എന്തെല്ലാമാണ് ചെയ്തിരുന്നതെന്ന് അവൻ മഹച്ചരിതങ്ങൾ വായിച്ച് ഗ്രഹിച്ചിരുന്നു. ഗ്രന്ഥപാരായണത്തിലുള്ള അഭിരുചിയും വളർത്തിയിരുന്നു. മഹത്ത്വത്തിലേക്കുള്ള പാത ക്ലേശപൂർണ്ണമാണെന്നും, യുക്തിപൂർവ്വമായ കഠിനാദ്ധ്വാനമാണ് ആ വഴിയെന്നും അവനറിയാം. അതുകൊണ്ട് ദിവസത്തിൽ മൂന്നോ നാലോ മണിക്കൂർ ഉറങ്ങാനും പ്രഭാതത്തിലും സന്ധ്യയോടടുത്തും ഓരോ മണിക്കൂർ വ്യായാമത്തിനും നീക്കിവച്ചശേഷം മററു സമയം മുഴുവൻ അവൻ പഠനത്തിനായി മാററി വച്ചു. കുറച്ചു മാസങ്ങൾ കൊണ്ട് അവൻെറ നിരാശ പാടെ ഇല്ലാതെയായി. ബുദ്ധിപരവും ശാരീരികവുമായ പ്രവർത്തനങ്ങളിലും അവൻ ശ്രദ്ധേയനായി. ക്രമത്തിൽ സകലരുടെയും സ്നേഹത്തിനും അവൻ അർഹനായി.

ഈ കാലഘട്ടത്തിൽ സുഖത്തിലും ദു:ഖത്തിലും അവനോടൊപ്പം നിന്ന ഒരേയൊരു സുഹൃത്ത് ഉണ്ടായിരുന്നു.—ലൂയി ആൻറണി. അയാൾ ആദ്യദിവസം തന്നെ അവനെ സ്നേഹപൂർവം സമീപിച്ചു ആശ്വാസം പകർന്നിരുന്നു. തനിച്ചിരിക്കുമ്പോൾ അടുത്തുവന്ന് ക്ഷേമം അന്വേഷിക്കാനും അഭിനന്ദിക്കാനും സദാ സന്നദ്ധനുമായിരുന്നു. ബ്രയൺ കോളേജിലെ പഠനകാലം മുഴുവൻ നിലനിന്ന ആ സൗഹൃദം നാപ്പ് ജീവിതത്തിൽ ഒരിക്കലും വിസ്മരിച്ചില്ല. അവൻ ഫ്രാൻസിൻെറ ചക്രവർത്തിപദത്തിലേക്ക് ഉയർന്നപ്പോൾ ആ സുഹൃത്തിനെയാണ് പ്രൈവററ് സെക്രട്ടറിയായി നിയമിച്ചത്

നാപ്പിൻെറ ഏകാഗ്രമായ ചിന്താശക്തിയും സ്ഥിരോൽസാഹവും തെളിയിക്കുന്ന ഒരു സംഭവമുണ്ട്. ഒരു ദിവസം കോളേജിൽ അദ്ധ്യാപകൻ ഒരു കണക്കുകൊടുത്തു. തികച്ചും പുതുമയുള്ളതും ശാസ്ത്രീയമായ കണ്ടുപിടിത്തത്തോട് ബന്ധമുള്ളതുമായിരുന്നു ആ കണക്ക്. എല്ലാവരും അത് ചെയ്തുതീർക്കുന്നത് അസാദ്ധ്യമെന്ന് പ്രസ്താവിച്ചു. അസാദ്ധ്യമായി ഒന്നുമില്ലെന്നായിരുന്നു അവൻ സുഹൃത്തുക്കളോട് വാദിച്ചിരുന്നത്. അതുകൊണ്ട് ആ കണക്ക് തനിക്കൊന്ന് പരീക്ഷിച്ചു നോക്കാൻ സമയം തരേണമെന്ന് അവൻ അദ്ധ്യാപകരോട് അപേക്ഷിച്ചു. താമസസ്ഥലത്ത് വന്ന് ആ കണക്കിൽ മുഴുകി.

തുടർച്ചയായി മൂന്നു ദിവസം കോളേജിൽ വന്നു കാണാത്തതുകൊണ്ട് ലൂയി ആൻറണി അവനെ തിരഞ്ഞുചെന്നു. അയാശം നാപ്പിൻെറ മുറിക്കടുത്തെത്തി. കതകുകഠം അടഞ്ഞു കിടന്നിരുന്നു. തെല്ലുനേരം നിശ്ശബ്ദനായി നിന്ന് അകത്തെന്ത് നടക്കുന്നുവെന്ന് ശ്രദ്ധിച്ചു. നാപ്പ് കണക്ക് ചെയ്തുകൊണ്ടിരിക്കയാണ്. പെട്ടെന്ന് ഒരു പൊട്ടിച്ചിരി! നാപ്പ് ചാടി എണീററ് ആനന്ദനൃത്തം ചെയ്യുന്നു. വാതിൽ തുറന്നപ്പോഠം സുഹൃത്ത് അന്തംവിട്ടുനിൽക്കുന്ന കാഴ്ചയാണ് നാപ്പ് കണ്ടത്. കണക്ക് ശരിയായി ചെയ്ത കാര്യം അവൻ സുഹൃത്തിനോടു പറഞ്ഞു. അപ്പോഴേയ്ക്കും എഴുപത്തിരണ്ടു മണിക്കൂർ സമയം ഒരേയിരുപ്പിൽ കഴിച്ചുകൂട്ടിയത്രെ!

സ്നേഹിതന്മാരെ സംഘടിപ്പിക്കാനും തൻെറ ഭാവനയിൽ രൂപംകൊടുത്ത പരിപാടികളിൽ അവരെ സഹകരിപ്പിക്കാനും നാപ്പിന് അക്കാലത്തും സാധിച്ചു. ഒരിക്കൽ ഒരുകൂട്ടം വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവൻ രണ്ടു ചെറുസംഘങ്ങഠം രൂപീകരിച്ചു. ഒന്ന് റോമാക്കാരും മറെറാന്ന് കാർത്തജിയൻമാരും. പണ്ട് ഈ വർഗ്ഗങ്ങഠം പരസ്പരം പൊരുതിയ ചരിത്രകഥകഠ പശ്ചാത്തലമാക്കി അഭിനയപ്രധാനമായ ഒരു കലാപരിപാടിക്ക് അവൻ രൂപം നൽകി. അതിൻെറ അരങ്ങുകഠം ആ കോളേജിനെ പുളകമണിയിച്ചു. അവൻെറ പ്രശസ്തി ഉയരുകയും ചെയ്തു.

പതിനാലാം വയസ്സിൽ അവിടത്തെ പ്രധാന പരീക്ഷയിൽ നാപ്പ് ഒന്നാമനായി ജയിച്ചു. മിലിററി കോളേജിൽ പ്രവേശനം ലഭിക്കാൻ അർഹനുമായി. എന്നിട്ടും ആ വർഷം അവൻെറ അപേക്ഷ അംഗീകരിക്കാൻ പാരീസിലെ ഭരണാധികാരികഠം തയ്യാറായില്ല. പ്രഭുക്കളുടെയും അധികാരികളുടെയും സ്വാധീനശക്തിയാൽ ന്യായമായ പൗരാവകാശങ്ങഠം അവഗണിക്കപ്പെട്ടിരുന്ന സാമൂഹ്യ വ്യവസ്ഥിതിയുടെ ദുരന്തഫലമായിരുന്നു അത്. അവന് ഒരു വർഷംകൂടി ബ്രെയൺ കോളേജിൽത്തന്നെ പഠിത്തം തുടരേണ്ടതായി വന്നു.

ഇക്കാലത്ത് നാപ്പിൻെറ പിതാവ് കഠിനരോഗത്താൽ അവശനായി കഴിഞ്ഞിരുന്നു. പതിമൂന്ന് പ്രസവിക്കുകയും നിരവധി

ക്ലേശങ്ങൾ സഹിക്കുകയും ചെയ്ത മാതാവ് ശാരീരികവും മാനസികവുമായി തകർന്നുകഴിഞ്ഞു. ജീവനോടെ ശേഷിച്ച എട്ടുകുഞ്ഞുങ്ങളിൽ ആറുപേരും സ്വഗൃഹത്തിൽത്തന്നെ കഴിയേണ്ടതുണ്ട്. വീട്ടിലേക്ക് വരുമാനമുണ്ടാകുമായിരുന്ന കേസ്സുകളിലും പിതാവിന് പരാജയമായിരുന്നു. ആകപ്പാടെ അധഃപതനത്തിന്റെ നെല്ലിപ്പടിയിലെത്തിയ ആ കുടുംബത്തിൽനിന്ന് പഠനത്തിന് ആവശ്യമായ യാതൊരു സഹായവും പ്രതീക്ഷിക്കാൻ പോലും അവകാശമുണ്ടായിരുന്നില്ല. എന്നിട്ടും നാപ്പ് ഒരുവർഷത്തെ പഠനം പാരീസ്സിൽ സാധിച്ചു. സ്ഥിരചിത്തതയും അദ്ധ്വാനശീലവുമുള്ള ഏതൊരാൾക്കും ജീവിതം ഒരു ഭാരമായിത്തീരുന്നതല്ലല്ലോ!

പതിനഞ്ചാം വയസ്സിൽ പാരീസ്സിലെ സൈനിക കോളേജിൽ നാപ്പ് പ്രവേശിച്ചു. ഉന്നതങ്ങളായ കെട്ടിടങ്ങളും വിസ്തൃതമായ മൈതാനവും മനോഹരമായ ഉദ്യാനവും മററു സുഖസൗകര്യങ്ങളും ആ കലാലയത്തിന്റെ പ്രത്യേകതകളായിരുന്നു. ആധുനികോപകരണങ്ങൾ ഉപയോഗിച്ചുള്ള യുദ്ധപരിശീലനത്തിന്റെ കേന്ദ്രമായിരുന്നു അത്. അവിടെ നെപ്പോളിയന്റെ പ്രതിഭ നാനാമുഖങ്ങളിൽ പ്രശോഭിതമായി.

കരസേനയുടെ യുദ്ധതന്ത്രങ്ങളായിരുന്നു നെപ്പോളിയന്റെ മുഖ്യപഠനവിഷയം. അവിടത്തെ എല്ലാ പരിശീലനങ്ങളിലും അദ്ദേഹം പ്രമുഖസ്ഥാനം കരസ്ഥമാക്കി. പഠനം പൂർത്തിയാക്കി കോളേജ് വിട്ടുപോരുമ്പോൾ അധികാരികൾ ഇങ്ങനെ രേഖപ്പെടുത്തി. 'ജനനത്തിലും സ്വഭാവത്തിലും തനി കോർസിക്കക്കാരൻ. സാഹചര്യങ്ങൾ അനുകൂലിക്കുന്നപക്ഷം ഇവൻ ഉന്നതസ്ഥാനങ്ങളിലേക്ക് കുതിച്ചുകയറും'!

സൈനീക കോളേജ് വിട്ട ഉടൻതന്നെ നെപ്പോളിയനെ വിദഗ്ദ്ധസേനയിലെ ഒരു സാധാരണ യോദ്ധാവായി നിയമിച്ചു. ഭരണകൂടത്തിനുവേണ്ടി ഏതുനിമിഷവും ജീവൻ ബലിയർപ്പിക്കാൻ സന്നദ്ധനായിരിക്കേണമെന്ന് നിർബന്ധമുള്ള ജോലി. രാജ്യസ്നേഹവും പൗരുഷവും കൊണ്ട് സമ്പന്നനായിരുന്ന അയാൾ ആ ജോലിയിൽ അഭിമാനം വച്ചുപുലർത്തി. ചുമതലകൾ

ഉൽസാഹത്തോടെ ചെയ്തു തീർത്ത് മേലധികാരികളുടെ സംതൃപ്തിക്ക് പാത്രമായി. ആറുമാസത്തിനകം രണ്ടാം ലഫ്റ്റനൻറ് പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. അന്ന് നെപ്പോളിയന് പതിനാറു വയസ്സായിരുന്നു. ഈ പ്രായത്തിൽ ഈ സ്ഥാനം അന്നുവരെ ഫ്രാൻസിലെ ഒരു പട്ടാളക്കാരനും ലഭിക്കാത്തതായിരുന്നു.

ഒരു ദിവസം നെപ്പോളിയൻ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മയിൽനിന്ന് ഒരു സന്ദേശം ലഭിച്ചു. പ്രിയപ്പെട്ട പിതാവ് അന്ത്യശ്വാസം വലിച്ചുവെന്ന ഹൃദയഭേദകമായ വാർത്തയായിരുന്നു അത്. ആ യുവഹൃദയം ദുസ്സഹമായ വേദനയിലാണ്ടു. തൻെറ ജീവിതസൗധം പടുത്തുയർത്തുന്നതിൽ സദാ ശ്രദ്ധിച്ചിരുന്ന പിതാവിനുവേണ്ടി യാതൊരു ത്യാഗവും അർപ്പിക്കാൻ കഴിയാതെ വന്നതിൽ അദ്ദേഹത്തിൻെറ മനസ്സു പിടച്ചു. ആറു കുട്ടികളുടെ ജീവിതഭാരം ചുമക്കുന്ന നിരാലംബയായ വിധവയായി പ്രിയമാതാവ് കഴിഞ്ഞുകൂടുന്ന അവസ്ഥ അദ്ദേഹത്തിൻെറ മനസ്സിനെ വല്ലാതെ അലട്ടി. ആ നിഷ്കളങ്കൻെറ കണ്ണുകളിൽനിന്ന് ചുടുനീരുറന്നു.

ഏങ്ങനെയാണ് അമ്മയെ ആശ്വസിപ്പിക്കുക? കുടുംബത്തെ എങ്ങനെ സഹായിക്കാൻ കഴിയും? തനിച്ചു ജീവിക്കാൻ തന്നെ തികയാത്ത വേതനമേ ലഭിക്കുന്നുള്ളൂ. അമ്മയെയും സഹോദരങ്ങളെയും സഹായിക്കാതെ നിർവ്വാഹമില്ല. ഈ ചിന്തകളാൽ മഥിക്കപ്പെട്ട ഹൃദയത്തിൻെറ ഭാഷ ഇങ്ങനെ ഒരു കത്തിനു രൂപം നൽകി.

'പ്രിയപ്പെട്ട അമ്മേ,

പിതാവിനോടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ എനിക്ക് അവസരം നൽകാത്ത വിധിയുടെ ക്രൂരതയിൽ ഞാൻ കഠിനമായി ദു:ഖിക്കുന്നു........ അമ്മയുടെയും എൻെറ സഹോദരങ്ങളുടെയും ജീവിതസുഖത്തിന് എൻെറ എല്ലാ കഴിവുകളും ഉപയോഗിക്കാൻ എപ്പോഴും ഞാനൊരുക്കമായിരിക്കും. അധികകാലത്തിനകം കുടുംബത്തെയാകെ ഈ സമൃദ്ധമായപട്ടണത്തിലേക്ക്മാററിപ്പാർപ്പിക്കാനും എല്ലാവരുടെയും സംതൃപ്തമായ ജീവിതത്തിന്

സാഹചര്യമൊരുക്കാനും ഞാൻ ആത്മാർത്ഥമായി കൊതിക്കുന്നു. അതിന്റെ മുന്നോടിയായി തൽക്കാലം എന്റെ പ്രിയപ്പെട്ട കൊച്ചനുജൻ ലൂയിയെ പാരീസ്സിലേക്ക് അയക്കുക. അവനെ എന്നോടൊപ്പം താമസിക്കാനും പഠിപ്പിച്ച് ഒരു യോഗ്യനാക്കാനും ഞാൻ ആശിക്കുന്നു. ഇപ്പോഴത്തെ എന്റെ പരിതസ്ഥിതിയിൽ ചെയ്യാവുന്ന ഏററവും വലിയതെങ്കിലും, അമ്മയുടെ കഷ്ടപ്പാടുകളോട് താരതമ്യപ്പെടുത്തുമ്പോൾ ഏററവും ചെറിയതുമായ ഈ സഹായം അമ്മയ്ക്ക് അൽപമെങ്കിലും ആശ്വാസം നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നെ അനുഗ്രഹിക്കേണമേ!

അമ്മയുടെ വൽസലപുത്രൻ, നാപ്പ്.'

അമ്മ ലൂയിസിനെ പാരീസിലേക്കയച്ചു. നെപ്പോളിയൻ സഹോദരനോടൊപ്പം ഒരു കൊച്ചുമുറി വാടകക്കെടുത്ത് താമസം തുടങ്ങി. പുറത്തുപോകുമ്പോൾ ആഹാരത്തിനോ, വസ്ത്രം അലക്കിക്കുന്നതിനോ ഒരു പൈസ പോലും ചെലവഴിക്കാതെ ത്യാഗബോധത്തോടും കൃത്യനിഷ്ഠയോടുംകൂടി ജീവിതം നയിച്ചു. വ്യായാമത്തിലും ശുചിത്വത്തിലും പ്രത്യേകം ശ്രദ്ധിച്ചാൽ ഭക്ഷണം കുറഞ്ഞാലും ഒരു ധീരഹൃദയന് യാതൊരുകേടും സംഭവിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഈ കാലഘട്ടത്തെപ്പററി പിൽക്കാലത്ത് അദ്ദേഹംതന്നെ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: 'ഞാൻ കൂട്ടുകൂടുകയും കാപ്പിക്കടകളിൽ കയറുകയും ചെയ്തിരുന്നില്ല. നാലുവർഷം എന്റെ പ്രധാന ആഹാരം ഉണങ്ങിയ റൊട്ടിയും പച്ചവെള്ളവുമായിരുന്നു. വസ്ത്രങ്ങൾ ഞാൻതന്നെ അലക്കുകയാണ് പതിവ്. എന്റെ ചെറിയ വേതനം വളരെ ചുരുങ്ങിയ മട്ടിൽ ഞങ്ങൾക്ക് ജീവിക്കാൻ തികഞ്ഞിരുന്നു!

ഈ കാലഘട്ടത്തിൽ ലൂയിക്ക് സൈനിക വിദ്യാഭ്യാസം നേടാനും ജോലി സമ്പാദിക്കാനും സാധിച്ചു. നെപ്പോളിയന് ഭര

ണകൂടത്തിലുണ്ടായ ചില്ലറ പരിഷ്കാരങ്ങളുടെഫലമായി ശമ്പളം കൂടിക്കൂടി വരികയും ചെയ്തു. തന്മൂലം അമ്മയ്ക്ക് ഇടക്കിടെ സാമ്പത്തിക സഹായം പ്രതീക്ഷിക്കാമെന്നായി.

ആറുവർഷത്തെ സൈനികസേവനത്തിനുശേഷം, ഇരുപത്തൊന്നാമത്തെ വയസ്സിൽ സഹോദരനോടൊപ്പം സ്വദേശത്തു പോയി വരാൻ നെപ്പോളിയൻ തീർച്ചപ്പെടുത്തി. കുറെ ദിവസത്തേക്ക് ലീവ് അനുവദിക്കപ്പെടുകയും ചെയ്തു. ഇതിനകം പുരോഹിതപട്ടം കിട്ടിക്കഴിഞ്ഞിരുന്ന ജോസഫിനെ, തന്റെ സ്വദേശ സന്ദർശന സമയത്ത് അമ്മയോടൊപ്പം കാണാൻ കഴിയണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഈ ആഗ്രഹം ജോസഫിനെ അറിയിച്ചശേഷം നെപ്പോളിയനും ലൂയിസും കോർസിക്കയിലേക്ക് പുറപ്പെട്ടു. പിറന്നു വളർന്ന വീടും നാടും ആ രണ്ടാം ലഫ്റ്റനന്റിന്റെ വരവ് ആഹ്ലാദപൂർവ്വം ഉററുനോക്കി.,

## 5 അനുഭവങ്ങൾ ആചാര്യന്മാർ

പാരീസ് നഗരത്തിലെ പ്രധാന തെരുവ്. ഒരു ചുവ ന്നസന്ധ്യ! വഴിവക്കിലൊരു യുവാവ്. മഞ്ഞ വസ്ത്രങ്ങളും പാറിപ്പറക്കുന്ന തലമുടിയും. ചിന്തോദ്ദീപകമായ മുഖഭാവം! അത് നെപ്പോളിയനായിരുന്നു. തൊട്ടടുത്ത് ഒരു സുഹൃത്തും.

തെരുവിലുടനീളം പരിഭ്രാന്തരായ ജനങ്ങൾ. കടകളിലും മാളികപ്പുറങ്ങളിലും തെരുവിലേക്കുററുനോക്കുന്ന ജനക്കൂട്ടങ്ങൾ ആഞ്ഞിരമ്പുന്ന കടൽ അടുത്തെത്തുന്ന പ്രതീതി! നിരത്തിലൂടെ പരന്നൊഴുകുന്ന ഒരു ജാഥ അടുത്തു വരികയാണ്. ഓരോരുത്ത രുടെ കൈയിലും ഓരോവിധം ആയുധങ്ങൾ. തടിച്ചുരുണ്ട വടി കളോ, മിന്നിത്തിളങ്ങുന്ന വാളുകളോ, കൂർത്തു നീണ്ടകഠാരികളെ രാജകീയഭരണത്തിനും മതമേധാവിത്വത്തിനും പ്രഭുത്വത്തിനു മെതിരായ മുദ്രാവാക്യങ്ങൾ അവർ മുഴക്കിക്കൊണ്ടിരുന്നു.

ആ യുവാക്കളും ജാഥയുടെ പിറകെ തെല്ലകന്നുനടന്നു! നിശ ബ്ദരായി ശാന്തഭാവത്തിൽ! ജാഥ നേരെ കൊട്ടാരത്തിൻെറ ഗോപു രത്തിലെത്തി. അവിടെ നിരന്നു നിന്നിരുന്ന തോക്കേന്തിയ ഭടൻ മാർ വെടിവെക്കുമെന്നു കരുതി. ആ രണ്ടുയുവാക്കളും നിരത്തിൻെറ ഒരു പാർശ്വത്തിലേക്ക് മാറിനിന്നു. ജാഥ കൊട്ടാരഗോപുര വുംകടന്ന് മുന്നേറുകയാണ്. നെപ്പോളിയൻ അത്ഭുതപ്പെട്ടു. ഭടന്മാർ തോക്കുകൾ തലകീഴായിപ്പിടിച്ച് തല കുനിച്ച് നിൽക്കുകയാണ്. ജാഥ ആവേശം പൂണ്ടു. ജനങ്ങൾ കൊട്ടാര ത്തിൻെറ അടച്ചുപൂട്ടിയ വാതിലുകൾ വെട്ടിപ്പൊളിച്ചും തല്ലിത്ത കർത്തും അകത്തു കടന്നു. അട്ടഹാസങ്ങളും ദീനരോദനങ്ങളും മാറെറാലിക്കൊണ്ടു........

എന്താണ് സംഭവിക്കുക? നെപ്പോളിയൻ ചിന്തിച്ചു. 'ദീർ ഘകാലമായി അടിച്ചമർത്തപ്പെട്ടവരും വഞ്ചിക്കപ്പെട്ടവരുമായ ജന ങ്ങളുടെ ധാർമ്മികരോഷം ആളിക്കത്തുകയാണ്. അച്ചടക്കം വി

സ്മരിക്കപ്പെട്ടാലോ! പൊതുമുതലുകൾ നശിപ്പിക്കപ്പെട്ടതു കൊണ്ട് എന്താണ് പ്രയോജനം? ഈ കലാപം കണ്ടിട്ടും ആ ഭടൻമാർ കർത്തവ്യത്തിൽനിന്ന് ഒഴിഞ്ഞുമാറിയതെന്ത്? അവരും ഭരണകൂടത്തിന്നതിരായിക്കഴിഞ്ഞതിന്റെ തെളിവല്ലേ ഇത്?' നെപ്പോളിയൻ സുഹൃത്തിനോട് പറഞ്ഞു. 'ബോർബൻ രാജവംശത്തിന്റെ ഭരണം നശിക്കണം. മതസ്ഥാപനങ്ങളുടെയും ഭൂപ്രഭുക്കളുടെയും നാടുവാഴികളുടെയും ചൂഷണങ്ങളും മർദ്ദനങ്ങളും ഇല്ലാതാവണം. ഞാൻ അതിനോടൊപ്പം യോജിക്കുന്നു. പകരം നല്ലൊരു ഭരണം നടത്താൻ ആരേയും കാണുന്നില്ല! ആ സുഹൃത്തിനും അതേ അഭിപ്രായമാണ്. അവർ കലാപത്തിന്റെ ന്യായന്യായങ്ങൾ വിലയിരുത്തികൊണ്ട് സംഭാഷണം തുടർന്നു.

ജന്മദേശത്തേക്കുപോയ നെപ്പോളിയൻ എങ്ങനെ ഈ വേഷത്തിൽ ഇവിടെ നിൽക്കാനിടയായി.? എന്തുകൊണ്ട് ഇവിടെ വെറുമൊരു കാഴ്ചക്കാരനായി. കാരണം ഇതാണ്: കോർസിക്കയിൽ അദ്ദേഹത്തിന് കുറച്ചധികം ദിവസം ചെലവഴിക്കേണ്ടതായി വന്നു. മാതാവിനെ ശുശ്രൂഷിക്കുവാനും പിതാവിന്റെ മരണാനന്തര കർമ്മങ്ങൾ, കുറെ വൈകീട്ടാണെങ്കിലും, യഥാവിധി നിർവ്വഹിക്കാനും, കുടുംബത്തിന്റെ സാമ്പത്തികനില ക്രമപ്പെടുത്താനും ആ ദിവസങ്ങൾ അത്യാവശ്യവുമായിരുന്നു. പൊലായ് പാർട്ടിയുടെ നേതാക്കളിൽ പലരും അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. സ്നേഹത്തിന്റെ ശക്തിയായ പ്രേരണയാൽ ലീവുകാലം കഴിഞ്ഞിട്ടും കുറച്ചു ദിവസങ്ങൾ കൂടി അദ്ദേഹത്തിന് ജന്മനാട്ടിൽ കഴിച്ചുകൂട്ടേണ്ടതായിവന്നു.

പാരീസ്സിൽ തിരിച്ചെത്തിയപ്പോൾ സൈന്യത്തിൽ നിന്ന് പിരിച്ചുവിട്ട കൽപനയാണ് നെപ്പോളിയനെ എതിരേററത്. എന്തുചെയ്യും? ഔന്നത്യത്തിലേക്ക് കുതിച്ചുകയറേണ്ട കാലഘട്ടത്തിൽ അധഃപതനത്തിന്റെ അഗാധഗർത്തത്തിലേക്ക് തള്ളപ്പെട്ടിരിക്കുന്നു!

ഭക്ഷണത്തിനുപോലും പൈസയില്ല. കിടക്കാൻ ഇടവുമില്ല. താൻ പഠിപ്പിച്ച് ജോലി നേടിക്കൊടുത്ത സഹോദരൻ ലൂയിസ് ഫ്രാൻസിന്റെ ഏതോഭാഗത്ത് ഒരു യുദ്ധരംഗത്താണ്.

അവനെ നിസ്സഹായാവസ്ഥ അറിയിക്കാൻപോലും കഴിയാത്ത നില.

പക്ഷേ, ഇത് നെപ്പോളിയനാണ്! അടിക്കുന്തോറും അടിയുടെ ശക്തിക്കൊത്തുയരുന്ന പന്തുപോലെയാണ് അദ്ദേഹത്തിന്റെ മനസ്സ്. 'പ്രതികൂലപരിതസ്ഥിതിയുടെ സമ്മർദ്ദം ഉയർന്ന ചിന്തയ്ക്ക് പ്രേരകമാണ്. ഫ്രാൻസിലെ രാഷ്ട്രീയ സ്ഥിതി നിരീക്ഷണംചെയ്യണം. അനുഭവങ്ങൾ ആചാര്യന്മാരാണ്. അവയുടെ പാഠങ്ങൾ പഠിച്ച് സ്വജീവിതത്തിൽ പകർത്തി ജീവിതം തന്നെ ഒരു സമരമാക്കണം! അദ്ദേഹം ആലോചിച്ചുറച്ചു.

പലപ്പോഴും പച്ചവെള്ളം കുടിച്ച് തെരുവിലൂടെ നടന്നു. ജാഥകളും പൊതുയോഗങ്ങളും നിരീക്ഷിച്ചു. പത്രറിപ്പോർട്ടുകളും ലഘുലേഖകളും വായിച്ചു. രാത്രിയിൽ നിരത്തുവക്കത്ത് ഉറങ്ങി. വിശപ്പു തീരെ സഹിക്കാതായ ഒരു ദിവസം റിസ്റ്റുവാച്ച് ഒരു ഹോട്ടലിൽ പണയംവച്ച് ഭക്ഷണം വാങ്ങിക്കഴിക്കേണ്ടതായും വന്നു.

അവിചാരിതമായി ബോറോൺ എന്ന ഒരു പഴയ സുഹൃത്തിനെ കണ്ടുമുട്ടി. അയാൾക്കും തൊഴിലൊന്നുമുണ്ടായിരുന്നില്ല. ബോറോണിന്റെ കൈവശം കുറച്ചുപണവും ഉണ്ടായിരുന്നു. ഇടയ്ക്ക് സുഹൃത്തിന് ഭക്ഷണം വാങ്ങിക്കൊടുത്തും മിക്കപ്പോഴും കൂടെ നടന്നും ബോറോൺ സഹായിച്ചു. അങ്ങനെയുള്ള ഒരു ദിവസമായിരുന്നു ആ സംഭവം.

ഇതിനകം ആ സുഹൃത്തുക്കൾ ഒരു ജാക്കോബിയൻ ക്ലബിൽ അംഗങ്ങളായി ചേർന്നിരുന്നു. ക്ലബിന്റെ യോഗങ്ങളിൽ അവർ ഇടയ്ക്കിടെ പങ്കെടുത്തു. രാഷ്ട്രീയനില വ്യക്തമായി ഗ്രഹിക്കാനും ജനങ്ങളുടെ ശക്തിയെപ്പററി പഠിക്കാനും അത് സഹായകവുമായി.

ജാക്കോബിയൻ കന്യകാമഠത്തിന്റെ ഒരു ഹാളിൽ പതിവായി യോഗം ചേർന്നിരുന്നവർ ജാക്കോബയൻമാർ എന്ന് വിളിക്കപ്പെട്ടു. അവർ ഫ്രാൻസിലെ ഒരു പ്രമുഖ കക്ഷിയാണ്.— റിപ്പബ്ളി

ക്കൻ പാർട്ടി. ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരും സോഷ്യലിസത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുമാണവർ.

മോഡറേററ് ലിബറൽ കക്ഷിയായിരുന്നു പിന്നത്തേത്. അവർക്ക് അന്നത്തെ അസംബ്ളിയിൽ ഭൂരിപക്ഷവുമുണ്ട്. പൗരാവകാശം സ്ഥാപിച്ചുകിട്ടാനും പാർലിമെൻററി വ്യവസ്ഥയിൽ രാജാവുതന്നെ ഭരണം തുടരാനും വേണ്ടിയാണ് ഇവർ വാദിച്ചിരുന്നത്. രക്തംചൊരിച്ചിൽ കൂടാതെ സോഷ്യലിസം നടപ്പാക്കാമെന്ന് ഇവർ പ്രചരിപ്പിച്ചിരുന്നു. പ്രഭുക്കളും നാടുവാഴികളും ഇവരെ ശക്തിയായി എതിർത്തിരുന്നില്ല.

ജിറോണ്ടുകാരം എന്നു വിളിക്കപ്പെട്ടിരുന്ന മോഡറേററ് ലിബറൽ കക്ഷിയായിരുന്നു ഫ്രാൻസിലുള്ള മറെറാരു രാഷ്ട്രീയ ശക്തി. ഇവർ ആദർശത്തിലും പ്രവർത്തനരീതിയിലും ജാക്കോബിയൻമാരെപ്പോലെതന്നെ. എങ്കിലും ഇവരെ ജാക്കോബിയൻമാരെപ്പോലെ തീവ്രവാദികളാണെന്ന് ജനങ്ങരം കരുതിയിരുന്നില്ല.

മതസ്ഥാപനങ്ങളുടെ മേധാവികളും പ്രഭുക്കളും നാടുവാഴികളും മെമ്പർമാരായി ചേർന്നിരുന്ന നാലാമതൊരു കക്ഷിയും ഫ്രാൻസിലുണ്ടായിരുന്നു ഫ്രാൻസിൻെറ കിരീടാവകാശം ബോർബൺ രാജവംശത്തിന് സ്ഥിരാവകാശമാണെന്ന് വിശ്വസിച്ചിരുന്ന ഇവരെ റോയലിസ്ററുകരം എന്നാണ് വിളിച്ചിരുന്നത്. ഇവർക്ക് അസംബ്ളിയിൽ പ്രതിനിധികരം കുറവായിരുന്നു. എന്നിട്ടും മന്ത്രിമാരെ മുഴുവൻ ഇവർ നിയന്ത്രിച്ചു. ഇവരുടെ ഉപദേശപ്രകാരമല്ലാതെ രാജാവ് യാതൊരു കല്പനയും പുറപ്പെടുവിച്ചിരുന്നില്ല.

നികുതിഭാരം, തൊഴിലില്ലായ്മ, പട്ടിണി, രോഗം, ബാലമരണം എന്നിവയാൽ ജനങ്ങരം വളരെ വിഷമിച്ചിരുന്നകാലം കൃഷിക്കാർ അമിതപാട്ടം കൊടുക്കാൻ നിർബദ്ധിക്കപ്പെട്ടു. അതുകൊടുക്കാഞ്ഞാൽ കഠിനശിക്ഷ അനുഭവിക്കേണ്ടതായി വന്നു. നാടുവാഴികരം ചെറിയ കുററങ്ങരക്കുപോലും മരണശിക്ഷ വിധിച്ചിരുന്നു. അതേപ്പററിയുള്ള പരാതികളിൻമേൽ രാജാവ് ഇളവനുവദിച്ചിരുന്നില്ല ജനങ്ങളാകെ ഭയചകിതരായി ത്തീർന്നു.

പാരീസ് നഗരത്തിൽ വധശിക്ഷക്ക് വിധേയരായവരെയെല്ലാം രാജകൊട്ടാരത്തിലേക്കാണ് കൊണ്ടുപോയിരുന്നത്. ഇങ്ങ

ന്നെ ദിവസവും എത്തുന്ന നിരവധി മനുഷ്യരുടെ തലവെട്ടുന്ന പണി എളുപ്പമാക്കിത്തീർക്കാൻ രാജകൊട്ടാരത്തിൽ ഒരു ശിരച്ഛേദനയന്ത്രംതന്നെ സ്ഥാപിച്ചിരുന്നു! ആ യന്ത്രം മിക്ക ദിവസവും നൂറുനൂറു മനുഷ്യരുടെ ശിരസ്സുകൾ അറുത്തെറിഞ്ഞുകൊണ്ടിരുന്നുവത്രെ!

ബോർബൺ രാജ്യഭരണം അവസാനിപ്പിക്കാൻ ജനങ്ങൾ ഒരു ദിവസം ഇറങ്ങിപ്പുറപ്പെട്ടു. അതായിരുന്നു 1791 ജൂൺ 20–ന് വൈകുന്നേരം രാജകൊട്ടാരത്തിനുനേർക്കുള്ള ആക്രമണം.

ജാഥ കൊട്ടാരത്തിൽ കടന്നുകഴിയുമ്പോഴേക്കും ലൂയിപതിനാറാമൻ രാജാവും രാജ്ഞി മേരി അന്റോണിയററും പ്രാണരക്ഷാർത്ഥം ഒളിച്ചോടിക്കഴിഞ്ഞിരുന്നു. പിറേറന്ന് പ്രഭാതത്തിൽ ഫ്രാൻസിന്റെ അതിർത്തിയിൽ വെർഡൂണിനടുത്തുള്ള വെറിന്നീസ് എന്ന സ്ഥലത്തുവച്ച് ചില കൃഷിക്കാർ ഇവരെ കണ്ടെത്തി. വേഷംമാറി ഒളിച്ചോടുന്ന ആ ജനദ്രോഹികളെ അവർ ബലമായിപ്പിടിച്ച് കൊട്ടാരത്തിലെത്തിച്ചു.

ജനങ്ങൾ കൂടുതൽ ക്രുദ്ധരായി. അവർ കൂട്ടംകൂട്ടമായി കൊട്ടാരത്തിലേക്ക് കുതിച്ചു. ഈ ഘട്ടത്തിൽ പട്ടാളം ജനങ്ങളെ നിർദ്ദയം വെടിവച്ച് കൊന്നൊടുക്കി. റോയലിസ്റ്റുകളുടെ സഹായത്തോടുകൂടി സൈന്യാധിപൻമാർക്ക് പണവും സ്ഥാനമാനങ്ങളും എത്തിച്ചുകൊടുത്ത് ഭരണകൂടം ചെയ്യിച്ചതായിരുന്നു അത്.

ഇതെല്ലാം കേട്ടറിഞ്ഞ നെപ്പോളിയൻ കൂടുതൽ ഉൽക്കണ്ഠാകുലനായി. വഞ്ചകനായ ലൂയിരാജാവിനോടും അന്നത്തെ ഭരണകൂടത്തിനോടും അദ്ദേഹത്തിന് വമ്പിച്ച വെറുപ്പുതോന്നി. സംഘടിത ശക്തിയും ഉറച്ചനേതൃത്വവും ബുദ്ധിപൂർവമായ നിയന്ത്രണവുമില്ലാത്ത ജനങ്ങളെക്കുറിച്ചോർത്ത് അദ്ദേഹം ദുഃഖിച്ചു സുഹൃത്തിനോട് പറഞ്ഞു,. 'അധികാരം എന്റെ കൈയിൽ കിട്ടിയിരുന്നുവെങ്കിൽ.! ആ വാക്കുകൾ കേട്ടുനിന്നിരുന്ന സുഹൃത്തു കരുതി; 'ഒരുനേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാത്ത ഒരു അഗതിയുടെ മോഹം' എന്നാൽ ദൃഢനിശ്ചയത്തെയും സ്ഥിരോത്സാഹത്തെയും ദുർബലമാക്കാൻ ദാരിദ്ര്യത്തിന് കരുത്തില്ലെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതാണ് നെപ്പോളിയന്റെ കഥ! സ്വാനുഭവംകൊണ്ട് നെപ്പോളിയൻ പിൽക്കാലത്ത് ഇങ്ങനെ രേഖപ്പെടുത്തിട്ടുമുണ്ട്; 'യഥാർത്ഥത്തിൽ ഭാവനയാണ് ലോകം ഭരിക്കുന്നത്''.

# 6 സാഹചര്യങ്ങൾ അനുകൂലമാകുന്നു

ഒരു പ്രഭാതം. തെരുവിൽ അടഞ്ഞുകിടക്കുന്ന ഒരു പീടികയുടെ വരാന്ത. നെപ്പോളിയനും ബോറോണും ഒരു ദിനപ്പത്രത്തിൽ നോക്കിക്കൊണ്ടിരിക്കുന്നു. 'പാരീസ് കമൂൺ വിപ്ലവത്തിന് നേതൃത്വം നൽകാൻ തീരുമാനിച്ചിരിക്കുന്നു'. അതായിരുന്നു അന്നത്തെ പ്രധാന ശീർഷകം. ബോറോൺ പറഞ്ഞു. 'ഈ വിവരണം മനസ്സിലാകുന്നില്ല' നെപ്പോളിയൻ വിവരിച്ചു.

'രാജ്യത്തെങ്ങും ഒററപ്പെട്ട കലാപങ്ങളാണ്. ദിവസവും അനേകം മനുഷ്യർ കൊല്ലപ്പെടുന്നു. നിരവധി സ്വത്തുക്കളും നശിക്കുന്നു. ഇരുവർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനം! പട്ടാളം പകച്ചുനിൽക്കുന്നു രാജാവാകട്ടെ, സ്വിസ്സ് സേനകളെ ഇറക്കുമതിചെയ്ത് തനിക്കെതിരായവരെ വെടിവയ്പ്പിക്കുന്നു. ഇതെത്രകാലം തുടരാം? എല്ലാ പുരോഗമന കക്ഷികളെയും ഭരണം പിടിച്ചെടുക്കുന്നതിന് സഹകരിപ്പിക്കണം. അതിന് കൂട്ടായ നേതൃത്വം വേണം. നല്ലഭരണം സ്ഥാപിച്ച് നിലനിർത്തണം. ഇതിന് യോജിച്ച ഒരു പാർട്ടി ഈ രാജ്യത്ത് ഇല്ലാതിരിക്കെ പാരീസ് കമ്മ്യൂൺ നേതൃത്വം കൊടുക്കുകയാണ്. അവർക്ക് അതിനു കഴിയുമോ എന്നാണ് എന്റെ സംശയം.

ആ വിവരണത്തിലും അധികാരമോഹം ഒളിച്ചിരിക്കുന്നത് ബോറോൺ കണ്ടുപിടിച്ചു. എങ്കിലും അതു പുറത്തുവിടാതെ അയാൾ ചോദിച്ചു. 'കമ്മ്യൂണിന് നഗരത്തിലെ ജനങ്ങളുടെ പ്രാതിനിധ്യമല്ലേ ഉള്ളൂ. അതിന്റെ നേതൃത്വം രാജ്യത്തെങ്ങുമുള്ള കക്ഷികൾ അംഗീകരിക്കുമോ.

നെപ്പോളിയൻ തുടർന്നു. ഈ 'നഗരത്തിന്റെ പലതെരുവിലും വ്യത്യസ്തകക്ഷികൾക്കാണ് ഭൂരിപക്ഷം. മിക്ക തെരുവിൽ നിന്നും ഓരോ പ്രതിനിധികൾ കമ്മ്യൂണിലുണ്ട്. ചിലതിൽ നിന്ന് രണ്ടുപേരും. എല്ലാ കക്ഷിക്കാരും കമ്മ്യൂണിലുണ്ട്

റോയലിസ്റ്ററുകരം ഒഴികെ. പ്രസിദ്ധനേതാക്കളടങ്ങുന്ന തലസ്ഥാനനഗരിയുടെ സമിതിക്ക് നേതൃത്വം നൽകാൻ അർഹതയും ഉണ്ട്. പക്ഷേ, അവർക്ക് ഭരണത്തിൽ വരാനും ഭരണംനിലനിർത്താനും കഴിയുമോ എന്നാണ് എൻെറ സംശയം.' നെപ്പോളിയൻെറ ഉാംക്കാഴ്ച ഒട്ടൊക്കെ ശരിയാണെന്ന് ഏതാനും ദിവസങ്ങാംക്കകം ബോറോണിന് ബോദ്ധ്യമായി. രാജ്യത്തങ്ങുമുള്ള നേതാക്കളും സന്നദ്ധഭടൻമാരും വിപ്ളവത്തിൽ പങ്കെടുക്കാൻ പാരീസിലെത്തിച്ചേർന്നു. പ്രാദേശികകലാപങ്ങാം കൊണ്ട് മനുഷ്യശക്തി നഷ്ടപ്പെടുത്തിയതുകൊണ്ട് പ്രയോജനമില്ലെന്ന് എല്ലാ കക്ഷികളും മനസ്സിലാക്കി.

ഒരു ദിവസം രാവിലേ, മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പാരീസ് കമ്യൂണിൻെറ ഓഫീസ്സിനു മുൻപിൽ വമ്പിച്ചൊരു ജനക്കൂട്ടം ഒത്തുചേർന്നു. നഗരം അന്നോളം കണ്ടിട്ടില്ലാത്തത്ര വലിയ ജനക്കൂട്ടം! അവിടെ ലോകത്തിൽ ആദ്യമായി ജനങ്ങളുടെ വിപ്ലവത്തിൻെറ കൊടി ഉയർത്താനുള്ള യോഗം സമാരംഭിച്ചു. ധ്വജസ്തംഭത്തിനടുത്തുനിന്ന് ഒരു നേതാവ് പ്രസംഗിച്ചു:

'സഖാക്കളേ, ജനങ്ങളുടെ സമരത്തിനെതിരായി ഭരണകൂടം പട്ടാളനിയമം പ്രഖ്യാപിക്കാറുണ്ട്. തുടർന്ന് നാടെങ്ങും വെടിവയ്പും ലാത്തിച്ചാർജ്ജുമാണ് പതിവ്. രാജ്യത്ത് രക്തപ്പുഴ ഒഴുക്കുന്നതിൻെറ നാന്ദി കുറിച്ചുകൊണ്ട് പട്ടാളം ഉയർത്താറുള്ള കൊടിയും നിറംകൊണ്ട് ഇതേപോലെയാണ്. ഈ കൊടി അതല്ല. പുതിയ കൊടിയാണ്. സ്വേച്ഛാധിപത്യത്തിനും എല്ലാവിധ ചൂഷണത്തിനും എതിരായ കൊടിയാണ്. ജനങ്ങാം ഭരണകൂടത്തിനെതിരായി ജനാഭിലാഷങ്ങാം സംരക്ഷിക്കാൻ വേണ്ടി പുതിയൊരു പട്ടാളനിയമം പ്രഖ്യാപിച്ചതിൻെറ തെളിവാണിതെന്ന് കരുതാം. ഇത് ഉയരുന്ന നിമിഷം മുതൽ ഫ്രാൻസ് റിപ്പബ്ലിക്ക് രൂപീകരിക്കാനുള്ള ജനങ്ങളുടെ വിപ്ലവത്തിന് നേതൃത്വം നൽകാനും അതിൽ ജനങ്ങളോടൊപ്പം പങ്കുചേരാനും പാരീസ് കമ്യൂൺ പ്രതിജ്ഞയെടുക്കുന്നു. അതിന് എതിരായ ശക്തികളെ നാമെല്ലാം ജീവൻകൊടുത്തും എതിർത്തു തോൽപ്പിക്കുമെന്ന് പ്രതിജ്ഞയെടുക്കുക. വിജയം ജനങ്ങളുടെതായിരിക്കും.'

കേട്ടുനിന്നവർ ഉറക്കെ വിളിച്ചുപറഞ്ഞു; 'ഇങ്കിലാബ് സിന്ദാബാദ്! ഇങ്കിലാബ് സിന്ദാബാദ്!'

ആ രക്തപതാക വാനിലേയ്ക്കുയർന്നുയർന്ന് വിടർന്നു പാറുന്നതു നോക്കി ജനങ്ങൾ ആവേശംകൊണ്ടു. അവരുടെ മുദ്രാവാക്യങ്ങൾ ദിക്കുകളിൽ പ്രതിധ്വനിച്ചു.

രാജകൊട്ടാരത്തിന്റെ നേർക്ക് ആയുധധാരികളുടെ ഒരു വമ്പിച്ച ജാഥ! വഴിവക്കിലെങ്ങും ചുവപ്പുകൊടികൾ! എങ്ങുമെങ്ങും ജനങ്ങൾ കൂടിനിന്ന് ജാഥയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു. ഭരണകൂടം നിയോഗിച്ച സൈന്യം ജാഥക്കെതിരായി നീങ്ങുന്നു. അവർ തോക്കുകൾ തലകീഴായിപിടിച്ച് ജാഥക്ക് അഭിവാദ്യമർപ്പിച്ചു ചിലർ ആവേശപൂർവം വിപ്ലവകാരികളോടുചേർന്ന് മുന്നേറി. മററുചിലർ ഓടി രക്ഷപ്പെട്ടു. ജാഥ രാജധാനിയുടെ ഗോപുരവും കടന്ന് കൊട്ടാരത്തിന്റെ ഉള്ളിലേക്ക് കടക്കുമെന്നായി. രാജാവിന്റെ അംഗരക്ഷകരായ സ്വിസ് സേനാംഗങ്ങൾ രാജകൽപനപ്രകാരം വിപ്ളവകാരികളുടെ നേർക്ക് തുരുതുരെ വെടിവെച്ചു. എണ്ണമററ ജനങ്ങൾ മരിച്ചുവീണു. നിരവധിപേർ അംഗഭംഗം വന്നും മുറിവേററും അർദ്ധപ്രാണരായി വീണുപിടഞ്ഞു. പാരീസ് നഗരത്തിലൂടെ രക്തപ്പുഴ തന്നെ ഒഴുകി. എന്നിട്ടും ജനങ്ങളുടെ ആവേശം തളർന്നില്ല. അവർ അകത്തു കടന്ന് രാജാവിനെയും രാജകിങ്കരന്മാരെയും ബന്ധനസ്ഥരാക്കി! ജനങ്ങളുടെ വിപ്ലവം വിജയിച്ചു. 1792 ആഗസ്ററ് 10–ാം തീയതി ലോകവിപ്ലവ ചരിത്രത്തിന്റെ നാന്ദി കുറിച്ചു.

രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി തടവിലാക്കിയതായി പ്രഖ്യാപിക്കാൻ പാരീസ് കമ്യൂൺ നിലവിലുള്ള അസംബ്ലിയോടാവശ്യപ്പെട്ടു. യാഥാസ്ഥികർക്കും മിതവാദികളിൽ ചിലർക്കും എതിർപ്പ് ഉണ്ടായിരുന്നുവെങ്കിലും കമ്യൂണിന്റെ കൽപന അനുസരിക്കാതിരിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ലോകത്തിൽ ആദ്യമായി ഒരു രാജഭരണം വിപ്ലവത്തിലൂടെ നീക്കം ചെയ്യപ്പെട്ടു—ഏതാനും നാളുകളിലേക്ക് മാത്രമാണെങ്കിലും!

അസംബ്ലി പിരിച്ചുവിട്ട് തൽസ്ഥാനത്ത് നാഷണൽ കൺവെൻഷൻ എന്ന പേരിൽ ഒരു ജനകീയ ഭരണസഭയെ കമ്യൂൺ നിയമിച്ചു. ഈ കൺവെൻഷനോട് വിധേയത്വമുള്ള നിലയിൽ ഭരണം നടത്താൻ മന്ത്രിസഭക്കുപകരമായി അഞ്ച് അംഗങ്ങളുള്ള ഒരു ഡയറക്ടറേററിനെയും ചുമതലപ്പെടുത്തി. 1792 സെപ്ററംബർ 22—ാംതീയതി കൺവെൻഷൻ ആദ്യമായി സമ്മേളിച്ചു. ഫ്രാൻസ് ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടു.

വളരെക്കാലമായി രാജഭരണത്തിൻെറ ശത്രുവും ജനങ്ങളുടെ അനിഷേധ്യനേതാവുമായിരുന്ന 'മാററ്റി'ൻെറ ജീവൻ ലൂയിരാജാവ് അപകടപ്പെടുത്താൻ കിണഞ്ഞു ശ്രമിച്ചിരുന്നു. 'മാററട്' നഗരത്തിൽ ഭൂമിക്കടിയിലുള്ള അഴുക്കുവെള്ളമൊഴുകുന്ന ഒരു ഗുഹയിൽ ഒളിച്ചിരുന്നുകൊണ്ടാണ് വിപ്ലവത്തിന് നേതൃത്വം നൽകിയിരുന്നത്. ത്വഗ്രോഗബാധിതനും ആവശനുമായിരുന്ന ആ വിപ്ലവകാരിയുടെ ഹൃദയം ആവേശഭരിതമായി. ഏതാനും ദിവസങ്ങൾക്കകം വിപ്ലവത്തിൻെറ നിയന്ത്രണം അദ്ദേഹത്തിനും പാരീസ് കമ്യൂണിനും നഷ്ടപ്പെടാനിടവരുത്തിക്കൊണ്ട് ഡയറക്ടറേററ് ഭരിക്കാനും തുടങ്ങി.

പതിനാറാം ലൂയി രാജാവിനെ കൺവെൻഷൻ മുമ്പാകെ ഹാജരാക്കി വിചാരണ ചെയ്തു. രാജാവിന് വധശിക്ഷ തന്നെ വിധിക്കപ്പെട്ടു. താൻ സ്ഥാപിച്ച ശിരഛേദന യന്ത്രത്തിൽത്തന്നെ വിറച്ചു വിറച്ചുകൊണ്ട് രാജാവിനും കയറി നിൽക്കേണ്ടിവന്നു. യന്ത്രത്തിൻെറ ഗില്ലററിൻ കൊണ്ടുതന്നെ തല അറുത്തെറിയപ്പെട്ടു. യന്ത്രത്തിൻെറ ചവിട്ടുപടികളിൽ തെറിച്ചു വീണ ചോരത്തുള്ളികളിൽ ചവിട്ടിനിന്നുകൊണ്ട് വിപ്ലവകാരികളുടെ നേതാക്കളിൽ ഒരാളായിരുന്ന ഡാൻടൺ അവിടെക്കൂടിയിരുന്ന വമ്പിച്ച ജനാവലിയോട് പ്രസംഗിച്ചു'..........യൂറോപ്പിലെ രാജാക്കന്മാർ നമ്മെ വെല്ലു വിളിക്കും. നാം ഇതാ ഇന്ന്—1792 ജനുവരി21-ാം തീയതി അവർക്ക് ഒരു രാജാവിൻെറ തല എറിഞ്ഞു കൊടുത്തിരിക്കുന്നു.............'

കേട്ടുനിന്നവരുടെ കൂട്ടത്തിൽ നെപ്പോളിയനും ഉണ്ടായിരുന്നു. ആ വിപ്ലവത്തിൻെറ ഒരു വികൃതരൂപമാണ് അദ്ദേ

ഹത്തിൻെറ മനസ്സിൽ പ്രതിഫലിച്ചിരുന്നത്. യൂറോപ്പിലെ രാജാക്കന്മാരാകെ പരിഭ്രാന്തരാകുന്ന അവസ്ഥ! അയാരം ഇങ്ങനെ വിഭാവനം ചെയ്തു: 'രാജാക്കന്മാരെയാകെ വിപ്ലവത്തിലൂടെ വധിക്കാനൊക്കുമോ? ഏകാധിപത്യവും ചൂഷണ വ്യവസ്ഥിതിയും നിലനിർത്താൻ സഹായിക്കുന്നവരെ മുഴുവൻ വധിക്കാൻ സാധിക്കുമോ? സാധിച്ചാൽത്തന്നെ ഭരണം നടത്തുന്നത് എളുപ്പമാകുമോ? രാജ്യം അരാജകത്വത്തിലേക്ക് നീങ്ങില്ലേ? രാജാവിൻെറ ഒളിച്ചോട്ടത്തിനുശേഷം അസംബ്ലി എത്രയെത്ര നല്ല നിയമങ്ങരം പാസ്സാക്കി! എല്ലാവർക്കും ഓട്ടവകാശം നൽകിയാലും നല്ല ഭരണകർത്താക്കരം അധികാരത്തിലെത്തുമോ? അധികാരവും സ്വകാര്യ സ്വത്തുക്കളും കൈവെടിയാൻ നാടുവാഴികളും പ്രഭുക്കളും മതമേധാവികളും, സ്വയം മുന്നോട്ട് വന്നില്ലേ? എന്നിട്ടും സമാധാനം പാലിക്കാൻ എന്തുകൊണ്ട് ഭരണകൂടത്തിന് കഴിഞ്ഞില്ല? ഭരണതന്ത്രവും ബലവും രാജ്യസേവനത്തിനുള്ള അർപ്പണമനോഭാവവുമില്ലാത്ത ആർക്കാണ് നല്ല ഭരണം നടത്താൻ കഴിയുക? ധീരന്മാരും വിദഗ്ദ്ധന്മാരുമായ വെറും അഞ്ഞൂറ് ഭടന്മാർക്ക് തോക്കുകരംകൊണ്ട് ഒതുക്കിത്തീർക്കാവുന്ന ഒരു വിപ്ലവമാണല്ലോ നടന്നത്! എന്നിട്ടും വിപ്ലവകാരികരം വിജയിച്ചിരിക്കുന്നു! കഷ്ടം! ഇത്ര അസമർത്ഥവും ബലഹീനവുമായ ഒരു ഭരണകൂടമോ! ജനങ്ങരംക്കിന്ന് സൽഭരണമാണ് വേണ്ടത്. അത് നിർവ്വഹിക്കാൻ തനിക്ക് ഒരവസരം ലഭിച്ചിരുന്നുവെങ്കിൽ! അദ്ദേഹത്തിൻെറ ഭാവനയിൽ അധികാരമോഹത്തിൻെറ കൊടിക്കൂറ വിചാരവേഗത്തിൽ ഉയർന്നു പാറി. പെട്ടെന്ന്, താൻ കേവലം പിരിച്ചു വിടപ്പെട്ട ഒരു യോദ്ധാവ് മാത്രമാണെന്ന് ഓർത്തുപോയി! തൽക്ഷണം ആ വിചാരങ്ങരം ഉമിത്തീപോലെ നീറാനും തുടങ്ങി. പക്ഷേ, ജീവിതത്തിലുള്ള ശുഭാപ്തിവിശ്വാസം ആ ധീരഹൃദയത്തെ തെല്ലും കരിച്ചില്ല!.

നാഷണൽ കൺവെൻഷൻ മന്ത്രിസഭയ്ക്ക് പകരം അഞ്ച് അംഗങ്ങളുള്ള ഒരു ഡയറക്ടറേററിനെ ഭരണഭാരം ഏൽപ്പിച്ചു. ജാക്കോബിയന്മാരും ജീറോണ്ടുകളും അതിലുണ്ടായിരുന്നു. അവർ വിപ്ലവത്തിൻെറ ശത്രുക്കളെ മുഴുവൻ കാരാഗൃഹത്തിലാക്കി. സംശയിക്കപ്പെടുന്നവരെയും വെറുതെ വിട്ടില്ല. നാമമാത്രമായ വിചാരണചെയ്ത് അവരെയെല്ലാം ശിരച്ഛേദന യന്ത്ര

ത്തിൽ കയററി വധിച്ചു. ഇതിൽ നിരപരാധികളും ഉൾപ്പെട്ടിരുന്നുവെന്ന് ജനങ്ങൾക്കിടയിൽ സംസാരം പരന്നു. ഒരു ദിവസം നൂററമ്പതുപേരെ ശിരഛേദം ചെയ്തുവത്രേ! പ്രഭുക്കളുടെയും മതസ്ഥാപനങ്ങളുടെയും സ്വത്തുക്കൾ പൊതു ഉടമയിലാക്കി. നാടുവാഴികളുടെ അധികാരങ്ങൾ അവസാനിപ്പിച്ചു. തൊഴിലാളികൾക്കും കൃഷിക്കാർക്കും ഗുണകരമായ നിയമങ്ങൾ പാസ്സാക്കി.

യൂറോപ്പിലെങ്ങുമുള്ള രാജാക്കന്മാർ അവരുടെ രാജ്യങ്ങളിലും ഇതേപോലുള്ള വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടേക്കുമെന്ന് ഭയപ്പെട്ടു. അവർ ഒത്തുചേർന്ന് ഫ്രാൻസിലെ ഗവൺമെൻറിനെ മറിച്ചിട്ട് ബോർബൻ രാജവംശത്തിൻെറ ഭരണം പുനഃസ്ഥാപിക്കാൻ ഗൂഢതന്ത്രങ്ങൾ ആവിഷ്കരിച്ചു.

പ്രതിവിപ്ലവങ്ങൾ രാജ്യത്തെങ്ങും പൊട്ടിപ്പുറപ്പെട്ടു. സർക്കാരിൻെറ കൽപനകൾ പ്രഭുകളും മതമേധാവികളും നാടുവാഴികളും അനുസരിക്കാൻ മടിച്ചു. സ്വകാര്യ സ്വത്തുക്കളുംഅധികാരങ്ങളും അവർ മുറുകെപ്പിടിച്ചു. പലരേയും സർക്കാർ അറസ്ററുചെയ്ത് തടവിലാക്കി. ഡയറക്ടറേററിലെ ജീറോണ്ടുകൾ പ്രഭുക്കളുടെ പക്ഷം ചേരുന്നതായി ജാക്കോബിയൻമാർ സംശയിച്ചു. ജീറോണ്ടുകളെ അധികാരത്തിൽനിന്ന് നീക്കി ഡയക്ടറേററ് പിരിച്ചുവിട്ട്, അതിനു പകരം രണ്ടു ഭരണസമിതികളെ നിയമിക്കാൻ നാഷണൽ കൺവെൻഷൻ തീരുമാനിച്ചു. പൊതുക്ഷേമസമിതി പൊതുരക്ഷാസമിതി എന്നീ പേരുകളിൽ മന്ത്രിസഭക്ക് പകരമായ ഭരണ സംവിധാനം ഏർപ്പെടുത്തി. ഈ സമിതികളിലെ മെമ്പർമാരായി ജാക്കോബിയൻമാരെ മാത്രം നിയമിച്ചു. ആ സമിതികൾ നിയമങ്ങൾ കണിശമായി നടപ്പാക്കാൻ തുടങ്ങി.

പ്രതിവിപ്ളവം അതിതൂക്ഷമായിരുന്ന സന്ദർഭം. 1793–ൽ ഒരു ദിവസം നെപ്പോളിയന് സൈന്യത്തിൽ പഴയസ്ഥാനം തന്നെ തിരിച്ചു നൽകുന്ന കൽപന ലഭിച്ചു. ജോലിയിൽ പ്രവേശിച്ച ദിവസം തന്നെ പ്രതിവിപ്ളവകാരികളുടെ ഒരു കലാപം അടിച്ചമർത്താൻ ഒരു ചെറിയ സേനയോടൊപ്പം പോകേണ്ടതായി

വന്നു. അതിന്റെ നിയന്ത്രണാധികാരവും കൈയിൽ കിട്ടി. കലാപസ്ഥലത്തെത്തിയ ഉടനേ ആ രംഗമാകെ ഒരു വിഹഗവീക്ഷണം നടത്തി. ജനക്കൂട്ടത്തെ വിരട്ടിഓടിക്കാൻ തനിക്ക് നിഷ്പ്രയാസം കഴിയുമെന്ന് ബോദ്ധ്യമായി. താൻ വിസിലൂതുന്ന നിമിഷംതന്നെ രണ്ടോ മൂന്നോ ഭടൻമാർ കലാപകാരികളിൽ ചിലരെ വെടിവയ്ക്കണമെന്നും മററുള്ളവരെല്ലാം അടുത്ത നിമിഷംതന്നെ തുരുതുരെ ആകാശത്തിലേക്ക് വെടിപൊട്ടിക്കണമെന്നും വിസിൽ കേൾക്കുന്നതുവരെ അത് തുടരണമെന്നും സൈന്യത്തിന് നിർദ്ദേശം നൽകി.

വെടിയൊച്ചകേട്ട് ഭയപ്പെട്ട കലാപകാരികൾ ഓടി രക്ഷപ്പെട്ടു. കുറച്ച് ജീവനാശം വരുത്തിക്കൊണ്ട് കലാപം ഒതുക്കിത്തീർക്കാൻ അൽപസമയം കൊണ്ട് സാധിച്ചു. വിജയപൂർവം തിരിച്ചെത്തിയ നെപ്പോളിയനെ ഭരണാധികാരികൾ ക്യാപ്ററന്റെ പദവിയിലേക്ക് ഉയർത്തി.

പ്രതിവിപ്ളവങ്ങൾ അമർച്ചചെയ്ത് പാരീസിലെങ്ങും സമാധാനം പുന:സ്ഥാപിക്കാൻ കിട്ടിയ അവസരങ്ങളെല്ലാം നെപ്പോളിയൻ വിനിയോഗിച്ചു. ആ ക്യാപ്ററന്റെ പ്രശസ്തി എങ്ങും പരക്കാനും തുടങ്ങി. കഴിവുള്ളവന് അധികാരവും സാഹചര്യവും ലഭിച്ചാൽ എന്താണ് ഉണ്ടാവുക എന്ന് ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാകാൻ ഇത് സഹായകവുമായി.

മെച്ചമായ ശമ്പളവും നല്ലൊരു വീടും ലഭിച്ചതോടെ അമ്മയോടും സഹോദരങ്ങളോടും പാരീസ്സിൽവന്ന് തന്നോടൊപ്പം താമസിക്കാൻ നെപ്പോളിയൻ അപേക്ഷിച്ചു. അമ്മയോടുള്ള വാഗ്ദാനം നടപ്പിലാക്കാൻ ഒരു ഉത്തമപുത്രൻ മറക്കില്ലല്ലോ. ആ മകന്റെ അപേക്ഷയറിഞ്ഞപ്പോൾ ലിററീസയുടെ മാതൃത്വം പുളകമണിഞ്ഞു.

## 7. വിജയസോപാനത്തിൽ

ഫ്രാൻസിൽ ജാക്കോബിയൻ കമ്മററികളുടെ ഭരണകാലം. 1793—ൻെറ ഉത്തരാർദ്ധം. യൂറോപ്യൻ രാജാക്കൻമാർക്ക് വിരോധം മൂർദ്ധന്യത്തിലെത്തി. ഇംഗ്ലണ്ട് ഫ്രാൻസിനെതിരായി യുദ്ധത്തിനിറങ്ങി.

ഇംഗ്ലണ്ടിലെ രാജാവ് ഫ്രാൻസിൻെറ ഭരണത്തിൻ കീഴിലുള്ള ടൂളോൺ പട്ടണം പിടിച്ചടക്കാൻ സൈന്യത്തിന് കല്പനകൊടുത്തു. അവിടെ ഇംഗ്ലീഷുകാരാണധികം. കീഴടക്കിയാൽ ഭരണം നിലനിർത്താൻ കഴിയുമെന്ന് രാജാവ് കരുതി. 'ഒഹാറ' എന്നു പേരുള്ള ഒരു സൈന്യാധിപനെ അതിന് നിയോഗിച്ചു.

ഫ്രാൻസിൽ വിവരമറിഞ്ഞു. സേനാധിപനായ 'കാർട്ടോ' സൈന്യത്തെ ടൂളോണിലേക്ക് നയിച്ചു. ഇരു സേനകളും ഏററുമുട്ടി. നിരവധി ദിവസം യുദ്ധം തുടർന്നിട്ടും ഇംഗ്ലീഷ് സേനയെ തെല്ലും തളർത്താൻ കാർട്ടോവിന് കഴിഞ്ഞില്ല. ക്യാപ്ററൻ നെപ്പോളിയനെ മേലധികാരികൾ യുദ്ധരംഗത്തേക്കയച്ചു.

നെപ്പോളിയൻ ടൂളോണിലെത്തിയ ഉടൻ യുദ്ധരംഗം സൂക്ഷ്മ നിരീക്ഷണം ചെയ്തു. സൈന്യങ്ങൾ കരയിൽനിന്ന് ബ്രിട്ടീഷ് കപ്പലുകൾക്കു നേരെ വെടിവക്കുന്നതും യുദ്ധം ഒരേ സ്ഥലത്തു മാത്രമായി നടത്തുന്നതും പരാജയത്തിന് കാരണമാകുമെന്ന് കണ്ടുപിടിച്ചു. തുറമുഖത്തെ രണ്ടായി ഭാഗിക്കണം. ഒരു ഭാഗത്ത് യുദ്ധം കൊടുമ്പിരികൊള്ളുന്ന ഘട്ടത്തിൽ മറു ഭാഗത്ത് പെട്ടെന്നൊരാക്രമണം അഴിച്ചുവിടണം. കടലിലേക്ക് തള്ളിനിൽക്കുന്ന മുനമ്പിൽ താവളമടിക്കുന്നസൈന്യമായിരിക്കണം അവസാനത്തെ ആക്രമണം വിജയത്തിലെത്തിക്കാനുള്ള നിർണ്ണായക ഘടകം. നെപ്പോളിയൻ വിദഗ്ദ്ധമായ യുദ്ധതന്ത്രം കാർട്ടോവിന് വിവരിച്ചു കൊടുത്തു. കാർട്ടൊ അത് പുഛിച്ചുതള്ളുകയാണുണ്ടായത്. നെപ്പോളിയൻ തൻെറ യുദ്ധതന്ത്രം

പിരീസ് ഭരണകൂടത്തിന് എഴുതി അയച്ചു. ആ രേഖ അധികാരികളെ ആകർഷിക്കയും കാർട്ടൊയെ തിരിച്ചു വിളിച്ച്, അയാാം ക്കു പകരം മററൊരു സൈന്യാധിപനെ ടൂളോണിലേക്ക് നിയമിക്കാൻ ഇടവരികയും ചെയ്തു. നെപ്പോളിയൻെറ തന്ത്രം ടൂളോണിൽ പെട്ടെന്ന് വിജയം കൈവരിച്ചു. തിരിച്ചെത്തിയ നെപ്പോളിയനെ ഭരണകൂടം 'ബ്രിഗേഡിയർ ജനറൽ' പദവിയിലേക്ക് ഉയർത്തി.

കാർട്ടോയും കൂട്ടുകാരും നെപ്പോളിയനെതിരായി കള്ളക്കഥകാം പ്രചരിപ്പിക്കാൻ തുടങ്ങി. ഗവൺമെൻറിനെ അട്ടിമറിച്ച് ഭരണം പിടിച്ചുപററാൻ നെപ്പോളിയൻ മിതവാദികളോടും റോയലിസ്ററുകളോടും ഗൂഢാലോചന നടത്തുന്നുവെന്നാണ് പ്രചരിപ്പിച്ചിരുന്നത്. ടൂളോൺവിജയത്തിൽ പ്രതിപക്ഷ കക്ഷികളും അദ്ദേഹത്തെ അഭിനന്ദിച്ചിരുന്നത് ഭരണകൂടത്തെ തെററിദ്ധരിപ്പിക്കാൻ കാരണമായി. പ്രതിവിപ്ലവങ്ങാം രാജ്യത്ത് ശക്തിപ്പെട്ടിരുന്നു. ഭരണകൂടം നെപ്പോളിയനെ സംശയിച്ച് അറസ്ററു ചെയ്ത് തടവിലാക്കി. എന്നാൽ അദ്ദേഹത്തിൻെറ ആത്മാർഥമായ ദേശഭക്തിയും യുദ്ധതന്ത്രവും രാജ്യത്തിനാവശ്യമാണെന്ന് ഏറെത്താമസിയാതെ ജാക്കോബിയൻമാർക്ക് ബോദ്ധ്യമായി.

കോർസിക്ക പിടിച്ചടക്കാൻ ഇംഗ്ലീഷുകാർ തുനിഞ്ഞിരുന്നു. ഫ്രാൻസിലെ ഭരണകൂടം നെപ്പോളിയനെ ജയിൽ വിമുക്തനാക്കി. ആ ജനറലിൻെറ കീഴിൽ ഒരു സുശക്ത സൈന്യത്തെ കോർസിക്കയിലേക്കയച്ചു.

കോർസിക്ക ഇംഗ്ലീഷുകാരുടെ ഭരണത്തിൻ കീഴിൽ വന്നു കഴിഞ്ഞപ്പോഴാണ് നെപ്പോളിയൻ സൈന്യത്തോടുകൂടി അവിടെയെത്തിയത്. എങ്കിലും കോർസിക്കയെ വീണ്ടെടുക്കാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. പക്ഷേ, സ്ഥിതിഗതികാം അദ്ദേഹത്തെ ധർമ്മസങ്കടത്തിലാക്കി. 'കോർസിക്ക തൻെറ ജന്മനാടാണ്. അവിടത്തെ ജനങ്ങാം തൻെറ സ്നേഹവും കാരുണ്യവും അർഹിക്കുന്നവരാണ്. അവർ ഫ്രാൻസിൻെറ മേധാവിത്വം വെറുക്കുന്നു. സ്വകാര്യ സ്വത്തുക്കാം പൊതു ഉടമയിലാക്കുന്ന നിയമം നടപ്പാക്കുന്നതിനോട് അവർക്ക് തീരെ അനുഭാവ

മില്ല. കോർസിക്കൻ ജനങ്ങൾ ഇംഗ്ലീഷുകാരുടെ ആക്രമണത്തെ ക്ഷണിച്ചുവരുത്തിയതാണെന്നും അറിഞ്ഞു. ഈ സാഹചര്യത്തിൽ യുദ്ധം ചെയ്താൽ കോർസിക്കൻ ജനങ്ങളുടെ രക്തമാണ് കൂടുതൽ ഒഴുക്കേണ്ടിവരിക. ഫ്രാൻസിൻെറ സേനയെക്കൊണ്ട് യുദ്ധം ചെയ്യിപ്പിച്ച് കോർസിക്കയെ സ്വതന്ത്രമാക്കി നില നിർത്താനും കഴിയില്ല. വൃഥാ രക്തമൊഴുക്കേണ്ടെന്നു കരുതി നെപ്പോളിയൻ സേനയെ ഫ്രാൻസിലേക്ക് തിരിച്ചു.

ഇതിനിടയ്ക്ക് പ്രതിവിപ്ലവകാരികളെന്ന് സംശയിക്കപ്പെടുന്നവരെ ഫ്രാൻസിൽ യഥേഷ്ടം അറസ്റ്റു ചെയ്തിരുന്നു. പലരേയും ശിരച്ഛേദം ചെയ്യാനും ഭരണകൂടം മടിച്ചിരുന്നില്ല. വിപ്ലവത്തിൻെറ നേതാക്കളിൽ ഒരാളായിരുന്ന 'ടാൻഡനെ', ജനരോഷത്തെ ഭയന്ന് രഹസ്യമായി വധിച്ചു. കമ്യൂണിൻെറ അനിഷേധ്യനേതാവായിരുന്ന മാറാട്ടിനെ ഒരു യുവതി കുത്തിക്കൊന്നു. യുക്തിവാദികളുടെയും നിരീശ്വരവാദികളുടെയും നേതാക്കളെ മുഴുവൻ ശിരച്ഛേദം ചെയ്തു. ഭരണസമിതികളുടെ നടപടികളെ പിന്താങ്ങാത്ത യാതൊരാൾക്കും ഫ്രാൻസിൽ ഭയപ്പെടാതെ ജീവിക്കാൻ സാധിക്കാത്ത നിലയായി. ഭൂരിഭാഗം ജനങ്ങളുടെയും നേതാവായിരുന്ന റോബസ്പിയരെ വധിച്ചതോടുകൂടി 1794 ജൂലായ് 27–ാംതീയതി പാരീസിലെ ഭരണകൂടം തികച്ചും ജനങ്ങളിൽ നിന്ന് ഒററപ്പെട്ടു.

ഫ്രാൻസിൻെറ പടിഞ്ഞാറുഭാഗത്ത് ഭരണകൂടത്തിനെതിരായ സമരം ഏററവും ശക്തിപ്രാപിച്ചു. അത് അടിച്ചമർത്താൻ സർക്കാർ നെപ്പോളിയനെയാണ് നിയമിച്ചത്. ജനങ്ങളുടെ രക്തം ക്രൂരമായി ഒഴുക്കാൻ തനിക്ക് സാദ്ധ്യമല്ലെന്ന് അദ്ദേഹം മേലധികാരികൾക്ക് റിപ്പോർട്ടു ചെയ്തു. മുകളിൽ നിന്നുള്ള കല്പന നിരസിച്ചതിനാൽ അദ്ദേഹത്തിൻെറ ജനറൽ പദവി നീക്കം ചെയ്തതായി ഭരണകൂടം കല്പന പുറപ്പെടുവിച്ചു.

പ്രതിവിപ്ളവം പാരീസ്സിലും ശക്തി പ്രാപിച്ചു. നഗരത്തിലെങ്ങും കൊലയും കൊള്ളിവയ്പ്പും തുടങ്ങി. പൊതു സ്വത്തുക്കൾ ദിനംപ്രതി നശിച്ചുകൊണ്ടിരുന്നു. സമാധാനം

സ്ഥാപിക്കാനുള്ള അസാധാരണമായ കഴിവും ദേശസ്നേഹവും നെപ്പോളിയനുണ്ടെന്ന് ഭരണകൂടത്തിന് ബോദ്ധ്യമായിരുന്നു. അധികാരികൾ അദ്ദേഹത്തെ ജനറൽ പദവിയോടുകൂടിത്തന്നെ പാരീസിൽ സമാധാനം പുന:സ്ഥാപിക്കാൻ നിയമിച്ചു. വീടുകളിലും സ്ഥാപനങ്ങളിലും ആയുധങ്ങൾ സൂക്ഷിക്കുന്നതും ജനങ്ങൾ കൂട്ടംകൂടി രാഷ്ട്രീയകാര്യങ്ങൾ സംസാരിക്കുന്നതും നിരോധിക്കപ്പെട്ടു. ഡപ്യൂട്ടികളായിരുന്ന ഇരുപത്തിരണ്ട് ജിറോണ്ടുകളെ വധിക്കാനിടയാക്കിയ ക്രൂരമായ ഒരുനിയമം അന്ന് പാരീസ് നഗരത്തിൽ നടപ്പാക്കിയിരുന്നു.

ആയുധങ്ങൾ കണ്ടെടുക്കുന്ന ജോലിയുടെ മേൽനോട്ടം നെപ്പോളിയൻ തന്നെയാണ് ചെയ്തിരുന്നത്. അക്കാലത്ത് ഒരു ദിവസം നെപ്പോളിയൻ തൻെറ ഓഫീസ്സിൽ തനിച്ചിരിക്കയാണ്. അതിസുന്ദരനായ ഒരു കൊച്ചുബാലൻ അങ്ങോട്ട് നിർഭയം കടന്നുചെന്നു.

'ഉം'? നെപ്പോളിയൻ മുഖമുയർത്തി.

അവൻ പറഞ്ഞു. 'എൻെറ അപ്പൻെറ വാള് ഇന്നലെ ഭടൻമാർ എടുത്തുകൊണ്ടുപോയി!'

'അതെ! ഞാൻ കല്പിച്ച പ്രകാരമാവും. അതിലെന്താണ് പരാതി?' 'എൻെറ അപ്പൻ ഒരു യുദ്ധത്തിൽ മരിച്ചതാണ്. ആ വാള് അപ്പൻെറ ഓർമ്മയ്ക്കായി വീട്ടിൽ സൂക്ഷിച്ചതാണ്. അത് തിരിച്ചുതരാൻ ദയവുണ്ടാവണം!' ആ ബാലൻെറ ദയനീയമായ വാക്കുകൾ അദ്ദേഹത്തിൻെറ ഉള്ളിൽത്തട്ടി. വാൾ ഉടൻ തിരിച്ചുനൽകാൻ കല്പനയായി. ഒരു ഭടൻ അകത്തുനിന്ന് എടുത്തുകൊണ്ടുവന്ന വാൾ കൈയിൽപ്പിടിച്ച് ആ കുട്ടി സന്തോഷത്തോടെ പുറത്തുകടന്നു പിറേറന്ന് രാവിലെ അതേസമയത്ത് അതിസുന്ദരിയായ ഒരു യുവതി അങ്ങോട്ട് കയറിച്ചെന്നു. ദു:ഖസൂചകമായ കറുപ്പുവസ്ത്രമാണ് അവൾ ധരിച്ചിരിന്നത്. തുളുമ്പിനിന്ന യൗവനം! കവിഞ്ഞൊഴുകുന്ന അഴക്! ആകർഷകമായ കണ്ണുകൾ! അവൾ നെപ്പോളിയനെ അഭിവാദ്യം ചെയ്തു.

'ഉം?' ആരേയും ചൂളിപ്പിക്കുന്ന ഒരു നോട്ടം അവളിൽ ചെന്നു തറച്ചു. 'ഇന്നലെ പിതാവിൻെറ വാൾ· തിരിച്ചുനൽകണമെന്ന

പേക്ഷിക്കാൻ ഇവിടെ വന്ന കുട്ടിയുടെ അമ്മയാണ് ഞാൻ. അത് തിരികെത്തന്നത് അങ്ങയുടെ മഹാമനസ്കതയുടെ തെളിവായി ഞാൻ കണക്കാക്കുന്നു. അതിന് നന്ദിപറയാൻ വേണ്ടിമാത്രമാണ് ഞാനിവിടെ വന്നത്.'

അവളുടെ മധുരോദാരമായ വാക്കുകളും പുളകോദ്ഗമമായ നോട്ടവും ആകാരസൗഷ്ഠവവും നെപ്പോളിയന്റെ ഹൃദയത്തിൽ ഒരിക്കലും മായാത്ത ഒരു സുന്ദരശില്പം നിമിഷങ്ങൾക്കകം വരച്ചുവച്ചു. അദ്ദേഹം അവളുടെ വീടുംനാടും ചോദിച്ചറിഞ്ഞു.

ദിവസങ്ങൾ തോറും അവളെക്കുറിച്ചുള്ള മധുരാനുഭൂതി വളർന്നു വളർന്നു വന്നു. 'പശ്ചിമേഷ്യാ ദ്വീപുകളിൽപ്പെട്ട മാർട്ടിനിക്കോവിൽ ജനിച്ച ഒരു കുട്ടി ഫ്രാൻസിലെ പട്ടാളജനറൽ ആയിരുന്ന 'വൈക്കൗണ്ട് ഡി.ബോഹൺ' വിവാഹം ചെയ്ത സുന്ദരി. ചക്രവർത്തിനി മേരിയുടെ ഉററതോഴി. ഫ്രഞ്ചു വിപ്ലവത്തിനിടയിൽ വധിക്കപ്പെട്ട ജനറലിന്റെ വിധവ. ഒരാൺ കുട്ടിയുടെയും ഒരു പെൺകുട്ടിയുടെയും (ഹോട്ടസ്, ഇയോജ്) അമ്മ. തന്നേക്കാൾ രണ്ടു വയസ്സേറെയാണെങ്കിലും അവൾ നിത്യകന്യകയാണ്'. അദ്ദേഹം അവളുടെ വീട്ടിൽ ഇടക്കിടെ പോവുകയും കുറെ നേരം സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. സുന്ദരനായ 'ഇയോജ്' അദ്ദേഹത്തെ പിതൃതുല്യം സ്നേഹിച്ചു. അവനെ കാണാതിരിക്കാൻ സാധിക്കാത്ത നിലയെത്തി. തന്റെ വിശ്രമരഹിതമായ ജീവിതത്തിൽ ആശ്വാസം പകരാൻ ആ സ്ത്രീക്കു കഴിയുമെന്ന് നെപ്പോളിയൻ വിശ്വസിച്ചു. സൈന്യാധിപനായപ്പോൾ വിവാഹവും നടന്നു—1796 മാർച്ച് 6—ന്.

വെടിവയ്പ്പ് കൂടാതെ തന്നെ കലാപങ്ങൾ ഒതുക്കാൻ നെപ്പോളിയൻ ശ്രമിച്ചിരുന്നു. അതിൽ വിജയിച്ചിട്ടുമുണ്ട്. അതേപ്പററി ഒരു കഥയുണ്ട്:

നഗരത്തിലൊരിടത്ത് കലാപമാണെന്നറിഞ്ഞു. ഒരു ചെറിയ സേനയുമായി നെപ്പോളിയൻ അവിടെയെത്തി. കലാപകാരികളുടെ നേതാവ് ഒരു തടിച്ച സ്ത്രീയാണ്. അവൾ സൈന്യത്തെ

കണ്ട ഉടനേ കൂട്ടുകാരോട് പറഞ്ഞു: 'യൂണിഫോറത്തിൽ കയറിക്കൂടിയ ഈ സുന്ദരക്കുട്ടന്മാരെക്കണ്ട് ആരും ഭയപ്പെടരുത്. പാവങ്ങൾ പട്ടിണികിടന്ന് ചാവുന്നത് കണ്ടാലും കരളലിയാത്ത ചെകുത്താന്മാരാണിവർ. ഇവർ തിന്നു തടിക്കാൻ മാത്രം ജീവിക്കുന്നു!' നെപ്പോളിയൻ അതു കേട്ടു. അദ്ദേഹം അവളുടെ അടുത്തേക്കു ചെന്നു. മധുരമായി പറഞ്ഞു! 'ഹേ തള്ളേ, നോക്കൂ നമ്മളിൽ ആരാണ് കൂടുതൽ തടിച്ചത്?' മെലിഞ്ഞ ശരീരക്കാരനായ നെപ്പോളിയൻെറ ചോദ്യം കേട്ട് കലാപകാരികളിൽ ചിലർ പൊട്ടിച്ചിരിച്ചു. അദ്ദേഹം അൽപം വാക്കുകൾ കൂടി ചെലവഴിച്ചപ്പോഴേക്കും അവരെല്ലാം ശാന്തരായി തിരികെപ്പോകാൻ സന്നദ്ധരായി.

അദ്ദേഹം നേതാക്കളെയാണ് മിക്കവാറും പിടികൂടിയിരുന്നത്. തടവിലിട്ടാൽ അവരുടെ സുഖസൗകര്യങ്ങൾ എപ്പോഴും അന്വേഷിച്ചിരുന്നു. ഫ്രാൻസിൻെറ അന്തസ്സുയർത്താൻ അവരെല്ലാം തന്നോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതും പതിവായിരുന്നു. നെപ്പോളിയൻെറ വാക്കുകൾ വിശ്വസിച്ചുകൊണ്ടാണ് അവർ തിരികെ പോയിരുന്നത്.

പാരീസിലെ കലാപം ഒതുക്കിത്തീർക്കാൻ നെപ്പോളിയന് സാധിച്ചു. എന്നാൽ യൂറോപ്പിലെ രാജാക്കന്മാർ ഗൂഢമായി ഫ്രാൻസിലെ ഗവൺമെൻറിനെ മാററാൻ പരിശ്രമിച്ചുകൊണ്ടിരുന്നു.. അവർ സൈന്യത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഫ്രാൻസിനോടുള്ള വ്യാപാരബന്ധങ്ങൾ ഇല്ലാതാക്കി. ഫ്രാൻസിൻെറ അതിർത്തികളിലെങ്ങും ആക്രമണങ്ങൾ തുടങ്ങി. ഫ്രാൻസിലെ സർവ്വ സൈന്യാധിപനായിരുന്ന ബൊറാൻ ഈ പരിതസ്ഥിതിയെ നേരിടാൻ കഴിയില്ലെന്ന് കരുതി സ്ഥാനം രാജിവച്ച് സ്വഗൃഹത്തിൽപോയി വിശ്രമിച്ചു. പ്രതിവിപ്ലവകാരികൾ നാഷനൽ കൺവെഷനും ഭരണ സമിതികളും പിരിച്ചുവിട്ട് പുതിയ ഭരണകൂടം സ്ഥാപിച്ചു.

ശക്തനായ ഒരു സർവ്വ സൈന്യാധിപനെ ഫ്രാൻസിലെ ഭരണകൂടത്തിന് അത്യാവശ്യമായി. അന്നത്തെ ജനറൽമാരുടെയെല്ലാം സേവനചരിത്രവും കഴിവുകളും പരിശോധിച്ചു. ആരും

തന്നെ നെപ്പോളിയനോട് തൊട്ടു നിൽക്കാൻ പോലും അർഹരായിരുന്നില്ല. പുതുതായി തെരഞ്ഞെടുക്കപ്പെട്ട അസംബ്ലി സമ്മേളിച്ചുകൊണ്ടിരിക്കുന്ന വേദിയിലേക്ക് നെപ്പോളിയനെ വിളിപ്പിച്ചു. ആ യുവാവ് സഭയിൽ ഹാജരായി അഭിവാദ്യമർപ്പിച്ച് വിനയം ഭാവിച്ചുനിന്നു. അദ്ധ്യക്ഷൻ ഫ്രാൻസിൻെറ രാഷ്ട്രീയസാഹചര്യങ്ങൾ വിശദീകരിച്ചു. ശത്രുരാജ്യങ്ങളുടെ ശക്തിയും ഗൂഢതന്ത്രങ്ങളും വ്യക്തമാക്കി. 'സർവ്വസൈന്യാധിപനായി നിയമിക്കപ്പെടുന്നത് നിങ്ങൾക്ക് സമ്മതമാണോ?' അവസാനം ചോദിച്ചു.

നെപ്പോളിയൻ അദ്ധ്യക്ഷനെ അഭിവാദ്യം ചെയ്ത് സവിനയം പറഞ്ഞു. 'ഫ്രാൻസിൻെറ പരമാധികാരവും ഭദ്രതയും പുരോഗതിയും ലക്ഷ്യമാക്കി എനിക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും സാഹചര്യവും അനുവദിക്കുമെങ്കിൽ എൻെറ എല്ലാകഴിവുകളും ജീവനും ഞാൻ ഫ്രാൻസിനുവേണ്ടി വിനിയോഗിക്കും!' നെപ്പോളിയനെ അന്നു തന്നെ ഫ്രാൻസിൻെറ സർവ്വസൈന്യാധിപനായി നിയമിച്ചു. ഇരുപത്താറുവയസ്സു മാത്രമുള്ള ഒരു യുവാവ് സർവ്വസൈന്യാധിപനായ ചരിത്രം ലോകത്തിലൊരിടത്തും അന്നോളം രേഖപ്പെടുത്തപ്പെട്ടിരുന്നില്ല.

# 8. ജൈത്രയാത്ര

ഫ്രാൻസ്സാമ്രാജ്യം നിലവിലുള്ള കോളനികൾ നില നിർത്തുന്നതിനും എല്ലാ കാലത്തും പുതിയ കോളനികൾ സ്ഥാപിക്കുന്നതിനും ശ്രമിച്ചിരുന്നു. ഇത് വിപ്ളവാനന്തരവും തുടർന്നു. രാജ്യത്തിന്റെ സാമ്പത്തിക നില ദിനംപ്രതി മോശമായിരുന്ന സമയത്താണ് നെപ്പോളിയൻ സൈന്യാധിപനായത്. സ്വരാജ്യസ്നേഹിയും അധികാരമോഹിയുമായിരുന്ന നെപ്പോളിയൻ രാജ്യത്തിന്റെ അന്തസ്സും ഐശ്വര്യവും വളർത്തി പ്രസിദ്ധിയിലേക്കുയരാൻ ആഗ്രഹിച്ചു. ഭരണകൂടത്തിന്റെ അനുമതിയോടുകൂടി സൈന്യത്തിന്റെ എണ്ണം വർദ്ധിപ്പിക്കാനും ആയുധങ്ങൾ ശേഖരിക്കാനും തുടങ്ങി.

തികച്ചും മുതലാളിത്ത രീതിയിലുള്ള ഒരു ഭരണകൂടമായിരുന്നു അപ്പോൾ ഫ്രാൻസിനെ ഭരിച്ചിരുന്നത്. പ്രഭുക്കൾക്ക് ഭൂരിപക്ഷമുള്ള അസംബ്ളിയും അതിനോട് വിധേയത്വമുള്ള ഒരു ഡയറക്ടറേററും! നെപ്പോളിയന്റെ കോളനികൾ വെട്ടിപ്പിടിക്കാനുള്ള നിർദ്ദേശങ്ങൾ ഭരണകൂടം അംഗീകരിച്ചു.

പെട്ടെന്നൊരു ദിവസം ഫ്രാൻസിന്റെ അധീനതയിൽ ഉണ്ടായിരുന്ന ഇററലിയുടെ ഭാഗം ആസ്ത്രിയൻ പട്ടാളം ആക്രമിച്ചതായി വിവരം ലഭിച്ചു. നെപ്പോളിയൻ സേനയെ അങ്ങോട്ടു നയിച്ചു.

സൈന്യത്തിൽ തന്നെക്കാൾ പ്രായം കൂടിയവരും വളരെക്കാലമായി യാതൊരുസ്ഥാനവും ലഭിക്കാത്തവരുമാണ് അധികം ഉണ്ടായിരുന്നത്. യുവാവായ സൈന്യാധിപനെ അനുസരിക്കാൻ മടിയുള്ളവരുമാണവർ. നടപ്പിലും ഇരുപ്പിലും ഊണിലും ഉറക്കത്തിലും നെപ്പോളിയൻ അവരോട് സമഭാവനയോടെ പെരുമാറി. ഓരോരുത്തരോടും വ്യക്തിപരമായി പരിചയപ്പെട്ടു. ഭടൻമാരുടെ കുടുംബകാര്യങ്ങളും അന്വേഷിച്ചറിയാൻ താൽപര്യം കാണി

ച്ചു. രോഗികളെ ശുശ്രൂഷിക്കുന്നതിലും ഭക്ഷണം കൊടുക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. സൈന്യം സഞ്ചരിച്ചിരുന്ന കപ്പൽ ഇററലിയിൽ എത്തുമ്പോഴേക്കും എല്ലാ ഭടൻമാരും നെപ്പോളിയനെ സ്വസഹോദരനെപ്പോലെ സ്നേഹിക്കാൻ തുടങ്ങി.

ഇററലിയുടെ ഒരുഭാഗം ആസ്ത്രിയക്കാരുടെ അധീനതയിലായിരുന്നു. ഫ്രാൻസിൻെറ കൈവശമുള്ള മറുഭാഗം പിടിച്ചടക്കാൻ അവർ തുനിഞ്ഞിരിക്കുകയാണ്. അതു നഷ്ടപ്പെട്ടാൽ കോർസിക്കാദ്വീപിൽ നിലയുറപ്പിച്ചിരുന്ന ഇംഗ്ളീഷ് സേന ആസ്ത്രിയൻ സേനയോട് അവർ സഖ്യംചെയ്തു. അവർ ഫ്രാൻസിൻെറ മററു പ്രദേശങ്ങൾകൂടി ആക്രമിക്കാൻ ഒരുങ്ങിയേക്കും. അതുകൊണ്ട് ആ യുദ്ധം സുപ്രധാനമാണെന്ന് നെപ്പോളിയൻ മനസ്സിലാക്കി. ഏതുവിധത്തിലും ആസ്ത്രിയക്കാരെ തോൽപ്പിക്കാൻതന്നെ തീരുമാനിച്ചു.

'പാരീസിൽ നിന്ന് യാതൊരു സഹായവും പ്രതീക്ഷിക്കേണ്ടതില്ല. യുദ്ധം വിജയിക്കുന്നതിൻെറ എല്ലാ കഴിവുകളും നിങ്ങളിൽ മാത്രം നിക്ഷിപ്തമാണ്'. ഇതായിരുന്നു പുറപ്പെടുമ്പോൾ ഭരണകൂടം നൽകിയ സന്ദേശം.

സൈന്യം യുദ്ധരംഗത്തെത്താറായപ്പോൾ നെപ്പോളിയൻ ഒരു തന്ത്രം പ്രയോഗിച്ചു. ഭടൻമാരെ ഒരിടത്ത് അണിനിരത്തിയ ശേഷം അവരോടിങ്ങനെ പ്രസംഗിച്ചു.

'യുദ്ധവീരൻമാരേ, നിങ്ങൾ ഉണ്ണാനും ഉടുക്കാനുമില്ലാതെ വലയുന്നകാര്യം എനിക്കു അറിയാം. ഫ്രഞ്ചുഗവൺമെൻറ് നിങ്ങളോട് വളരെ കടപ്പെട്ടിരിക്കുന്നു. പക്ഷേ, ആ കടപ്പാട് വീട്ടുന്നതിന് അവർക്ക് കഴിവില്ല. നിങ്ങളുടെ സഹനശക്തിയും കർത്തവ്യനിഷ്ഠയും നിങ്ങൾക്കു അഭിമാനം നേടിത്തന്നിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്കു നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. അല്പമെങ്കിലും സ്ഥാനമാനങ്ങളൊ സുഖമോ നിങ്ങൾക്കുണ്ടായിട്ടില്ല. എല്ലാം ശരിതന്നെ! എന്നാൽ ലോകത്തിലേററവും ഫലപുഷ്ടിയുള്ള ഒരു സ്ഥലത്തേക്കാണ് ഞാനിന്ന് നിങ്ങളെ കൊണ്ടുപോകുന്നത്. കൊഴുത്ത നഗരങ്ങളും തടിച്ച വയലേലകളും നിങ്ങളെ അഭിവാദ്യം ചെയ്യാൻ പോകുന്നു. അഭിമാനവും പ്രശ

സ്തിയും സമ്പത്തും നിങ്ങളെ കാത്തിരിക്കുന്നു. ഫ്രാൻസിൻെറ ധീരൻമാരായ യോദ്ധാക്കളേ, നിങ്ങളിൽ ഭീരുക്കൾ ആരെങ്കിലു മുണ്ടോ?' സൈന്യത്തിൽനിന്ന് 'ഇല്ല, ഇല്ല' എന്ന മുറവിളി അന്ത രീക്ഷം മുഖരിതമാക്കി. ആ യുദ്ധം വളരെ വേഗം വിജയി പ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

തോറേറാടിയ ആസ്ത്രിയൻപട 'ആഡാ' നദികടന്ന് താവള മടിച്ചു. അത് ഒരു വീതികുറഞ്ഞ മരപ്പാലത്തിൻെറ അപ്പുറ ത്തായിരുന്നു. ശത്രുക്കളെ അവിടെ നിന്ന് ഓടിക്കാതെയും മറു കരയിൽ ഫ്രാൻസിൻെറ ഒരു സൈനികത്താവളം സ്ഥാപിക്കാ തെയും വിജയം നിലനിർത്താൻ കഴിയില്ലെന്ന് നെപ്പോളിയന് ബോദ്ധ്യമായി. പാലം കടന്ന് ശത്രുതാവളം ആക്രമിക്കാൻ സേന യോട് കല്പിച്ചു. അവർ പാലത്തിൻമേൽ കയറുമ്പോഴേക്കും മറുഭാഗത്തുനിന്ന് വെടിപൊട്ടി. അവർ അമ്പരന്നുനിന്നു. 'മുമ്പോട്ട്'! നെപ്പോളിയൻെറ കല്പന ഇടിവെട്ടുംപോലെ മുഴങ്ങി. അത് പതിവുപോലെ അവരെ ആവേശം കൊള്ളിച്ചുവെ ങ്കിലും പാലം കടക്കുമ്പോൾ വെടിയേററാലോ എന്ന് അവർ ഭയ പ്പെട്ടിരുന്നു. അതുകൊണ്ട് ഒരുനിമിഷം കൂടി അന്തംവിട്ടു നിന്നുപോയി. 'മുമ്പോട്ട്' എന്ന് ഗർജ്ജിച്ചുകൊണ്ട് നെപ്പോ ളിയൻ അപ്പോഴേക്കും പാലത്തിൻമേൽ കയറിക്കഴിഞ്ഞിരുന്നു. ഉടൻ ആവേശഭരിതരായ ഭടൻമാർ തുരുതുരെ പാലത്തിൻമേൽ കയ റിനടന്ന് മറുകരക്കെത്തി. ചുരുക്കം ചിലർക്ക് വെടിയേററു വെങ്കിലും എല്ലാവർക്കും മറുകരക്കെത്താനും ശത്രുക്കളെ തോൽ പ്പിച്ചോടിക്കാനും സാധിച്ചു. സന്ദിഗ്ദ്ധവും അപകടകരവുമായ സന്ദർഭങ്ങളിൽ അദ്ദേഹം മററുള്ളവർക്കെല്ലാം മാതൃക സൃഷ്ടി ച്ചിരുന്നു.

യുദ്ധത്തിൽ മുറിവുപററിക്കിടക്കുന്നവരേയും രോഗബാധിത രേയും ഇടക്കിടെ സന്ദർശിക്കുന്നത് നെപ്പോളിയൻെറ പതിവാ യിരുന്നു. രോഗികൾക്ക് ഭക്ഷണമെടുത്ത് വായിൽ കൊടുക്കുക അവരുടെ ശരീരം തടവിക്കൊടുക്കുക എന്നിവ അദ്ദേഹം ചെ യ്തിരുന്നു. ഈ അവസരങ്ങളിൽ ചിന്തകനായും വിചാരമഗ്ന നായും അദ്ദേഹം കാണപ്പെട്ടു. ഭടന്മാർ അദ്ദേഹത്തെ 'പെ ററിററ് കോർപ്പറലി' (ചിന്തകനായ ഫാദർ) എന്ന് സ്നേഹ പൂർവ്വം വിളിച്ചിരുന്നു.

ശത്രുക്കളെ കാരാഗൃഹത്തിലാക്കിയാൽ അവരോട് മാന്യമായി പെരുമാറുവാൻ അദ്ദേഹം ഉദ്യോഗസ്ഥൻമാർക്ക് കൽപന കൊടുത്തിരുന്നു. തടവുകാരെ മർദ്ദിക്കുക, അവരോടു സഭ്യമല്ലാതെ സംസാരിക്കുക എന്നിവ ചെയ്തവർ ശിക്ഷിക്കപ്പെട്ടു. തടവുകാർക്ക് ഗ്രന്ഥങ്ങൾ വായിക്കാൻ നൽകിയിരുന്നു.

ഓരോ വിജയവും ഉണ്ടായ ഉടൻ സൈന്യത്തെ അണിനിരത്തി വിജയത്തിൻെറ കാരണം അവർ തന്നെയാണെന്ന് നെപ്പോളിയൻ പ്രസ്താവിച്ചിരുന്നു. ധീരതപ്രകടിപ്പിച്ചവരെയും തന്ത്രപൂർവ്വം പ്രവർത്തിച്ചവരെയും വിജയത്തിൻെറ കാരണക്കാരാണെന്ന് പ്രശംസിച്ച് സന്തുഷ്ടരാക്കിയിരുന്നു. ഇത് അടുത്ത വിജയത്തിന് വഴി തെളിയിച്ചു.

ഇററലിയിൽനിന്ന് വിജയപൂർവ്വം തിരിച്ചെത്തിയ നെപ്പോളിയൻ ഫ്രാൻസിൻെറ സാമ്പത്തികത്തകർച്ചയിൽ അതിയായി വ്യസനിച്ചു. യൂറോപ്യൻ രാജ്യങ്ങൾ ഫ്രാൻസിനോടുള്ള വ്യാപാര ബന്ധങ്ങൾ നിർത്തിയതാണ് സാമ്പത്തികത്തകർച്ചക്ക് കാരണമെന്ന്അദ്ദേഹം ഗ്രഹിച്ചു. സൈന്യത്തിന് നല്ല ഭക്ഷണവും വസ്ത്രവും മററു ജീവിതസൗകര്യവും ഉണ്ടാക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

പൗരസ്ത്യനാടുകളിലെ സമ്പത്തും വിസ്തൃതമായ ഭൂവിഭാഗങ്ങളും നെപ്പോളിയൻ മനസ്സിൽ കണ്ടു. വാണിജ്യകേന്ദ്രമായ കൈറോ പിടിച്ചടക്കിയാൽ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് ഫ്രാൻസിൻെറ വ്യാപാരം വ്യാപിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം വിഭാവനം ചെയ്തു. ക്രമത്തിൽ അഫ്ഗാനിസ്ഥാൻ, ഇന്ത്യ, ചൈന തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളും കീഴടക്കാൻ കഴിയുമെന്നും ലോകത്തിൻെറ മേധാവിത്വം ഫ്രാൻസിന് ലഭിച്ചേക്കുമെന്നും അദ്ദേഹം ദീർഘദർശനം ചെയ്തു.

തൻെറ സൈനികപദ്ധതി ഭരണകൂടത്തിനു റിപ്പോർട്ടു ചെയ്തു. അനുമതി വാങ്ങിയശേഷം നെപ്പോളിയൻ ഈജിപ്ററ് യാത്രക്കൊരുങ്ങി. വിദഗ്ധരായ സൈനികരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ചു. അവരുടെ സംഖ്യ അമ്പതിനായിരം വരുമെന്നു

കണക്കാക്കി. ഭക്ഷണം പാകംചെയ്യുക, വസ്ത്രം അല ക്കുക, രോഗികളെ പരിചരിക്കുക തുടങ്ങിയ എല്ലാ പ്രവൃത്തി കൾക്കും ആവശ്യമുള്ളത്ര ജോലിക്കാരെ തെരഞ്ഞെടുത്തു. ഡാ ക്ടർമാർ, നേഴ്സുമാർ, കമ്പൌണ്ടർമാർ എന്നിവർക്ക് പുറമെ ശാസ്ത്രസാഹിത്യാദിവിഷയങ്ങളിൽ പണ്ഡിതന്മാരെയും കൂടെ കൊണ്ടുപോകാൻ തീർച്ചപ്പെടുത്തി. നിരവധി ഗ്രന്ഥങ്ങൾ ശേഖരിച്ചു. യാത്രവേളയും വിശ്രമവേളയും ചർച്ചകൊണ്ടും പഠനം കൊണ്ടും പ്രയോജനകരമാക്കാനുള്ള ഈ പരിപാടി ലോക ത്തിലെ യുദ്ധചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ച്ചേർത്തു.

ഓറിയൻറ് എന്ന പടക്കപ്പലിലാണ് അവർ ഈജിപ്റ്റിലേ ക്ക് യാത്ര ചെയ്തത്. കരയ്ക്കണഞ്ഞ ഉടൻ ആ സ്ഥലം കീഴട ക്കി. തുടർന്ന് സഞ്ചരിക്കുന്ന സ്ഥലങ്ങളോരോന്നും പിടിച്ചട ക്കി. കീഴടങ്ങിയ സ്ഥലങ്ങളിലെല്ലാം ഫ്രാൻസിൻെറ ഭരണം സ്ഥാപിച്ചു. മാൾട്ട, അലക്സാൻട്രിയ തുടങ്ങിയ സ്ഥല ങ്ങൾ കീഴടക്കിയശേഷം ചിരപുരാതനമായ പിരമിഡ്ഡുകൾ കീഴടക്കാൻ സൈന്യത്തെ നയിച്ചു. പട്ടാളം പിരമിഡ്ഡുകളു ടെ സമീപമെത്തി. അവിടെ വമ്പിച്ച യുദ്ധം തന്നെ നടക്കു മെന്ന് നെപ്പോളിയന് ബോദ്ധ്യമായി. അദ്ദേഹം സൈന്യത്തെ അണിനിരത്തി അഭിവാദനങ്ങളർപ്പിച്ചശേഷം ഇങ്ങനെ പ്രസ്താ വിച്ചു: 'നാൽപ്പത് നൂററാണ്ടുകളാണ് നമ്മുടെമുന്നിൽ തലയുയർ ത്തി നിൽക്കുന്നത്. അവയുടെ തലയിൽക്കയററി ഫ്രാൻസിൻെറ .പതാക നാട്ടണം. എങ്കിൽ ലോകത്തിൻെറ തല ഫ്രാൻസിൻെറ കീഴിലായി. ഫ്രാൻസിൻെറ സന്തതികളേ! നിങ്ങളെല്ലാം ലോക ത്തിലെ വീരയോദ്ധാക്കളല്ലേ?' സൈന്യം 'അതേ, അതേ, എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അവർ നിഷ്പ്രയാസം ശത്രുക്ക ളെ പരാജയപ്പെടുത്തി പിരമിഡ്ഡുകൾ കീഴടക്കി.

ഈജിപ്തിൽനിന്ന് നെപ്പോളിയൻ പേർഷ്യയിലെ ഷാ, മൈ സൂറിലെ ടിപ്പുസുൽത്താൻ എന്നിവരുമായി ദൂതൻമാർ മുഖേന കൂടിയാലോചനകൾ നടത്തി. ആ രാജ്യങ്ങളിൽച്ചെന്നാൽ അവരെ ല്ലാം ഫ്രാൻസിൻെറ മേൽക്കോയ്മ സമ്മതിക്കുമെന്നും കീഴടങ്ങാ ത്തവരെ തോല്പിക്കാമെന്നും നെപ്പോളിയൻ മോഹിച്ചു. എന്നാൽ

കൈറോ കൂടി കീഴടക്കിയശേഷം ഏഷ്യയിലേക്ക് കടക്കാമെന്ന് തീരുമാനിക്കുകയാണ് ഉണ്ടായത്. കൈറോവിൽ താവളമടിച്ചിരുന്ന ഇംഗ്ളണ്ടിൻെറ സൈന്യത്തിൻെറ അധിപൻ നെൽസൺ എന്ന ഇംഗ്ളീഷുകാരനായിരുന്നു. നാവികസേനയുടെ യുദ്ധതന്ത്രങ്ങളിൽ നെൽസനോട് കിടപിടിക്കാൻ അന്ന് ലോകത്തിലാരും ഉണ്ടായിരുന്നില്ല. നെപ്പോളിയൻ കപ്പലിൽ നൈൽ നദിയിലൂടെ യാത്രചെയ്തു. നൈൽ നദിയിൽവച്ച് നെൽസൺ ഏററുമുട്ടി. നെപ്പോളിയൻ പരാജയപ്പെടുമെന്ന ഘട്ടത്തിലായി. നെൽസൺ മുറിവേററ് ആസ്പത്രിയിലുമായി. അഭിമാനത്തിന് ക്ഷതംപററാതെ സേനയെ പിന്തിരിപ്പിച്ച് കരയിലേക്കു മടങ്ങി സുരക്ഷിതമായ സ്ഥലത്ത് താവളമടിക്കാൻ നെപ്പോളിയൻ നിശ്ചയിച്ചു. സൈന്യത്തിൻെറ ഏതാനും ഭാഗം കരക്കെത്തികഴിഞ്ഞു. നെപ്പോളിയനും കരയിലാണ്. ഒരു രാത്രിയിൽ ഓറിയൻറിന് തീപിടിച്ച് നിരവധി പേർ മരിക്കയും അനവധി സമ്പത്ത് നശിക്കയും ചെയ്തു. ആസ്പത്രിയിൽ കിടന്നിരുന്ന നെൽസൺ കപ്പലിൽച്ചെന്ന് തൻെറ വിദഗ്ദ്ധരായ നാവിക ഭടൻമാരുടെ സഹായത്തോടെ നിരവധി ഫ്രഞ്ചുസേനാംഗങ്ങളുടെ ജീവൻ രക്ഷിച്ചുവത്രേ! മനുഷ്യസ്നേഹപരമായ ഈ പ്രവൃത്തി അറിഞ്ഞതുമുതൽ നെപ്പോളിയന് നെൽസനോട് അളവററ സ്നേഹമുണ്ടായി. അദ്ദേഹം നെൽസനെ ചെന്നു കാണുകയും സ്നേഹബന്ധം സ്ഥാപിക്കയും ചെയ്തു.

കപ്പലിൻെറയും സേനയുടെയും നാശം നെപ്പോളിയനെ വല്ലാതെ തളർത്തി. കരയിൽ ഒരു സുരക്ഷിത താവളത്തിലേക്ക് അദ്ദേഹം എല്ലാവരെയും നയിച്ചു. നടക്കാൻ കഴിയാത്തവർക്ക് കുതിരകളെ മുഴുവൻ വിട്ടുകൊടുത്തു. ആ സൈന്യാധിപൻ കാൽനടക്കാരുടെ കൂടെയായിരുന്നു!

ഈ സന്ദർഭത്തിൽ ഫ്രാൻസിലെ ഡയറക്ടറേററ് ഭരണത്തിനെതിരായ വിപ്ലവം ഏററവും ശക്തി പ്രാപിച്ചതായി വിവരം ലഭിച്ചു. താൻ കീഴടക്കിയ ഇററലി പ്രദേശം വീണ്ടും ആസ്ത്രിയാക്കാർ ആക്രമിക്കുന്നതായും അറിവു കിട്ടി. തൻെറ സാന്നിദ്ധ്യം ഫ്രാൻസിൽ അത്യാവശ്യമായ സന്ദർഭമാണെന്ന് അദ്ദേഹം മനസ്സിലാക്കി. പിടിച്ചടക്കിയ പ്രദേശങ്ങളുടെ ഭരണത്തിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരെയും ഒരു സംഘം സേനയെയും നിയമിച്ചശേഷം ബുദ്ധിജീവികളോടും കലാകാരൻമാരോടും ശേഷിച്ച സൈന്യത്തോടും കൂടി ഒരു കപ്പലിൽ നെപ്പോളിയൻ ഫ്രാൻസിലേക്ക് യാത്ര ചെയ്തു.

# 9. സ്വയം സൃഷ്ടിയായ ചക്രവർത്തി

ഭീകരമർദ്ദനം! അതായിരുന്നു അന്നത്തെ ഡയറക്ടറേററ് ഭരണം. വിപ്ലവംകൊണ്ട് ജനങ്ങൾ നേടിയ അവകാശങ്ങൾ ഓരോന്നോരോന്നായി ഭരണകൂടം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു. തകർന്നുപോയ സാമ്പത്തിക നില പുനരുദ്ധരിക്കാൻ ഭരിക്കുന്നവർ പാടുപെട്ടു. തൽഫലമായി ചൂഷണങ്ങൾ പെരുകി. എങ്ങും മറെറാരു വിപ്ലവത്തിനുള്ള തയ്യാറെടുപ്പുകൾ. ബോർബൻ രാജ്യഭരണം പുന:സ്ഥാപിക്കാൻ വിദേശചാരന്മാരുടെ സഹായത്തോടെ നാടുവാഴികളും പ്രഭുക്കളും മതമേധാവികളും കൂടി നാടെങ്ങും കലാപങ്ങളിളക്കിവിട്ടു. എങ്ങും മനുഷ്യജീവൻ കൊണ്ടുള്ള പന്താട്ടം.! രാജകൊട്ടാരത്തിൽ മിക്കപ്പോഴും ശിരച്ഛേദനയന്ത്രത്തിന്റെ ഞരക്കം! തെരുവിലൂടെ ശ്മശാനത്തിലേക്ക് നീങ്ങുന്ന വണ്ടികൾ. അവയിൽ തലയും ഉടലും വേറിട്ടു കിടക്കുന്ന മനുഷ്യശരീരങ്ങൾ. അതിനു നേരെ നോക്കിയും പിന്നാലെ നടന്നും കൂകി വിളിക്കുന്ന തെരുവുകുട്ടികൾ. യുക്തിവാദികളും നിരീശ്വരവാദികളും ചേർന്ന് പ്രചരിപ്പിക്കുന്ന ആശയസമരംകൊണ്ട് രോഷാകുലരായ മതവിശ്വാസികൾ: എല്ലാവിധത്തിലും അലങ്കോലപ്പെട്ട ഫ്രാൻസിന്റെ യഥാർത്ഥ ചിത്രം ഈജിപ്ററിൽ നിന്ന് തിരിച്ചെത്തിയ നെപ്പോളിയന്റെ ഉള്ളിൽ ഒരു നല്ല ഭരണാധികാരിയുടെ ആവശ്യബോധം ഉണർത്തി. തനിക്കതിന് കഴിയുമെന്ന് ഉള്ളിൽ കരുതുകയും ചെയ്തു. നെപ്പോളിയന് യഥാർത്ഥത്തിൽ ഒരു പാർട്ടിയിലും വിശ്വാസം ഉണ്ടായിരുന്നില്ല. അദ്ദേഹം സ്വയം ഒരു പാർട്ടിയാണെങ്കിൽ, അതായിരുന്നു അദ്ദേഹത്തിന്റെ പാർട്ടി. ഒരു പ്രാപ്തനായ സൈന്യാധിപനെന്ന നിലയിൽ എല്ലാ പാർട്ടിക്കാരും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. ഒരുലക്ഷത്തോളം വരുന്ന ഭടന്മാർ തന്റെ അഭീഷ്ടത്തിനൊത്ത് പ്രവർത്തിക്കുമെന്ന് നെപ്പോളിയന് ഉറപ്പുണ്ടായിരുന്നു. അവർ അത്രമാത്രം അദ്ദേഹത്തെ സ്നേഹിച്ചിരുന്നു, അദ്ദേഹം അവരേയും. എന്നാൽ ചില സൈനികോദ്യോഗസ്ഥൻ

മാരും നാടുവാഴികളും പ്രഭുക്കളും ആപൽഘട്ടത്തിൽ ഏതു വിധത്തിൽ പ്രവർത്തിക്കുമെന്ന് വിശ്വസിക്കാൻ പ്രയാസമായി. അവരെയെല്ലാം കൂടി ഒരു ദിവസം ഒരു വിരുന്നുസൽക്കാരത്തിനു ക്ഷണിച്ചു. അവിടെ വച്ച് നയപരമായ കാര്യങ്ങളും അവർക്ക് ഭരണകൂടത്തിൽ നിന്ന് ലഭിക്കേണ്ട അവകാശങ്ങളും ചർച്ച ചെയ്യപ്പെട്ടു. ഭരണത്തോട് അവർക്കും വമ്പിച്ച വെറുപ്പുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. താൻ നേതൃത്വം ഏറെറടുത്താൽ അവർക്കെല്ലാം ഉയർന്ന പദവികളും ലഭിച്ചേക്കുമെന്ന പ്രത്യാശ അവരിൽ വളർത്തിവിടാനായിരുന്നു നെപ്പോളിയൻെറ തന്ത്രം. അതിലും അദ്ദേഹം വിജയിച്ചു!

നെപ്പോളിയൻ ഈജിപ്ററിൽ നിന്ന് വന്ന് ഒരുമാസം കഴിഞ്ഞിട്ടേയുള്ളൂ. അതിനകം വിവിധ കക്ഷികളുടെ നേതാക്കളും നിരവധി ഉയർന്ന ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. ഭരണം പിടിച്ചെടുക്കാൻ അവരൊക്കെ അഭ്യർത്ഥിച്ചു. സൈന്യത്തിൻെറ എല്ലാ വിഭാഗത്തിലും പെട്ട ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു.

1799 നവംബറിൽ ഒരു ദിവസം. സൈന്യത്തിൻെറ ഒരു വിഭാഗത്തോട് സായുധരായി രാജകൊട്ടാരം വളയാൻ നെപ്പോളിയൻ ആജ്ഞാപിച്ചു. സർക്കാർ ഓഫീസുകളെല്ലാം ഒരു നിശ്ചിത സമയം പട്ടാളത്തിൻെറ അധീനതയിലാക്കാനും നിർദ്ദേശിച്ചു. ആ കൃത്യസമയത്ത് നെപ്പോളിയനും സഹോദരൻ ലൂയീസും ഡയറക്ടറേററിൻെറ പ്രധാന ഓഫീസിൽ കടന്നുചെന്നു. ഡയറക്ടറേററ് പിരിച്ചുവിട്ട് സൈന്യം അധികാരം ഏറെറടുത്തിരിക്കുന്നതായി നെപ്പോളിയൻ പ്രഖ്യാപിച്ചു. അസംബ്ലി പിരിച്ചു വിടുകയും നിലവിലുള്ള ഭരണഘടന റദ്ദാക്കുകയും ചെയ്തു. അന്നുരാത്രിതന്നെ ഭരണപരമായ കാര്യങ്ങൾക്ക് അദ്ദേഹത്തിൻെറ കീഴിൽ രണ്ടു കമ്മിററികൾ രൂപീകരിച്ചു. അവയിൽ നിയമ വിദഗ്ദ്ധന്മാരേയും പണ്ഡിതൻമാരേയും ഉൾപ്പെടുത്തി. ആ രാത്രിയിൽത്തന്നെ ഒരു പുതിയ ഭരണഘടനയുണ്ടാക്കാൻ ആ കമ്മററികളെ ചുമതലപ്പെടുത്തി. നെപ്പോളിയൻ നിയമസംഹിത (കോഡ് ഓഫ് നെപ്പോളിയൻ) എന്ന പേരിൽ ചരിത്രപ്രസിദ്ധ

മായ ആ ഭരണഘടനക്ക് വിധേയനായി 'ഒന്നാം കോൺസൽ' എന്ന സ്ഥാനം സ്വീകരിച്ചുകൊണ്ട് നെപ്പോളിയൻ ഫ്രാൻസ് രാജ്യത്തിന്റെ ഭരണം പിറേറദിവസം പുലരുന്നതിനു മുൻപുതന്നെ ആരംഭിച്ചു.

ഭരണഘടനപ്രകാരം മൂന്ന് കോൺസൽമാരെ ജനങ്ങൾ തെരഞ്ഞെടുക്കാനും അവർ പത്തുകൊല്ലം രാജ്യം ഭരിക്കാനും നിശ്ചയിച്ചിരുന്നു. ജനപ്രതിനിധികളുടെ രണ്ടുസെനററുകളും (നിയമനിർമ്മാണസഭയും ഉപരിസഭയും) തെരഞ്ഞെടുക്കപ്പെടാൻ വ്യവസ്ഥ ചെയ്തിരുന്നു. ആ ഭരണഘടന ജനങ്ങളുടെ ഹിതമറിയാൻ വോട്ടിനിട്ടു. മുപ്പതുലക്ഷം വോട്ടുകൾ അനുകൂലമായി രേഖപ്പെടുത്തപ്പെട്ടിരുന്നു. എതിരായ വോട്ടുകൾ നന്നേ ചുരുക്കം. യൂറോപ്യൻ രാജ്യങ്ങളുടെ ചരിത്രത്തിൽ അടുത്ത നൂറുകൊല്ലത്തിനകം പല കാര്യങ്ങളിലും അതിനേക്കാൾ പരിഷ്കരിച്ച ഒരു ഭരണഘടന ഉണ്ടായിട്ടില്ലെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. വിപ്ലവംകൊണ്ട് ആരംഭിച്ച പുരോഗമന നടപടികളിൽ മിക്കതും തുടർന്നു നടത്താൻ ആ ഭരണഘടനപ്രകാരം സാധിച്ചു. എന്നാൽ വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യസ്വത്തുക്കൾ സമ്പാദിക്കാനും നിലനിർത്താനുമുള്ള അവകാശവും അതിൽ നിലനിർത്തിയിരുന്നു. 'രാജാക്കന്മാർ ഒരു നൂററാണ്ടുകൊണ്ട് സാധിച്ചതിലേറെ ഭരണകാര്യങ്ങൾ അദ്ദേഹം മൂന്നുകൊല്ലംകൊണ്ട് നിർവഹിച്ചു'—ഒരു സഹപ്രവർത്തകൻ പില്ക്കാലത്ത് രേഖപ്പെടുത്തിയതാണിത്.

1804-ൽ ജനങ്ങളുടെ ഒരു വോട്ടെടുപ്പിലൂടെ അനുമതി വാങ്ങിക്കൊണ്ട് നെപ്പോളിയൻ താനൊരു ചക്രവർത്തിയാണെന്ന് പ്രഖ്യാപിച്ചു. 'കിരീടധാരണം' ഒരു ഉത്സവമായിത്തന്നെ കൊണ്ടാടി. ലോകത്തിലെങ്ങുമുള്ള രാജാക്കന്മാർ ക്ഷണിക്കപ്പെട്ടു. അവരെല്ലാം നേരിട്ടുവന്നോ പ്രതിനിധികളെ അയച്ചോ അതിൽ പങ്കെടുത്തു. പലരും ശത്രുക്കളായിരുന്നു. പക്ഷേ അവർക്ക് നെപ്പോളിയനെ ഭയമായിരുന്നു എല്ലാവരും നിരന്നിരിക്കുന്ന മഹാസദസ്സിന്റെ മദ്ധ്യത്തിൽ വിശേഷാത്തരമായ സിംഹാസനത്തിൽ നെപ്പോളിയനും ജോസഫൈനും ഉപവിഷ്ടരായി. ചക്രവർത്തിയെ കിരീടം അണിയിക്കാനുള്ള മുഹൂർത്ത

മായി. ആ കർമ്മം നിർവ്വഹിക്കാൻ ക്ഷണിക്കപ്പെട്ടിരുന്ന 'പോപ്പ്' എത്തിയിരുന്നില്ല. ഇതറിഞ്ഞപ്പോൾ നെപ്പോളിയൻ പറഞ്ഞു: ഈ കിരീടം എനിക്കുമാത്രം അവകാശപ്പെട്ടതാണ്. ഇത് തൊടാൻ ആരേയും ഞാൻ അനുവദിക്കയില്ല.' അദ്ദേഹം തന്നെ കിരീടധാരണം നിർവ്വഹിച്ചു. സദസ്യർ അത്ഭുതസ്തബ്ധരായി!

സാധാരണ ചക്രവർത്തിമാർ കുടുംബപരമായ ഒരു കീഴ്വഴക്കമനുസരിച്ചാണ് ആ സ്ഥാനത്ത് എത്താറുള്ളത്. നെപ്പോളിയൻ ജനങ്ങളുടെ അനുമതിയോടെയാണ് ചക്രവർത്തിയായത്. ജനങ്ങളുടെ അനുമതികൂടാതെ ചക്രവർത്തി സ്ഥാനം മററൊരാൾക്ക് കൈമാററാനും അദ്ദേഹത്തിന് പാടില്ലായിരുന്നു.

കൃഷിക്കാർ എന്നും നെപ്പോളിയനെ പിന്താങ്ങിയിരുന്നു. അവരുടെ ആത്മാർഥമായ സ്നേഹത്തിനും വിശ്വാസത്തിനും പാത്രമാകാൻ അദ്ദേഹം അനവരതം അദ്ധ്വാനിച്ചിരുന്നു.

ഒരിക്കൽ ആ ചക്രവർത്തി പറഞ്ഞത്രേ, 'സ്വീകാരമുറികളിലിരുന്ന് സൊള്ളുപറയുന്നവരുടെ അഭിപ്രായങ്ങൾ എനിക്കു പുല്ലാണ്. അവർ എന്തുവേണമെങ്കിലും പുലമ്പിക്കൊള്ളട്ടെ. ഒരൊററ അഭിപ്രായത്തെ മാത്രമേ ഞാൻ മാനിക്കുന്നുള്ളൂ. യഥാർത്ഥ കൃഷിക്കാരുടെ അഭിപ്രായം!

ചക്രവർത്തിയായശേഷം നെപ്പോളിയൻ ആദ്യമായി അമ്മയെ കണ്ടുമുട്ടിയത് 'സെൻറ് ക്ളൗഡ്' എന്ന സ്ഥലത്ത് ഒരു മഹാസമ്മേളനത്തിൽവച്ചായിരുന്നു. നിരവധി പ്രമുഖവ്യക്തികളുടെ ഇടയിൽ അമ്മ ഇരിക്കുന്നതുകണ്ടു. ഉടനെ അതിവേഗം നടന്ന് അടുത്തെത്തി. അമ്മയുടെ ചുംബനത്തിനുവേണ്ടി കൈ നീട്ടിക്കാണിച്ചു. നിനക്കു ജന്മംതന്ന സ്ത്രീയുടെ കൈ നീ ആദ്യം ചുംബിക്കേണ്ടതാണ്. അതാണ് കടമ. എന്നുമെന്നും നെപ്പോളിയനെ സംസ്കാരത്തിൻെറ പാതയിൽ വഴിതെററാതിരിക്കാൻ ആ അമ്മ ഉപദേശിച്ചിരുന്നു. അമ്മയുടെ വാക്കുകൾ ഫ്രാൻസിലെ ആചാരം നെപ്പോളിയനെ ഓർമ്മിപ്പിച്ചു. അദ്ദേഹം തൽക്ഷണം അമ്മയുടെ ഇരുകൈകളും പിടിച്ച് പലതവണ ചുംബിച്ചു. പശ്ചാത്താപംകൊണ്ട് അദ്ദേഹത്തിൻെറ കണ്ണുകൾ

നിറഞ്ഞിരുന്നു. അമ്മയും വികാരാധീനയായി. കണ്ടുനിന്ന വർ നെപ്പോളിയൻെറ മാതൃഭക്തിയിൽ അദ്ദേഹത്തെ അകമഴി ഞ്ഞ് അനുമോദിച്ചു.

നെപ്പോളിയൻെറ ഭരണം ഫ്രാൻസിനെ സമ്പൽ സമൃദ്ധി യിലേക്ക് നയിച്ചു. അന്ധവിശ്വാസങ്ങളും മതമേധാവിത്വവും കുറഞ്ഞു. വിദ്യാഭ്യാസം ജനങ്ങളിൽ വർദ്ധിച്ചു. അമ്മയോടുള്ള ഭക്തികൊണ്ട് സ്ത്രീവിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധിക്കാ നിടയായി. ശാസ്ത്രീയമായ ദശാംശനാണയ സമ്പ്രദായവും ദശാംശഅളവുകളും തൂക്കങ്ങളും പ്രചരിപ്പിച്ചു. ഇത് പിൽ ക്കാലത്ത് ലോകമെങ്ങും പ്രചരിക്കാനിടവന്നു. പുതിയരീതി യിൽ ഒരു കാലഗണനാസമ്പ്രദായവും ആവിഷ്കരിച്ചു. അതനു സരിച്ച് ആഴ്ചകളുടെയും മാസങ്ങളുടെയും പേരുകൾ മാററി. ഈ പരിഷ്കാരം കുറച്ചുകാലത്തിനുശേഷം ഫ്രാൻസിൽ നീക്കം ചെയ്യപ്പെട്ടുവത്രെ!

അസാമാന്യമായ ഓർമ്മശക്തി നെപ്പോളിയൻെറ ഒരു അമൂ ല്യസമ്പത്തായിരുന്നു. അദ്ദേഹം തന്നെ ഒരിക്കൽ പറഞ്ഞു: 'ഏതെങ്കിലും ഒരു കാര്യം മനസ്സിൽനിന്നു നീക്കിവയ്ക്കണമെ ന്നു തോന്നുമ്പോൾ ഞാൻ അതിൻെറ വലിപ്പടയ്ക്കുകയും വേറൊ ന്നിൻെറ വലിപ്പ് തുറക്കുകയും ചെയ്യുന്നു വലിപ്പുകളിലെ ഉള്ളടക്കങ്ങൾ ഒരിക്കലും തമ്മിൽ കൂടിക്കലരാറില്ല. അവ എന്നെ ശല്യപ്പെടുത്തുകയോ ക്ഷീണിപ്പിക്കുകയോ ചെയ്യുന്നുമില്ല. എനിക്കുറങ്ങണമോ, ഞാൻ എല്ലാവലിപ്പുകളും അടയ്ക്കുന്നു. അതോടുകൂടി ഞാൻ ഉറങ്ങുകയായി'. ദിവസത്തിൽ രണ്ടോ മൂന്നോ മണിക്കൂർ മാത്രമാണ് ഉറങ്ങിയിരുന്നത്. ഭക്ഷണം കഴിക്കാൻ ഏഴോ എട്ടോ മിനിററുമാത്രമേ വേണ്ടിയിരുന്നുള്ളൂ. വളരെ കുറച്ചുഭക്ഷിക്കുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്. സാധാരണക്കാർ ഭക്ഷിക്കാറില്ലാത്ത വിഭവങ്ങൾ തനിക്കുവേണ്ടി ഒരുക്കരുതെന്ന് അദ്ദേഹം കല്പിച്ചിരുന്നു.

'കടമകൾ ആദ്യം; അവകാശം പിന്നീട്'. ഇതായിരുന്നു നെപ്പോളിയൻെറ വിശ്വാസം. തൻെറ ജോലികൾ ചെയ്തുതീർ ക്കാതെ ഭക്ഷണത്തിനോ വിശ്രമത്തിനോ അദ്ദേഹം പോയിരു

ന്നില്ല. എല്ലാ ജോലിക്കാരും കഠിനമായി രാജ്യത്തിനുവേണ്ടി പ്രവർത്തിക്കേണമെന്ന് അദ്ദേഹം നിർബന്ധിച്ചിരുന്നു. ജോലിക്കാർക്ക് നല്ലവേതനം കൊടുക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

ഭക്ഷണത്തിനുശേഷം അല്പസമയം ഭാര്യയോട് നർമ്മസംഭാഷണത്തിന് ചെലവഴിക്കാറുണ്ടത്രെ! ഈ സന്ദർഭത്തിൽ അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ഭാര്യയുടെ തോഴിമാരും ചിലപ്പോഠം അണിഞ്ഞൊരുങ്ങിനിൽക്കാറുണ്ട്. അത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. വളരെ വിലകൂടിയ വസ്ത്രങ്ങഠം ഭാര്യ ധരിക്കുന്നതും വലിയ ആർഭാടങ്ങഠംക്കുവേണ്ടി ധനം ചെലവഴിക്കുന്നതും നെപ്പോളിയൻ വെറുത്തിരുന്നു.

'സന്തോഷവാർത്തകളറിയിക്കാൻ ആർക്കുവേണ്ടിയാണെങ്കിലും എന്നെ ഉണർത്തരുത്. സന്താപകാര്യങ്ങഠം ആർക്കുവേണ്ടി അറിയിക്കാനും എന്നെ ഉണർത്താം'. ഉറങ്ങാൻ പോകുമ്പോഠം പ്രൈവററ് സെക്രട്ടറിക്ക് കൊടുത്തിരുന്ന നിർദ്ദേശമാണിത്. ഏതുതരം ആപത്തുകളെക്കുറിച്ച് അറിഞ്ഞാലും ഉടൻ വേണ്ടതു ചെയ്യാൻ ചക്രവർത്തി എപ്പോഴും ശ്രമിച്ചിരുന്നു. ഒരിക്കൽ പരിചയപ്പെട്ടവരെയും തനിക്ക് എന്തെങ്കിലും ഉപകാരം ചെയ്തവരെയും അദ്ദേഹം ഒരിക്കലും മറന്നിരുന്നില്ല. പ്രത്യുപകാരം ചെയ്യുന്നതിൽ അദ്ദേഹം കാണിച്ചിരുന്ന നിർബന്ധം വളരെ പ്രസിദ്ധമാണ്. തനിക്ക് ജോലിയില്ലായിരുന്ന കാലത്ത് ഒരു ദിവസം കുടുംബപരമായ ആവശ്യത്തിന് കുറെ പണം അത്യാവശ്യമായി വന്നു. അത് ലഭിക്കാതിരുന്നാൽ അമ്മയ്ക്ക് അസഹ്യദു:ഖമുണ്ടാകും: നെപ്പോളിയൻ ആത്മഹത്യചെയ്യണമെന്നുപോലും കരുതിയത്രേ. ഈ സന്ദർഭത്തിൽ ധനികനായ ഒരു സുഹൃത്ത് അദ്ദേഹത്തെ സമീപിച്ചു. ദു:ഖകാരണം ചോദിച്ചറിഞ്ഞു. ആറായിരം ഫ്രാങ്ക് അദ്ദേഹം കൊടുത്തു. ആ ധനികന് അത് തിരിച്ചു കിട്ടേണമെന്ന ആഗ്രഹം ഉണ്ടായിരുന്നില്ല. നെപ്പോളിയൻ സൈന്യാധിപനായപ്പോഠം ധനം കൈയിൽ ഉണ്ടാവാൻ തുടങ്ങി. ആ പഴയ സുഹൃത്തിനെ ക്ഷണിച്ചുവരുത്തി. അറുപതിനായിരം ഫ്രാങ്ക് പ്രേരിപ്പിച്ച് സ്വീകരിപ്പിച്ചുവത്രെ!

നെപ്പോളിയൻ ചക്രവർത്തിപദം ഏററതിനു ശേഷം ദിവസവും നിരവധി കത്തുകറം ലഭിക്കാറുണ്ട്. എല്ലാം വായിക്കുകയും ഉചിതമായ മറുപടി അയയ്ക്കുകയും പതിവാണ്. ഒരു ദിവസം തനിക്ക് പട്ടാളക്കാരനായിരുന്ന കാലത്ത് സഹായം ചെയ്ത ഒരു സ്ത്രീയുടെ കത്തു കിട്ടി. പട്ടാളക്കാരനായിരുന്നകാലത്ത് കുറെ ദിവസം അദ്ദേഹം രോഗബാധിതനായി കിടപ്പിലായിരുന്നു. അടുത്ത വീട്ടിലാണ് ആ സ്ത്രീ താമസിച്ചിരുന്നത്. അവർ അദ്ദേഹത്തിന് മരുന്ന് വാങ്ങിക്കൊണ്ടുവന്നു കൊടുക്കുകയും ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. അവർ ദരിദ്രയും രോഗിയുമായിത്തീർന്നപ്പോഴാണ് സഹായത്തിനുവേണ്ടി ആ കത്തയച്ചത്. നെപ്പോളിയൻ ഉടൻതന്നെ പതിനായിരം ഫ്രാങ്ക് ആ സ്ത്രീക്ക് അയച്ചുകൊടുത്തുവത്രെ.

ഭരണത്തിൻെറ എല്ലാ തലങ്ങളിലും അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞിരുന്നു. ഒരു ദിവസം ചക്രവർത്തി ഒരു ആസ്പത്രി സന്ദർശിച്ചു. അവിടെ അലക്കിക്കൊണ്ടുവന്ന വസ്ത്രങ്ങറം അങ്ങുമിങ്ങുമായി യാതൊരു ക്രമവുമില്ലാതെ വച്ചിരിക്കുന്നതു കണ്ടു. അതിൻെറ ചുമതലക്കാരനോടു ചോദിച്ചു; 'അലക്കിയ വസ്ത്രങ്ങറം ഏതുവിധത്തിലാണ് ക്രമപ്പെടുത്തിവക്കേണ്ടത്?' അതിന്ന് തൃപ്തികരമായ മറുപടി കിട്ടിയില്ല. ചക്രവർത്തി പറഞ്ഞുകൊടുത്തു: 'അലക്കിക്കൊണ്ടുവന്ന വസ്ത്രങ്ങറം ഇനം തിരിച്ച് വയ്ക്കണം. ഓരോ ഇനത്തിൻെറയും അടിയിലാണ് അപ്പോറം കൊണ്ടുവന്നത് വെക്കേണ്ടത്. അങ്ങനെ ചെയ്താൽ മുകളിൽ നിന്ന് രോഗികറംക്ക് എടുത്തുകൊടുക്കാൻ എളുപ്പമാണ്. വസ്ത്രങ്ങറം ദീർഘകാലം ഉപയോഗിക്കപ്പെടാനും ഒരേപോലെ എല്ലാം ഉപയോഗിച്ചെത്താനും സഹായകമാണ്''.

പത്തുകൊല്ലം നെപ്പോളിയൻ ഫ്രാൻസിൻെറ ചക്രവർത്തിയായിത്തുടർന്നു. ഈ കാലഘട്ടത്തിൽ യൂറോപ്പിലെ രാജാക്കന്മാരെയാകെ കിടുകിടുപ്പിച്ചു. അതിനുമുമ്പ് മററാർക്കും സാധിക്കാത്തമട്ടിൽ ലോകത്തിലെ ഏററവും വലിയ ചക്രവർത്തിപദത്തിലെത്തി. മാറെൽഗോ, ഉലം, ഓസ്ററർ ലീററ്സ്, ജേനാ, ഐലോ, ഫ്രിഡ്ലാൻറ്, വാഗ്രാം എന്നീ സ്ഥലങ്ങറം യുദ്ധം ചെയ്ത് കീഴടക്കി. ഓസ്ത്രീയ, പ്രഷ്യ, റഷ്യ എന്നിവയെ

തൻെറ മേൽക്കോയ്മ അംഗീകരിപ്പിച്ച് ഉടമ്പടികളിൽ ഒപ്പുവയ്പ്പിച്ചു. സ്പെയിൻ, ഇററലി, നെതർലാൻറ്സ്, റൈൻ. ജർമ്മനിയിൽ വലിയൊരു ഭാഗം, പോളണ്ട് എന്നിവയെ ആക്രമിച്ചധീനപ്പെടുത്തി.

യൂറോപ്യൻ രാജ്യങ്ങളിൽ ഇംഗ്ലണ്ട് മാത്രം നെപ്പോളിയൻെറ ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടിരുന്നു. അവരുടെ വമ്പിച്ച കടൽപ്പടയും, ഫ്രാൻസിന് നാവികയുദ്ധത്തിലുള്ള കഴിവുകുറവുമായിരുന്നു അവരെ രക്ഷപ്പെടുത്തിയത്. അവർ നെപ്പോളിയനെതിരായി യൂറോപ്യൻ രാജ്യങ്ങളെ സ്വാധീനിക്കാൻ ഗൂഢതന്ത്രങ്ങൾ ആവിഷ്കരിച്ചു.

നെപ്പോളിയൻ യൂറോപ്പിലെ എല്ലാ തുറമുഖങ്ങളും ഇംഗ്ളണ്ടിനെതിരായി നിരോധിച്ചു. 'ഷോപ്പുടമസ്ഥന്മാരുടെ നാടായ' ഇംഗ്ളണ്ടിനെ വാണിജ്യസംബന്ധമായി ഗതിമുട്ടിച്ചാൽ തൻെറ മുൻപിൽ തലകുനിപ്പിക്കാമെന്ന് അദ്ദേഹം ദീർഘദർശനം ചെയ്തു. ഇംഗ്ളണ്ടാവട്ടെ, ആ തന്ത്രത്തിന് പ്രതികാരമായി അമേരിക്കയെയും മററു ചില രാജ്യങ്ങളെയും സ്വാധീനിച്ച് ഫ്രാൻസിനെതിരായ വാണിജ്യക്കരാറുകളിൽ ഒപ്പു വയ്പ്പിച്ചു.

ഇംഗ്ളണ്ട് നെപ്പോളിയന് എതിരായ കള്ളപ്രചാരവേലകൾ ആരംഭിച്ചു. ഒരു 'പത്രപ്രസ്ഥാനം' തന്നെ അവർ ഏർപ്പെടുത്തി. പരിഹാസങ്ങളും വിമർശനങ്ങളും നുണകളും നിറഞ്ഞ പത്രങ്ങളും പുസ്തകങ്ങളും ചിത്രങ്ങളും ഫ്രാൻസിലെ പ്രഭുക്കൾക്ക് ചാരന്മാർ മുഖേന എത്തിച്ചുകൊടുത്തു. പ്രഭുക്കൾ അവ രഹസ്യമായി പ്രചരിപ്പിച്ചു. എന്നാൽ ഫ്രെഞ്ചുവിപ്ളവത്തിലെ അനുഭവപാഠങ്ങൾ നെപ്പോളിയനെ അതിനെയെല്ലാം അതിജീവിക്കാൻ കഴിവുള്ളവനാക്കിയിരുന്നു. ജീർണ്ണിച്ച രാജവാഴ്ചയും നാടുവാഴിത്തവും വെറുത്തിരുന്ന ജനങ്ങൾ നെപ്പോളിയൻെറ നല്ലഭരണത്തിൽ സന്തുഷ്ടരായി. അവരെ തെററിദ്ധരിപ്പിക്കാനുള്ള ഗൂഢതന്ത്രം അതൊന്നും വിലപ്പോയില്ല.

സ്പെയിൻ രാജ്യത്ത് മതദ്രോഹത്തിനെതിരായ വിചാരണകൾ ചെയ്ത് പലരേയും ക്രൂരമായി വധിച്ചിരുന്നു. നെപ്പോളിയൻെറ ആക്രമണം സ്പെയിനിലെ ജനങ്ങൾ സന്തോഷത്തോടെ

സ്വീകരിച്ചുവത്രേ. അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ മർദനങ്ങളും ക്രൂരശിക്ഷകളും ഇല്ലായിരുന്നു. വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കപ്പെട്ടിരുന്നതായി വിശ്വസിച്ചിരുന്നു. ആക്രമണത്തിനെത്തുന്ന പ്രദേശങ്ങളിൽ ജനങ്ങളുടെ ഈ വിശ്വാസങ്ങൾ നെപ്പോളിയന് സഹായകമായിത്തീർന്നു.

ഫ്രാൻസിലെ ജനങ്ങൾക്കും പട്ടാളക്കാർക്കും ദേശീയബോധം വളർത്താൻ അദ്ദേഹം പരിശ്രമിച്ചു. എന്നാൽ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് തങ്ങളുടെ പ്രവർത്തനമെന്ന് ശത്രുക്കൾ പ്രചരിപ്പിച്ചപ്പോൾ അന്ധമായ ദേശീയബോധം കൊണ്ട്, അതിലടങ്ങിയ വഞ്ചന മനസ്സിലാക്കാതെ പലരും അവസാന ഘട്ടത്തിൽ അദ്ദേഹത്തിന് എതിരായിത്തീർന്നുവത്രെ. ഈ സന്ദർഭത്തിൽ നെപ്പോളിയൻ ഇങ്ങനെ പറഞ്ഞതായി കാണുന്നു 'എന്റെ തകർച്ചയ്ക്ക് ഞാനൊഴികെ മററാരേയും കുററപ്പെടുത്താനില്ല. എന്റെ ഏററവും വലിയ വൈരി ഞാൻ തന്നെയാണ്'.

സൂര്യനിലും കളങ്കമെന്നപോലെ നെപ്പോളിയനിലും ചില ദോഷങ്ങൾ ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. താൻ കീഴടക്കിയ രാജ്യങ്ങളിൽ തന്റെ സമാന രാജാക്കന്മാരായി സ്വന്തം സഹോദരന്മാരെയും മററു ബന്ധുക്കളെയും നിയമിച്ചു. ലൂയി എന്ന സഹോദരനെ ഹോളണ്ടിലും ജേറോം എന്ന സഹോദരനെ വെസ്ററ്ഫാലിയായിലും സഹോദരീഭർത്താവിനെ നേപ്പിൾസിലും ഭരണാധികാരികൾ ആക്കിയത്രെ! പോർട്ടുഗൽ കീഴടക്കിയശേഷം ജ്യേഷ്ഠനായ ജോസഫിനെ അവിടെ രാജാവാക്കി. യൂറോപ്പിലെ കിരീടംധരിച്ച തലകളെല്ലാം തന്റെ തറവാട്ടുസ്വത്താണെന്ന് വരുത്തിത്തീർക്കാനുള്ള പ്രവണത അദ്ദേഹത്തിന്റെ മഹത്വത്തിൽ കളങ്കം ചാർത്തിയിട്ടുണ്ട്. തന്റെ ചക്രവർത്തി സ്ഥാനം മകന് കൈമാററം ചെയ്ത് ഒരു രാജവംശം നിലനിർത്താൻ മോഹിച്ചതും നെപ്പോളിയന്റെ വ്യക്തിത്വത്തിന് പിൽക്കാലത്ത് മങ്ങലേല്പിച്ചിട്ടുണ്ട്.

ഫ്രാൻസിന്റെ അധികാരം പിടിച്ചെടുക്കാൻ നെപ്പോളിയനെ സഹായിച്ച സഹോദരൻ ലൂയിസൻ കുറെക്കൂടെ നല്ലവനും പ്രാപ്തനുമായിരുന്നുവത്രേ. അയാൾ അവസാനകാലത്ത് നെപ്പോളിയനോട് തെററിപ്പിരിഞ്ഞ് ഇററലിയിൽച്ചെന്ന് താമസമാക്കി.

നെപ്പോളിയനും ജോസഫയിനും തമ്മിലുള്ള ദാമ്പത്യബന്ധത്തിൽ കുട്ടികളുണ്ടായില്ല. തനിക്ക് പിൻതുടർച്ചാവകാശിയായി ഒരു മകനെയെങ്കിലും വേണമെന്ന് നെപ്പോളിയൻ മോഹിച്ചു. ഒരു രാജകുമാരിയെത്തന്നെ ഭാര്യയായി സ്വീകരിക്കാൻ നിശ്ചയിച്ചു. പല സ്ഥലത്തും അന്വേഷണം നടത്തി. റഷ്യയിലെ സാർ ചക്രവർത്തിയോട് പുത്രിയെ വിവാഹം ചെയ്തുതരാൻ ആവശ്യപ്പെട്ടു. യൂറോപ്പിന്റെ മുഴുവൻ ചക്രവർത്തിയായാലും നെപ്പോളിയൻ തന്റെ പുത്രിയെ വിവാഹം ചെയ്യാൻ യോഗ്യനാവില്ലെന്ന് സാർ ചക്രവർത്തി ഒരു ദൂതനോട് പറഞ്ഞുവത്രെ. ഇത് റഷ്യയോടുള്ള വിരോധം വർദ്ധിപ്പിച്ചു. നെപ്പോളിയൻ ഓസ്ട്രിയയിലെ ഹാപ്സ്ബർഗ്ഗ് ചക്രവർത്തിയുടെ മകളായ മേരിലൂസിയെ വിവാഹം ചെയ്തു. (1809ൽ) ഓസ്ട്രിയൻ ചക്രവർത്തി നെപ്പോളിയന്റെ പ്രേരണക്ക് വശംവദനായിട്ടാണ് ആ വിവാഹം നടത്തിക്കൊടുത്തത്. നെപ്പോളിയന്റെ ഈ വിവാഹത്തിൽ ഒരു ആൺകുട്ടി പിറന്നു. ഈ ഭാര്യ ഒരു മന്ദബുദ്ധിയും സ്നേഹശൂന്യയുമായിരുന്നുവത്രെ. ആപൽഘട്ടത്തിൽ അവൾ അദ്ദേഹത്തെ ഉപേക്ഷിക്കയും ചെയ്തു.

മഹാനായ നെപ്പോളിയൻ ചക്രവർത്തി എങ്ങനെയുള്ള ഒരു മനുഷ്യനായിരുന്നു? ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹറു സുപ്രസിദ്ധമായ വിശ്വചരിത്രാവലോകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു: 'വലിയവരാകട്ടെ, ചെറിയവരാകട്ടെ, നാമെല്ലാവരുംതന്നെ നന്മയുടെയും തിന്മയുടെയും വിചിത്രമായ കലർപ്പുകളാണ്. അത്തരമൊരു കലർപ്പായിരുന്നു അദ്ദേഹവും. എന്നാൽ ഒരു വ്യത്യാസമുണ്ട്. അസാധാരണമായ പല ഗുണങ്ങളും ആ കലർപ്പിൽ ഉൾപ്പെട്ടിരുന്നു. ധീരത അദ്ദേഹത്തിന് ഉണ്ട്; അത്രതന്നെ ആത്മവിശ്വാസവും ഭാവനാശക്തിയും. വിസ്മയാവഹമായ ഊർജ്ജസ്വലതയും അദമ്യമായ അധികാരവാഞ്ഛയുമായിരുന്നു അദ്ദേഹത്തിന്റെ വേറെ രണ്ടു സവിശേഷതകൾ. മഹാനായിരുന്ന ഒരു സേനാനിയായിരുന്നു അദ്ദേഹം. അലക്സാണ്ടറോടും ചെങ്കിസ്ഖാനോടും താരതമ്യപ്പെടുത്താവുന്ന ഒരു യുദ്ധകാലപ്രവീണൻ'.

# 10 വിശ്വജേതാവ്

നെപ്പോളിയൻ പാരീസിൽ ഇല്ലാത്ത ഒരു ദിവസം. സൈന്യം സംഘം സംഘമായി പല ദിക്കിലുമാണ്. ആസ്ട്രിയൻ സൈന്യം ഫ്രാൻസിൻെറ അധീനതയിലുള്ള ബവേറിയായിൽ പ്രവേശിച്ചു. പെട്ടെന്നാണ് നെപ്പോളിയന് വിവരം ലഭിച്ചത്. ഒരു ചെറിയസേനയുമായി അദ്ദേഹം യുദ്ധരംഗത്തേക്ക് യാത്രയായി. ഗ്രന്ഥങ്ങൾ വായിച്ചുരസിച്ചുകൊണ്ടായിരുന്നുവത്രെ ആ യാത്ര!

ആസ്ട്രിയൻ സേനയുടെ സ്ഥിതിഗതികൾ അറിവുതരാൻ ദൂതന്മാർ മുന്നിൽ കുതിച്ചിരുന്നു. നെപ്പോളിയൻ വരുന്നുണ്ടെന്നറിഞ്ഞ് ശത്രുസേന ഡാന്യൂബ് നദീതീരത്തുള്ള റാററിസ്ബൺ കോട്ടക്കകത്ത് കടന്നൊളിച്ചിരുന്നു. ആ കോട്ടക്കുചുററും കിടങ്ങുകളും, കിടങ്ങിനോട് തൊട്ടുചുററും മതിലുമാണ്. ശത്രുക്കൾ കോട്ടക്കുമുകളിൽ തോക്കുചൂണ്ടി നില്ക്കുന്നു. കിടങ്ങിനോടടുക്കുമ്പോഴേക്കും വെടിവക്കാനുള്ള നില്പ്. ഭടന്മാർ അങ്ങോട്ടു നീങ്ങാൻ തന്നെ ഭയന്നേക്കും. പരിതസ്ഥിതി വ്യക്തമായി സൈന്യത്തെ ധരിപ്പിച്ചശേഷം നെപ്പോളിയൻ ഒരു സൂത്രം പ്രയോഗിച്ചു.

അദ്ദേഹം സേനയെ അല്പം ദൂരെ അണിനിരത്തി. അതിനകം നടന്നയുദ്ധങ്ങളിൽ ധീരത പ്രകടിപ്പിച്ചവർക്കെല്ലാം സമ്മാനങ്ങൾ വിതരണംചെയ്തു. ചക്രവർത്തിയിൽനിന്ന് നേരിട്ട് സമ്മാനം വാങ്ങാൻ ഭടന്മാർക്ക് അത്യാർത്തിയായി. അല്പസമയത്തിനകം നിരവധി ഏണികളും പലകകളും അവർ പലേടത്തുനിന്നും കൊണ്ടുവന്നു അവർ സ്വയം കോട്ട പിടിച്ചെടുക്കാനുള്ള പരിശ്രമത്തിൻെറ ലക്ഷണം!

ഭടന്മാർ കിടങ്ങുകൾക്കു മുകളിൽ പലകകൾ നിരത്തി പാലം നിർമ്മിച്ചു. മതിലുകൾ വെടിവച്ചു തകർത്തു.

കുമിഞ്ഞു കൂടിയ മൺകൂമ്പാരങ്ങളിൽ ഏണികളുംചാരി കോട്ടയുടെ മുകളിലേക്ക് കയറിത്തുടങ്ങി. നിരവധിപേർ വെടികൊണ്ടു വീണുവെങ്കിലും കോട്ട കൈവശപ്പെടുത്തുക തന്നെ ചെയ്തു.

ആ കോട്ടക്കിടയിൽ ഒരു രഹസ്യ മാർഗ്ഗം ഉണ്ടായിരുന്നു. അതൊരു ഗുഹയാണ്. ശത്രുക്കൾ മുഴുവൻ അതിലൂടെ രക്ഷപ്പെട്ടിരുന്നു. നെപ്പോളിയൻ ഭടന്മാരെ അണിനിരത്തി ധീരത പ്രകടിപ്പിച്ചവർക്കെല്ലാം സ്വർണ്ണക്കുരിശുകൾ സമ്മാനമായി നൽകി. 'അർഹതയുണ്ടായിട്ടും സമ്മാനം കിട്ടിയില്ലെന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ അവർ മുന്നോട്ടു വരട്ടെ.' ചക്രവർത്തിയുടെ കൽപ്പന ക്യാപ്റ്റൻ ലാനസ് ഉറക്കെ വിളിച്ചു പറഞ്ഞു. സദസ്സിൽ നിന്ന് ഒരു വൃദ്ധൻ മുന്നോട്ടു വന്നു. അർഹത വ്യക്തമാക്കൂ.' ചക്രവർത്തി ദയാപൂർവ്വം പറഞ്ഞു. ജാപ്പാ മരുഭൂമിയിൽവച്ച് ചക്രവർത്തി വല്ലാതെ ദാഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഞാൻ ഒരു തണ്ണീർ മത്തൻ തന്നിട്ടുണ്ട്.' ആ വാക്കുകൾ കേട്ട് ചക്രവർത്തി ചിരിച്ചു. 'ശരി തന്നെ, ഓർമ്മയുണ്ട്! നന്ദിയുമുണ്ട്. പക്ഷേ, ബഹുമതി മുദ്രക്ക് അത്രയും മതിയോ?' ആ ചോദ്യം വൃദ്ധനെ നടുക്കി. അയാൾ വിങ്ങിപ്പൊട്ടി! അല്ലെങ്കിൽ ഇതാ നോക്കൂ! ആർക്കോള, ലോഡി, കാസ്റ്റിഗ്ലിയൺ, പിരമിഡ്, ഏകർ, ആസ്റ്റർലിസ്റ്റ്, ഫ്രീഡ്ലാൻറ് എന്നിവിടങ്ങളിൽവച്ചെല്ലാം എനിക്ക് വെടിയേററതിൻെറ കഥകൾ! ആ വൃദ്ധൻ കുപ്പായം അഴിച്ച് നീണ്ടകാലും ചുരുട്ടിക്കയററി! സർവ്വത്ര വലിയ മുറിപ്പാടുകൾ! 'മതി, മതി, ധാരാളം! നിങ്ങൾക്ക് നൈററ് ഓഫ് ദി എമ്പയർ എന്ന സ്ഥാനവും പന്തീരായിരം ഫ്രാങ്ക് പെൻഷനും അനുവദിച്ചിരിക്കുന്നു.'

'വേണ്ട, വേണ്ട! പൊന്നുതിരുമേനിയുടെ കൈകൊണ്ട് ഒരു പൊൻകുരിശുമതി.'

സ്ഥാനത്തോടുകൂടി അതും കിട്ടും!' ചക്രവർത്തി ആശ്വസിപ്പിച്ചു. വൃദ്ധൻ തൃപ്തിപ്പെട്ടില്ല. തിരുമേനിയുടെ കൈകൊണ്ട് അതൊന്നു വാങ്ങിയശേഷം ഇന്നത്തെയുദ്ധത്തിൽത്തന്നെ എനിക്ക് ഫ്രാൻസിനുവേണ്ടി മരിക്കണം! രാജഭക്തിയും ദേശഭക്തിയും അണപൊട്ടിയൊഴുകിയ ആ രംഗം സർവ്വരേയും രോമാ

ഞ്ചം കൊള്ളിച്ചു. വൃദ്ധൻ പൊൻകുരിശ് ധരിച്ചുകൊണ്ട് പടക്കളത്തിലേക്ക് സൈന്യത്തിന്റെ മുന്നിൽക്കുതിച്ചു.

ഗുഹയിലൂടെ നടന്ന് ശത്രുക്കളുടെ താവളം കണ്ടുപിടിക്കാൻ അവർക്കു പരിചയമുണ്ടായിരുന്നില്ല. പെട്ടെന്ന് ഒരു വൃദ്ധ കോട്ടയിലേക്ക് ഓടിവന്നു. 'എന്നെ രക്ഷിക്കണം. ഞാനൊരു ഫ്രഞ്ചുകാരിയാണ്' ആസ്ട്രിയക്കാരുടെ മർദ്ദനങ്ങൾ ഭയന്ന് അവർ അഭയം പ്രാപിച്ചതാണ്. ക്യാപ്ററൻ ലാനസ്, ആ വൃദ്ധക്ക് ഗുഹയിലൂടെയുള്ള വഴി അറിയുമെന്ന് ഊഹിച്ചു. 'വരൂ! പാലത്തിലേക്കുള്ള എളുപ്പവഴി കാണിച്ചു തരൂ!' അദ്ദേഹം പറഞ്ഞു. വൃദ്ധ ഭയപ്പെട്ട് പിൻവാങ്ങി. വഴിയിൽ വച്ച് ആസ്ട്രിയൻ ഭടന്മാർ വെടിവച്ചെങ്കിലോ! അതായിരുന്നു അവരുടെ ഭയം. ലാനസ് ആ വൃദ്ധയെ തോളിലേററി നടക്കാൻ ഒരു ഭടനോട് കൽപ്പിച്ചു. വൃദ്ധപറഞ്ഞുകൊടുത്ത വഴിയിലൂടെ നടന്ന് അവർ പാലം കണ്ടുപിടിച്ചു. പിറേറന്ന് വൃദ്ധയെ ചക്രവർത്തിയുടെ മുന്നിൽ ഹാജരാക്കി. സംഭവങ്ങൾ വിവരിച്ചു കേൾപ്പിച്ചു. ചക്രവർത്തി ആ വൃദ്ധക്ക് വിലയേറിയ സമ്മാനം കൊടുക്കുകയും ഫ്രാൻസിന്റെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്തു. തനിക്കു ലഭിച്ച ഏതു സഹായത്തിനും കൃതജ്ഞത പ്രകടിപ്പിക്കുന്ന സ്വഭാവം യുദ്ധരംഗത്തു പോലും നെപ്പോളിയൻ പരിപാലിച്ചിരുന്നു.

കോട്ട കൈവശപ്പെടുത്തിയശേഷം ആസ്ട്രിയക്കാർക്ക് കടന്നുവരാനുള്ള പാലവും തകർത്തു കോട്ടയിൽ കാവൽക്കാരെ നിയമിച്ചശേഷം ചക്രവർത്തി വിയന്നായിലേക്ക് സേനയെ നയിക്കാൻ തീരുമാനിച്ചു. ആസ്ട്രിയയുടെ തലസ്ഥാനനഗരിയായ വിയന്ന കീഴടക്കിയശേഷം സൈന്യം തിരികെപ്പോരുകയായിരുന്നു. ഡാന്യൂബ് നദിയുടെ മറുകരയിൽ കുറെ ശത്രുസൈന്യം ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് അറിഞ്ഞു. അവരെക്കൂടി നശിപ്പിക്കാതെ വിജയം നിലനിർത്താൻ കഴിയില്ലെന്ന് കരുതി. നദികടക്കാനുള്ള പാലം ശത്രുക്കൾ തകർത്തിരുന്നു. വീതിയുള്ളനദിയിൽ പലേടത്തും ചെറുതുരുത്തുകൾ കണ്ടു. അവയെ കൂട്ടിക്കെട്ടിയ വള്ളങ്ങൾ കൊണ്ട് പരസ്പരം ബന്ധിച്ച് ഒരു താല്ക്കാലിക പാലം നിർമ്മിച്ചു. സൈന്യം നദികടന്ന് ശത്രുക്കളെ

നിശ്ശേഷം നശിപ്പിച്ചു. പെട്ടെന്ന് നദിയിൽ വെള്ളം പൊങ്ങിയതായികണ്ടു. മലകളിൽനിന്ന് ഒഴുകിവരുന്ന മരങ്ങാം വള്ളങ്ങളെ മുഴുവൻ തട്ടിക്കൊണ്ടുപോയിരുന്നു. സൈന്യത്തിന് പുഴകടക്കാൻ കഴിഞ്ഞില്ല. നദീതീരം യുദ്ധംകൊണ്ട് പാടെ നശിച്ചിരുന്നു. ഭക്ഷണസാധനങ്ങളൊന്നും അവിടെ കിട്ടിയിരുന്നില്ല. യുദ്ധത്തിൽ വെടിയേററ് നെപ്പോളിയൻെറ ഇരുകാലുകളിലും വലിയ മുറിവുകാം പററിയിരുന്നു. അദ്ദേഹം മഞ്ചലിൽ കിടന്നുകൊണ്ട് മറെറാരു വഴിയിലൂടെ സേനയെ നയിച്ചു.

ഇതിനിടയിൽ ക്യാപ്ററൻ ലാനസ് കഠിനമായ മുറിവേററ് താല്ക്കാലിക ആശുപത്രിയിൽ കിടപ്പിലായിരുന്നു. അദ്ദേഹത്തിൻെറ നില അപകടകരമാണെന്ന് നെപ്പോളിയന് അറിവുലഭിച്ചു. അദ്ദേഹത്തിൻെറ മഞ്ചൽ ആസ്പത്രിയിലേക്ക് നീങ്ങി. ലാനസ്സിൻെറ കിടക്കയ്ക്കരികെ ചെന്നുനിന്ന് നെപ്പോളിയൻ പറഞ്ഞു: 'പ്രിയ സുഹൃത്തേ നിങ്ങാം ജീവിക്കും, ജീവിക്കും!' ലാനസ്സിൻെറ മറുപടി ഇങ്ങനെയായിരുന്നു: 'തിരുമനസ്സിലേക്കും ഫ്രാൻസിനും ഇവനെകൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ മാത്രം ജീവിച്ചേക്കും' ചക്രവർത്തി വളരെ മണിക്കൂറുകാം ലാനസ്സിൻെറ അടുത്തിരുന്നു. ലാനസ് മരിക്കുമ്പോാം അദ്ദേഹം വിതുമ്പിക്കരഞ്ഞു. ആ മൃതശരീരത്തെ ആലിംഗനം ചെയ്തുകൊണ്ട് രണ്ടുമണിക്കൂർ കിടന്നുവത്രെ! ചക്രവർത്തി പെട്ടെന്ന് ഒരു യുദ്ധരംഗത്ത് എത്തേണ്ടതുണ്ടെന്ന നിർബന്ധം കൊണ്ട് സൈന്യങ്ങാം അദ്ദേഹത്തെ അവിടെനിന്നും എടുത്തുകൊണ്ടുപോയി.

ആസ്ത്രിയൻ യുദ്ധത്തിൽ ജയിച്ചശേഷം സേനയെ റഷ്യയിലേക്ക് നയിക്കാൻ തീരുമാനിച്ചു. ഇംഗ്ലണ്ടിൽനിന്ന് ആരും ചരക്കുകാം ഇറക്കുമതി ചെയ്യരുതെന്ന് നെപ്പോളിയൻ കൽപിച്ചിരുന്നു. റഷ്യ ഫ്രാൻസിൻെറ മേൽക്കോയ്മ സ്വീകരിച്ച് ഒപ്പുവച്ച രാജ്യവുമാണ്. ഇംഗ്ലണ്ടിൻെറ ഗൂഢതന്ത്രം മററു രാജ്യങ്ങളിൽ രഹസ്യമായി പിന്താങ്ങിയിരുന്നു. റഷ്യയിലെ സാർ ചക്രവർത്തി പരസ്യമായി ഇംഗ്ലണ്ടിനോട് കച്ചവട കാര്യങ്ങളിൽ ബന്ധം പുലർത്തി. ഇത് നെപ്പോളിയനെ രോഷാകുലനാക്കി. റഷ്യയിലേക്കുള്ള യാത്രക്കിടയിൽ സൈന്യത്തെ ഒരു സ്ഥലത്ത്

താവളമടിപ്പിച്ച് ചക്രവർത്തി പെട്ടെന്നൊരു സന്ദർശനത്തിന് പാരീസിലേക്കുപോയി.

ദിഗ്വിജയത്തിനിടയിൽ പെട്ടെന്ന് ഉണ്ടായ സന്ദർശനം എന്ത് ഉദ്ദേശത്തിലായിരിക്കുമെന്ന് സാമന്ത രാജാക്കന്മാർ ഊഹിച്ചറിഞ്ഞു. നെപ്പോളിയനെ സ്വീകരിക്കാൻ അവരെല്ലാം പാരീസിലെത്തിയിരുന്നു. ഓരോരുത്തരും ഓരോ സൈന്യത്തെയും കൊണ്ടുചെന്നിരുന്നു. നെപ്പോളിയൻ ആ സൈന്യങ്ങളെ മുഴുവൻ അണിനിരത്തി. അണികൾക്കിടയിലൂടെ നടന്ന് മുൻ യുദ്ധങ്ങളിൽ പങ്കെടുത്തവരോടെല്ലാം പരിചയം പുതുക്കി. പലരോടും സുഖവിവരങ്ങൾ ചോദിച്ചു. നിരവധി രാജാക്കന്മാർ ഒരു നോക്കു കാണാനും ഒരു വാക്കു പറയാനും അവസരം കാത്തുനിൽക്കുമ്പോൾ ചക്രവർത്തി തങ്ങളോടെല്ലാം പിതൃതുല്യം സ്നേഹത്തോടെ പെരുമാറുന്നുവല്ലോ എന്നോർത്ത് ഭടന്മാരെല്ലാം സന്തോഷിച്ചു.

ആറുലക്ഷം ഭടന്മാരും ഒരുലക്ഷം കുതിരകളും കണക്കററ പടക്കോപ്പുകളുമായി ആ യുദ്ധയാത്ര ആരംഭിച്ചു. വഴിയിൽ ബൊറോഡിനൊ കീഴടക്കി. മുപ്പതിനായിരം ശൂരന്മാരും അനേകം കുതിരകളും അവിടെവച്ച് നഷ്ടപ്പെട്ടുവത്രെ.

അവിടെനിന്ന് വീണ്ടും ഏഴു ദിവസത്തെ യാത്രക്കുശേഷം നെപ്പോളിയൻ ഒരു ഉന്നതമായ പർവ്വതത്തിൻെറ കൊടുമുടിയിൽ കയറിനിന്ന് ദൂരദർശിനിയിലൂടെ പരിസര പ്രദേശങ്ങൾ നിരീക്ഷിച്ചു. അങ്ങകലെ സമ്പന്നമായ മോസ്ക്കോനഗരം ദൃഷ്ടിയിലകപ്പെട്ടു.

നെപ്പോളിയൻ സൈന്യത്തെ മോസ്ക്കോവിലേക്ക് നയിച്ചു. അവിടെ എത്തിയപ്പോഴേക്കും കാലാവസ്ഥ മാറിക്കഴിഞ്ഞിരുന്നു. കഠിനമായ മഞ്ഞുകാലം തുടങ്ങി. ഫ്രഞ്ചുകാർക്ക് അത് പരിചിതമല്ല. കുതിരകൾ ചത്തൊടുങ്ങാൻ തുടങ്ങി. ഒരു റഷ്യൻ ഭടൻപോലും അവരുടെ ദൃഷ്ടിയിൽ അകപ്പെട്ടില്ല. റഷ്യൻ ഭടന്മാർ ഒളിച്ചിരുന്ന് ആക്രമിക്കാൻ ഒരുങ്ങിയിരുന്നു. അവിചാരിത സന്ദർഭങ്ങളിൽ പെട്ടെന്ന് വന്ന് ആക്രമിച്ച് കാടുകളിലേക്ക് ഓടിപ്പോവുകയാണ് അവർ ചെയ്തിരുന്നത്. ഫ്രഞ്ചു

സേന എത്തുന്ന സ്ഥലങ്ങളെല്ലാം മുൻ കൂട്ടി നശിപ്പിക്കപ്പെട്ടതായും കണ്ടു. അവിടങ്ങളിലെല്ലാം മനുഷ്യവാസം ഇല്ലാതാക്കിയതായും വീടുകൾ ചുട്ടുകരിച്ചതായും ജലാശയങ്ങളിലെ വെള്ളംപോലും ദുഷിപ്പിച്ചതായും കണ്ടു. ഈ ഗൂഢതന്ത്രം ഫ്രഞ്ചുസേനയെ വല്ലാതെ വിഷമിപ്പിച്ചു. ചത്ത കുതിരകളുടെ മാംസവും നദികളിലെ വെള്ളവുമല്ലാതെ മറെറാന്നും അവർക്ക് ഭക്ഷിക്കാൻ കിട്ടിയിരുന്നില്ല. നദീജലം കിട്ടാത്ത സ്ഥലങ്ങളിൽ ദാഹിച്ചും പൊരിഞ്ഞും വളരെ ദിവസം കഴിയേണ്ടിവന്നു.

മോസ്ക്കൊനഗരം കീഴടങ്ങിക്കഴിഞ്ഞാൽ അവിടത്തെ മണിസൗധങ്ങളിൽ ധാരാളം ഭക്ഷ്യവസ്തുക്കളും സമ്പത്തും ഉണ്ടാവുമെന്ന് നെപ്പോളിയൻ കരുതിയിരുന്നു. പക്ഷേ, അവിടത്തെ ഗവർണ്ണറുടെ കൽപന പ്രകാരം നഗരവാസികൾ മുഴുവൻ ഒഴിഞ്ഞു പോയിരുന്നു. അവർ സ്വത്തുക്കളെല്ലാം കൂടെ കൊണ്ടുപോയി. വീടുകളും ഓഫീസ്സുകളും എല്ലാം ചുട്ടു കരിച്ചിരുന്നു. ജലാശയങ്ങൾപോലും ദുഷിപ്പിച്ചിരുന്നു. ആദ്യരാത്രി നെപ്പോളിയൻ മോസ്ക്കൊ രാജകൊട്ടാരത്തിൽ കഴിച്ചുകൂട്ടി. രാത്രിയിൽ അവിടെയും തീ ആളിപ്പടർന്നു. ചക്രവർത്തിയുടെ ജീവൻ സംരക്ഷിക്കപ്പെട്ടു. സൈന്യം മിക്കവാറും ചത്തൊടുങ്ങി.

സാർ ചക്രവർത്തിയോട് സന്ധി ചെയ്യാമെന്നു കരുതി ദൂതന്മാരെ അന്വേഷണത്തിനയച്ചു. പോയവരൊന്നും തിരിച്ചെത്തിയില്ല. വിവരങ്ങളൊന്നും അറിഞ്ഞതുമില്ല. റഷ്യാക്കാരുടെ ഭീകര വഞ്ചന നെപ്പോളിയനെ വിവശനാക്കി. എങ്കിലും അദ്ദേഹം ശേഷിച്ച സൈന്യത്തോടുകൂടി ഫ്രാൻസിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു. യാത്രാദിവസം കഠിനമായ മഴ തുടങ്ങി. വീണു കിടന്ന വലിയ മഞ്ഞിൻകട്ടകൾകൊണ്ട് വഴിയിൽ തടസ്സങ്ങൾ നേരിട്ടു. ഭടന്മാർ പലരും വഴുതിവീണു. വീഴുന്നവരെ താങ്ങാനോ എടുക്കാനോ ആർക്കും കഴിഞ്ഞിരുന്നില്ല. അപ്പോഴും എന്തെങ്കിലും ചെയ്യാനുള്ള മനക്കരുത്ത് നെപ്പോളിയന് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഒടുവിൽ ഒരുവിധം ബെറസീനാ നദിയുടെ കരയിലെത്തി. അവിടത്തെ പാലം റഷ്യൻ ഭടന്മാർ തകർത്തിരുന്നു. ഫ്രഞ്ചു

പട്ടാളക്കാർ കഴുത്തുവരെ വെള്ളത്തിലിറങ്ങി നിന്ന് ഒരു രാത്രി മുഴുവൻ പണിയെടുത്ത് താൽക്കാലികമായ ഒരു പാലം നിർമ്മിച്ചു, സൈന്യം പാലത്തിൻമേൽ കയറുമ്പോഴേക്കും റഷ്യൻ പട്ടാളം പിന്നിൽ നിന്ന് വെടിവച്ചു. പരിഭ്രാന്തരായ ഫ്രഞ്ച് സേനാംഗങ്ങൾ ഒരുമിച്ച് പാലത്തിന്മേൽ കയറി. കുതിരകളും മനുഷ്യരും സൈനികോപകരണങ്ങളും കൊണ്ട് ഭാരം പൊറുക്കാതെ പാലം തകർന്നു വീണു. ഇരുപത്തയ്യായിരത്തിലധികം ഭടന്മാരും അയ്യായിരത്തോളം കുതിരകളും തൽക്ഷണം നശിച്ചു.

ശേഷിച്ചവർക്കുവേണ്ടി മറെറാരു പാലം നിർമ്മിക്കുന്നതുവരെ നെപ്പോളിയൻ കണ്ണീരൊഴുക്കിയിരുന്നുവത്രെ. ഈ സന്ദർഭത്തിൽ പാരീസിൽ നിന്ന് ഒരു ദൂതൻ അവിടെ എത്തിയിരുന്നു. യൂറോപ്യൻ രാജാക്കൻമാരെല്ലാം നെപ്പോളിയനെതിരായി ഗൂഢതന്ത്രങ്ങൾ ആവിഷ്കരിക്കുന്നുവെന്നും അവർക്ക് വേണ്ടി ഫ്രാൻസിലെ നാടുവാഴികളും പ്രഭുക്കളും നെപ്പോളിയനെതിരായി കളളപ്രചരണങ്ങൾ ആരംഭിച്ചിരിക്കുന്നുവെന്നും ദൂതൻ അറിയിച്ചു. തന്റെ വിനാശകരമായ ഒരു ഘട്ടമാണതെന്ന് നെപ്പോളിയൻ ഭാവനയിൽക്കണ്ടു. എങ്കിലും അതിനെ ധീരമായി നേരിടാൻ അദ്ദേഹം ഉറച്ചു. സേനയുടെ നേതൃത്വവും സംരക്ഷണവും 'മൂററ്' എന്ന സൈന്യാധിപനെ ഏൽപിച്ച് നെപ്പോളിയൻ ചക്രവർത്തി ഫ്രാൻസിലേക്ക് കുതിച്ചു.

# 11 ഇതിഹാസ കഥാപാത്രമോ?

നെപ്പോളിയന്റെ 'സെനററുകളിൽ' റോയലിസ്ററുകരംക്കും മോഡറേററു ലിബറലിസ്ററുകരംക്കും കൂടി ഭൂരിപക്ഷമുണ്ടായിരുന്നു. ഇവരിലധികവും പ്രഭുക്കളുമാണ്. യൂറോപ്യൻ രാജാക്കന്മാർ ചാരന്മാർ മുഖേന ഇവരെ പാട്ടിലാക്കി. നെപ്പോളിയൻ റഷ്യൻ ആക്രമണത്തിൽ മുഴുകിക്കൊണ്ടിരിക്കെ ചാരന്മാർക്കതിനു സൗകര്യവുമായി.

റഷ്യൻ ആക്രമണത്തിലും അത്യാഹിതങ്ങളിലും മരിച്ചവരുടെയും അംഗഭംഗം വന്നവരുടെയും ബന്ധുക്കരം ഭീകരമായ യുദ്ധങ്ങളെ വെറുത്തിരുന്നു. അവരെ ചക്രവർത്തിക്കെതിരായി തെററിദ്ധരിപ്പിച്ചു. ആസ്ട്രിയ, പ്രഷ്യ, റഷ്യ എന്നീ വൻ ശക്തികരം കൂടി ഒരു സഖ്യത്തിലേർപ്പെട്ടു. ഏതു വിധത്തിലെങ്കിലും നെപ്പോളിയനെ സ്ഥാനഭ്രഷ്ടനാക്കി ബോർബൻ രാജവംശത്തിന്റെ ഭരണം പുന:സ്ഥാപിക്കാൻ അവർ ദൃഢവ്രതമെടുത്തു. ഇംഗ്ലണ്ട് അവരെ എല്ലാവിധത്തിലും സഹായിക്കാമെന്ന് ഉറപ്പുനല്കി. മററ് അഞ്ചുരാജ്യങ്ങരം സൈനികസഹായം ചെയ്യാമെന്നു സമ്മതിച്ചു. അങ്ങനെ ഒമ്പതു രാജാക്കന്മാരും അവരുടെ സ്വാധീനതയിലുള്ള പ്രഭുക്കളും നാടുവാഴികളും കൂടി ഒരു വലിയ വലയൊരുക്കി. അന്നോളം ചരിത്രം കണ്ടതിൽ വച്ചു വലിയ വഞ്ചനയുടെ വല!

ഈ ഗൂഢാലോചനകരം നെപ്പോളിയൻ അറിയാതിരുന്നില്ല. റഷ്യയിൽനിന്നു തിരിച്ചെത്തിയ ഉടൻ സൈന്യബലം വർദ്ധിപ്പിച്ചു. കൂടുതൽ ആയുധങ്ങളും ശേഖരിച്ചു. ശത്രുക്കളോടു സന്ധിസംഭാഷണത്തിനോ, വിട്ടുവീഴ്ച മനോഭാവത്തിൽ സൗഹൃദം സ്ഥാപിക്കുന്നതിനോ അദ്ദേഹം ഒരുക്കമായിരുന്നില്ല. ഒരു ഘോരയുദ്ധം തന്നെ വേണ്ടിവരുമെന്നാലോചിച്ചു. സൈന്യത്തിന്റെയും ജനങ്ങളുടെയും സ്നേഹവും വിശ്വാസവും തനി

ക്കുണ്ടെന്നും ശത്രുക്കളെ പരാജയപ്പെടുത്താൻ കഴിയുമെന്നും ഉറച്ചു വിശ്വസിച്ചു.

പെട്ടെന്നാണതു സംഭവിച്ചത്. ശത്രുസേനകൾ ഫ്രാൻസിൻെറ എല്ലാഭാഗത്തും ഒരേ സമയം ആക്രമണം ആരംഭിച്ചു. നെപ്പോളിയൻെറ സൈന്യവിഭാഗങ്ങൾ എല്ലായിടത്തും ചെറുത്തു. എന്നാൽ ശത്രുസേനകൾ ഗൂഢമാർഗ്ഗങ്ങളിലൂടെ പാരീസ് നഗരത്തിലും പ്രവേശിച്ചുകഴിഞ്ഞിരുന്നു. അവർക്ക് പ്രഭുക്കളും നാടുവാഴികളും അതിനുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തിരുന്നു. നെപ്പോളിയൻ എന്നിട്ടും ഭയന്നില്ല. പാരീസിലും സംഘട്ടനം തുടർന്നു. പക്ഷേ, സെനററുമെമ്പർമാരോടും മന്ത്രിമാരോടും ശത്രുക്കൾക്ക് രഹസ്യബന്ധം ഉണ്ടായിരുന്നതു കൊണ്ട് ശുതുരാജ്യങ്ങളുടെ അധികാരികൾ രാജകൊട്ടാരത്തിലും പ്രവേശിച്ചു.

നെപ്പോളിയൻ എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു. മുൻപൊരിക്കലും അദ്ദേഹത്തെ സ്പർശിക്കാത്ത മനോവേദന അനുഭവപ്പെട്ടു. ചക്രവർത്തി സ്വകാര്യമുറിയിൽ ചിന്തയിൽ-മുഴുകിയിരിക്കയാണ്. പെട്ടെന്ന് ഒരു ദൂതൻ അങ്ങോട്ടു പ്രവേശിച്ചു. ഒരു സന്ദേശം ചക്രവർത്തിക്കു നല്കി. ഇരു സെനററുകളും ഒരുമിച്ചുചേർന്ന് നെപ്പോളിയനോട് 'സ്ഥാനത്യാഗം' ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഒരു പ്രമേയം അവർ പാസ്സാക്കിയിരുന്നു. ആ സന്ദേശവുമായിട്ടാണ് ദൂതൻ വന്നിരുന്നത്. ജനങ്ങൾ നല്കിയ ചക്രവർത്തിസ്ഥാനം ജനങ്ങൾക്കുതന്നെ തിരിച്ചു നല്കേണമെന്നായിരുന്നു സെനററുകളുടെ തീരുമാനം. ഫ്രാൻസിൽ ജനാധിപത്യം സ്ഥാപിക്കാനാണ് അങ്ങനെ തീരുമാനിക്കുന്നതെന്നും സന്ദേശത്തിൽ വ്യക്തമാക്കിയിരുന്നു. ഫ്രാൻസിനുവേണ്ടി നെപ്പോളിയൻ നിർവ്വഹിച്ച സേവനങ്ങൾക്ക് മധുരഭാഷയിൽ കൃതജ്ഞത രേഖപ്പെടുത്താനും സെനററുകൾ മറന്നിരുന്നില്ല.

'ചെറുത്തു നിന്നിട്ടെന്താണ് പ്രയോജനം? വളരെ ജനങ്ങൾ തെററിദ്ധരിക്കപ്പെട്ടിരിക്കുന്നു. സൈന്യങ്ങൾ ഘോരയുദ്ധങ്ങൾമൂലം തളർന്നിരിക്കുന്നു. അവരെ വീണ്ടും ബലിയാടുകളാക്കിയാൽ ഫ്രാൻസിലെങ്ങും രക്തപ്പുഴയൊഴുകും. ശത്രുസേന

കളോട് ഫ്രഞ്ചുകാരിൽ വലിയൊരു ഭാഗം ചേർന്നേക്കും. ആ നിലയിൽ ഫ്രഞ്ചുപൗരൻമാരുടെ രക്തം ഒഴുകേണ്ടതായും വരും. ജനങ്ങളുടെ വോട്ടുകൾനേടി അധികാരത്തിലെത്തിയവർ എടുത്ത തീരുമാനം അനുസരിക്കുന്നതല്ലേ അഭികാമ്യം?' ഈ ചിന്തകൾ നെപ്പോളിയനിൽ തലപൊക്കി.

നെപ്പോളിയൻ 'സ്ഥാനത്യാഗം' ചെയ്തതായി പ്രസ്താവിക്കുന്ന ഒരു സന്ദേശം ഒരു ദൂതൻവശം സെനററുയോഗത്തിലേക്ക് അയച്ചു. ആ സന്ദേശത്തിൽ ഫ്രാൻസിൽ ജനാധിപത്യഭരണം സ്ഥാപിക്കുന്നതിൽ സന്തോഷിക്കുന്നതായും, എന്നാൽ തൻെറ മകനെ നാമമാത്രമായ അധികാരങ്ങളോടെ ഫ്രാൻസിൻെറ ചക്രവർത്തിയായി വാഴിക്കേണമെന്നും ആവശ്യപ്പെട്ടു. പുത്രൻ ഒരു കൊച്ചുകുട്ടിയായതുകൊണ്ട് അവൻ വളരുന്നതുവരെ മന്ത്രിസഭയ്ക്കു എല്ലാ അധികാരവും ഉണ്ടായിരിക്കുന്ന വിധം നിയമനിർമ്മാണം ചെയ്യാനും സെനററിനെ അദ്ദേഹം ഉപദേശിച്ചു. നെപ്പോളിയൻെറ നിബന്ധനകളെല്ലാം സമ്മതിച്ചു. 'സ്ഥാനത്യാഗം' സന്തോഷത്തോടെ സ്വീകരിച്ചും സെനററ് തീരുമാനമെടുത്തു.

നെപ്പോളിയനെ ഭയന്ന് ഒരു കപടതന്ത്രമെന്ന നിലയിലായിരുന്നു ആ തീരുമാനങ്ങൾ എടുത്തിരുന്നതെന്ന് മൂന്നാം ദിവസം തന്നെ തെളിഞ്ഞു. സെനററുകൾ വീണ്ടും ചേർന്ന് 'രണ്ടാം നെപ്പോളിയൻ' എന്ന സ്ഥാനത്തോടെ ചക്രവർത്തിയുടെ പുത്രന് നല്കിയിരുന്ന 'അനന്തരാവകാശം' നീക്കം ചെയ്തു. ഫ്രാൻസിലെ സിംഹാസനത്തിൽ നെപ്പോളിയനു മാത്രമല്ല, അദ്ദേഹത്തിൻെറ കുടുംബത്തിനും യാതൊരു അവകാശവുമില്ലെന്ന് തീരുമാനിച്ചു. ജനാധിപത്യം നടപ്പാക്കുന്നതിനുപകരം ജനങ്ങൾ വിപ്ലവംകൊണ്ട് സ്ഥാനഭ്രഷ്ടനാക്കിയ ബോർബൻ രാജവംശത്തിൻെറ അധികാരം പുനസ്ഥാപിക്കയാണ് സെനററുകൾ ചെയ്തത്. ലൂയി പതിനെട്ടാമൻ എന്ന ബോർബൻ വംശജനെ അവർ അധികാരത്തിൽ വാഴിച്ചു. വിദേശരാജാക്കന്മാർക്കു വേണ്ടി 'ജനാധിപത്യം' കുഴിച്ചു മൂടപ്പെട്ടു.

1814 ഏപ്രിൽ 19–ന് ആയിരുന്നു ലൂയി പതിനെട്ടാമന്റെ സ്ഥാനാരോഹണം. പിറേറന്ന് തന്നെ സെനററുകൾ സമ്മേളിച്ച് നെപ്പോളിയനെ നാടുകടത്താൻ തീരുമാനിച്ചു. അദ്ദേഹത്തെ കൊട്ടാരത്തിൽനിന്ന് ഇറക്കി ഒരു കുതിര വണ്ടിയിൽക്കയററി പരമരഹസ്യമായ ഏതോ സ്ഥലത്തേക്ക്കൊണ്ടുപോകാൻ തുനിഞ്ഞു.

നെപ്പോളിയന്റെ അഭ്യർത്ഥനയനുസരിച്ച് സേനയെ അണിനിരത്തി, അദ്ദേഹത്തിന് അവരോട് യാത്രപറയാൻ ഒരു അവസരം ഉണ്ടാക്കിക്കൊടുക്കേണ്ടതായിവന്നു. സ്ഥാനഭ്രഷ്ടനായിട്ടും അദ്ദേഹം പറയുന്നതു കേൾക്കാൻ അനേകലക്ഷം ജനങ്ങൾ രാജകൊട്ടാരത്തിന്റെ പരിസരത്ത് തടിച്ചുകൂടി. ഒരു ലക്ഷം ഭടന്മാർ അവരുടെ 'പെററിക്കോർപ്പറലിന്റെ' അവസാന വാക്കുകൾ കേൾക്കാൻ ഉൽക്കണ്ഠാകുലരായി. നെപ്പോളിയൻ ശാന്തധീരനായി ഇങ്ങനെ പ്രസംഗിച്ചതായിക്കാണുന്നു.

'ധീരവത്സലരായ യോദ്ധാക്കളേ, ആത്മമിത്രങ്ങളായ ജനങ്ങളേ, ഞാൻ നിങ്ങളോടു യാത്രപറയുകയാണ്. എന്നെ നിങ്ങൾ വിസ്മരിക്കരുതേ! യൂറോപ്പുഭൂഖണ്ഡം മുഴുവൻ എനിക്ക് എതിരായിത്തിരിഞ്ഞിരിക്കുന്നു. എന്റെ വാത്സല്യ ജനങ്ങൾതന്നെ എനിക്ക് എതിരായിരിക്കുന്നുവെന്നും പറയപ്പെടുന്നു. അവർ തെററദ്ധരിപ്പിക്കപ്പെട്ടതാവാം. എല്ലാവരെയും എല്ലാകാലത്തും തെററിദ്ധരിപ്പിക്കാൻ ആർക്കും കഴിയില്ല. എന്റെ സ്ഥാനത്ത് മറെറാരാൾ ഇരുന്നുകഴിഞ്ഞിരിക്കുന്നു. ഞാൻ ഇനി യാത്രപറയട്ടെ! ഫ്രാൻസ് തെരഞ്ഞെടുത്ത പുതിയ ഭരണാധികാരിയോടെങ്കിലും നിങ്ങൾ വിശ്വസ്തതയോടെ പെരുമാറുക. എന്റെ വിധിയെപ്പററി നിങ്ങളാരും വിലപിക്കേണ്ട. നിങ്ങളിൽ ഓരോരുത്തരേയും ആശ്ലേഷിച്ച് യാത്രപറയാൻ എനിക്ക് ആഗ്രഹമുണ്ട്. അതു സാദ്ധ്യമല്ലല്ലോ!....അതുകൊണ്ട് നിങ്ങളുടെ പ്രതിനിധിയായ ജനറലിനേയും ഫ്രാൻസിന്റെ പ്രതീകമായ പതാകയേയും ഞാൻ ആശ്ലേഷിക്കുന്നു!'

ആ വികാര വിക്ഷുബ്ധമായ വാക്കുകൾകേട്ട് എല്ലാവരും കണ്ണീര് ഒഴുക്കി. പട്ടാളജനറലിനേയും ധ്വജസ്തംഭത്തേയും

ആലിംഗനം ചെയ്ത് എല്ലാവർക്കും അന്തിമാഭിവാദനങ്ങളർപ്പിച്ച് അദ്ദേഹം കുതിരവണ്ടിയിൽ കയറി.

ആ വണ്ടി കടൽത്തീരംവരെ കുതിച്ചോടി. അവിടെ ഒരു സംഘം വിദേശ പട്ടാളക്കാർ ഒരു കപ്പൽ ഒരുക്കി നിർത്തിയിരുന്നു. നെപ്പോളിയനെ അവർ അതിൽ കയററി. കപ്പൽ കടലിൻെറ ഉള്ളിലോട്ടു നീങ്ങിക്കൊണ്ടേയിരുന്നു.

നെപ്പോളിയനെ ഏകാന്തമായ ഒരു ദ്വീപിൽ കൊണ്ടുപോയി ആരുമാരും അറിയാതെ വധിക്കാനായിരുന്നു വിദേശ ശത്രുക്കളുടെ ആലോചന. പക്ഷേ, ആ മനുഷ്യസ്നേഹിയുടെ ജീവൻ കാട്ടുമനുഷ്യന്മാർപോലും വിലയേറിയ നിധിയായിക്കരുതിയത്രേ. ആരേയും ഒറ്റനോട്ടംകൊണ്ടാകർഷിക്കുന്ന കണ്ണുകൾ 'എൽബൊദ്വീപി'ലെ കാടന്മാരെയും വശത്താക്കി!

ലൂയി പതിനെട്ടാമൻെറ ഭരണം അൽപ്പദിവസം കൊണ്ട് ഭടന്മാരും ജനങ്ങളും വെറുത്തു. വിദേശികളുടെ വഞ്ചനയും സെനററുകളുടെ ഗൂഢതന്ത്രങ്ങളും നാട്ടിൽ പാട്ടായി. ചക്രവർത്തിയും മന്ത്രിമാരും ആയുധങ്ങൾകൊണ്ട് ജനങ്ങളെ ഭയപ്പെടുത്തി ഭരണം നിലനിർത്തി.

ജനഹൃദയങ്ങളിൽ നെപ്പോളിയനോടുള്ള സ്നേഹദീപം അണഞ്ഞിരുന്നില്ല. സ്വരാജ്യത്തിനുവേണ്ടി അനവരതം അനുഷ്ഠിക്കേണ്ടിവന്നിരുന്ന ധീരകൃത്യങ്ങളും വിജയങ്ങളും കൊണ്ട് ഭടന്മാർ ദേശാഭിമാന ബോധമുള്ളവരായിരുന്നു. നെപ്പോളിയൻെറ പിതൃതുല്യമായ സ്നേഹം അവർ സദാ അനുസ്മരിച്ചിരുന്നു.

1815 മാർച്ച് 1. ഫ്രാൻസ് രാജ്യത്തിന് പുളകം പകർന്ന ദിനം. അന്ന് അവിചാരിതമായി ഒരു ചെറുവഞ്ചി 'കെയ്സ്' തുറമുഖത്ത് അണഞ്ഞു. പഴകി ദ്രവിച്ച വസ്ത്രങ്ങളും പാറിപ്പറക്കുന്ന മുടിയുമുള്ള കൃശഗാത്രനായ ഒരു മനുഷ്യൻ തനിച്ച് ആ വഞ്ചിയിൽനിന്ന് കരയ്ക്കിറങ്ങി! സാധാരണ ജനങ്ങൾ വേഗം തിരിച്ചറിഞ്ഞു. അതു നെപ്പോളിയനായിരുന്നു!

കണ്ടവരും കേട്ടവരും ഓടിയെത്തി അദ്ദേഹത്തെ ആലിംഗനം ചെയ്തു. നിമിഷങ്ങൾക്കകം അവിടെയാകെ ജനങ്ങൾനിറഞ്ഞു. ചാരന്മാർ ആ വാർത്ത രാജകൊട്ടാരത്തിൽ എത്തിച്ചു. ലൂയി പതിനെട്ടാമൻെറ സിംഹാസനം കുലുങ്ങി! മന്ത്രിമാർ വിറച്ചു! എങ്ങും 'മന്ത്രം' പരന്നു. സെനററുകൾ ഉടൻ സമ്മേളിച്ചു. അതിനകം ഇരുസേനാവിഭാഗങ്ങളും 'കെയ്സ്' തുറമുഖത്തേക്കു കുതിച്ചിരുന്നു. 'അവനെ പിടിച്ചുകെട്ടിക്കൊണ്ടു വരിക! അതിനു കഴിയാതെ വന്നാൽ വധിക്കുക!' ചക്രവർത്തി കൽപ്പിച്ചിരുന്നു.

അശ്വാരൂഢരായ അറുന്നൂറു സായുധ ഭടന്മാർ ഉടൻ കുതിച്ചിരുന്നു. പിന്നാലെ ആറായിരം കാലാൾ സൈന്യം മാർച്ച് ചെയ്തു. നെപ്പോളിയൻ നിരത്തിലൂടെ മന്ദം മന്ദം നടന്നു വരികയാണ്. പിന്നാലെ ആരാധകരായ ജനങ്ങൾ, നിശ്ശബ്ദരായി! ദുഃഖസൂചകമായ ഒരു മൗനജാഥ പോലെ! അവരെല്ലാം ഭയന്നിരുന്നു. എന്നാൽ പ്രിയങ്കരനായ അവരുടെ 'ചക്രവർത്തിയെ' തനിയേ വിടാൻ അവരുടെ ഹൃദയം അനുവദിച്ചിരുന്നില്ല.

അറുനൂറു കുതിരപ്പട്ടാളത്തെ നയിക്കുന്ന 'ജനറലിൻെറ' ദൃഷ്ടിയിൽ നെപ്പോളിയനകപ്പെട്ടു. തൽക്ഷണം ആ മനുഷ്യനെ ആക്രമിക്കാൻ ജനറൽ സൈന്യത്തിന് കൽപ്പന കൊടുത്തു. ഭടന്മാർ വാളുയർത്തി മുന്നോട്ടു കുതിച്ചു. നെപ്പോളിയൻ കൈകൾ മാറിൽ പിണച്ചുവച്ച് മെല്ലെ മെല്ലെ മുന്നോട്ടു നടന്നിരുന്നു. ആ ഭടന്മാർ മുഴുവൻ നെപ്പോളിയൻെറ സ്നേഹത്തിനും വാത്സല്യത്തിനും അർഹരായി വളർന്നു വന്നവരായിരുന്നു. ആ സ്നേഹമൂർത്തിയെ അടുത്തു കണ്ടപ്പോൾ അവരുടെ കരളിൽ കൃതജ്ഞത കിളർന്നു. വാളുയർത്തിയ കൈകൾ താഴ്ന്നു! അവരെല്ലാം കുതിരപ്പുറത്തു നിന്നിറങ്ങി കൈവാൾ ഉയർത്തി വീശി നെപ്പോളിയനെ അഭിവാദ്യം ചെയ്തു. നെപ്പോളിയനെ മുന്നിൽ നടത്തി അവർ പിന്നാലെ നടന്നു. കുതിരകൾ ആ ഭടൻമാരെ ഉരുമി നടന്നിരുന്നു: ജനങ്ങൾ ആഹ്ലാദഭരിതരായി!

അവർ ഒരു പ്രധാന നാല്ക്കവലയിൽ എത്തിയപ്പോൾ ആറായിരം ഭടന്മാരുടെ വൻ സംഘം എതിരെ വന്നിരുന്നു. ആ സൈ

ന്യത്തിന്റെ ക്യാപ്റ്റൻ അലറി. 'അവനെ പിടിച്ചുകെട്ടുക. എതിർക്കുന്നവരെ വെടിവയ്ക്കുക'. പക്ഷേ, ആ സൈന്യം ഉറക്കെ വിളിച്ചുപറഞ്ഞു: 'ചക്രവർത്തി നീണാാം വാഴട്ടെ!....ചക്രവർത്തി നീണാാം വാഴട്ടെ!' അവർ വാളുയർത്തി വീശുകയും ക്രമത്തിൽ നെപ്പോളിയന്റെ പിന്നിൽ അണിനിരക്കുകയും ചെയ്തു.

വിവരങ്ങാം കേട്ടറിഞ്ഞ് പിരിഞ്ഞുപോയ പട്ടാളക്കാരും മററ് ജോലികളിൽ നിയമിക്കപ്പെട്ടവരും ഓടിയെത്തിക്കൊണ്ടിരുന്നു. ആ ജാഥ ജയഭേരി മുഴക്കിക്കൊണ്ട് കൊട്ടാരത്തിലെത്തി. നെപ്പോളിയൻ കൊട്ടാരത്തിൽ സുരക്ഷിതമായിപാർപ്പിക്കപ്പെട്ടു.

സെനററുമെമ്പർമാരെയും രാജാവിനെയും മന്ത്രിമാരെയും ബന്ധനസ്ഥരാക്കാനും നെപ്പോളിയനെ സ്ഥാനാരോഹണം ചെയ്യിക്കാനും സൈന്യം തുനിഞ്ഞു. നെപ്പോളിയൻ അവരോട് പറഞ്ഞു: 'എല്ലാവരും ഫ്രാൻസിലെ പ്രജകളാണ്. ഫ്രാൻസിനെ സ്നേഹിക്കാനും എല്ലാവരെയും രക്ഷിക്കാനുമാണ് ഞാൻ വന്നത്.'

ലൂയി പതിനെട്ടാമൻ മാർച്ച് 19–ന് ഒളിച്ചോടിപ്പോയി. ഇരുപതാം തീയതി സെനററുകാം സമ്മേളിച്ച് നെപ്പോളിയനെ ചക്രവർത്തിയായി അംഗീകരിക്കുന്ന പ്രമേയം പാസ്സാക്കി. ഫ്രാൻസിന്റെ സിംഹാസനത്തിൽ ജനങ്ങളുടെ ചക്രവർത്തി കയറിയിരുന്നു. ലോകരാഷ്ട്രങ്ങളിലെ ഭരണകർത്താക്കാം ആ വാർത്തയറിഞ്ഞ് സ്തംഭിച്ചിരുന്നു.

## 12. അവസാനത്തെ യുദ്ധം

യൂറോപ്പിലെ രാജാക്കന്മാരെല്ലാം 'വിയന്ന'യിൽ സമ്മേളിച്ചിരിക്കുകയാണ്. പങ്കെടുക്കാൻ കഴിയാത്തവരുടെ മന്ത്രിമാരോ പട്ടാള മേധാവികളോ ആ യോഗത്തിലുണ്ട്. 'എൽബ'യിൽ കൊണ്ടുചെന്നാക്കപ്പെട്ട നെപ്പോളിയൻ ഫ്രാൻസിലേക്കു പ്രവേ

ശിക്കാനിടയാകരുത്. ലൂയിപതിനെട്ടാമന് ഫ്രാൻസ് സിംഹാസനത്തിലുള്ള സ്ഥിരാവകാശം ഉറപ്പിക്കണം. അതിന്നുവേണ്ടി തുടർന്നു പ്രവർത്തിക്കേണ്ടതു് എങ്ങനെയെന്ന് തീരുമാനിക്കാനായിരുന്നു ആ സമ്മേളനം. പെട്ടെന്നാണ് നെപ്പോളിയൻെറ തിരിച്ചു വരവ് അവരറിഞ്ഞത്. അവരെല്ലാം പരിഭ്രാന്തരായി. അവരുടെ ബുദ്ധിയിൽ ഒരേ ഒരു ചോദ്യം പുകഞ്ഞു:' നെപ്പോളിയനെ എങ്ങനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കാം?' അതായിരുന്നു ആ ചോദ്യം.

അവർ സുദീർഘവും വിശദവുമായി ചർച്ച ചെയ്തു. എല്ലാ രാജ്യങ്ങളും മുഴുവൻ ശക്തിയും എടുത്തു പ്രയോഗിക്കാമെന്ന് പരസ്പരം ഉറപ്പുകൊടുത്തു. യുദ്ധത്തിൻെറ നേതൃത്വം ആരാണേറെറടുക്കുക? എല്ലാവരും ഒന്നാംസ്ഥാനത്തിൽ കണ്ണുവച്ചു. നെപ്പോളിയനെ ബന്ധനസ്ഥനാക്കി ഇരുമ്പഴിക്കൂട്ടിലിട്ട് മർദ്ദിക്കാനുള്ള അവകാശം ഓരോരുത്തരും കൊതിച്ചു. റഷ്യൻ പ്രതിനിധി എഴുന്നേററുനിന്നു പറഞ്ഞു:' അവനെ എൻെറ കൈയിൽത്തന്നെ കിട്ടണം. എനിക്ക് അവനെ ഒരു വിഷപ്പട്ടിയെപ്പോലെ വെടിവച്ചുകൊല്ലണം.' രണ്ടുതവണ നെപ്പോളിയനോടേററുമുട്ടി തോറേറാടിയവനായിരുന്നു ആ റഷ്യൻ ജനറൽ. ആസ്ത്രിയൻ രാജാവു പറഞ്ഞു:' എൻെറ മകളെ അവനിനി ഒരിക്കലും കൊണ്ടുപോകാനിടവരരുത്. അവളെ രക്ഷിക്കാനായിട്ടെങ്കിലും അവനെ കൊലപ്പെടുത്താനുള്ള അവകാശം എനിക്കു തരണം!! തൻെറ ജാമാതാവിൻെറ അപാരമായ പൗരുഷത്തെക്കുറിച്ചും അജയ്യ ശക്തിയെപ്പററിയും ഉള്ളിൽ വമ്പിച്ച മതിപ്പ് ഉണ്ടായിട്ടും കച്ചവടതന്ത്രജ്ഞരായ സുഹൃത്തുക്കളെ പ്രീണിപ്പിക്കാൻ അയാളതു തട്ടിവിട്ടു. പ്രഷ്യൻ രാജാവ് വീറോടെ വാദിച്ചു: 'അവൻ ഒരടിമയുടെ മകനാണ്. ഒരു രാജസിംഹാസനത്തിലിരിക്കാൻ അവനർഹതയില്ല. അവനെ അടിമയായിത്തന്നെ ജീവിക്കാൻ വഴിയൊരുക്കണം.' ജർമ്മൻ പ്രതിനിധിയും ബൽജിയം രാജാവും അതേ അഭിപ്രായം ഏററുപാടി. പക്ഷേ, ഇവരെയൊന്നും നേതൃത്വം ഏല്പിക്കാൻ ചെറുരാജാക്കന്മാർ ഇഷ്ടപ്പെട്ടിരുന്നില്ല. അവസാനം എല്ലാവർക്കും സമ്മതമായ ഇംഗ്ലണ്ടിൻെറ നേതൃത്വത്തിൽത്തന്നെ യുദ്ധം ചെയ്യാൻ അവർ തീരുമാനിച്ചു.

റൈൻ നദീതീരത്ത് പല സ്ഥലത്തുനിന്നുമായിവന്ന അറുപതിനായിരം ഭടന്മാർ അണിനിരന്നു. വെല്ലിംങ്ടന്റെ നേതൃത്വത്തിൽ ഒരു ലക്ഷവും ബ്ളൂഷറുടെ നേതൃത്വത്തിൽ ഒരുലക്ഷത്തിമുപ്പതിനായിരവും ഭടന്മാർ ഇംഗ്ലണ്ടിന്റെ കല്പനപ്രകാരം ഒരുങ്ങി. ആസ്ത്രിയ സ്വിററ്സർലണ്ട് എന്നീ രാജ്യങ്ങളുടെ സേനാനികൾ അമ്പതിനായിരം വീതമുള്ള സൈന്യത്തെ റൈൻതീരത്തേക്കു നയിച്ചു. റഷ്യൻ ചക്രവർത്തി രണ്ടുലക്ഷം ധീരന്മാരെ ഒരുക്കി. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ആയുധങ്ങൾ പരമരഹസ്യമായി അയച്ചുതുടങ്ങി. യുദ്ധത്തിന്റെ കേന്ദ്രബിന്ദു ഏതായിരിക്കുമെന്ന കാര്യം എല്ലാവരും പരമരഹസ്യമായി സൂക്ഷിച്ചു.

നെപ്പോളിയന്റെ യുദ്ധതന്ത്രം ഐന്ദ്രജാലികമായിരുന്നു. ശത്രുക്കളുടെ നിഗൂഢതകൾ അദ്ദേഹം ഗ്രഹിച്ചിരുന്നു. ഫ്രാൻസിന്റെ അഭിമാനം സംരക്ഷിക്കാൻ സ്വജീവൻപോലും ബലികഴിക്കാൻ അദ്ദേഹം ഉറച്ചു. ഏതു ക്രൂരതയും ചെയ്ത് ശത്രുവിനെ നശിപ്പിക്കുമെന്നുറപ്പിച്ച യൂറോപ്യൻ ശക്തികളോട് സംഖ്യത്തിനു ശ്രമിക്കുന്നത് വെറുതേയാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു

ശത്രുസൈന്യങ്ങൾ ഒരു ലക്ഷമാണെങ്കിൽ നെപ്പോളിയന് അവരെ ജയിക്കാൻ പതിനായിരം ഭടന്മാർ മതിയാകുമായിരുന്നു. അദ്ദേഹത്തിന്റെ യോദ്ധാക്കൾക്ക് ഉണ്ടായിരുന്ന പരിശീലനവും വിദഗ്ദ്ധനേതൃത്വവും അന്ന് വിശ്വപ്രസിദ്ധിയാർജ്ജിച്ചിരുന്നു. 'നെപ്പോളിയന് പത്തിലൊന്നുമതി.' എന്നൊരു ചൊല്ലുതന്നെ അക്കാലത്ത് ലോകമെങ്ങും പ്രചരിച്ചിരുന്നു.

1815 ജൂലായ് 12-ാംതിയതിയിലെ പ്രഭാതം. നെപ്പോളിയൻ സൈനിക വേഷത്തിൽ യുദ്ധരംഗത്തേക്കു പുറപ്പെട്ടു. അതിനകം ഒന്നരലക്ഷം സേനയെ സംഘടിപ്പിക്കാനേ അദ്ദേഹത്തിനുകഴിഞ്ഞിരുന്നുള്ളൂ. ജനറൽ 'നേ' എന്ന സൈന്യാധിപനോട് അതിൽ നിന്നു നാലായിരം ഭടന്മാരോടുകൂടി മാർച്ച് ചെയ്ത് 'ക്വാർട്ടർ ബ്രാസ്' പട്ടണം കൈവശപ്പെടുത്താനും അവിടെ എത്തുന്ന ശത്രുസേനകളെ അവിടെവച്ചു തന്നെ നാമാവശേഷമാ

ക്കാനും നേരത്തേ കല്പിച്ചിരുന്നു. ശത്രുസൈന്യത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനത്തേക്ക് 'ക്വാർട്ടർ ബ്രാസ്സിലൂടെ' യാണ് പോകേണ്ടിയിരുന്നതെന്ന് നെപ്പോളിയനറിയാമായിരുന്നു.

ജനറൽ 'നേ' അതിശീഘ്രം ക്വാർട്ടർ ബ്രാസ്സിലേക്കു കുതിച്ചു. അവിടെ എത്തിയപ്പോാം പട്ടണം ഉറങ്ങിക്കിടക്കുന്നതായിക്കണ്ടു ശത്രുക്കളാരും അവിടെ എത്തിയിരുന്നില്ല. സൈന്യം വിശ്രമത്തിന് അനുവാദം ചോദിച്ചു. 'നേ' അന്നു രാത്രി ഉറങ്ങാനുള്ള അനുവാദം കൊടുത്തു. താൻ ക്വാർട്ടർ ബ്രാസ് കൈവശപ്പെടുത്തിക്കഴിഞ്ഞതായി അദ്ദേഹം ചക്രവർത്തിക്ക് അറിവും കൊടുത്തു.

വാട്ടർലൂവിലേക്കുള്ള യാത്രക്കിടയിൽ 'ക്വാർട്ടർ ബ്രാസി' ലെത്തുന്ന ശത്രുക്കളെ 'നേ' നേരിടുമെന്നും അവിടെവച്ചു തന്നെ ശത്രുക്കളെ തളർത്താമെന്നും ശേഷിച്ച ശത്രുക്കളെ വാട്ടർലൂവിൽ മുട്ടുകുത്തിക്കാൻ മററു ഭാഗത്തിലൂടെ 'ഗ്രൗച്ചി'യുടെ നേതൃത്വത്തിൽ സൈന്യം നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടെന്നും നെപ്പോളിയൻ മനസ്സിൽക്കണ്ടു. വഴിയിൽ ഒരുങ്ങിനിൽക്കുന്ന 'ഓാൾഡുഗാർഡ്സ്' എന്ന വിദഗ്ദ്ധസേനയെ താൻതന്നെ നേരിട്ടുനയിക്കാമെന്നു കരുതിയാണ് ചക്രവർത്തി അന്ന്പുറപ്പെട്ടത്. നാൽപതിനായിരം സാധാരണ ഭടന്മാരുടെ ഒരു സംഘവുംകൂടെ കൊണ്ടു പോകാൻ ഒരുക്കിയിരുന്നു.

വാട്ടർലൂവിലേക്കുള്ള യാത്രക്കിടയിൽ 'ലിഗ്നി' എന്ന സ്ഥലത്ത് എത്തിയപ്പോാം നെപ്പോളിയൻ ബ്ളൂഷറുടെ നേതൃത്വത്തിലുള്ള ഒരു ലക്ഷത്തി മുപ്പതിനായിരം ഭടൻമാരുടെ സൈന്യത്തെ കണ്ടുമുട്ടി. 'ഓാംഡ്ഗാർഡ്സി'നെ അൽപം ദൂരെ ഒരുക്കി നിർത്തിയശേഷം സാധാരണ സൈന്യത്തെ ശത്രുവിന് നേരേ നയിച്ചു. ഒരു പകൽ സമയംകൊണ്ട് 'ഓാംഡ്ഗാർഡ്സി'നെ രംഗത്തിറക്കാതെത്തന്നെ ബ്ളൂഷറെ തോൽപ്പിച്ചോടിച്ചു. പതിനായിരം ശത്രുഭടന്മാർ നെപ്പോളിയന്റെ തടവിലായി. ഇരുപതിനായിരം ശത്രു ഭടന്മാർ മുറിവേററ് അവശരുമായി. നെപ്പോളിയന്റെ സൈന്യത്തിൽ മൂന്നിലൊരുഭാഗം അംഗഹീനരോ

അവശരോ ആയിരുന്നു. കുറെപ്പേർ കൊല്ലപ്പെടുകയും ചെയ്തിരുന്നു. ബാക്കിയുള്ളവരേയും ഓൾഡ്ഗാർഡ്സിനേയും കൂട്ടി നെപ്പോളിയൻ 'ക്വാർട്ടർ ബ്രാസ്സിലേ'ക്കു നീങ്ങി. അവിടെ ശത്രുനാശം വരുത്തി വിജയിച്ചു നിൽക്കുന്ന 'നേ'യുടെ സൈന്യത്തെക്കൂടി തൻെറ കൂടെനയിക്കാമെന്നായിരുന്നു നെപ്പോളിയൻെറ പ്രതീക്ഷ.

ക്വാർട്ടർബ്രാസ്സിൽ വച്ച് അദ്ദേഹത്തിനറിയാൻ കഴിഞ്ഞവിവരം ഏററവും ദുഃഖകരമായിരുന്നു. ശത്രുക്കളാരും സ്ഥലത്തില്ലാത്തതുകൊണ്ട് ഒരു രാത്രി ഭടന്മാർക്കുറങ്ങാൻ 'നേ' അനുമതി നല്കിയിരുന്നു. ആ രാത്രിയിൽത്തന്നെ 'വെല്ലിംഗ്'ടൻെറ കീഴിൽ ഇംഗ്ലീഷ്സേന ആ പട്ടണത്തിൽ പ്രവേശിക്കയും മർമ്മസ്ഥാനങ്ങൾ പിടിച്ചടക്കുകയും ചെയ്തിരുന്നു. രാവിലെ 'നേ' ഉണർന്നപ്പോൾ ഇംഗ്ലീഷുസേനയാൽ തൻെറ സൈന്യം വളയപ്പെട്ടതായിക്കണ്ടു. ഉഗ്ര സംഘട്ടനത്തിൽ 'നേ'യുടെ സൈന്യം മുക്കാൽഭാഗവും കൊല്ലപ്പെട്ടു. ബാക്കിയുള്ളവരേയും കൊണ്ട് 'നേ' വാട്ടർലൂവിലേക്കു പോയിക്കഴിഞ്ഞിരുന്നു.

നശിച്ചുകിടക്കുന്ന 'ക്വാർട്ടർ ബ്രാസ്സി'ലൂടെ നെപ്പോളിയൻ വാട്ടർ ലൂവിൽ എത്തിച്ചേർന്നു. അവിടെ അദ്ദേഹത്തിൻെറ സൈന്യം തോൽവിയുടെ വക്കത്ത് എത്തിയിരുന്നു. എങ്കിലും തൻെറ കൂടെയുള്ള സാധാരണ ഭടന്മാർ ഒരുഗ്രസമരം നടത്തുമ്പോഴേക്കും 'ഗ്രൗച്ചി'യുടെ നേതൃത്വത്തിൽ മറെറാരു സൈന്യം എത്തുമല്ലോ. അവർകൂടി തളരുമ്പോൾ 'ഓൾഡ്ഗാർഡ്സിനെ രംഗത്തിറക്കാം.' ഇപ്രകാരം ചിന്തിച്ചുകൊണ്ട് നെപ്പോളിയൻ യുദ്ധത്തിന് നേതൃത്വം നല്കി.

ജനറൽ 'നേ' തനിക്കുപററിപ്പോയ വിഡ്ഢിത്തം ചക്രവർത്തിയോട് തുറന്നു പറഞ്ഞു മാപ്പ് അപേക്ഷിച്ചു. ചക്രവർത്തിയാതൊരു ഭാവഭേദവും കൂടാതെ 'നേ'യെ ആശ്വസിപ്പിക്കുകയാണത്രേ ഉണ്ടായത്. മനുഷ്യൻെറ ബുദ്ധിശൂന്യതയിൽ സഹതപിക്കാനല്ലാതെ കോപിക്കാൻ ആ മഹാമനസ്കന് കഴിയുമായിരുന്നില്ല.

'ഗ്രൗച്ചി' നിലയുറപ്പിച്ചിരുന്ന 'നാമൂർ' എന്ന സ്ഥലത്തു നിന്ന് സേനയെ മുന്നോട്ടു നയിച്ചില്ല. നെപ്പോളിയന്റെ നേരിട്ടുള്ള നിർദ്ദേശമില്ലാതെ സേനയെ അവിടെനിന്നിളക്കുന്നത് യുദ്ധ തന്ത്രത്തിന് നിരക്കുന്നതല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. ഇത് പാരീസിലേക്കെഴുതിയയച്ചിരുന്നുവെങ്കിലും നെപ്പോളിയന് ആ വിവരം തൽക്ഷണം എത്തിക്കാൻ യാതൊരാൾക്കും സാധിക്കുമായിരുന്നില്ല.

നെപ്പോളിയന്റെ സൈന്യം കുറഞ്ഞുകുറഞ്ഞുവരാൻ തുടങ്ങി. ജനറൽ നേയ്ക്കു പററിയ വിഡ്ഢിത്തം, ഗ്രൗച്ചിയുടെ സൈന്യം ഉദ്ദിഷ്ട സമയത്ത് എത്തിച്ചേരാത്ത അവസ്ഥ എന്നിവകൊണ്ട് ചക്രവർത്തി വളരെ ദുഃഖിതനായി. ശത്രുക്കളുടെ ഭാഗത്ത് അപ്പോൾത്തന്നെ രണ്ടു ലക്ഷത്തിലേറെ സൈന്യം ഉണ്ടായിരുന്നു. പെട്ടെന്ന് കുറെ ദൂരെ നിന്ന് ഒരു വലിയ സൈന്യം വരുന്നതു കണ്ടു. അത് നെപ്പോളിയൻ തോൽപ്പിച്ചോടിച്ച ബ്ലൂഷർ വീണ്ടും ഭടൻമാരെ സംഘടിപ്പിച്ച് വെല്ലിംങ്ടനെ സഹായിക്കാൻ വരുന്നതായിരുന്നു. 'ഗ്രൗച്ചി' നയിക്കുന്ന സൈന്യം വളരെവേഗം എത്തിച്ചേരുമെന്നും എന്നാൽ തനിക്ക് ജയിക്കാമെന്നും നെപ്പോളിയൻ കരുതിയിരുന്നു.

ബ്ലൂഷറുടെ സൈന്യം അടുത്തെത്തിയതോടെ വെല്ലിങ്ടന്റെ ആവേശം വർദ്ധിച്ചു. നിമിഷംതോറും നെപ്പോളിയന്റെ നൂറു നൂറു ഭടൻമാർ വെടിയേററു വീണിരുന്നു. മറെറാരു ഭാഗത്ത് വാളുകൊണ്ടു മാത്രം പൊരുതിയിരുന്ന ഒരു ലക്ഷം ശത്രുക്കളോടു നേരിടാൻ രണ്ടായിരത്തോളം ഭടന്മാർ മാത്രമാണ് ഉണ്ടായിരുന്നത്. അവർ നിമിഷങ്ങൾക്കകം നാമാവശേഷമാകുന്ന നിലയിലായി. ഓൾഡ്ഗാർഡ്സിനെ അങ്ങോട്ടു നിയോഗിക്കാതെ കഴിയില്ലെന്ന നിലയിലായി. ശത്രുവിന്റെ തളർച്ചയിൽ മാത്രം രംഗത്ത് ഇറക്കി വിജയം കൈവരിക്കാനുള്ള വിദഗ്ദ്ധ സൈന്യമായിരുന്നു ഓൾഡ്ഗാഡ്സ്. ഒരു ലക്ഷത്തോളം വരുന്ന ശത്രുസേനയോട് നാലായിരം ഓൾസ്ഗാഡ്സ് ഭടന്മാർ ഏററുമുട്ടി. നിമിഷങ്ങൾക്കകം അനേകായിരം ശത്രുഭടന്മാരുടെ ശിരസ്സുകൾ നിലത്തുവീണു. പക്ഷേ, ബ്ലൂഷർ നയിച്ചിരുന്ന സൈന്യത്തിൽ ഒരു ഭാഗവും കൂടി ഓൾഡ് ഗാർഡ്സിനെ

എതിർക്കാൻ രംഗത്തെത്തി. മറെറാരു ഭാഗത്തെ ബ്ളൂഷർ തന്നെ വെല്ലിങ്ടൻെറ കൂടെ നിർത്തി യുദ്ധം ചെയ്യിച്ചു. ശത്രു സേനകഠം വീണ്ടും വീണ്ടും വന്നുകൊണ്ടേയിരുന്നു.

നെപ്പോളിയൻ ഒരു രഹസ്യസങ്കേതത്തിൽ നിന്ന് ദൂരദർശിനിയിലൂടെ യുദ്ധരംഗം നിരീക്ഷിക്കയായിരുന്നു. വെല്ലിങ്ടനും ബ്ളൂഷറും നെപ്പോളിയൻെറ ഭടന്മാരെ നിശ്ശേഷം കൊന്നൊടുക്കി. അവർ 'ഓറംഡ്ഗാർഡ്സിനെ' വളഞ്ഞു. ഓറംഡ്ഗാർഡ്സ് നാലുഭാഗത്തുനിന്നും ആക്രമണം നേരിട്ടുകൊണ്ടിരുന്നു. അവർ അനുനിമിഷം തലയററുവീഴാൻ തുടങ്ങി. ശത്രുക്കഠം വെള്ളക്കൊടി ഉയർത്തിക്കാണിച്ചിരുന്നു. ഒരുനിമിഷം അവർ പിന്നോട്ടു നീങ്ങിക്കാണിക്കയും ചെയ്തിരുന്നു. വേണമെങ്കിൽ ജീവൻ രക്ഷിക്കാൻവേണ്ടി കീഴടങ്ങാമെന്നായിരുന്നു അതിൻെറ അർത്ഥം. പക്ഷേ ആ ധീരന്മാർ വിളിച്ചു പറഞ്ഞു: 'ഓറംഡ്ഗാഡ്സ് ഒന്നുകിൽ ജയിക്കും, അല്ലെങ്കിൽ മരിക്കും. കീഴടങ്ങാൻ അവർ പഠിച്ചിട്ടില്ല!'

തൻെറ ആത്മ മിത്രങ്ങഠം ഓരോരുത്തരായി തലയററു വീഴുന്നത് നോക്കിനില്ക്കാൻ നെപ്പോളിയനു കഴിയാതായി. അവരോടൊപ്പം ശത്രുവിൻെറ വെട്ടേററു വീണ് ചോരയിൽ കിടന്നുരുളാൻ അദ്ദേഹം കൊതിച്ചു. ആ ധീരൻ ആവേശഭരിതനായി പടക്കളത്തിലേക്കു കുതിച്ചെങ്കിലും അംഗരക്ഷകർ ശക്തിയായിത്തടഞ്ഞു. ഒരു അംഗരക്ഷകൻ: 'പ്രഭോ, അങ്ങ് യുദ്ധരംഗത്തുവച്ച് മരിക്കുമെന്ന് കരുതുന്നുണ്ടോ? അത് ഒരിക്കലും സംഭവിക്കയില്ല. അങ്ങയെ ശത്രുക്കഠം ഇപ്പോഠം വധിക്കയില്ല. ഫ്രാൻസിൻെറ ചക്രവർത്തി ശത്രുക്കളുടെ ഇരുമ്പഴിക്കൂട്ടിൽ കഴിയാനിട വരുന്നത് ഞങ്ങഠം എങ്ങനെ സഹിക്കും?....' ആ ഭടൻെറ അഭിപ്രായം നെപ്പോളിയനെ ഒരു നിമിഷം ചിന്തിപ്പിച്ചു.

അദ്ദേഹം പടക്കളത്തിലേക്ക് കണ്ണയച്ചു. 'ഓറംഡ്ഗാറംഡ്സ്'ലെ അവസാനത്തെ ചുരുക്കം ഭടന്മാരും ധീരധീരം പൊരുതുകയാണ്. അനേകായിരം ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിട്ടും! അദ്ദേഹം തൻെറ ആത്മ മിത്രങ്ങഠംക്ക് മനസ്സാൽ അന്ത്യാഭിവാദനങ്ങളർപ്പിച്ചു നിന്നു.

ഒരുക്കിനിർത്തിയിരുന്ന കുതിരയെ ഒരു ഭടൻ നെപ്പോളി യന്റെ അരികെ കൊണ്ടുവന്നു നിർത്തി. അദ്ദേഹം അതിനെ മിന്നൽവേഗത്തിൽത്തന്നെ അന്നും നയിച്ചു! തന്റെ പരാജയ ത്തിന്നു വഴി തുറന്ന 'ക്വാർട്ടർ ബ്രോസ്സി'ലൂടെ, തന്റെ എല്ലാ വിജയങ്ങൾക്കും മണിഗോപുരമായി വർത്തിച്ചിരുന്ന പാരീസി ലേക്ക്! 1815 ജൂൺ 18–ന്!

പ്രാണരക്ഷയ്ക്കോ, അഭിമാനരക്ഷയ്ക്കോ? അതു രണ്ടുമായിരുന്നില്ല ചരിത്ര സത്യം. ഫ്രാൻസിന്റെ രക്ഷയ്ക്കും സ്വാതന്ത്ര്യത്തിനും വേണ്ടി അവസാനത്തെ ഭരണതന്ത്രവും കൂടി ഒന്നു പരീക്ഷിക്കാൻ. അതാണ് ചരിത്രം നൽകുന്ന വിശദീ കരണം!

## 13. രാജ്യദ്രോഹമോ, രാജ്യസ്നേഹമോ?

ഒരു മങ്ങിയ പ്രഭാതം. പാരീസിലെ 'എൽസി' കൊട്ടാരം. ചക്രവർത്തിയുടെ വിശ്രമമുറി. നെപ്പോളിയൻ പരീക്ഷീണനും ചിന്താകുലനുമായിട്ടിരിക്കയാണ്. മേശപ്പുറത്ത് ആറേഴു ദിവ സത്തെ ദിനപത്രങ്ങൾ അട്ടിയായിട്ടിരിക്കുന്നു. ചക്രവർത്തി ഓരോന്നെടുത്ത് അല്പനിമിഷം കൊണ്ട് നോക്കിത്തീർക്ക യാണ്. എല്ലാററിലും വലിയ ശീർഷകങ്ങൾ! 'നെപ്പോളിയൻ വാട്ടർലൂവിൽ പരാജയപ്പെട്ടു!–'ഗ്രൗച്ചി' മുൻ നിശ്ചയത്തിൽ ഉറച്ചു നിന്നു!– വെല്ലിങ്ടൺ നെപ്പോളിയനെ മുട്ടുകുത്തിച്ചു!– നെപ്പോളിയൻ തോറേറാടി! ചക്രവർത്തി ഓടി രക്ഷപ്പെട്ടു! ഫ്രഞ്ച്സേന പാടേ നശിച്ചു! ഓൾഡ്ഗാർഡ്സ് ചത്തൊ ടുങ്ങി! സഖ്യകക്ഷികളുടെ രണ്ടുലക്ഷം ഭടന്മാർ പാരീസി ലേക്ക്! ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കാൻ ജനങ്ങളുടെ കലാപം!'ശീർഷകത്തിന്നു കീഴിൽ എല്ലാപത്രങ്ങളിലും ഒരേ വാർത്ത പലതരത്തിൽ! ഈ പത്രങ്ങളെല്ലാം ഫ്രാൻസിന്റെ പരാ ജയത്തിൽ സന്തോഷിക്കുന്നോ?' നെപ്പോളിയൻ സംശയിച്ചു. 'ഇവയെല്ലാം വിദേശ ചാരന്മാരുടെ നിയന്ത്രണത്തിലോ? അദ്ദേ

ഹത്തിന്റെ നിഗമനങ്ങൾ പിഴക്കാറില്ല! യുക്തി വിചാരംകൂടാതെ അഭിപ്രായ രൂപീകരണം ചെയ്യുന്ന സ്വഭാവം നെപ്പോളിയനു് ഉണ്ടായിരുന്നില്ല.

വിശ്വസ്തനായ മന്ത്രി 'കാളിൻകോർട്ട്' ചക്രവർത്തിയെ അഭിവാദ്യം ചെയ്തു് ആ മുറിയിലേക്കു പ്രവേശിച്ചു. ചക്രവർത്തി പതിവില്ലാത്ത വിധം എഴുന്നേററു ചെന്നു് മന്ത്രിയെ ഗാഢമായി ആലിംഗനം ചെയ്തു: 'പ്രിയപ്പെട്ട കാളിൻകോർട്ട്, ഞാൻ പരാജയപ്പെട്ടുവെന്നാണു് പത്രങ്ങൾ പ്രസ്താവിച്ചിരിക്കുന്നതു്. സത്യം ആരറിയും? ദുഷ്ടന്മാരുടെ വഞ്ചനകൊണ്ടുണ്ടായ ഒരു താല്ക്കാലിക വിജയം മാത്രം. എന്റെ ആത്മമിത്രങ്ങളായിരുന്ന നാല്പതിനായിരം ഭടന്മാർ വീരചരമം പ്രാപിച്ചതു് ശരിതന്നെ. ഇരുപതിനായിരത്തോളം ആശുപത്രിയിലുമാണു്. പക്ഷേ ശേഷിച്ച എൺപതിനായിരം തക്കസമയത്തു് 'വാട്ടർലൂ'വിൽ എത്തിയിരുന്നെങ്കിൽ (ആവേശം കൊള്ളുന്നു) അവരെ ഞാൻ നേരിട്ടു നയിച്ചാൽ എന്നോടു് എതിർത്തുജയിക്കാൻ ലോകത്തിലെ മുഴുവൻ സൈന്യങ്ങൾ ഒന്നിച്ചു വന്നാലും കഴിയില്ല. ഫ്രാൻസിനെ രക്ഷിക്കാൻ എനിക്കിന്നും കഴിയും (ചിന്താകുലനായി) എനിക്കു് നാലായിരം ജീവനും നാലായിരം ശരീരവുമുണ്ടെന്നു് ഞാൻ വിശ്വസിച്ചിരുന്നു. എനിക്കു് അങ്ങനെ വിശ്വാസം പകർന്ന എന്റെ നാലായിരം 'ഓൾഡ്ഗാർഡ്സ്' എന്റെ കൺമുന്നിൽ വച്ചു് വീരചരമമടഞ്ഞു. (തൊണ്ടയിടറി) അല്ല! ഞാനവരെ 'ചാവേർപ്പട'കളാക്കി കൊലയാളികൾക്കു മുന്നിലേക്കു് നിഷ്ക്കരുണം പറഞ്ഞയച്ചു. (വേദന കടിച്ചമർത്താൻ പണിപ്പെടുന്നു) അവരോടൊപ്പം മരിക്കാനും ഞാൻ മടിച്ചു. അല്ല, ഞാൻ ഫ്രാൻസിനുവേണ്ടി ജീവിക്കണമെന്ന നിർബന്ധം കൊണ്ടു്........പക്ഷേ, അതാരും അറിയുന്നില്ല.

(വിതുമ്പിക്കരയുന്ന ചക്രവർത്തിയെ ആശ്ലേഷിച്ചു്), കാളിൻകോർട്ട്: ' ചക്രവർത്തീ, എന്താണിതു്? ഫ്രാൻസിന്റെ ചക്രവർത്തിയായ നെപ്പോളിയൻ, ലോകത്തിലെ സ്വേച്ഛാധിപതികൾക്കെല്ലാം പേടിസ്വപ്നമായ ചക്രവർത്തി, കരയുമെന്നോ? അരുതു്.......ഈ ദൗർബല്യം അങ്ങയ്ക്കു ചേർന്നതല്ല! അങ്ങു്

ധീരനായി ഫ്രാൻസിനെ ഭരിക്കണം. അതാണ് ജനലക്ഷങ്ങളുടെ ആഗ്രഹം. ഈ പത്രങ്ങൾ സെനററുമെമ്പർമാരുടെയും ഡെപ്യൂട്ടികളുടെയും നിയന്ത്രണത്തിലുള്ളവയാണ്. വിദേശ ചാരന്മാരായ പ്രഭുക്കളുടെ പ്രസ്സുകൾ അച്ചടിച്ചിറക്കുന്നവയാണ്. അവരെല്ലാം കൂടി വാട്ടർലൂവിൽ ഒരുക്കിയ വഞ്ചനയുടെ കെണിയിൽ നാം അകപ്പെട്ടതാണ്. (വളരെ ഗൗരവത്തിൽ) ചക്രവർത്തീ, ഓൾഡ്ഗാർഡ്സിനെ ശത്രുവിൻെറ തളർച്ചയിലിറക്കി വിജയം വരിക്കുന്ന അങ്ങയുടെ യുദ്ധതന്ത്രം ശത്രുക്കൾ മനസ്സിലാക്കിയിരുന്നു. അവർ വമ്പിച്ച കൈമടക്കു കൊടുത്ത് 'ഗ്രൗച്ചി'യെ സ്വാധീനിച്ചതുകൊണ്ടാണ്.' നെപ്പോളിയൻ പെട്ടെന്ന് ഉൽക്കണ്ഠയോടെ: എന്ത്? ഗ്രൗച്ചി'യെ സ്വാധീനിച്ചെന്നോ?. കാളിൻ: അതേ ചക്രവർത്തീ, ഗ്രൗച്ചിയെ സ്വാധീനിച്ചതുകൊണ്ടാണ് സൈന്യം നാമൂറിൽ ഉറച്ചു നിൽക്കാനിടയായത്. ചക്രവർത്തിയുടെ നേരിട്ടുള്ള നിർദ്ദേശം ലഭിക്കാതെ സൈന്യത്തെ നയിക്കുന്നതല്ലെന്ന റിപ്പോർട്ട് അവൻെറ പാളീസിലേക്കയച്ചതുതന്നെ ഓൾഡ്ഗാർഡ്സ് രംഗത്തിറങ്ങിയപ്പോഴാണ്. ആ റിപ്പോർട്ടുമായി വന്ന ദൂതൻ ഒരു ചാരനായിരുന്നു. അവൻ വഴിയിൽ ശത്രുക്കളുടെ ആക്രമണത്തിനിരയായിട്ടാണ് വൈകിയതെന്നാണ് അന്ന് എന്നോടു പറഞ്ഞിരുന്നത്.

നെപ്പോളിയൻ:- ഇതെല്ലാം സത്യമാണോ?

കാളിൻ: ഊഹാപോഹങ്ങൾ വിശ്വസിക്കുന്നവനല്ല കാളിൻകോർട്ട്. ചക്രവർത്തിക്ക് എന്നെ പതിനെട്ടു കൊല്ലമായി പരിചയമുണ്ടല്ലോ. എല്ലാററിനും വ്യക്തമായ തെളിവുകൾ കിട്ടിക്കഴിഞ്ഞിട്ടുണ്ട്. ഗ്രൗച്ചിയെ കാരാഗ്രഹത്തിലടച്ചശേഷം ആ വിവരം അങ്ങയെ അറിയിക്കാനാണ് ഞാനിങ്ങോട്ടു വന്നത്. തെളിവുകളുടെ ഫയൽ അങ്ങയുടെ ഓഫീസിലേക്കെത്തിച്ചിട്ടുമുണ്ട്.

നെപ്പോളിയൻ: അപ്പോൾ 'കോള'റിൻെറ നേതൃത്വത്തിലുള്ള സൈന്യവും ഇങ്ങനെതന്നെ സ്വാധീനിക്കപ്പെട്ടതായിരുന്നോ?

കാളിൻ: അല്ല. 'കോളർ' സത്യസന്ധമായിത്തന്നെ മുപ്പതിനായിരത്തെ വാട്ടർലൂവിലേക്കു നയിച്ചുകൊണ്ടിരുന്നു. പക്ഷേ, വഴിയിൽവച്ച് 'ഗ്രൗച്ചി'യുടെ ഒരു ദൂതൻ കോളറിനു കൊടുത്ത

സന്ദേശത്തിൽ സൈന്യത്തെ വാട്ടർലൂവിൽനിന്നു പത്തുനാഴിക ദൂരെ നിർത്താനും ചക്രവർത്തിയുടെ നിർദ്ദേശം ലഭിച്ചാൽ അവിടെനിന്നു മാർച്ചു ചെയ്യാനും ആവശ്യപ്പെട്ടിരുന്നു. കോള റിന്ന് അത് അനുസരിക്കാൻ ബാദ്ധ്യതയുണ്ടല്ലോ! ഗ്രൗച്ചി ക്കല്ലേ അങ്ങ് ജനറൽ പദവി കൊടുത്തിരുന്നത്?

നെപ്പോളിയൻ: (വലിയ ദുഃഖത്തോടെ) അതെ, അതെ,! എല്ലാം എന്റെ ശുദ്ധഗതിയുടെ തകരാറുതന്നെ! എന്റെ ശത്രു ഞാൻ തന്നെ ! ശരി, ആ തെളിവുകൾ ഞാൻതന്നെ പരിശോധി ക്കട്ടെ! അത് ശരിയാണെങ്കിൽ 'വാട്ടർലൂവിൽ' നെപ്പോളിയൻ തോററിട്ടില്ലെന്ന് കുറെക്കാലം കഴിഞ്ഞാണെങ്കിലും ബുദ്ധിയു ള്ളവർ പറഞ്ഞേക്കും!

പുറത്ത് ബഹുജനങ്ങളുടെ തിരക്ക്. കൊട്ടാരഗോപുര ത്തിൽ മുട്ടി, രാജപാതയിൽ വഴിഞ്ഞൊഴുകുന്ന ജനപ്രവാഹം! മു ദ്രാവാക്യങ്ങളുടെ പ്രതിധ്വനി 'നെപ്പോളിയൻ ചക്രവർത്തി നീ ണാൾ വാഴട്ടെ! ചക്രവർത്തി ഞങ്ങളെ പടക്കളത്തിലേക്കു നയിക്ക ണം. ഞങ്ങൾക്കു ഫ്രാൻസിനെ രക്ഷിക്കാൻ കഴിയും' നെപ്പോളി യൻ ചക്രവർത്തി ജനങ്ങളുടെ ചക്രവർത്തി. ജീവൻ കൊടുത്തും സ്വാതന്ത്ര്യം സംരക്ഷിക്കും! സെനററുകൾ പിരിച്ചുവിട്ട് ഡെ പ്യൂട്ടികളെ തടവിലാക്കുക. എല്ലാ അധികാരങ്ങളും ചക്രവർത്തി നേരിട്ടേറെറടുക്കുക!

കാളിൻ:— ചക്രവർത്തീ, ഒന്നുവെളിയിലേക്കു നോക്കൂ! ആ ജന ങ്ങൾ പത്തുലക്ഷത്തോളം വരും. അവരോടു ചക്രവർത്തിക്കു സംസാരിക്കണമെന്നില്ലേ? അവർ അങ്ങയുടെ വാക്കുകൾ കേൾ ക്കാനും അങ്ങയെക്കണ്ട് അവരുടെ പിന്തുണ പ്രഖ്യാപിക്കാനും വന്നവരാണ്?

നെപ്പോളിയൻ:—(ശാന്തഭാവത്തിൽ) ഇപ്പോൾ കാണുന്നില്ല. സം സാരിക്കുന്നുമില്ല. സെനററുകളുടെ തീരുമാനം അല്പസമയ ത്തിനുള്ളിൽ അറിയും. അതിനുശേഷമാവട്ടെ!.

കാളിൻ:— ചക്രവർത്തീ, ഇന്നലെ അങ്ങയുടെ ഹൃദയസ് പൃക്കായ വാക്കുകൾകേട്ട് മൗനം ദീക്ഷിച്ച സെനററ്, അങ്ങിറ

ങ്ങിയ ഉടൻ 'സ്ഥാനത്യാഗം' വേണമെന്നല്ലേ തീരുമാനിച്ചത്. ഉപരിസഭയുടെ പ്രമേയം അതേപടി പാസ്സാക്കുന്നതിന് ആരും എതിരായിരുന്നില്ലല്ലോ! പിന്നെ അവരുടെ തീരുമാനം എന്തിനു കാത്തിരിക്കുന്നു.

നെപ്പോളിയൻ:— ഭരണമാററം ഉണ്ടാവുമെന്ന് വിശ്വസിക്കുന്നവർ അഭിപ്രായങ്ങൾ തുറന്നു പറയാൻ ഭയപ്പെടുന്നതു സാധാരണമാണ്. ബെഞ്ചമിൻ കാൺസ്ററൻറിൻെറ അനുയായിയായ 'ഗെ്നോൾട്ട്' സഭയിൽ വെച്ചുതന്നെ അതു തുറന്നു പറഞ്ഞിരുന്നു. അയാൾ വഞ്ചനകൾ തുറന്നുകാട്ടി.

കാളിൻ:— അയാളും ചക്രവർത്തി സഭയിൽനിന്നു പോന്ന ശേഷം മിണ്ടിയിട്ടില്ല. അയാളുടെ മൗനം കാരണമാണ് പ്രമേയം ഏകകണ്ഠമായി പാസ്സായത്. ഇവരെ ആരേയും വിശ്വസിക്കാൻ വയ്യ. ജനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് സെനററുകൾ പിരിച്ചുവിട്ട് ഡപ്യൂട്ടികളെ തടവിലാക്കി ഭരണം ചക്രവർത്തി നേരിട്ടേറെറടുക്കാതെ

നെപ്പോളിയൻ:— (പെട്ടെന്ന് ഗൗരവത്തിൽ) സാദ്ധ്യമല്ല കാളിൻകോർട്ട്! ഞാൻ നിർമ്മിച്ച ഭരണഘടന ഞാൻ തന്നെ ലംഘിക്കയോ, അത് ഒരിക്കലും സാദ്ധ്യമല്ല. സെനററർമാരും ഡപ്യൂട്ടികളും ജനങ്ങളുടെ പ്രതിനിധികളാണ്.

കാളിൻകോർട്ട്:— അവരിപ്പോൾ വിദേശിയരുടെ പ്രതിനിധികളാണ്.

നെപ്പോളിയൻ:— ആയിരിക്കാം, പക്ഷേ ജനങ്ങൾ അത് വിശ്വസിക്കുന്നില്ല.

കാളിൻകോർട്ട്:—ജനങ്ങൾക്ക് അറിവില്ലാത്തതുകൊണ്ടാണ്.

നെപ്പോളിയൻ:— എങ്കിൽ പത്തുകൊല്ലം ഞാൻ ഭരണം നടത്തിയിട്ടും അവർ ബോധവാന്മാരായില്ലെന്നല്ലേ അർത്ഥം? പിന്നെ ഞാനെന്തിനു ഭരിക്കണം?.

കാളിൻകോർട്ട്:—ആക്കാലത്തിനിടയിൽ ഫ്രാൻസിനുവേണ്ടി ചിന്തിക്കാൻ അവർ പഠിച്ചു. ഫ്രാൻസിനുവേണ്ടി ഇപ്പോൾ

അങ്ങയെ നീക്കം ചെയ്യണമെന്നാണ് സെനററർ പറയുന്നത്. അതും ചിലർ വിശ്വസിക്കുന്നു. ആ തെററിദ്ധാരണ തീർക്കാൻ ചക്രവർത്തി ശ്രമിക്കണം.

നെപ്പോളിയൻ:— അതു ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, ഞാൻ അതിന്നു തുനിഞ്ഞാൽ ഫ്രാൻസിൽ ഒരു ആഭ്യന്തരകലാപം തന്നെയുണ്ടാവും. അത് ഞാൻ ഇഷ്ടപ്പെടുന്നില്ല.

കാളിൻ കോർട്ട്:— ആഭ്യന്തരകലാപമൊന്നും ഉണ്ടാവില്ല ചക്രവർത്തീ. ഒരു ചെറിയ സൈനികനടപടിയേ വേണ്ടിവരു. നമ്മുടെ അറുപതിനായിരം സൈന്യം ജനറൽ നേയുടെ നേതൃത്വത്തിൽ പാരീസ്സിൽത്തന്നെ ഒരുങ്ങി നില്പുണ്ടല്ലോ. ചക്രവർത്തി ഒരു കല്പന കൊടുത്താൽ

നെപ്പോളിയൻ:— പെട്ടെന്ന് ഗൗരവത്തിൽ കാളിൽകോർട്ട്, സൈന്യവും ഫ്രാൻസിലെ പ്രജകളാണെന്ന സത്യം നിങ്ങൾ മറക്കുന്നു അവർ ജനങ്ങളെ വെടിവക്കുന്നതിൻെറ പേര് എൻെറ ഭാഷയിൽ ആഭ്യന്തരകലാപമെന്നാണ്. ഫ്രാൻസിലെ കലാപങ്ങൾ തോക്കുകൾ കൊണ്ടല്ല, എൻെറ കണ്ണുകൾ കൊണ്ടാണ് ഞാൻ ജയിച്ചത്. എൻെറ നാവിൻെറ സഹായവും ഉണ്ടായി. ചുരുക്കം ചിലർ മരിച്ചിരിക്കാം. അതിന് ഉത്തരവാദി ആ പരിതഃസ്ഥിതിയാണ്. എൻെറ ലക്ഷ്യം ഫ്രാൻസിൽ രക്തപ്പുഴയൊഴുക്കാതെ സമാധാനം സ്ഥാപിക്കലാണ്, അന്നും ഇന്നും!

കാളിൻ കോർട്ട്:— ഫ്രാൻസിലെ ജനങ്ങളിൽ ഒരു ഭാഗം ശത്രുക്കളോടുചേർന്ന് ഫ്രാൻസിൻെറ സ്വാതന്ത്ര്യം നഷ്ടപ്പെടാനവസരം സൃഷ്ടിക്കുമ്പോൾ അവരെ പൊതുശത്രുവായിക്കരുതാതെ എങ്ങനെ ഭരിക്കാൻ കഴിയും ? ചക്രവർത്തി അതു ചിന്തിക്കണമെന്നാണ് ദേശീയ നേതാക്കളെല്ലാം പറയുന്നത് ?

നെപ്പോളിയൻ:— അതുമാത്രമാണ് എൻെറ ചിന്താവിഷയം. പക്ഷേ, ശത്രുവിൻെറ പക്ഷത്തുചേരുന്നവരിലും കുറേ നിരപരാധികളുണ്ട്. അവർ തെററിദ്ധരിക്കപ്പെട്ടവരാണ്. അവരാകട്ടെ, അജ്ഞരും അന്ധവിശ്വാസികളുമാണ്. അവരോട് എനിക്കു സഹതാപമാണുള്ളത്. സെനററർമാരും ഡെപ്യൂ

ട്ടികളും അവരുടെ സ്വാധീനതയിലുള്ള പ്രഭുക്കളുംകൂടി ഈ നിരപരാധികളെ ശത്രുക്കളോടു ചേർക്കാൻ പരിശ്രമിക്കുമ്പോൾ—

കാളിൻകോർട്ട്:— (പെട്ടെന്ന്) അതുകണ്ടുകൊണ്ടിരിക്കാൻ എങ്ങനെ സാധിക്കും ?

നെപ്പോളിയൻ:— നേരിടേണ്ടതായിവരും. പക്ഷേ, ഞാൻ ആ നിരപരാധികളുൾപ്പെടുന്ന സാധാരണജനങ്ങളുടെ ജീവിതം സുഖപ്രദമാക്കാനാണ് പ്രവർത്തിച്ചത്. ഇപ്പോൾ അവരെ..... (വികാരവിവശനാവുന്നു.) ഉപദ്രവിക്കാൻ മനസ്സു വരുന്നില്ല.

പെട്ടെന്ന് ഒരു ഭടൻ പ്രവേശിച്ച് ചക്രവർത്തിയെ അഭിവാദ്യം ചെയ്ത് ഒരു കവർ അദ്ദേഹത്തിനു കൊടുത്തു. ആ ഭടൻ തിരികെപ്പോയപ്പോൾ ചക്രവർത്തി അതു തുറന്നു നോക്കുന്നു. മുഖത്ത് ഗൗരവഭാവം വർദ്ധിക്കുന്നു.

നെപ്പോളിയൻ;— കോളിൻകോർട്ട്, ഇതുവായിക്കൂ! (കവർകൊടുക്കുന്നു) സെനററിന്റെ തീരുമാനമാണിത് !

കോളിൻകോർട്ട്:— (ചക്രവർത്തി കൊടുത്ത കടലാസ് ശ്രദ്ധാപൂർവ്വം വായിക്കുന്നു. വായനയ്ക്കിടയിൽ ആശയത്തിനനുസരിച്ച് വികാരം കൊള്ളുന്നു)

'ഫ്രാൻസിന്റെ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും അങ്ങ് നിർവഹിച്ച സേവനം ഈ സംയുക്ത യോഗവും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. ഇന്ന് അങ്ങയുടെ നേതൃത്വമാണ് ഫ്രാൻസിന്റെ സ്വാതന്ത്ര്യത്തിനും സമാധാനത്തിനുമുള്ള ഒരേഒരു പ്രതിബന്ധമെന്ന് ഞങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. ജനങ്ങൾ അങ്ങയ്ക്കു നല്കിയ ചക്രവർത്തി സ്ഥാനം അങ്ങയുടെ പുത്രനോ മറ്റാർക്കോ നല്കാൻ അങ്ങയ്ക്കധികാരമില്ലെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. അതുകൊണ്ട് അങ്ങ് ആവശ്യപ്പെട്ടതുപോലെ രണ്ടാം നെപ്പോളിയൻ എന്ന സ്ഥാനം നല്കി അങ്ങയുടെ പുത്രനെ അധികാരത്തിലിരുത്തി 'റീജൻസി നിയമത്തിൻ കീഴിൽ ഭരണം നടത്താൻ സെനററുകൾ സന്നദ്ധമല്ലെന്നും അറിയിക്കട്ടെ. ശത്രുസൈന്യം പാരീസിന്റെ അതിർത്തിയിൽ എത്തിക്കഴിഞ്ഞിരിക്കയാണ്. ഈ ഘട്ടത്തിൽ ജനങ്ങളുടെ പ്രകടനങ്ങൾ നടക്കുന്നത് ആക്ഷേപകരമായിട്ടാണ്.

ഞങ്ങൾക്കു തോന്നുന്നത്: അങ്ങയെ അധികാരത്തിൽ നിലനിർത്താൻവേണ്ടി ചില തത്പരകക്ഷികൾ ഉണ്ടാക്കുന്ന പ്രകടനങ്ങൾ ഒതുക്കാൻ അങ്ങയോടുതന്നെ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അല്ലാതെ വന്നാൽ അങ്ങയുടെ ജീവൻതന്നെ അപകടത്തിലായേക്കും. അങ്ങ് കൊട്ടാരത്തിലില്ലെന്ന് അറിഞ്ഞാൽ ഈ ജനപ്രവാഹം തനിയെ നിൽക്കുന്നതുമാണ്. അതുകൊണ്ട് അങ്ങയുടെ 'സ്ഥാനത്യാഗം' ഉടൻ എഴുതി അയയ്ക്കാനും കൊട്ടാരത്തിൽ നിന്നുമാറി മറെറവിടെയെങ്കിലും രഹസ്യമായിക്കഴിയാനും ഞങ്ങൾ ആവശ്യപ്പെടുന്നു.'

വിവിധ വികാരാധീനനായ ചക്രവർത്തി മുറിയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു.

കാളിൻകോർട്ട്:— ചക്രവർത്തീ, ഇനി ഒരു നിമിഷം കാത്തുനിൽക്കേണ്ടതില്ല. അങ്ങയുടെ പുത്രന് നാമമാത്രമായ ചക്രവർത്തി സ്ഥാനം നിലനിർത്തികൊണ്ട് തികച്ചും ജനാധിപത്യപരമായി ഭരിക്കാൻ അനുവാദം നല്കി 'സ്ഥാനത്യാഗം' ചെയ്യാമെന്ന് ഉറപ്പു നല്കിയതും അവർ സ്വീകരിച്ചില്ലല്ലോ! ഇനി സൈനികനടപടിക്കൊരുച്ചു നില്ക്കുന്നത് ഫ്രാൻസിൻെറ സ്വാതന്ത്ര്യംതന്നെ അപകടത്തിലാക്കിയേക്കും!

നെപ്പോളിയൻ:- കാളിൻകോർട്ട്, നിങ്ങൾ വെറുതെ ഭയപ്പെടുകയാണ്! ഫ്രാൻസിൻെറ സ്വാതന്ത്ര്യം ഞാൻ ഈ മണ്ണിലുള്ളതുവരെ നഷ്ടപ്പെടുകയില്ല. യൂറോപ്യൻ രാജാക്കന്മാർ എന്നെ ഒരു അടിമയുടെ മകനായിട്ടാണു കാണുന്നത്. ഇന്ന് ഞാൻ ചക്രവർത്തിയും എൻെറ സഹോദരങ്ങൾ രാജാക്കന്മാരുമാണ്. ചക്രവർത്തി സ്ഥാനം ഉയർന്നതായിക്കാണുന്ന ഈ കാലത്ത് ഞാൻ എൻെറ മകനെ ആ സ്ഥാനത്തു ഇരുത്താൻ കൊതിച്ചുപോയി. പക്ഷേ, ഫ്രാൻസിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി ആ മോഹവും ഉപേക്ഷിക്കാം. പക്ഷേ, എനിക്ക് മറെറാരു കാര്യമാണ് ഇനിയും സെനററുകളോട് അപേക്ഷിക്കാനുള്ളത്?

കാളിൻകോർട്ട്: അതെന്താണു ചക്രവർത്തി?

നെപ്പോളിയൻ:— (എന്തോ തീരുമാനമെടുത്തശേഷം) ആരവിടെ? (അകത്തേക്ക് ഒരു ഭടൻ പ്രവേശിക്കുന്നു) ലൂഷ്യനെ വിളിക്കൂ!

ടെൻ പോകുന്നു. നിമിഷത്തിനകം പ്രൈവററ് സെക്രട്ടറി 'ലൂഷ്യൻ' പ്രവേശിക്കുന്നു. നോട്ടുകാം എഴുതിയെടുക്കാനൊരുങ്ങികൊണ്ട് പേനയുടെ ടോപ്പ് ഊരിപ്പിടിച്ചും ഫയൽ നിവർത്തിപ്പിടിച്ചും ഒതുങ്ങിനിൽക്കുന്നു) പ്രിയപ്പെട്ട കോളിൻ കോർട്ട് ഈ സന്ദേശം നിങ്ങാം കൂടി ശ്രദ്ധിക്കൂ! എന്റെ അപേക്ഷ എന്താണെന്നു നിങ്ങളും അറിയണം. (സെക്രട്ടറിയോട്) എഴുതിക്കഴിഞ്ഞ ഉടൻ ടൈപ്പു ചെയ്തുകൊണ്ടു വരൂ. (സെക്രട്ടറി എഴുതാൻ ഒരുങ്ങുന്നു. ചക്രവർത്തി പറഞ്ഞുകൊടുക്കുന്നു.)

'പ്രിയപ്പെട്ട ജനപ്രതിനിധികളായ സെനററർമാരേ, ഡപ്യൂട്ടിമാരേ, നിങ്ങളുടെ സംയുക്ത യോഗത്തിന്റെ പരിഗണനയ്ക്കും തീരുമാനത്തിനുമായി ഫ്രാൻസിന്റെ ചക്രവർത്തി നെപ്പോളിയൻ ബോണപ്പാർട്ട് എഴുതുന്നു:

നിങ്ങളേയും എന്നേയും ഫ്രാൻസിന്റെ ഭരണത്തിനായി തെരഞ്ഞെടുത്തത് ഫ്രാൻസിലെ ജനങ്ങളാണ്. അവരോടുള്ള കടമ ചക്രവർത്തി സ്ഥാനത്തിരുന്ന് ഞാനും ജനപ്രതിനിധികളുടെ സ്ഥാനത്തിരുന്ന് നിങ്ങളും നിർവ്വഹിക്കാൻ കടമപ്പെട്ടവരാണ്. എന്നാൽ നിങ്ങളിൽ ഭൂരിഭാഗം' പത്തുകൊല്ലം മുൻപ് ജനങ്ങാം പരിത്യജിച്ച ബോർബൻ വംശത്തിന്റെ ഭരണം പുനസ്ഥാപിക്കാൻവേണ്ടി, ജനാധിപത്യം സ്ഥാപിക്കാനാണെന്ന വഞ്ചന ഭാവിച്ച്, പതിന്നാലുമാസം മുൻപ് എന്നെ 'സ്ഥാനത്യാഗം' ചെയ്യാൻ പ്രേരിപ്പിച്ചു. രാജ്യസ്നേഹംകൊണ്ടാണ് നിങ്ങാം അങ്ങനെ ആവശ്യപ്പെടുന്നതെന്ന് വിശ്വസിച്ച് ഞാൻ 'സ്ഥാനത്യാഗം' എഴുതിത്തരികയും ചെയ്തു. എന്നാൽ വിദേശ ശക്തികാംക്കും ബോർബൻ രാജവംശത്തിനും വേണ്ടിയായിരുന്നു അതെന്ന് മൂന്നുമാസം മുമ്പ് നിസ്സംശയം വ്യക്തമായിരിക്കുന്നു. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട നിങ്ങാം അനുവർത്തിക്കുന്ന വഞ്ചനകാം തക്ക സമയത്ത് ഭൂരിഭാഗം ജനങ്ങാംക്കും മനസ്സിലാവാത്തത് നിങ്ങളുടെ വിജയമാണെന്ന് അഹങ്കരിക്കുന്നത് ശരിയല്ല. ജനാധിപത്യത്തിന്റെ ഈ ദൗർബല്യം കൊണ്ടുമാത്രം ചക്രർവത്തിസ്ഥാനം നിലനിർത്തുന്ന ഭരണഘടനക്കു കീഴിൽ ഭരണം നടത്തിവരുന്ന ഞാൻ ഇപ്പോഴും ഫ്രാൻസിൽ ജനാധിപത്യം സ്ഥാപിക്കാൻ കഴിവുള്ള വിധത്തിൽ സമൂഹം രൂപ

പ്പെട്ടിട്ടില്ലെന്നു വിശ്വസിക്കുന്നു. ജനങ്ങറം ചക്രവർത്തിയായി തെരഞ്ഞെടുത്ത എന്നെ ശത്രുക്കറംക്കു വധിക്കാനോ, സ്വയം മരിക്കാനോ, കാടന്മാർക്കു ഭുജിക്കാനോ ഇടയാകുന്ന വിധത്തിൽ നിങ്ങറം 'എൽബാ' ദ്വീപിലേയ്ക്കു നാടുകടത്തുകയുണ്ടായി. അവിടത്തെ കാട്ടുവർഗ്ഗക്കാർ എന്നെ സ്നേഹിച്ചു രക്ഷിച്ചതിൽ ഞാൻ ഫ്രാൻസിലെ ജനങ്ങളോടുള്ള സ്നേഹത്താൽ വീണ്ടും ഫ്രാൻസിലേക്കു വരാനിടയായി. കാട്ടുപഴങ്ങളും കടൽവെള്ളവും മാത്രം ഭക്ഷിച്ചും നിരവധി ദിവസം സ്വയം നിർമ്മിച്ച 'കൊതുമ്പുവഞ്ചിയിൽ' തനിച്ച് രാപ്പകൽ കടൽ താണ്ടിയും ഞാൻ ഫ്രാൻസിൻെറ മണ്ണിൽ കാലുകുത്തി. നിങ്ങറം രാജ്യദ്രോഹിയെന്നു വിധിച്ച ഞാൻ വീണ്ടും നിങ്ങളുടെ തീരുമാനപ്രകാരം തന്നെ സിംഹാസനത്തിൽ ഇരുത്തപ്പെട്ടു. മൂന്നു മാസമായി സെനററുകളും ഡെപ്യൂട്ടികളും എന്നെ ഫ്രാൻസിൻെറ ചക്രവർത്തിയായി അനുസരിച്ചുവരികയുമാണല്ലോ ജനങ്ങളുടെ ചക്രവർത്തിയായ എന്നെ നിങ്ങറം ഇപ്പോറം വീണ്ടും സ്ഥാനത്യാഗത്തിനു പ്രേരിപ്പിക്കുന്നു. നിങ്ങളുടെ നയം വഞ്ചനയാണെന്ന് ഞാൻ ജനങ്ങളോടു പറഞ്ഞാൽ അൽപ്പനിമിഷങ്ങറംക്കകം നിങ്ങളുടെ സ്ഥാനമാനങ്ങളും ജീവനും നഷ്ടപ്പെടാൻ ഇടവന്നേക്കും. നിങ്ങളും നിങ്ങളുടെ വാക്കുകറം അനുസരിക്കുന്നവരും ഫ്രാൻസിലെ പ്രജകളായതുകൊണ്ട്, ഫ്രാൻസിൽ ഫ്രഞ്ചുകാരുടെ രക്തം ഒഴുക്കുന്നത് ഞാൻ ഇഷ്ടപ്പെടാത്തതുകൊണ്ടുമാത്രം നിങ്ങറംക്ക് ജീവിതവും അധികാരവും നഷ്ടപ്പെടാതിരിക്കയാണ്. ഫ്രാൻസിൽ ആഭ്യന്തരകലാപം ഒഴിവാക്കാൻവേണ്ടി ഞാൻ ഇതിനാൽ 'എൻെറ സ്ഥാനത്യാഗം' രേഖപ്പെടുത്തുന്നു. ഇത്രയും എഴുതുമ്പോഴേക്കും ലൂഷ്യൻ:— 'ചക്രവർത്തീ, അരുതേ' വിതുമ്പിക്കരയുന്നു. കാളിൻകോർട്ട്:— ചക്രവർത്തീ, ഇത്ര ക്രൂരമായി...... നെപ്പോളിയൻ:— നിങ്ങളെല്ലാം ചിന്താശക്തി കൂടാതെയാണ് ഇങ്ങനെ ദുഃഖിക്കുന്നത്, സന്ദേശം കഴിഞ്ഞില്ല. രണ്ടു വാക്യം കൂടിയുണ്ട്. എഴുതൂ!

'അവസാനമായി നിങ്ങളോടു ഒരേ ഒരു അപേക്ഷമാത്രം! ഫ്രാൻസിൻെറ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കാൻ വേണ്ടി ഫ്രാൻസിലെ ഏതൊരു പൗരനും കടമകളുള്ളതുകൊണ്ട്,

ഒരു പൗരൻ എന്ന നിലയിൽ എന്റെ കടമനിർവ്വഹിക്കാൻ എനിക്ക് അനുവാദം തരിക. അതിനായി എന്നെ ഒരു പട്ടാളജനറലിന്റെ ഉദ്യോഗത്തിൽ നിയമിക്കാൻ അപേക്ഷിക്കുന്നു. വിദേശീയരിൽനിന്നു രാജ്യത്തെ രക്ഷിക്കാൻ ഞാൻ ജീവൻ കളയാൻ സദാ സന്നദ്ധനായിരിക്കും. ഈ സന്ദേശത്തിൽ ഒപ്പുവയ്ക്കുന്നതോടെ എന്റെ ചക്രവർത്തിസ്ഥാനം നഷ്ടപ്പെടുന്നതുകൊണ്ട് ഞാൻ ഇപ്പോഴത്തന്നെ 'എൽസി' കൊട്ടാരം വിടുന്നതും, ഞാൻ സൈന്യാധിപനായിരുന്ന കാലത്ത് സ്വന്തം ധനംകൊണ്ടു വാങ്ങി, എന്റെ അന്തരിച്ച ഭാര്യക്ക് കൊടുത്തിരുന്ന 'മാൽമേസൺ' എന്ന മന്ദിരത്തിലേക്ക് താമസം മാററുന്നതുമാണ്. എന്നെ ജനറൽ പദവിയിൽ നിയമിച്ച കല്പന അങ്ങോട്ട് അയക്കാനും, നിങ്ങളുടെയും രാജ്യത്തിന്റെയും സമാധാനത്തിനു വേണ്ടി എന്റെ 'സ്ഥാനത്യാഗ' വാർത്ത രഹസ്യമാക്കി വയ്ക്കാനും അപേക്ഷിക്കുന്നു.

എന്ന്. ജനങ്ങളുടെ ചക്രവർത്തി,
നെപ്പോളിയൻ ബോണപ്പാർട്ട്.

കാളിൻകോർട്ടും ലൂഷ്യനും ആലിംഗന ബദ്ധരായി വിതുമ്പിക്കരയുന്നു.

നെപ്പോളിയൻ:— ആര് അവിടെ? (ഭടൻ പ്രവേശിക്കുന്നു) എന്റെ വ്യക്തിപരമായ രേഖകളും വസ്ത്രങ്ങളും മററും കുതിര വണ്ടിയിൽ എടുത്തുവയ്ക്കൂ!

## 14 മനുഷ്യത്വം ലജ്ജിക്കട്ടെ!

സ്ത്രീത്വത്തിന്റെ മനോഹാരിത. അതിന്റെ പര്യായമായിരിക്കാം 'ജോസഫൈൻ'! അവളുടെ ആകാരസൗഷ്ഠവത്തിനും സൗശീല്യത്തിനും ചേർന്ന ഭവനം. അതായിരുന്നു നെപ്പോളിയൻ വാങ്ങിച്ചു കൊടുത്തിരുന്ന 'മാൽമേസൺ' മന്ദിരം. ഇന്ന് അവി

ടമെങ്ങും അവളെക്കുറിച്ചുള്ള സ്മരണകൾ മാത്രം തങ്ങിനിൽക്കുന്നു!

നറുനിലാവിൽ കുളിച്ചു നില്ക്കുന്ന ആ സുന്ദര ശിൽപ്പത്തിൻെറ പൂവാടിയിൽ 'കുളിർകാററേററു' നില്ക്കുന്നതാര്? ജോസഫൈൻെറ പുത്രി 'ഹോട്ടസ്'' പതിവില്ലാത്ത ഒരു ഉത്കട ചിന്ത അവളെ പിടികൂടിയിരിക്കയാണ്. 'ശത്രുസൈന്യം പട്ടണത്തിൽ പ്രവേശിച്ചിരിക്കുന്നുവത്രെ! തൻെറ അമ്മയെപ്പററിയും ചക്രവർത്തിയുടെ അമ്മയെപ്പററിയും അപവാദ ചിത്രങ്ങളും വാർത്തകളും അച്ചടിച്ചിറക്കുന്ന വിദേശീയരുടെ സൈന്യം 'വാട്ടർലൂവിൽ' ചക്രവർത്തിയെ വഞ്ചനയിലൂടെ തോല്പിച്ചവർ. അവർ പാരീസും പിടിച്ചടക്കിയാൽ'. അതായിരുന്നു അവളെ അലട്ടുന്ന ചിന്ത. പക്ഷേ, അവൾ ധീരത വീണ്ടെടുക്കാൻ സ്വയം ചിന്തിച്ചുറച്ചു: 'നെപ്പോളിയൻ ചക്രവർത്തി തോററിരിക്കയില്ല. എന്തോ തന്ത്രത്താൽ പിന്മാറിയതാവാം. അദ്ദേഹം ഫ്രാൻസിനെ രക്ഷിക്കും. പാരീസിൽ വച്ച് ശത്രുക്കളുടെ കഥ കഴിക്കും.' പെട്ടെന്ന് അവളുടെ അമ്മ സ്മരണയിൽ തെളിഞ്ഞു വന്നു. 'തനിക്ക് ഒരു രാജകുമാരിയുടെ അന്തസ്സു നേടിത്തന്ന അമ്മ. ജനറലിൻെറ ഭാര്യയും ചക്രവർത്തിനിയുടെ തോഴിയുമായി പത്തുകൊല്ലം ലൂയിചക്രവർത്തിയുടെ കൊട്ടാരത്തിൽ വിഹരിച്ച അമ്മ. സർവ്വസൈന്യാധിപനായ നെപ്പോളിയൻെറ പ്രേമഭാജനം സ്വപ്രൗഢികൊണ്ട് നെപ്പോളിയൻ ചക്രവർത്തിയുടെ ചക്രവർത്തിനീപദം കൈയടക്കിയ അമ്മ. പിതൃത്വത്തിനുള്ള കൊതികൊണ്ട്, രാജകുമാരിയെ ഭാര്യയായിക്കിട്ടാൻ അവളുടെ പിതാവിൻെറ അനുമതിക്കുവേണ്ടി 'വിവാഹമോചനം' ചെയ്ത ചക്രവർത്തി. എന്നിട്ടും ഇടക്കിടെ ചക്രവർത്തി വന്ന് കണ്ടുകൊണ്ടിരുന്ന അമ്മ. അദ്ദേഹം എന്നാണ് അവസാനമായി അവിടെ വന്നത്? അമ്മ കിടപ്പിലായിരുന്നു. കൂടെക്കൂടെ വന്നിരുന്ന അദ്ദേഹം പെട്ടെന്നാണ് ജർമ്മനിയിലേക്ക് സേനയെ നയിച്ചത്. കുറേദിവസത്തേക്കു അമ്മയെക്കാണാൻ കഴിയാത്ത അവസ്ഥ. അമ്മയുടെ രോഗം വർദ്ധിച്ച ദിവസം. ചക്രവർത്തിയെ കാണാനുള്ള ആർത്തി. അദ്ദേഹം കൊട്ടാരത്തിൽ എത്തിയെന്നറിഞ്ഞ ദിവസം അവർ പറഞ്ഞു: മോളേ,

ഒരാളെ കൊട്ടാരത്തിലേക്കയയ്ക്കൂ! എനിക്ക് അദ്ദേഹത്തെ ഉടൻതന്നെ കാണണമെന്നറിയിക്കൂ! 'ദൂതനെ അയച്ചു. എത്ര പെട്ടെന്നാണ് ചക്രവർത്തി വന്നത്! അദ്ദേഹം അവരുടെ കട്ടിലിൽത്തന്നെ വന്നിരുന്നു. സ്നേഹം നിറഞ്ഞ നോട്ടം. അമ്മയുടെ നനഞ്ഞ കവിൾത്തടങ്ങൾ. അദ്ദേഹത്തിന്റെ മൃദുലമായ വാക്കുകൾ. അമ്മ തേങ്ങിത്തേങ്ങിക്കൊണ്ട് അവ്യക്തമായിച്ചോദിച്ചു: 'എന്നോട് ഇപ്പോഴും സ്നേഹമുണ്ടോ? അദ്ദേഹത്തിന്റെ കണ്ണുകൾ കരുണാർദ്രമായി. വിറയ്ക്കുന്ന അധരങ്ങൾ. 'നോക്കൂ!' നെഞ്ചിനോടടുത്തു അടിക്കുപ്പായത്തിന്റെ ഇടത്തേ പോക്കററിൽനിന്ന് പുറത്തെടുത്ത അമ്മയുടെ ഫോട്ടോ! വിവാഹവേദിയിൽവച്ചെടുത്ത സുന്ദരചിത്രം! അതു കാണിച്ചുകൊണ്ട്. ഇതിലേക്ക് ഒരു നിമിഷം നോക്കിയാൽ എല്ലാ ദുഃഖങ്ങളും ഞാൻ വിസ്മരിക്കുന്നു. പതിമൂന്നുകൊല്ലമായി നിന്നെ ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുകയാണ്. ഇപ്പോഴും! എന്റെ പ്രിയപ്പെട്ട 'ജോസഫൈൻ' നീ ഇപ്പോൾ എന്റെ ഭാര്യയല്ല, എന്റെ അഭിലാഷത്തിന്റെ പ്രതിരൂപമാണ്. എന്റെ അധികാരമാകുന്ന കാമിനിയുടെ, ഭാവനയാകുന്ന മോഹിനിയുടെ, പ്രതിരൂപമായ നിത്യ സുന്ദരി!' ആത്മാർത്ഥത മുററിനിന്ന വാക്കുകൾ. അവർക്കു ചക്രവർത്തിയുടെ മടിയിൽ തലവച്ചുകിടക്കാനൊരുമോഹം. അതു പറയേണ്ടതാമസം, അദ്ദേഹം അവരുടെ തല മടിയിൽ വച്ച് ആശ്വാസവാക്കുകൾ പറഞ്ഞുകൊണ്ടേ ഇരുന്നു. പെട്ടെന്നാണത് സംഭവിച്ചത്. ഓർക്കാൻ വയ്യ! കട്ടിലിലേക്കു തളർന്നു വീണ തന്നെ അദ്ദേഹം താങ്ങിയോ?'.

ആകാശമെങ്ങും കാർമേഘപാളികൾ. പൗർണ്ണമിച്ചന്ദ്രൻ കറുപ്പു തുണികൊണ്ട് മുഖം മൂടി! പെട്ടെന്ന് ഒരു കുതിരവണ്ടി അടുത്തടുത്തു വന്നു! 'ഹോട്ടസ്' പരിഭ്രമിച്ചു. 'ആരാണീ രാത്രിയിൽ? പാറാവുകാരൻ എന്തിനു ഗേററു തുറന്നു? പരിചാരകർ ഉറങ്ങിയോ? തിരിഞ്ഞുനോക്കുമ്പോൾ മൂന്നുപേർ ഇറങ്ങി വരുന്നു.' പരിഭ്രമിക്കേണ്ട.' തന്റെ അംഗരക്ഷകനാണു പറഞ്ഞത്. അയാൾ ഗേററു തുറക്കാൻ അനുവദിച്ചതാവാം.

ഹോട്ടസ്: ആരാണ് ഇവർ? എന്താണീസമയത്ത്?

അംഗരക്ഷകൻ കുമാരീ, ചക്രവർത്തിയുടെ കൽപന പ്രകാരമാണ്. ഇദ്ദേഹത്തെ അകത്തു കൊണ്ടുപോയി താമസിപ്പിക്കൂ!

എൻെറ അനുവാദമില്ലാത്ത യാതൊരാളേയും ഇദ്ദേഹത്തെക്കാണാൻ അനുവദിക്കരുത്.

ഹോട്ടൻസ്: ആരാണിതെന്നു പറയൂ.
അംഗരക്ഷകൻ: (ചിരിച്ചു കൊണ്ട്) പറയാൻ പാടില്ല. കൂടെയുള്ള ഈ മനുഷ്യൻ ചക്രവർത്തിയുടെ പ്രൈവററ് സിക്രട്ടറിയാണ്—ജനറൽ ലൂഷ്യൻ.

അതിനകം അവർ അൽപ്പം നടന്ന് വിളക്കിനടുത്ത് എത്തിയിരുന്നു. അതിഥിയുടെ തിളങ്ങുന്ന കാന്തശക്തിയുള്ള കണ്ണുകൾ വിടർന്നു മിന്നിയത് അവൾ കണ്ടു. ആനന്ദവും ആശ്ചര്യവും കലർന്ന്: 'എൻെറ ചക്രവർത്തീ, എൻെറ പ്രിയപ്പെട്ട ഇളയപ്പാ.'

ചക്രവർത്തി: (ഹോട്ടൻസ്സിനെ ആശ്ലേഷിച്ച്) മോളേ, വരൂ. അകത്തേക്കു പോകാം. ഈ നിലയിൻ ഈ വേഷത്തിൽ ഞാനിവിടെ വരാനിടയാകുമെന്ന് ഒരിക്കലും കരുതിയതല്ല. വിധിയെ തടഞ്ഞു നിർത്താൻ ആർക്കും കഴിയില്ലല്ലോ!

'ചക്രവർത്തി ആ പാതിരാവിൽ വേഷപ്രച്ഛന്നനായി വരാൻ എന്താണു കാരണം? അദ്ദേഹത്തെ എങ്ങനെയെല്ലാം സ്വീകരിക്കണം? ലിററീസിയാമ്മയെപ്പോലെ തൻെറ അമ്മയെപ്പോലെ, ലൂസിയച്ചേച്ചിയെപ്പോലെ തനിക്ക് അദ്ദേഹത്തെ പ്രീതിപ്പെടുത്താൻ കഴിയുമോ? ഏതായാലും അദ്ഭേഹത്തിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യണം. അദ്ദേഹത്തിൻെറ സംതൃപ്തി, അതാണ് തൻെറ ജീവിതവിജയത്തിൻെറ നിദാനം? അവൾ ചിന്തിച്ചുറപ്പിച്ചു. പക്ഷേ, ചക്രവർത്തി മുറിയിൽ ഇരുന്നിട്ടേയുള്ളു, അപ്പോഴേക്കും അംഗരക്ഷകൻ മന്ത്രി കാളിൻകോർട്ടിനെ അങ്ങോട്ടുകൊണ്ടുവന്നു. അദ്ദേഹത്തിൻെറ കൂടെ ജനറൽ ബക്കറും. അംഗരക്ഷകൻ പോയിക്കഴിഞ്ഞപ്പോൾ 'ബക്കർ' ഒരു കവർ ചക്രവർത്തിക്കു കൊടുത്തു. 'ഇതാ മറുപടി' ഉപചാരവാക്കുകളില്ല. അഭിവാദനങ്ങളില്ല. ആത്മാർത്ഥതയുടെ പ്രതിഫ

ലനം. ചക്രവർത്തി: ഞാൻ തന്നിരുന്ന സന്ദേശം എപ്പോരം എവിടെ വച്ചാണു കൊടുത്തത്.

ബക്കർ:— അപ്പോരംത്തന്നെ, പത്തുമണിക്ക്! ഡെപ്യൂട്ടികളുടെ ഓഫീസിൽവച്ച്. 'ഗ്രൗച്ചിയാണ്' അത് തുറന്നു വായിച്ചത്. ഒരു മണിക്കൂർ കഴിഞ്ഞ് മറുപടി വാങ്ങിക്കൊണ്ടു പോയിക്കൊടുക്കണമെന്നു പറഞ്ഞു. അത് അനുസരിച്ച് ഞാൻ പതിനൊന്നുമണിക്ക് അവിടെ ചെന്നു. അപ്പോരം 'ഗ്രൗച്ചി' അങ്ങയുടെ ഓഫീസിലായിരുന്നു—

ചക്രവർത്തി:— ഞാൻ ഇരിക്കുന്നിടത്തോ?

ബക്കർ:— അതെ. അവിടെ ഇരുന്നുകൊണ്ടാണ് ഇതെഴുതിത്തന്നത്.

ചക്രവർത്തി:— (കവർ തുറന്ന് വായിക്കുന്നതിന്നിടയിൽ) അപ്പോരം അവൻ അധികാരത്തിലെത്തിക്കഴിഞ്ഞു. അല്ലേ?

ബക്കർ:— അദ്ദേഹം പ്രധാനമന്ത്രിയാണെന്നാണ് കേട്ടത്.

കാളിൻകോർട്ട്:— ചക്രവർത്തിയുടെ അവസാന സന്ദേശം ലഭിക്കുന്നതിനു മുൻപുതന്നെ സെനററുകരം ചേർന്ന് തീരുമാനമെടുത്തു കഴിഞ്ഞിരുന്നു.

ചക്രവർത്തി:— എന്തായിരുന്നു തീരുമാനം?

കാളിൻകോർട്ട്:— ചക്രവർത്തിയുടെ അനുമതിയോടുകൂടി ഗ്രൗച്ചിയുടെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചുവെന്നും ക്രമത്തിൽ 'ജനാധിപത്യഭരണം' സ്ഥാപിക്കപ്പെടുന്നതോടെ ചക്രവർത്തിസ്ഥാനം ഉണ്ടായിരിക്കുന്നതല്ലെന്നും.

ചക്രവർത്തി: (അർത്ഥഗർഭമായി)ഉം! (അസാധാരണ ഭാവപ്പകർച്ചയോടെ) എന്റെ അവസാനത്തെ അപേക്ഷയും നിരസിച്ചിരിക്കുന്നു.

ഹോട്ടസ്:— എന്താണിളയപ്പാ?

ചക്രവർത്തി:— (ശാന്തസ്വരത്തിൽ) മോളേ, നീ അപ്പുറത്തേക്കു പോകൂ! ഞങ്ങരംക്ക് അല്പം രഹസ്യമായി സംസാരിക്കാനുണ്ട്.

(ഫോട്ടസ് നിരാശയോടെ പോയശേഷം) ബക്കർ ഇപ്പോഴത്തെ ശത്രുസൈന്യത്തിൻെറ പ്രവർത്തനങ്ങൾ വ്യക്തമാക്കൂ !

ബക്കർ: പാരീസിലെ മുഴുവൻ ഓഫീസുകളും ശത്രുക്കളുടെ കീഴിലാണ്. എല്ലായിടത്തും അവർ ക്യാമ്പു ചെയ്യുന്നു. പ്രഭുക്കളുടെ വീടുകളെല്ലാം ശത്രുക്കളുടെ താവളങ്ങളാണ്. തെരുവിലെങ്ങും സംഘട്ടനങ്ങൾ.

ചക്രവർത്തി: ജനങ്ങൾ സംഘട്ടനത്തിന് ഇറങ്ങിയിട്ടുണ്ടോ?

ബക്കർ:— ചിലയിടത്തു മാത്രം. നമ്മുടെ ഭടന്മാർ എല്ലായിടത്തും പൊരുതുന്നുണ്ട്. 'ഗ്രൗച്ചി'യുടെ കൂട്ടുകാരായിരുന്നവർ മാത്രം ശത്രുതാവളങ്ങളിൽപ്പോയി വിശ്രമിക്കയാണ്.

കാളിൻകോർട്ട്: സെനററു യോഗം കഴിഞ്ഞ ഉടനെ 'ഗ്രൗച്ചി'യെ ജയിലിൽ നിന്നു മോചിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ഗ്രൗച്ചിയെ സർവ്വസൈന്യാധിപനാക്കാനുള്ള ആലോചനയിലാണത്രെ.

ചക്രവർത്തി:— എൻെറ 'സ്ഥാനത്യാഗം' ജനങ്ങൾ അറിഞ്ഞിട്ടുണ്ടോ!

കാളിൻകോർട്ട്: ഇല്ല ചക്രവർത്തീ, അത് ആരേയും അറിയിച്ചിട്ടില്ല. അങ്ങയുടെ വാക്ക് ഞങ്ങൾ ഇപ്പോഴും അനുസരിക്കുന്നു. പക്ഷേ..

ചക്രവർത്തി:— എന്താണ്, വ്യക്തമായിപ്പറയൂ.

കാളിൻകോർട്ട്: ഇപ്പോഴെങ്കിലും അത് ജനങ്ങളെ അറിയിക്കാഞ്ഞാൽ പാരീസ് നഗരം നശിക്കും. ഫ്രാൻസ് വിദേശിയരുടെ കോളനിയായിത്തീരും. രാജ്യം അവർ മുറിച്ചോഹരിവയ്ക്കും. ചക്രവർത്തി, ജീവൻ രക്ഷിക്കാൻവേണ്ടി മാത്രമാണ് സെനററു മെമ്പർമാർ മൗനം ദീക്ഷിക്കുന്നത്. അവരിൽ ഇരുന്നൂറുപേർ ഇപ്പോഴും രഹസ്യമായി ബെഞ്ചമിൻെറ കീഴിൽ ഒരിടത്തു സമ്മേളിച്ചിരിക്കയാണ്. അനേകം ബഹുജന നേതാക്കളും അവിടെയുണ്ട്. ചക്രവർത്തിയെ ഒരു നോക്കു കാണാനും അധികാരം പിടിച്ചെടു

ക്കാനഭ്യർത്ഥിക്കാനും അവർ ഉറച്ചിരിക്കുന്നു. അതുതന്നെയാണ് എന്റെയും അഭിപ്രായം.

ചക്രവർത്തി: പ്രിയപ്പെട്ട കാളിൻകോർട്ട്, നിങ്ങൾ ചിന്തിക്കുന്നതനുസരിച്ച് അതെല്ലാം ശരിയായിത്തോന്നാം. എന്നാൽ സെനറ്റർമാരിൽ ശത്രുപക്ഷത്തുള്ളവർക്കു എത്രമാത്രം സ്വാധീനമുണ്ടെന്ന് നിങ്ങൾ ചിന്തിച്ചിട്ടില്ല. അവർ ഇന്ന് സംഘടിതരാണ്. ശത്രുസേനയുടെ എണ്ണത്തെക്കാൾ അധികം വരും അത്.

ബക്കർ: - (ആവേശഭരിതനായി) ചക്രവർത്തീ, ഒരേ ഒരു വാക്കു തരാമോ?. അവരെ മുഴുവൻ ഈ രാത്രികൊണ്ട് ഞാൻ അരിഞ്ഞു തള്ളാം. ശത്രുസേനയെ തുരത്തിയോടിക്കയും ചെയ്യാം.

ചക്രവർത്തി:— ക്ഷമിക്കൂ! അതെല്ലാം കഴിയുമെന്ന് എനിക്ക് അറിയാം. നിങ്ങൾ അറ ഞ്ഞുതള്ളേണ്ടവർ ഫ്രാൻസിലെ പ്രജകളായേക്കും. ഒരൊററ ഫ്രഞ്ചുകാരന്റെ ജീവനും ഞാൻ കാരണം നഷ്ടപ്പെടാനിടയാവരുത്. ഫ്രാൻസിന്റെ അന്തസ്സു വർദ്ധിപ്പിക്കാൻ ശത്രുക്കളോട് എതിർക്കുമ്പോൾ മരണം സംഭവിച്ചേക്കാം. അതും ഇതും തമ്മിൽ വലിയ അന്തരമുണ്ട്. ഞാൻ 'ജനാധിപത്യ'ത്തിന് അനുവാദം നല്കിയിരിക്കുന്നതായി പ്രചരിപ്പിക്കുന്നതു തന്നെ ഗ്രൗച്ചിയും കൂട്ടുകാരും നമ്മെ ഭയപ്പെടുന്നതിന്റെ തെളിവല്ലേ? നിങ്ങൾ രണ്ടുപേരും അപകടം പററാതെ കരുതി ജീവിക്കുക. എന്റെ 'സ്ഥാനത്യാഗം' പരമ രഹസ്യമായി സൂക്ഷിക്കുക.

പെട്ടെന്ന് ഹോട്ടസിന്റെ അംഗരക്ഷകൻ പ്രവേശിക്കുന്നു.

അംഗരക്ഷകൻ:— ചക്രവർത്തീ. കല്പിച്ച പ്രകാരം എല്ലാം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. കപ്പലുകളൊന്നും മൂന്നുദിവസത്തേക്കു തുറമുഖം വിടരുതെന്ന കൽപനയായിട്ടുണ്ടത്രേ. ഈ മന്ദിരത്തിനു സമീപവും ചാരന്മാർ വന്നുനോക്കിയിരുന്നു.

ചക്രവർത്തി:— (ആലോചനാപൂർവ്വം) ശരി.

കാളിൻകോർട്ട്:— (വികാരാധീനനായി) ചക്രവർത്തീ, അങ്ങ് പോകുന്നിടത്തേക്ക്

ബക്കർ:— ചക്രവർത്തി, ഞാനും,

ചക്രവർത്തി:— ഫ്രാൻസിന്റെ സമാധാനത്തിനായി നിങ്ങൾ ഈ മണ്ണിൽത്തന്നെ വേണം. നിങ്ങളേപ്പോലുള്ള ധീരന്മാരും രാജ്യസ്നേഹികളും പാരീസിലില്ലാതെ പോയാൽ ഗ്രൗച്ചിയും കൂട്ടുകാരും കൂടി ഈ രാജ്യം വിദേശിയർക്കു പണയം വയ്ക്കും. പോകൂ!. സംശയിക്കപ്പെടാവുന്ന രൂപത്തിലോ, സംശയിക്കപ്പെടാവുന്ന സ്ഥലത്തോ ഒരു നിമിഷവും ഇനി ഞാൻ താമസിച്ചുകൂടാ. എന്നെ അവർ ഗൂഢമായി ബന്ധനത്തിലാക്കിയേക്കും. പോകൂ! എനിക്കും രാജ്യത്തിനും വേണ്ടി നിങ്ങൾ പാരീസിൽ ജീവിക്കൂ! നിങ്ങൾക്കു നന്മ വരട്ടെ!

ഇററിററു വീഴുന്ന കണ്ണീർക്കണങ്ങളോടെ കാളിൻകോർട്ടും ബക്കറും ലൂഷ്യനും പുറത്തു കടന്നു. അംഗരക്ഷകൻ കാണിച്ച വഴിയിലൂടെ ചക്രവർത്തി നടന്നു.

തെരുവിൽ പതിവായി പച്ചക്കറികൾ വിൽക്കാൻ കൊണ്ടുവരാറുള്ള ഒരു പഴയ കുതിരവണ്ടി 'മാൽമേസൺ' മന്ദിരത്തിന്റെ പിന്നിലെ പൂന്തോട്ടത്തിൽ നിന്നിരുന്നു. അതിനു ചുററും ആ ബംഗ്ലാവിലെ പരിചാരകർ സ്തംഭിച്ചു നിന്നിരുന്നു. വേഷപ്രച്ഛന്നനായ ചക്രവർത്തി അതിൽ കയറിയിരുന്നു. തികച്ചും അപരിഷ്കൃതനായ ഒരു വണ്ടിക്കാരൻ കടിഞ്ഞാൺ പിടിച്ച് വണ്ടിത്തണ്ടിൽ ഇരിപ്പുണ്ട്. ഹോട്ടസ് തേങ്ങിത്തേങ്ങിക്കരയുകയാണ്.

ചക്രവർത്തി:— (പരിചാരകരോട്) നിങ്ങളൊക്കെ എന്റെ ജോസഫൈന്റെ പ്രിയജനങ്ങളാണ്. അതുകൊണ്ടുതന്നെ നെപ്പോളിയന്റെയും. നിങ്ങളൊക്കെ ഫ്രഞ്ചുകാരാണ്. അതുകൊണ്ട് (കടിച്ചമർത്തിയ വേദന വാക്കുകളെ തടഞ്ഞു.) നിങ്ങളെ വിട്ടുപിരിയാൻ എനിക്കു കഴിയില്ല. ഞാൻ എന്നും എപ്പോഴും ഇവിടെയുണ്ട്. (ഹോട്ടസിനോട്) പ്രിയപ്പെട്ട മോളേ, നിന്നെ ഞാനെന്റെ ജീവനോടൊപ്പം കൊണ്ടുനടക്കുന്നു. വണ്ടിയുടെ ചവിട്ടുപടിയിൽ കാൽവച്ച് അവളെ ഒരു കൈകൊണ്ട് ആശ്ലേഷിച്ച് കവിളിൽ_കണ്ണീരൊഴുകുന്ന കവിളിൽ-ഗാഢഗാഢം ചുംബിച്ച് അദ്ദേഹം കയറി. അവിടെ ഹൃദയവേദനയുടെ ആയിരം അലച്ചാർത്തുകൾ. ആ വണ്ടി മെല്ലെ മെല്ലെ നീങ്ങിക്കൊണ്ടിരുന്നു. എങ്ങോട്ട്? അത് എല്ലാവർക്കും അജ്ഞാതമായിരുന്നു.

നിരത്തിൽ ആറേഴു വണ്ടികൾ അങ്ങിങ്ങായി നീങ്ങിക്കൊണ്ടിരുന്നു. ഓരോന്നിലും ഓരോ കൃഷിക്കാരായിരുന്നു ചമ്മട്ടിയേന്തിയിരുന്നത്. എല്ലാററിലും ചാക്കുകൾ അട്ടിയിട്ടിരുന്നു. ആ ചാക്കുകൾക്കുള്ളിൽ ഓരോ ധീരയോദ്ധാക്കൾ! ആയിരങ്ങളെ അരിഞ്ഞു തള്ളാൻ കെൽപുള്ള വീരഭടന്മാർ. നിരവധി പെട്ടികൾ. ആകെ രണ്ടോ മൂന്നോ സ്ത്രീകൾ നാലഞ്ചുപേർ വേറെയും.

പത്തുകൊല്ലത്തെ ഭരണംകൊണ്ട് സമ്പൽസമൃദ്ധമായിരുന്ന പാരീസ് നഗരം ആയിരം കണ്ണുകൾകൊണ്ട് ആ യാത്ര ഉററുനോക്കിയിരുന്നു. പ്രകൃതിയുടെ കണ്ണുനീർത്തുള്ളികൾ ആ വണ്ടികളിൽ പതിച്ചുകൊണ്ടേയിരുന്നു. തടിച്ച തൊടികളും കൊഴുത്ത വയലേലകളും പട്ടിണിതീർത്ത് ഉറങ്ങുന്ന കുടിലുകളും പിന്നിട്ട് ആ കുതിരവണ്ടികൾ വരിവരിയായി ചരിക്കുമ്പോൾ നെപ്പോളിയൻെറ ഹൃദയം കൃതാർത്ഥതയുടെ ഒരു പുതു രോമാഞ്ചം ഉൾക്കൊണ്ടിരുന്നു.

അവർ 'റോച്ച്ഫോർട്ട്' തുറമുഖത്തെത്തി. അവിടെ ഒട്ടേറെ കപ്പലുകൾ കിടപ്പുണ്ടായിരുന്നു. പൂർവ്വാംബരത്തിൽ ചുവന്ന വെളിച്ചം പരന്നു. എല്ലാ കപ്പലുകളിലേക്കും രാജദൂതന്മാർ പോയിക്കൊണ്ടിരുന്നു. പത്രത്തിൽ 'കപ്പലുകൾക്കെല്ലാം മൂന്നു ദിവസത്തേക്ക് യാത്രാനുമതി നിഷേധിച്ച വാർത്തയുണ്ട്. ലൂയി പതിനെട്ടാമൻെറ സ്ഥാനാരോഹണം അന്നു നടക്കുമെന്ന വാർത്തയും.

നെപ്പോളിയൻെറ ദൂതന്മാർ പരമരഹസ്യമായി അമേരിക്ക, ഡച്ച് എന്നീ രാജ്യങ്ങളുടെ കപ്പലുകളിലെ കപ്പിത്താന്മാരെ സമീപിച്ചു. ചക്രവർത്തിക്ക് അഭയം നല്കാനും രഹസ്യമായി അവരുടെ കപ്പലിൽ പ്രവേശിക്കാനും അവർ സമ്മതിച്ചു. പക്ഷേ, ചക്രവർത്തി അത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പറഞ്ഞു: 'ഒളിച്ചിരിക്കാൻ ഞാൻ കള്ളനല്ല, രാജ്യദ്രോഹം ചെയ്തവനുമല്ല. പരസ്യമായി എന്നെ സ്വീകരിക്കുന്ന കപ്പിത്താനെയാണ് എനിക്കിന്നാവശ്യം. പക്ഷേ, അതിന് ആരും തയ്യാറായിരുന്നില്ല. ഫ്രാൻസിൻെറ അധികാരത്തിലുള്ള ആ തുറമുഖത്ത് ഒരു കപ്പിത്താനും ഫ്രഞ്ചു ഗവർമ്മേണ്ടിനെ ധിക്കരിക്കാൻ കഴിയുമായിരുന്നില്ല.

നെപ്പോളിയൻ ചിന്തിച്ചു: 'താൻ ശത്രുവിനെ കീഴടക്കിക്കഴിഞ്ഞാൽ മനുഷ്യാവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവും അംഗീകരിക്കാറുണ്ടല്ലോ. കീഴടങ്ങുന്ന ശത്രുവിനെ മാന്യനായിക്കരുതുന്നതല്ലേ സംസ്കാരം? തൻെറ ശത്രുക്കളിൽ ഏററവും പ്രബലൻ ഇംഗ്ലണ്ടിലെ രാജാവാണ്. അദ്ദേഹം വിജ്ഞാനവും ലോകാനുഭവങ്ങളുമുള്ള ഒരു സംസ്കാര സമ്പന്നനെന്നാണ് കേട്ടിട്ടുള്ളത്. ഇംഗ്ലണ്ടിൽ വിദ്യാസമ്പന്നർ ധാരാളമുണ്ട്. ഈജിപ്ററിൽ തൻെറ കപ്പലിന് തീപിടിച്ചപ്പോൾ തൻെറ ഭടന്മാരെ രക്ഷിക്കാനോടിയെത്തിയ 'വിൽസൺ' എത്ര സംസ്ക്കാര സമ്പന്നനാണ്. ഏററവും പ്രബലനായ ശത്രുവിന്നു മുമ്പിൽ കീഴടങ്ങിയിട്ടെങ്കിലും ഫ്രാൻസിൻെറ പ്രജകൾക്കു സമാധാനം കൈവരുത്താൻ പരിശ്രമിക്കുന്നതല്ലേ അഭികാമ്യമായ വഴി?' ഈ ചിന്തകൾ 'ശരി' 'ശരി' എന്ന ഉത്തരം നൽകുന്നതായി അദ്ദേഹത്തിനു തോന്നി.

അദ്ദേഹം അവിടെ കടലിൽ കിടന്നിരുന്ന 'ബെല്ലർഫോൺ' എന്ന കപ്പലിൻെറ ക്യാപ്ററനായ 'മിററ്ലൻഡ്' എന്ന ഇംഗ്ലീഷുകാരന് ഒരു കത്ത് ദൂതൻ വശം കൊടുത്തയച്ചു. അതിൻെറ മറുപടിയിൽ, അദ്ദേഹം നെപ്പോളിയനെ വ്യക്തിപരമായി സ്വീകരിക്കാമെന്നും, ഇംഗ്ലണ്ടിലെത്തിയാൽ ഭരണകൂടം എങ്ങനെ പെരുമാറുമെന്ന് പറയാൻ കഴിയില്ലെന്നും വ്യക്തമാക്കിയിരുന്നു. ഈ പരിതഃസ്ഥിതിയിൽ ഇംഗ്ലണ്ടിന്' കീഴടങ്ങരുതെന്ന് സുഹൃത്തുക്കൾ പറഞ്ഞു. നെപ്പോളിയൻ ധീരന്മാരുടെ മുമ്പിൽ മാത്രമേ തലകുനിക്കൂ എന്ന വ്രതത്തിൽ ഉറച്ചു നിന്നു. അദ്ദേഹം ഇംഗ്ലണ്ടിലെ ചക്രവർത്തിക്ക് നേരിട്ടു തന്നെ ഒരു കത്തെഴുതി. അതിൻെറ മറുപടിയിൽ എന്തുപറയുമെന്ന് കാത്തിരുന്നു.

മൂന്നാമത്തെ ദിവസം തന്നെ ചക്രവർത്തിക്ക് ക്യാപ്ററൻെറ മറുപടി ലഭിച്ചു. 'നെപ്പോളിയൻ ഇംഗ്ലണ്ടിലേക്കു വരാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അദ്ദേഹത്തെ കപ്പലിൽ സ്വീകരിക്കണമെന്ന് മേലധികാരികൾ നിർദ്ദേശിച്ചിരുന്നു' എന്നായിരുന്നു അതിൽ രേഖപ്പെടുത്തിയിരുന്നത്. 'ഇംഗ്ലണ്ടിലെ നിയമങ്ങൾ അനുസരിച്ച് അവിടത്തെ ഒരു പൗരനെപ്പോലെ ജീവിക്കാൻ തന്നെ അനുവദിക്കണമെന്ന അപേക്ഷക്കുള്ള മറുപടിയാണല്ലോ അത്. ആ മറുപടിയിൽ അനൗചിത്യമായി നിരക്കാത്തതൊന്നും കാണു

ന്നില്ല. അതുകൊണ്ട് ഇംഗ്ലണ്ടിലേക്കു പോവുക തന്നെ'! നെപ്പോളിയൻ തീരുമാനിച്ചു.

ഭാവിജീവിതത്തിന് ആവശ്യമായ സമ്പത്ത്—സ്വർണ്ണനാണയങ്ങളും ആഭരണങ്ങളും വിലയേറിയ പാത്രങ്ങളും മററും മററുമായി നിരവധി പെട്ടികളിൽ കപ്പലിലെത്തി. നെപ്പോളിയൻ വിശ്വസ്തരും ആത്മാർത്ഥതയുള്ളവരുമായ അമ്പത്തൊമ്പത് കൂട്ടുകാരോടൊപ്പം കപ്പലിൽ പ്രവേശിച്ചു. ക്യാപ്ററൻ അദ്ദേഹത്തെ ഹാർദമായി സ്വീകരിച്ചു. ദീർഘമായ കപ്പൽയാത്രക്കിടയിൽ സഹയാത്രക്കാരോടെല്ലാം അദ്ദേഹം ആത്മബന്ധം സ്ഥാപിച്ചു. ഇംഗ്ലീഷുകാരും ജപ്പാൻകാരും ജർമ്മനിക്കാരുമായിരുന്ന അവരെല്ലാം നെപ്പോളിയൻെറ സൗഹൃദം നിറഞ്ഞ പെരുമാററവും സ്വഭാവ മൂല്യങ്ങളും അടുത്തറിഞ്ഞു.

'ഫ്രാൻസിൻെറ ചക്രവർത്തി ഇംഗ്ലണ്ടിൻെറ കപ്പലിൽ കീഴടങ്ങിയിരിക്കുന്നു. അദ്ദേഹം 'പ്ലിമത്ത്' തുറമുഖത്ത് വന്നിറങ്ങും? ആ വാർത്ത ലോകമെങ്ങും ശ്രദ്ധിക്കപ്പെട്ടു. ഇംഗ്ലീഷുകാരിൽ ആയിരമായിരം വിദ്യാസമ്പന്നർ ഇതിനകം നെപ്പോളിയൻെറ വ്യക്തിത്വം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഇംഗ്ലീഷുഭടന്മാർ കീഴ്പ്പെടുത്തിയ ഫ്രഞ്ചു ഭടന്മാരിൽനിന്നും ആസ്പത്രിയിൽക്കിടക്കുന്നവരിൽനിന്നും നെപ്പോളിയനെപ്പററിയുള്ള ധീരകഥകൾ കേട്ടിരുന്നു. ഫ്രാൻസിലെ ഭടന്മാരും ജനങ്ങളും നെപ്പോളിയൻെറ ആരാധകരായിരുന്ന വസ്തുത അവർക്കെല്ലാം ബോദ്ധ്യമായിക്കഴിഞ്ഞു. അവർ തങ്ങളുടെ വീടുകളിലും പരിസരങ്ങളിലെ പീടികകളിലും ഇരുന്നു പറഞ്ഞിരുന്ന കഥകൾ കേട്ട് നിരവധി ഇംഗ്ലീഷുകാർ നെപ്പോളിയൻെറ ആരാധകരായിത്തീർന്നിരുന്നു.

ഇംഗ്ളണ്ടിലെ പല പത്രങ്ങളും നെപ്പോളിയൻെറ മഹത്ത്വം വെളിപ്പെടുത്തി. അദ്ദേഹത്തോട് മാന്യമായി പെരുമാറണമെന്ന് അഭ്യർത്ഥിക്കുന്ന മുഖപ്രസംഗങ്ങൾ എഴുതി. കപ്പൽ വന്നടുക്കുമ്പോഴേക്കും പ്ലിമത്ത് തുറമുഖത്ത് ജനങ്ങൾ പെരുകിപ്പെരുകി വന്നു. നെപ്പോളിയനെക്കാണാൻ ഉൽക്കണ്ഠാഭരിതരായ ജനങ്ങൾ. ഭരണകൂടം ഭയപ്പെട്ടു. ജനങ്ങൾ നെപ്പോളിയനെ

ബലം പ്രയോഗിച്ച് രക്ഷപ്പെടുത്തുമോ? ചില പൗരന്മാർ മനുഷ്യാവകാശവും വ്യക്തിസ്വാതന്ത്ര്യവും നെപ്പോളിയന് അനുവദിക്കാൻ വേണ്ടി ലണ്ടൻ കോടതിയിൽ ഒരു 'ഹേബിയസ് കോർപ്പസ് റിട്ട്' ഹർജിയും ഫയൽ ചെയ്തിരുന്നു.

പ്രിവികൗൺസിലിൽ പ്രഭുക്കൾ ശക്തിയായിവാദിച്ചതിങ്ങനെയാണ്. 'നെപ്പോളിയൻ യൂറോപ്യൻ രാജ്യങ്ങളുടെ പൊതു ശത്രുവാണ്. അയാളുടെ എല്ലാവിധ സ്വാതന്ത്ര്യവും തടയണം. മനുഷ്യവാസം കുറഞ്ഞ സെൻറ്ഹെലീനാ ദ്വീപിലേക്കു നാടുകടത്തണം.' നെപ്പോളിയൻെറ ശത്രുരാജാക്കന്മാരെല്ലാം ആ വാദത്തിനു പിന്തുണ നൽകുന്ന കമ്പികളും കത്തുകളും അയച്ചിരുന്നു.

കപ്പൽ 'പ്ലിമത്ത്' തുറമുഖത്ത് എത്തി. തത്ക്ഷണം കപ്പിത്താന് ഒരു കൽപന കിട്ടി. 'ആരുംതന്നെ കരക്കിറങ്ങാൻപാടില്ല.' നെപ്പോളിയൻ ദിനപ്പത്രങ്ങളിൽ നിന്ന് എല്ലാ വസ്തുതകളും ഗ്രഹിച്ചിരുന്നു. കരയ്ക്കു നിന്ന് തനിക്ക് അനുകൂലമായി മുദ്രാവാക്യങ്ങൾ മുഴക്കുന്ന ജനങ്ങളെ നോക്കി അദ്ദേഹം കൈ വീശി അഭിവാദ്യമർപ്പിച്ചു.

സർ ജോർജ്കോഗ്ബേർഡ്' എന്ന ഇംഗ്ലീഷുകാരൻ ഒരു സംഘം ഉദ്യോഗസ്ഥന്മാരോടുകൂടി കപ്പലിൽ കയറി. അയാൾക്ക് നെപ്പോളിയനെ 'സെൻറ് ഹെലിനയിൽ' കൊണ്ടുപോയി അവിടത്തെ ഗവർണ്ണർക്ക് ഒരു തടവുകാരനെന്ന നിലയിൽ ഏൽപിച്ചുകൊടുക്കാനുള്ള കൽപന ലഭിച്ചിരുന്നു. ഈ കൽപ്പന നെപ്പോളിയനെക്കാണിച്ചു. അദ്ദേഹം പറഞ്ഞു:' ഇതിലും ഭേദം എന്നെ ബോർബൻ രാജാക്കന്മാരെ ഏൽപിക്കുന്നതായിരുന്നു.' അൽപം കഴിഞ്ഞ് അസഹ്യ ദുഃഖത്തോടെ അദ്ദേഹം വീണ്ടും പറഞ്ഞു: ഉഷ്ണമേഖലാ കാലാവസ്ഥയുള്ള ഒരു വിദൂരദ്വീപിൽ, അനാരോഗ്യകരമായ സ്ഥലത്ത്. എന്നെ അസ്വതന്ത്രനായിപാർപ്പിക്കുന്നതിലും ഭേദം വധശിക്ഷയ്ക്കു വിധേയനാക്കുന്നതായിരുന്നു.'

ഇംഗ്ലണ്ടിലെ ഗവർമെൻറ് സിക്രട്ടറി ലോഡ്കീത്ത് കപ്പലിൽക്കയറിവന്ന് നെപ്പോളിയൻെറ ശരീരം നിരീക്ഷിച്ചു. അങ്ങ

യുടെ വാഠം ഇംഗ്ലണ്ടിലെ ഗവർമെൻറിനുവേണ്ടി ഞാൻ ചോദിക്കുന്നു.' അദ്ദേഹം സൗമ്യമായിപ്പറഞ്ഞു. അതിനകം നെപ്പോളിയൻെറ മിക്കവാറും പെട്ടികഠം ഉദ്യോഗസ്ഥന്മാർ കൊണ്ടുപോയിക്കഴിഞ്ഞിരുന്നു. നെപ്പോളിയൻ ആ സിക്രട്ടറിയെ രൂക്ഷമായി ഒന്നു നോക്കി. അദ്ദേഹം വീണ്ടും വാഠം ചോദിക്കാൻ അശക്തനായി തിരികെപ്പോകുന്നതു കണ്ട് അദ്ദേഹത്തിൻെറ കൂടെയുള്ള പ്രൈവററ് സിക്രട്ടറി പറഞ്ഞു: ഭരണകൂടത്തിൻെറ കൽപന നടപ്പാക്കേണ്ടതല്ലേ?' സിക്രട്ടറി തിരിച്ചടിച്ചു: 'നിങ്ങഠം നിങ്ങളുടെ പണിനോക്കിക്കൊള്ളുക!' ആ വാഗ്വാദം നെപ്പോളിയൻെറ ശ്രദ്ധയിൽപ്പെട്ടുവത്രെ. നെപ്പോളിയൻ പറഞ്ഞു: പാവം ആ മനുഷ്യനെ ഭരണകൂടം ശിക്ഷിക്കുമോ?'

ഇംഗ്ലണ്ടിൽനിന്ന് ആറായിരം മൈൽ അകലത്താണ് സെൻറ് ഹെലീനാദ്വീപ്. വൃക്ഷങ്ങളോ ചെടികളോ പക്ഷികളോ ഇല്ലാത്ത ഒരു കുന്നിൻ പ്രദേശവും കുറെ ചതുപ്പുവയലുകളും. അങ്ങിങ്ങായി താമസിക്കുന്ന അറുനൂറോളം വെള്ളക്കാർ. അവരുടെ നീഗ്രോകളായ കുറേ അടിമകളും. വൃത്തിയില്ലാത്ത വെള്ളവും അശുദ്ധവായുവും. അമ്പതുവയസ്സിലേറെ ആർക്കും ആയുസ്സുണ്ടാവാത്ത കാലാവസ്ഥ. ആയിരത്തിഇരുനൂറുചതുരശ്ര മൈലുകഠംക്കുള്ളിൽ ഭൂപ്രദേശം വേറെയില്ലാത്ത തികച്ചും ഒററപ്പെട്ട ഒരു ദ്വീപ്.

നെപ്പോളിയൻെറ കൂടെ ഇരുപത്തിനാലു ഫ്രഞ്ചുകാർക്കു മാത്രം പോകാൻ അനുവാദം നല്കിയിരുന്നു. മററുള്ളവരെ കപ്പലിൽ നിന്നിറക്കി. ഇംഗ്ലണ്ടിലെ ഭരണകൂടം ചെയ്ത വഞ്ചന തുറന്നു കാട്ടുന്ന ഒരു പ്രസ്താവന നെപ്പോളിയൻ എഴുതിയുണ്ടാക്കി. കപ്പൽ പുറപ്പെടുന്നതിനു മുൻപായി അത് അദ്ദേഹത്തിൻെറ സുഹൃത്ത് 'ലാസ്ക്കസ്' പത്രപ്രതിനിധികളെ ഏല്പിച്ചു.

അതിൽ നെപ്പോളിയൻ രേഖപ്പെടുത്തി: 'എന്നെയും എൻെറ വ്യക്തിപരമായ സ്വാതന്ത്ര്യത്തെയും തടഞ്ഞുകൊണ്ടും പരിപാവനമായ അവകാശങ്ങളെ നിഷേധിച്ചുകൊണ്ടും ബ്രിട്ടീഷ് ഗവർമെൻറ് കൈക്കൊണ്ട തീരുമാനത്തിൽ ഞാൻ എതിർപ്പു പ്രകടി

പ്പിക്കുന്നു. ഞാൻ സ്വമനസ്സാലെ ഇംഗ്ലണ്ടിലേക്കു വന്നതാണ്. കപ്പിത്താൻെറ ക്ഷണം സ്വീകരിച്ചാണ് വന്നത്. എന്നെ കൊണ്ടുവരാൻ കപ്പിത്താനു നൽകിയ അനുവാദപത്രത്തിൽ ഞാനൊരു തടവുകാരനാണെന്നു പറഞ്ഞിരുന്നില്ല. എന്നെ കൈയിൽക്കിട്ടിയശേഷം തടവുകാരനെന്നു പ്രഖ്യാപിച്ചത് തികച്ചും വഞ്ചനയാണ്. ഇംഗ്ലീഷുകാർ അവർക്കു തന്നെ ഒരു തീരാക്കളങ്കം വരുത്തിവച്ചിരിക്കുന്നു. ഇരുപതു വർഷക്കാലം ഇംഗ്ലണ്ടിനോടു നിരന്തരം പോരാടിയിരുന്ന ഒരു വ്യക്തി ഇംഗ്ലണ്ടിൻെറ നിയമങ്ങളിൽ വിശ്വാസമർപ്പിച്ച് അവരുടെ രാജ്യത്തു താമസിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതുതന്നെ അവരുടെ അന്തസ്സ് ഉയർത്താനുള്ള ഒരു നല്ല തെളിവായിരുന്നു. പക്ഷേ, അവരത് അവരുടെ വഞ്ചന ഉയർത്തിക്കാട്ടുന്നതിൻെറ ഒരു നല്ല തെളിവാക്കി മാററിയിരിക്കുന്നു.'

'നോർത്തംബർഗ്' എന്ന ആ കപ്പൽ മുന്നോട്ടു കുതിച്ചു. മുന്നിലും പിന്നിലും പട്ടാളക്കപ്പലുകൾ നീങ്ങിയിരുന്നു. നെപ്പോളിയൻെറ ഇരുഭാഗവും സായുധരായ ഉദ്യോഗസ്ഥന്മാർ കാവലിരുന്നു. അധികാരത്തിൻെറ പൊൻകിരീടം പരിത്യജിച്ച ഒരു മഹാവ്യക്തി, വഞ്ചനയുടെ കെണിയിലകപ്പെട്ട് ജീവിതത്തിൻെറ അജ്ഞാതമേഖലയിലേക്ക് നീങ്ങിക്കൊണ്ടേയിരുന്നു. ഭാഗ്യചക്രത്തിൻെറ തിരച്ചാലിൽ എന്തു തന്നെ സംഭവിക്കയില്ല?

## 15. ജീവിതസായാഹ്നം

അകലെ സമുദ്രമദ്ധ്യത്തിൽ പിശാചിൻെറ കോട്ടപോലെ സെൻറ് ഹെലീനാദ്വീപ്! കപ്പൽ അങ്ങോട്ടു നീങ്ങുകയാണ്. അത് ദ്വീപിനെ സമീപിച്ചുകഴിഞ്ഞു.

അതാ ഒരു കൂററൻ ബംഗ്ലാവ്. അത് അവിടത്തെ ഗവർണ്ണരുടെതാണ്. അടുത്തടുത്തായി ഏതാനും ചെറിയ കെട്ടിടങ്ങൾ. ഒട്ടു അപ്പുറം വിജനതയിലാണ് ആ പഴയ കെട്ടിടം. അടുത്ത ദിവസംവരെ പശുത്തൊഴുത്തായിരുന്ന വൃത്തികെട്ട കെട്ടിടം.

നെപ്പോളിയൻ ചക്രവർത്തിക്ക് ഇംഗ്ലണ്ടിലെ ഭരണകൂടം ഒരുക്കിയ കൽത്തുറുങ്ക്!

മൂന്നു ഭാഗവും കരിങ്കൽ ഭിത്തികൾ. ജനലുകൾ തീരെയില്ല. കട്ടിലോ മേശയോ കസേരയോ ഇല്ല. നെപ്പോളിയനെ അധികാരികൾ അതിനകത്താക്കി.

സുഹൃത്തുക്കൾക്കോ പരിചാരകർക്കോ അദ്ദേഹത്തിൻെറ മുറിയിൽ പ്രവേശനം ഉണ്ടായിരുന്നില്ല. ആർക്കെങ്കിലും അദ്ദേഹത്തെ കാണണമെങ്കിൽ അതിനായി നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻെറ (ജയിലറുടെ) സമ്മതം വാങ്ങിയിരിക്കണം. ഒരു ഇംഗ്ലീഷുകാരനായ സർജൻറ് സന്ദർശകൻെറ ഒപ്പം ഉണ്ടായിരിക്കണം. സന്ദർശകനുമായിട്ടുള്ള നെപ്പോളിയൻെറ സംഭാഷണം മുഴുവനും ആ ഉദ്യോഗസ്ഥൻ എഴുതിയെടുത്ത് ഗവർണ്ണർക്ക് എത്തിച്ചുകൊടുക്കണം. ഇംഗ്ലീഷുകാരനായ ഒരു പരിചാരകൻ കൃത്യസമയത്ത് ഭക്ഷണം എത്തിച്ചുകൊടുക്കും. അത് ഏതു തരത്തിലുള്ളതായാലും ഭക്ഷിക്കാം. അല്ലെങ്കിൽ പട്ടിണിതന്നെ. ഒരു പ്രത്യേക ഡോക്ടർ ദിവസവും രണ്ടു നേരം അദ്ദേഹത്തിൻെറ ശരീരം പരിശോധിക്കും. അതിൻെറ റിപ്പോർട്ട് ഡോക്ടർ തന്നെ നേരിട്ടു ഗവർണ്ണർക്കെത്തിക്കണം. കർക്കശ നിയമങ്ങൾ കൊണ്ട് അധികാരികൾ ആ ജീവിതം വരിഞ്ഞു കെട്ടി!

ആ മുറിയുടെ മുൻവശം തോക്കേന്തിയ ഒരു ഭടൻ എപ്പോഴും കാവലിരുന്നു. കുറേ ആയുധ ധാരികൾ ഗവർണ്ണറുടെ ബംഗ്ലാവിനു മുൻപിൽ സദാ ഒരുങ്ങി നില്ക്കും. ദ്വീപിനു ചുററും ചില പട്ടാളക്കപ്പലുകൾ രാപ്പകൽ റോന്തു ചുററാനും കൽപനയുണ്ട്. ഇതിനെല്ലാം കൂടി രണ്ടായിരത്തഞ്ഞൂറു ഭടന്മാരും മുന്നൂറിൽപ്പരം ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു.

ഈ ക്രൂരവും ഭയാനകവുമായ സംവിധാനങ്ങൾ കണ്ടും അറിഞ്ഞും നെപ്പോളിയൻെറ സുഹൃത്തുക്കൾ ആശ്ചര്യപ്പെട്ടു പക്ഷേ ചക്രവർത്തി പറഞ്ഞു: 'എന്നെ ഇംഗ്ലണ്ടിലെ ഭരണകൂടം ഭയപ്പെടുന്നു. അവരുടെ കക്ഷിയിൽപ്പെട്ട രാജാക്കന്മാർ കൂടുതൽ ഭയപ്പെടുന്നു. എൽബായിൽ നിന്നു ഫ്രാൻസിലെത്തിയതു പോലെ ഞാൻ ഇവിടെ നിന്നും പോയാലോ! അതാണ് അവരുടെ

ഭയം. ഒമ്പതുരാജാക്കന്മാർ പങ്കിട്ടെടുക്കുന്ന ധനം കൊണ്ടായിരിക്കണം ഇതൊക്കെ ചെയ്യുന്നത്. ഒരു മനുഷ്യനെക്കുറിച്ചുള്ള ഭയം! മനുഷ്യനിലുള്ള നന്മയെക്കുറിച്ച് ചിന്തിക്കാൻ ആർക്കാണു കഴിയുക?.'

നെപ്പോളിയൻെറ സുഹൃത്തുക്കൾക്കും പരിചാരകർക്കും സാധാരണ പാർപ്പിടങ്ങൾ തന്നെ നല്കപ്പെട്ടു. ഇത് അവർക്കു വലിയ വേദനയ്ക്കു കാരണമായി. നെപ്പോളിയനോടുള്ള കടമകൾ നിർവ്വഹിക്കാനാണ് അവർ വന്നത്. അത് സാധിക്കാതെ വന്നിരിക്കയാണ്. ആവർക്കു ജീവിതം ദുസ്സഹമായി

നെപ്പോളിയനും കൂട്ടുകാർക്കുമുള്ള കത്തുകൾ ജയിലർ പരിശോധിച്ചിരുന്നു. മിക്കതും കിട്ടേണ്ടവർക്കു കൊടുത്തില്ല. അവരയക്കുന്ന കത്തുകളും നശിപ്പിക്കപ്പെട്ടു. അധികാരികൾ കൊടുത്തയച്ചിരുന്ന ഭക്ഷണം അടിമകൾക്കുള്ളതിലും മോശമായിരുന്നു. പച്ചവെള്ളംപോലും ശുദ്ധമായിരുന്നില്ല. അവിടത്തെ കാലാവസ്ഥയാണെങ്കിൽ ഫ്രഞ്ചുകാർക്കു തീരെ പിടിക്കാത്തതും. ദിവസങ്ങളോരോന്നും യുഗങ്ങളെപ്പോലെ തള്ളിനീക്കിക്കൊണ്ട് ആ വിശ്വജേതാവ് കഴിഞ്ഞുകൂടി.

'നെപ്പോളിയൻ ചക്രവർത്തി ഒരു ജയിൽപ്പുള്ളിയോ?' അദ്ദേഹത്തിൻെറ ഉത്തമസുഹൃത്ത് 'ലാസ്ക്കസ്' ആ അനീതിയെ ചോദ്യം ചെയ്യാനുറച്ചു. 'നെപ്പോളിയനെ അതിഥിയായിപ്പരിഗണിക്കുക. മാനുഷികാവകാശങ്ങൾ അനുവദിക്കുക.' ഇംഗ്ലണ്ടിലെ ഭരണകൂടത്തെ അദ്ദേഹം അറിയിച്ചു. അവിടത്തെ നരകയാതനകൾ വിവരിക്കുന്ന ഒരു മെമ്മോറാണ്ടം അദ്ദേഹം എഴുതിയുണ്ടാക്കി. അത് ഇംഗ്ലണ്ടിലെ രാജാവിനു തന്നെ അയച്ചു. ആ വിവരം ഗവർണ്ണർ അറിഞ്ഞു. 'എൻെറ അനുവാദമില്ലാതെ അങ്ങനെ ചെയ്കയോ?' ഗവർണ്ണർ ഗർജ്ജിച്ചു. 'ലാ സ്ക്കസ്' 'കൽത്തുറുങ്കിലടയ്ക്കപ്പെട്ടു. തന്നെ നിത്യവും ആശ്വസിപ്പിച്ചുകൊണ്ടിരുന്ന സുഹൃത്തും അജ്ഞാതസ്ഥലത്തെ ജയിലിലാണെന്നറിഞ്ഞപ്പോൾ നെപ്പോളിയൻെറ ഹൃദയം വേദനിക്കാൻ തുടങ്ങി.

ദിവസവും ശരീരപരിശോധനയ്ക്കെത്താറുള്ള ഡോ. ഒമാറോ സൽസ്വഭാവിയായ ഒരു ഇംഗ്ലീഷുകാരനായിരുന്നു. അദ്ദേഹം

ക്രമത്തിൽ നെപ്പോളിയൻെറ സുഹൃത്തായി. ഒരുദിവസം ഡോ. ഒമാറോ നെപ്പോളിയൻെറ മുറിയിൽ വച്ചുതന്നെ പരിശോധനാറിപ്പോർട്ട് എഴുതുകയാണ്. നെപ്പോളിയൻ പറഞ്ഞു: 'ആ റിപ്പോർട്ട് എന്നെക്കൂടി കാണിക്കണം.' ഡോക്ടർ അത് നെപ്പോളിയന് വായിക്കാൻ കൊടുത്തു. അതിൽ 'മിസ്ററർ ബോണപ്പാർട്ട്' എന്നായിരുന്നു ചക്രവർത്തിയെ പരാമർശിച്ചിരുന്നത്. തന്നെ ചക്രവർത്തിയെന്നല്ലാതെ മററാരും വിളിക്കുന്നത് നെപ്പോളിയൻ ഇഷ്ടപ്പെട്ടിരുന്നില്ല. തുടർന്നു അവർ തമ്മിൽ ഒരു വാക്സമരം തന്നെ നടന്നു. നെപ്പോളിയനെ തടവുകാരനായി പ്രഖ്യാപിക്കുന്ന കൽപനയിൽത്തന്നെ അദ്ദേഹത്തെ എല്ലാവരും 'ജനറൽ ബോണപ്പാർട്ട്' എന്നോ 'മിസ്ററർ ബോണപ്പാർട്ട്' എന്നോ അല്ലാതെ ഒരിക്കലും ചക്രവർത്തി എന്നു ചേർത്ത് വിളിക്കുകയോ എഴുതുകയോ ചെയ്യരുതെന്ന് ഭരണാധികാരികഠം വ്യക്തമാക്കിയിരുന്നു. ഡോക്ടർ ഒമാറോവിൻെറ ധർമ്മസങ്കടം നെപ്പോളിയനു ബോദ്ധ്യമായി. അതേസമയം തൻെറ വ്യക്തിത്വവും മാന്യസ്ഥാനവും അദ്ദേഹം അംഗീകരിക്കുന്നുണ്ടെന്നും തെളിഞ്ഞു. അന്നുമുതൽ അവർ ആത്മസുഹൃത്തുക്കളായിത്തീർന്നു. ഡോക്ടരുടെ സന്ദർശന സമയം അദ്ദേഹത്തിന് ആശ്വാസം പകരുന്ന സന്ദർഭമായിത്തീർന്നു.

എല്ലാ ദിവസവും വൈകുന്നേരം ഒരു സർജൻറിൻെറ അകമ്പടിയോടെ കുറച്ചുദൂരം നടക്കാൻ നെപ്പോളിയനെ അനുവദിച്ചിരുന്നു. മിക്കദിവസവും നടന്നു നടന്ന് അൽപം അകലെയുള്ള ഒരു കുളക്കരയിൽ എത്താറുണ്ട്. അതിൻെറ വക്കത്തിരുന്ന് മൽസ്യങ്ങളെ നോക്കി അദ്ദേഹം രസിക്കാറുമുണ്ട്. ആ മൽസ്യങ്ങഠംക്കു ധാന്യങ്ങഠം വിതറിക്കൊടുത്ത് അവയുടെ കളികളും മൽസരങ്ങളും കണ്ടാനന്ദിക്കുന്നത് അദ്ദേഹത്തിൻെറ പതിവായിരുന്നു.

ഒരു ദിവസം നെപ്പോളിയൻ കുളക്കരയിലേക്കു നടക്കുകയാണ്. ആ വഴി വീതി കുറഞ്ഞതും കുണ്ടും കുഴിയുമുള്ളതുമായിരുന്നു, അടിമയായ ഒരു നീഗ്രോ കഠിനമായ ഭാരം കയററിയ ഒരു വണ്ടി ആഞ്ഞുവലിച്ചു കയററിക്കൊണ്ട് വരുന്നത് അദ്ദേഹത്തിൻെറ ശ്രദ്ധയിലകപ്പെട്ടു. വഴിയിൽ രണ്ടു വെള്ളക്കാരി

കാം സംസാരിച്ചുകൊണ്ട് നില്ക്കയാണ്. നെപ്പോളിയനും ആ സ്ത്രീകളുടെ അടുത്തെത്താറായ സമയത്താണ് നീഗ്രോവിൻെറ വണ്ടി എതിർവശത്തെത്തിയത്. ആ സ്ത്രീകാം അൽപം നീങ്ങി നിൽക്കാതെ നീഗ്രോവിന് വണ്ടി മുന്നോട്ടു നീക്കാൻ കഴിയാത്ത മട്ടിലായി. അവർ നീഗ്രോവിനെ ക്രൂരമായൊന്നു നോക്കി 'അപ്പുറത്തുകൂടെ വണ്ടി വലിക്കെടാ!' ഒരു സ്ത്രീ അലറി. ഉടൻതന്നെ നെപ്പോളിയൻ കുറെ മാറിനിന്നുകൊണ്ട് പറഞ്ഞു: 'ഇതിലേ വണ്ടി വലിക്കൂ! അൽപം വളഞ്ഞാലും കയററമില്ലല്ലോ!' അനുകമ്പയും ആത്മാർത്ഥതയും നിറഞ്ഞ വാക്കുകാം ആ നീഗ്രോ ആദ്യം കോംക്കുകയാണ്. അവൻ അദ്ദേഹത്തെപ്പററി' നല്ല മനുഷ്യൻ' എന്നു പിറുപിറുത്തുകൊണ്ട് വണ്ടി വലിച്ചു.

ഇംഗ്ലീഷുകാരികളിൽ ഒരുവാം കൂട്ടുകാരിയോട് പറഞ്ഞു. 'നോക്കൂ! നെപ്പോളിയൻ ചക്രവർത്തിയാണത്. എന്തൊരു ദയാശീലം! അടിമയ്ക്കു വഴി മാറിക്കൊടുത്തു! സ്വഭാവം പോലെ തന്നെ ആകൃതിയും എത്ര മനോഹരം! നമ്മാം കേട്ടതെല്ലാം നുണകളാണെന്നു തോന്നുന്നു. ഇദ്ദേഹം കാഴ്ചയിൽത്തന്നെ ഒരു മഹാനാണ്.' ആ വാക്കുകാം നെപ്പോളിയൻെറ ശ്രദ്ധയിൽപ്പെട്ടെങ്കിലും അദ്ദേഹം നിസ്സാരനെന്നപോലെ പറഞ്ഞു: 'ആ വണ്ടിയിലെ ഭാരത്തെയെങ്കിലും നാം മാനിക്കണമല്ലോ!' കൂടെയുള്ള സുഹൃത്ത് മനുഷ്യൻെറ ജീവിതഭാരത്തെപ്പററിയുള്ള നെപ്പോളിയൻെറ അഭിപ്രായങ്ങാം ആ യാത്രക്കിടയിൽ ആരാഞ്ഞറിഞ്ഞു.

ഇപ്രകാരമുള്ള അവസരങ്ങളിൽ നെപ്പോളിയൻ പറഞ്ഞിരുന്ന പല വാക്കുകളും സാരഗർഭങ്ങളായിരുന്നു. ഒരിക്കൽ അധികാരമോഹത്തിൻെറ ആപത്തിനെക്കുറിച്ചായിരുന്നു സംഭാഷണം. 'അധികാരത്തെ ഞാൻ സ്നേഹിക്കുന്നു. അതൊരു കലാകാരൻെറ മട്ടിലാണെന്നു മാത്രം. ഒരു ഫിഡിൽ വായനക്കാരൻ, അതിൽ നിന്നു ജനിപ്പിക്കാവുന്ന സ്വരങ്ങാംക്കും സ്വരസംവിധാനങ്ങാംക്കും വേണ്ടി, തൻെറ ഫിഡിലിനെ സ്നേഹിക്കുന്നതു പോലെ'. താൻ എവിടെവിടെ എന്തെന്ത് വിധം അധികാരങ്ങാംക്കുവേണ്ടി മോഹിച്ചുവോ അതൊക്കെ ജനങ്ങാംക്കു വേണ്ടി പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കാൻ വേണ്ടിയായിരുന്നുവെന്നാണ്

അദ്ദേഹം വിശ്വസിച്ചിരുന്നത്. ബലപ്രയോഗം കൂടാതെ കഴിക്കുന്നതാണു നല്ലതെന്ന് അദ്ദേഹം ഇക്കാലത്തു വിശ്വസിച്ചിരുന്നു. ഒരു ദിവസം പറഞ്ഞത്രെ: 'നിങ്ങൾക്കറിയാമോ? എല്ലാററിലുമേറെ എന്നെ വിസ്മയിപ്പിക്കുന്നത് എന്താണെന്ന് ബലത്തിൻെറ പരിപൂർണ്ണമായ നിഷ്പ്രയോജനത. രണ്ടേരണ്ടു ശക്തികളേയുള്ളൂ ഈ ലോകത്തിൽ—വാളും, മനുഷ്യൻെറ അന്തശ്ചൈതന്യവും. കുറെക്കഴിയുമ്പോൾ അന്തശ്ചൈതന്യം വാളിനെ ജയിക്കാതെ നിവൃത്തിയില്ല'. അന്നത്തെ സംഭാഷണം ഇങ്ങനെ പര്യവസാനിച്ചെന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. യുദ്ധം കാലഹരണപ്പെട്ടു കഴിഞ്ഞ ഒന്നാണ്. പീരങ്കികളും വെടിയുണ്ടകളുമൊന്നും കൂടാതെതന്നെ വിജയങ്ങൾ നേടാവുന്ന ഒരു കാലം എന്നെങ്കിലും വന്നേക്കും'

ആ നീഗ്രോവിനെ നെപ്പോളിയൻ ഇടയ്ക്കിടെ കാണാറുണ്ട്. അദ്ദേഹത്തെക്കണ്ടാൽ സന്തോഷത്തോടെ അവൻെറ കൂട്ടുകാരോട് 'അതാ നല്ല മനുഷ്യൻ' എന്നു പറയാറുണ്ട്. 'ടോബി' എന്ന ആ നീഗ്രോവിൻെറ യജമാനൻ വളരെ ക്രൂരനായിരുന്നു. അയാൾ പലപ്പോഴും അവനെക്കൊണ്ടു ഇരുട്ടുവരെ പണിയെടുപ്പിച്ചിരുന്നു. ഇത് നെപ്പോളിയൻെറ മനസ്സിനെ വേദനിപ്പിച്ചു. അദ്ദേഹം അവനെ സ്വതന്ത്രനാക്കേണമെന്നപേക്ഷിച്ചു ഗവർണ്ണർക്ക് ഒരു കത്ത് എഴുതി. കുറെ ദിവസം കഴിഞ്ഞിട്ടും യാതൊരു മറുപടിയും ലഭിച്ചില്ല. അവസാനം ഡോക്ടർ ഒമാറോവിൻെറ കയ്യിൽ മറെറാരു ഹർജി ഗവർണ്ണർക്കു കൊടുത്തയച്ചു. ഗവർണ്ണറോടുള്ള സംഭാഷണത്തിൽ ഡോക്ടർ നെപ്പോളിയൻെറ വാദഗതികൾ നിരത്തി. അത് ഗവർണ്ണറെ ചൊടിപ്പിച്ചു. അദ്ദേഹം തീർത്തു പറഞ്ഞു: 'മിസ്ററർ ഒമാറോ, നിങ്ങൾക്ക് അറിയില്ല, മിസ്ററർ ബോണപ്പാർട്ടിൻെറ കുതന്ത്രം. ആ നീഗ്രോവിനെ മനുഷ്യസ്നേഹപരമായി സഹായിച്ച് അവനെ മോചിപ്പിച്ച്, അവൻ മുഖാന്തരം ആഫ്രിക്കയിലെ നീഗ്രോകളെ മുഴുവൻ സ്വാധീനിക്കാനാണ്. അതു നടപ്പില്ലെന്ന് പറഞ്ഞേക്കൂ!'

'സർ ഹഡ്സൺലോവ്' എന്ന ഗവർണ്ണറായിരുന്നു അത്. സെൻറ് ഹെലീനയിൽ നെപ്പോളിയനെ 'സുരക്ഷിത'മായി താമസിപ്പിക്കാൻ എല്ലാ അധികാരങ്ങളോടും കൂടി നിയമിച്ച ഈ ഗവർ

ർണ്ണർ അടുത്തദിവസം അവിടെ വന്നു ചാർജ്ജെടുത്ത വ്യക്തിയാണ്. 'ലാസ്ക്കസെസ്സി'ൻെറ മെമ്മോറാണ്ടം ഇംഗ്ലണ്ടിനെ കൂടുതൽ ചൊടിപ്പിച്ചിരുന്നു. 'ലുങ്ങ്നി' എന്ന സ്ഥലത്ത് (ആ ദ്വീപിൽത്തന്നെ) തനി ജയിലുപോലുള്ള മറെറാരു കെട്ടിടത്തിൻെറ പണി പൂർത്തിയായിരുന്നു. നെപ്പോളിയനെ അതിലേക്കു മാററി പ്പാർപ്പിച്ചു.

ഡോ ഒമാറോ, നെപ്പോളിയനെ സഹോദരനെപ്പോലെ സ്നേഹിച്ചിരുന്നു. ഇത് ഗവർണ്ണർ ഇഷ്ടപ്പെട്ടില്ല. ഡോക്ടരെ പെട്ടെന്നൊരു ദിവസം ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ട് ഇംഗ്ലണ്ടിലേക്കു തിരിച്ചുപോകാൻ ഗവർണ്ണർ കൽപിച്ചു. അക്കാലത്ത് ഇംഗ്ലണ്ടിലെ പാർളിമെൻറിൻെറ ഒരു പ്രതിനിധി സംഘം ആ ദ്വീപ് സന്ദർശിച്ചിരുന്നു. അവർ ഗവർണ്ണരുടെ ക്രൂരതകാം അറിഞ്ഞു. ഡോ.ഒമാറോവിനെ ഉദ്യോഗത്തിൽ തിരിച്ചെടുക്കാൻ അവർ അഭ്യർത്ഥിച്ചു. ഗവർണ്ണർ ആ പ്രതിനിധിസംഘം മടങ്ങിപ്പോകുന്നതുവരെ തൻെറ കൽപന നിർത്തിവച്ചു. പക്ഷേ, അവർ പോയ ഉടൻ ആ കൽപന നടപ്പാക്കി.

'മനുഷ്യത്വപരമായി പെരുമാറുന്നുവെന്ന കാരണത്താലണല്ലോ ആ ഡോക്ടരെ ശിക്ഷിക്കുന്നത്'. ഈ ചിന്ത നെപ്പോളിയനെ വല്ലാതെ വ്യസനിപ്പിച്ചു. ഡോക്ടർ യാത്ര പറയാൻ വേണ്ടി നെപ്പോളിയൻെറ അടുത്തു ചെന്നു. നെപ്പോളിയൻ ഒരു കവർ അദ്ദേഹത്തിൻെറ കൈയിൽക്കൊടുത്തു. ഒമാറോ അതു തുറന്നു നോക്കി. ലണ്ടനിൽ എത്തിയാൽ അവിടെയുള്ള നെപ്പോളിയൻെറ സുഹൃത്തുക്കളിൽ നിന്ന് എഴുപതിനായിരം ഫ്രാങ്ക് പെൻഷനായി സ്വീകരിക്കാനുള്ള അധികാരപത്രമായിരുന്നു അത്. നെപ്പോളിയൻെറ സ്വന്തം പേരിലും സുഹൃത്തുക്കളുടെ പേരിലും ധാരാളം പണം യൂറോപ്പിലെ മിക്ക സ്ഥലത്തുമുള്ള ബാങ്കുകളിൽ ഉണ്ടായിരുന്നു. ഡോക്ടർ വികാരവിവശനായി യാത്ര പറഞ്ഞപ്പോാം നെപ്പോളിയൻ പറഞ്ഞു: 'പ്രിയപ്പെട്ട ഒമാറോ. താങ്കാം ഫ്രാൻസിൽ പോയി എൻെറ സുഹൃത്തുക്കളേയും കുടുംബാംഗങ്ങളേയും കാണണം. എൻെറ സ്നേഹാന്വേഷണങ്ങാം 'അവരെ അറിയിക്കുക, അവരോടൊന്നും എന്നെ കാണാൻ ഇങ്ങോട്ടു വരരുതെന്ന് പറയണം. താങ്കാം ഭയവായി

എനിക്കുവേണ്ടി എന്റെ മകനെ ആശ്ലേഷിക്കുക.' രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു തുളുമ്പി.

ഗവർണ്ണരുടെ ക്രൂരവും നിന്ദ്യവുമായ പെരുമാററങ്ങൾ അസഹ്യമായിരുന്നു. സുപ്രസിദ്ധ ഇംഗ്ലീഷു സാഹിത്യകാരനായ 'റോസ്ബറി' ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: ഹഡ്സൺ ലോവിന്റെ നാമംപോലെ ഇത്ര നിർഭാഗ്യകരമായ പേര് ചരിത്രത്തിൽ അധികമുണ്ടെന്നു തോന്നുന്നില്ല. സെൻറ് ഹെലീനയിൽ നെപ്പോളിയന്റെ അധിവാസകാലത്ത് ഇദ്ദേഹം ഗവർണ്ണരായി നിയമിക്കപ്പെട്ടിരുന്നില്ലെങ്കിൽ സാധാരണ ഒരു ഉദ്യോഗസ്ഥനെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ജീവിതം അപ്രസിദ്ധിയിൽ അവസാനിക്കുമായിരുന്നു. നയമോ അനുഭവമോ ഇല്ലാത്ത സങ്കുചിത ബുദ്ധിയും അജ്ഞനും ക്ഷോഭവശഗനുമായിരുന്നു ലോവ്'.

നെപ്പോളിയൻ ആദ്യമായി ആ ഗവർണ്ണരെക്കണ്ടപ്പോൾ സുഹൃത്തിനോടു പറഞ്ഞു: 'അയാളുടെ കണ്ണുകൾ കുരുക്കിലകപ്പെട്ട ഒരു കാണ്ടാമൃഗത്തിന്റേതുപോലെയാണ്.' രണ്ടുവർഷം കഴിഞ്ഞ് ആ ദ്വീപ് സന്ദർശിച്ച 'ലേഡിഗ്രെൻവിൽ' എന്ന എഴുത്തുകാരി രേഖപ്പെടുത്തിയതിങ്ങനെയാണ്: 'അയാളുടെ മുഖഭാവം പിശാചിന്റേതുപോലെയാണ്. നെപ്പോളിയനെ തൂക്കിലിടുന്നതിനോ, വെടിവയ്ക്കുന്നതിനോ ഉദ്ദേശിക്കുന്ന ഒരു ഗവർമ്മേൻറ് ഇദ്ദേഹത്തേക്കാൾ സൗജന്യമോ ആർദ്രതയോ ഉള്ള ഒരാളിനെ അതിലേക്കു നിയോഗിക്കുമായിരുന്നു.' നെപ്പോളിയൻ മറെറാരിക്കൽ പറഞ്ഞു: 'ഈ ഗവർണ്ണർ ഒരു ഭയങ്കരനാണ്. മുഖഭാവം തന്നെ പരമ ദുഷ്ടന്റേതാണ്. മുഖഭാവം കൊണ്ട് ഒരാളുടെ സ്വഭാവം പൂർണ്ണമായി നിർണ്ണയിക്കുന്നത് ശരിയല്ല. എങ്കിലും ഇയാളുടെ സാന്നിദ്ധ്യം തന്നെ എന്നെ ക്ഷുഭിതനാക്കുന്നു. കോപിക്കുന്നതാവട്ടേ, എന്റെ സ്ഥിതിക്കു ചേർന്നതുമല്ല.'

ഗവർണ്ണർ പല നിലയ്ക്കും നെപ്പോളിയനെ ഉപദ്രവിച്ചു. ഭക്ഷണച്ചെലവുകൾ വെട്ടിച്ചുരുക്കി. നല്ല ഭക്ഷണത്തിന് സ്വന്തമായ പണം അടയ്ക്കണമെന്നു കൽപിച്ചു. നെപ്പോളിയന്റെ പെട്ടികൾ മുക്കാലും ഭരണാധികാരികൾ എടുത്തിരുന്നല്ലോ.

വിദേശങ്ങളിൽ നിന്നു പണം വരുത്താനും അവകാശമില്ല. ഒന്നു രണ്ടു സ്വർണ്ണത്തളികകാം കിട്ടുന്ന വിലയ്ക്കു വിററ് നല്ല ഭക്ഷണത്തിനു ചെലവഴിച്ചു. കുറെ ദിവസം കൊണ്ട് അതും തീർന്നു പോയി. പിന്നെ ഭക്ഷണത്തിനും അത്യാവശ്യമായ വസ്ത്രത്തിനും വഴിയില്ലാതെ നന്നേ വിഷമിച്ചു.

ആംഹോസ്ററ് പ്രഭു ഒരിക്കൽ ആ ദ്വീപ് സന്ദർശിച്ചു. അദ്ദേഹം നെപ്പോളിയനെക്കണ്ട് സുഖവിവരങ്ങാം അന്വേഷിച്ചു. ഇംഗ്ലണ്ടിലെ ഫ്രഞ്ച് സ്ഥാനപതിയോട് എന്തെങ്കിലും പറയാനുണ്ടോ എന്ന് അദ്ദേഹംചോദിച്ചു. നെപ്പോളിയൻ അദ്ദേഹത്തോടു പറഞ്ഞു: 'രണ്ടുകോടി ജനങ്ങാം ഒരു വ്യക്തിയെ ഉപദ്രവിക്കുന്നതിൻെറ ദൃഷ്ടാന്തമാണ് ഇത്. എൻെറ ഭാര്യയുടെയോ അമ്മയുടെയോ കത്തുകാം ജയിലർ പരിശോധിക്കാതെ എനിക്കു തരാറില്ല. എണ്ണമററ യുദ്ധക്കപ്പലുകാം ഈ ദ്വീപിൻെറ ചുററും സദാ ചുററുന്നു. ഒരു അടയാളംകൊണ്ട് അപകട വിവരം ഉടൻ ലണ്ടനിൽ അറിയിക്കാൻ കഴിയുന്ന സംവിധാനവും ഉണ്ട്. പിന്നെ എങ്ങനെ ഒരാാം ഇവിടെ നിന്ന് രക്ഷപ്പെടും? ആയുധധാരികാം എന്നെ എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം എന്തിനാണ്?'

ഒരിക്കൽ ഡോ. അൻേറാ മാർച്ച് എന്ന സുഹൃത്ത് ഒരുകെട്ടു പുസ്തകങ്ങളുമായി നെപ്പോളിയനെ സമീപിച്ചു. പുസ്തകങ്ങാം ഓരോന്നും എടുത്തു നോക്കുന്നതിനിടയിൽ: 'ഒരു പിതാവിന് ഏററവും പ്രിയപ്പെട്ടത് പുസ്തകങ്ങളല്ല'. നെപ്പോളിയൻ തന്നെത്താൻ പറഞ്ഞു. സുഹൃത്ത് അതിലെ വ്യംഗം മനസ്സിലാക്കി. അദ്ദേഹം പുസ്തകങ്ങാംക്കിടയിൽ നിന്ന് ഒരു ചെറിയ കെട്ട് എടുത്ത് ചക്രവർത്തിയുടെ കൈയിൽ കൊടുത്തു. അതിൽ ചക്രവർത്തിയുടെ അമ്മ, ഭാര്യ, പുത്രൻ എന്നിവരുടെ ഫോട്ടോകാം ഉണ്ടായിരുന്നു. നെപ്പോളിയൻ ആനന്ദഭരിതനായി. ഓരോ ഫോട്ടോയും നോക്കിക്കൊണ്ട് അതിലെ വ്യക്തിയെ നേരിൽക്കണ്ടാലെന്നപോലെ സംസാരിക്കാൻ തുടങ്ങി. 'പ്രിയപ്പെട്ട കുഞ്ഞേ, നീ ഗൂഢാലോചനക്കാരുടെ വഞ്ചനയിൽ കുടുങ്ങരുത്. നിനക്കും എന്നേപ്പോലെ ഉദരരോഗം ഉണ്ടാവരുത്. പ്രിയപ്പെട്ട ജോസഫൈൻ, നീ എൻെറ ജീവനാണ്. നീ എന്നോടൊരു തെററും ചെയ്തിട്ടില്ല. പ്രിയപ്പെട്ട അമ്മേ, അമ്മയാണ് എന്നെ മനുഷ്യനാക്കിയത്. എല്ലാ പുരോഗതിക്കും കാരണം അമ്മതന്നെ. അമ്മ

യോടുള്ള വാഗ്ദാനങ്ങൾ ഞാൻ നിറവേറ്റിച്ചല്ലോ. അമ്മേ എന്നെ അനുഗ്രഹിക്കില്ലേ?' ആ സ്നേഹധാരയിൽ കണ്ടുനിന്നവരുടെ വികാരങ്ങൾ അലിഞ്ഞൊഴുകി.

കാരാഗ്രഹവാസം അഞ്ചുകൊല്ലം പിന്നിട്ടു കഴിഞ്ഞു: 1820 നവംബർ ഇരുപതാം തീയതി മുതൽ അദ്ദേഹത്തിന് നടക്കാൻ വളരെ വിഷമമായി. ഡോക്ടർ മരുന്നുകൾ മാറിമാറിക്കൊടുത്തു. 'ലാസ്കസ്' ജയിൽ വിമുക്തനായി. സുഹൃത്തുക്കൾക്കും പരിചാരകർക്കും യഥേഷ്ടം കാണാനും അനുവാദം ലഭിച്ചു. ഗവർണ്ണർ ഇടയ്ക്കിടെ വന്ന് രൂക്ഷമായ നോട്ടവും പരുഷമായ വാക്കുകളും കൊണ്ട് എല്ലാവരേയും വിഷമിപ്പിച്ചുകൊണ്ടിരുന്നു. നെപ്പോളിയനെ' 'ചക്രവർത്തി' എന്ന് ആർക്കും വിളിക്കാൻ പാടില്ലെന്നായിരുന്നു നിയമം. എല്ലാവരും ചക്രവർത്തീ എന്നേ വിളിച്ചിരുന്നുള്ളൂ. ഗവർണ്ണർ കൂടക്കൂടെ ആ മുറിയിൽ വന്ന് 'മിസ്ററർ ബോണപ്പാർട്ട്' എന്നു വിളിച്ച് അദ്ദേഹത്തെ അവഹേളിച്ചു.

ഒരു ദിവസം നെപ്പോളിയന് അൽപം സുഖം തോന്നി. അന്ന് വൈകുന്നേരം ജയിൽ വിമുക്തനായ ലാസ്കസിനോടൊപ്പം അൽപം നടക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ലാസ്കസിൻെറ കൈപിടിച്ച് അദ്ദേഹം മന്ദം മന്ദം നടക്കുകയാണ്. അവർ പതിവുപോലെ കുളക്കരയിലെത്തി. ചക്രവർത്തി അവിടെയിരുന്നു. കുളത്തിൽ മൽസ്യങ്ങളെല്ലാം ചത്തു പൊന്തിയിരുന്നു. അതുകണ്ട് അദ്ദേഹം വിഷാദകലുഷിതനായി: 'പാവം! നോക്കൂ, എന്നെ അൽപ്പമെങ്കിലും ആനന്ദിപ്പിച്ചിരുന്ന ഈ മൽസ്യങ്ങളും എന്നെ വിട്ടു പോയി. അതും പാടില്ലെന്നാണ് വിധി. എൻെറ അവസാനകാലവും അടുത്തിരിക്കുന്നു.' അന്നു മുഴുവൻ മരണത്തെപ്പററിയും മതവിശ്വാസത്തെപ്പററിയും അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു,

കുറേദിവസത്തിനുശേഷം വയറിൻെറ അസുഖം വർദ്ധിച്ചു പനി കഠിനമായി. ഒരു ദിവസം അദ്ദേഹത്തിൻെറ സ്വബോധം നശിച്ചു. ആ ദ്വീപിൽ ഉണ്ടായിരുന്ന എല്ലാ ഇംഗ്ലീഷുകാരും അദ്ദേഹത്തെ സന്ദർശിച്ചു കഴിഞ്ഞിരുന്നു. കുട്ടികളെ ആത്മതുല്യം സ്നേഹിച്ചിരുന്ന ആ മഹാനെക്കാണാൻ അന്ന് വളരെയേറെ കുട്ടികൾ മുറിയിലേക്കു പ്രവേശിച്ചു. എല്ലാവരും കരഞ്ഞിരുന്നു. അവർ നെപ്പോളിയൻെറ മുഖം തുരുതുരെ ചുംബി

ച്ചു. അവരുടെ കണ്ണീർത്തുള്ളികൾകൊണ്ട് അദ്ദേഹത്തിന്റെ മുഖവും മാറിടവും നനഞ്ഞിരുന്നു. സമയം രാത്രിയായി. നെപ്പോളിയൻ പ്രജ്ഞയററ് എന്തോ പറയുന്നു. പതുക്കെയെങ്കിലും മൂന്നു പദങ്ങൾ അടുത്തുള്ളവർക്കു വ്യക്തമായി: 'ഫ്രാൻസ്, ടേനന്മാർ, ജോസഫൈൻ.' ഈ സമയത്ത് കഠിനമായ കാററും മഴയും. പെട്ടെന്ന് ഒരു വൃദ്ധനായ ഭൃത്യൻ അർദ്ധനഗ്നനായി പനിച്ചുവിറച്ച് സ്വബോധമില്ലാത്ത മട്ടിൽ ആ മുറിയിലേക്കു കടന്നുവന്നു. അയാൾ ഉറക്കെ ആർത്തരോദനം മുഴക്കി: 'ചക്രവർത്തിക്കു പകരം എന്നെ മരിപ്പിക്കേണമേ!' അയാൾ പ്രജ്ഞയററ് വീണു. നാൽപ്പത്തെട്ടു ദിവസമായി കഠിന രോഗത്താൽ അവശനായി കഴിഞ്ഞിരുന്ന ആ മനുഷ്യൻ, ചക്രവർത്തിക്കെന്തോ അപകടം പററിയതായി സ്വപ്നം കണ്ട് ആർത്തനായി പിടഞ്ഞോടിയെത്തിയതായിരുന്നു. കണ്ടു നിന്നവരെല്ലാം കരഞ്ഞു.

പ്രഭാതത്തിൽ നെപ്പോളിയൻ ചക്രവർത്തി സ്വബോധത്തോടെ കൺതുറന്ന് അടുത്തുള്ളവരോടു പറഞ്ഞു: 'മതാചാര്യനെ വിളിക്കൂ! അന്ത്യകർമ്മങ്ങൾ നിർവ്വഹിക്കട്ടെ!' പരിചാരകർ ആശ്ചര്യഭരിതരായി. 'ലാസ്ക്കർ' ഈ സന്ദർഭത്തെപ്പററി രേഖപ്പെടുത്തുന്നു: 'ജീവിതത്തിന്റെ അപരിഹാര്യമായ വേദനകൾ സമാധാനപരമായി പരിഹരിക്കുന്നതിന് ഏതു മഹാമനുഷ്യനും അഭൗമമായ ഒരു ശക്തിയിൽ വിശ്വസിക്കുന്നു!'

ആ ദ്വീപിൽ പോപ്പിന്റെ പ്രതിനിധി 'അബിവിഘ്നോളി' എന്ന ഇംഗ്ലീഷുകാരനായിരുന്നു. അദ്ദേഹം ഉച്ചയോടെ യൂറോപ്യൻ രാജാക്കന്മാരുടെ ആ തടവുപുള്ളിയെ 'അന്ത്യകൂദാശ' കർമ്മത്താൽ നിത്യശാന്തിക്ക് അർഹനാക്കാൻ ആ കൽത്തുറുങ്കിൽ പ്രവേശിച്ചു. മററെല്ലാവരും പുറത്താക്കപ്പെട്ടു. നെപ്പോളിയൻ തികച്ചും സ്വബോധത്തോടെ തന്നെ ആ കർമ്മങ്ങളിൽ മുഴുകി.

സായാഹ്ന സൂര്യൻ പശ്ചിമ സമുദ്രത്തിൽ പതിച്ചു. നെപ്പോളിയൻ ചക്രവർത്തിയുടെ ആത്മാവ് ഈ ലോകത്തിൽ നിന്നും വിടവാങ്ങി. (7–5–1821) യൂറോപ്യൻ രാജാക്കന്മാരുടെ രോഷത്തിന്റെ മൂർത്ത രൂപമായിരുന്ന ഗവർണ്ണർ, ആ മഹാന്റെ ശവസംസ്ക്കാരവേളയിൽ പ്രസ്താവിച്ചു: 'മിസ്ററർ

ബോണപ്പാർട്ട് ഇംഗ്ലണ്ടിൻെറ എന്നപോലെ എൻെറയും ശത്രുവായിരുന്നു. പക്ഷേ. ഞാൻ അദ്ദേഹത്തിനു മാപ്പുകൊടുത്തിരിക്കുന്നു.' അതു കേട്ടുകൊണ്ട്, ശ്മശാനയാത്രക്കകമ്പടി സേവിച്ച രണ്ടായിരത്തഞ്ഞൂറു ഭടന്മാരും ഉദ്യോഗസ്ഥ പ്രമുഖരും ദ്വീപിലെ ആബാലവൃദ്ധം ജനങ്ങളും നടുങ്ങി! 'മാപ്പോ! ക്രൂരതയുടെ ശബ്ദമോ!'

എല്ലാവരും വീടുകളിലേക്കു പോയി. മററൊരു ദിവസം (27–5–1821) അദ്ദേഹത്തിൻെറ ഫ്രഞ്ചു സുഹൃത്തുക്കരം ശവക്കല്ലറയ്ക്ക് അടുത്തുവന്ന് അന്തിമാഭിവാദ്യങ്ങളർപ്പിച്ച് സ്വദേശത്തേക്കു പോയി — പക്ഷേ, വിശ്വസ്ഥനായിരുന്ന ഒരു ഭടൻ—സർജൻറ് ഹ്യൂബർട്ട്—ആ ശവക്കല്ലറക്കരികെ ഫ്രാൻസിൻെറ പ്രതീകമെന്നപോലെ ഇരുന്നിരുന്നു. പത്തൊൻപതു കൊല്ലം അയാരം അതിൻെറ കാവൽക്കാരനായി കഴിച്ചുകൂട്ടി. ഫ്രാൻസിലെ ഭരണകൂടം മാറിമാറി വന്നു. ജനതയുടെ ഹൃദയങ്ങളിൽ നെപ്പോളിയനോടുള്ള സ്മരണകരം വളർന്നു വന്നു. ജനകോടികളുടെ അപേക്ഷ പ്രകാരം നെപ്പോളിയൻെറ ഭൗതികാവശിഷ്ടം ഫ്രഞ്ചുഗവർമ്മേണ്ടിനു വിട്ടുകൊടുക്കാൻ ഇംഗ്ലണ്ടിലെ ഭരണകൂടം തീരുമാനിച്ചു. ഫ്രഞ്ചു ഗവർമ്മേണ്ടിൻെറ പ്രതിനിധികരം വന്ന് ആ ഒരു പിടി എലുമ്പും മണ്ണും കലർന്ന ഭൗതികാവശിഷ്ടം കൊണ്ടുപോകുന്നതിനോടൊപ്പം ആ വീരഭടൻ ഫ്രാൻസിലേക്കു യാത്രചെയ്തു.

ലോകത്തിലെ ഏററവും വലിയ ഒരു വിലാപയാത്ര ആന്ന് പാരീസിൽ നടന്നു. അതു ചെന്നുനിന്നത് നെപ്പോളിയൻെറ നിര്യാണത്തിനുശേഷം ഒമ്പതുകൊല്ലം കഴിഞ്ഞപ്പോരം ജനങ്ങരം നിർമ്മിച്ചിരുന്ന 'വെൽഡോം സ്തംഭ'ത്തിൻെറ മുന്നിലായിരുന്നു. ആ സ്തംഭത്തിൽ സുപ്രസിദ്ധ ശില്പകാരൻ നിർമ്മിച്ചുവച്ചിരുന്ന നെപ്പോളിയൻെറ പ്രതിമ കൺതുറന്നുവോ, ആവോ! വാർദ്ധക്യവും ബാധിര്യവും കൊണ്ട് അവശയായിരുന്ന നെപ്പോളിയൻെറ അമ്മ ലിററീസിയ റമോലിനി ആ രംഗം മനസ്സിൽക്കണ്ടുകൊണ്ടു പറഞ്ഞു: 'ചക്രവർത്തി വീണ്ടും പാരീസ്സിൽ എത്തിയിരിക്കുന്നു'!

ജീവിതത്തിൻെറ ഇരുട്ടും വെളിച്ചവും അനുഭവിച്ചറിഞ്ഞ നെപ്പോളിയൻെറ അന്ത്യാഭിലാഷങ്ങരം രേഖപ്പെടുത്തിയിരുന്ന 'മരണപത്രം' അന്നത്തെ അനുസ്മരണ സമ്മേളനത്തിൽ വായിച്ചു. അതിലെ അവസാന വാക്കുകരം ഇങ്ങനെയായിരുന്നു: 'എനിക്ക് ആയുധംകൊണ്ട് യൂറോപ്പിനെ മുഴുവൻ വെല്ലുവിളിക്കേണ്ടിവന്നു. എന്നാൽ യുക്തികൊണ്ട് ആളുകളെ ബോദ്ധ്യപ്പെടുത്തുകയാണ് ഇന്നത്തെ മാർഗ്ഗം.'

6791

ERNAKULAM

*Printed at: Lima Printers, Thirumala, Tvm-6*